KOTTAYAM PUBLIC LIBRARY

Call No. M07 TOL-N Acc.No. 77056

Author ടോൾസ്റ്റോയ്

Title [illegible] വാല്യം

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1443

എ. ടോൾസ്റ്റോയ്

# നികിതയുടെ ബാല്യം

KOTTAYAM PUBLIC LIBRARY
77056
KOTTAYAM.

പ്രോഗ്രെസ്സ് പബ്ലിഷേഴ്സ്
മോസ്ക്കോ

വിവർത്തനം: ഗോപാലകൃഷ്ണൻ

ചിത്രണം: വി. കനഷേവിച്ച്

А. ТОЛСТОЙ
ДЕТСТВО НИКИТЫ
На языке малаялам

## ഉള്ളടക്കം


പേജ്

''തികച്ചും അസാധാരണകാര്യങ്ങളെക്കുറിച്ചുള്ള ഒരു കഥ'' . . . . . . . . . . . 5

തെളിഞ്ഞ പ്രഭാതം . . . . . . . . . . 11

അർക്കാദിയ് ഇവാനൊവിച്ച് . . . . . . . 14

ഹിമാനികയം. . . . . . . . . . . . 21

നിഗൂഢമായ കത്ത് . . . . . . . . . . 26

സ്വപ്നം . . . . . . . . . . . . . 29

പഴയ വീട്. . . . . . . . . . . . 36

കിണററിനരികിൽ . . . . . . . . . . 41

യുദ്ധം . . . . . . . . . . . . . 44

വിരസമായ ഒരു സായാഹ്നത്തിൻെറ പരിണാമം . . 55

വീക്തൊറും ലീലയും. . . . . . . . . . 65

ക്രിസ്തുമസ്സ്മരത്തിൽ തൂക്കിയിടാനുള്ള പെട്ടി . . 76

ഒരു പ്രത്യേകവണ്ടിയിൽ കൊണ്ടുവന്ന സമ്മാനം . 83

ക്രിസ്തുമസ്സ്വൃക്ഷം. . . . . . . . . . 88

വീക്തൊറിനു പററിയ അമളി . . . . . . 99

ഘടികാരത്തിന്റെ മുകളിലുള്ള പാത്രത്തിൽ എന്താണുണ്ടായിരുന്നത് . . . . . . . . . 103
അവസാനത്തെ രാത്രി . . . . . . . . 115
വേർപാട് . . . . . . . . . . . 119
പണിദിവസത്തെ ജീവിതം . . . . . . . 126
കാക്കകൾ . . . . . . . . . . . . 136
ചക്രങ്ങളിന്മേൽ ഒരു വീട് . . . . . . . 143
വസീലിയ് നിക്കീത്യെവിച്ചിന്റെ അപ്രതീക്ഷിതമായ ആഗമനം . . . . . . . . . . 148
ഞാൻ മുങ്ങിച്ചാവാൻ തുടങ്ങിയതെങ്ങിനെ . . 160
ഈസ്റ്ററിനുമുമ്പുള്ള ആഴ്ച . . . . . . . . 169
പ്യോത്തർ പെത്രോവിച്ചിന്റെ കുട്ടികൾ . . . 174
ചങ്കുറപ്പ്. . . . . . . . . . . . . 181
വസന്തം . . . . . . . . . . . . . 188
കൊടിയുയർത്തൽ . . . . . . . . . 192
ഷെരംത്തുഹിൻ . . . . . . . . . . 196
ക്ലോപ്പിക് . . . . . . . . . . . . 207
നീന്തൽക്കുളത്തിൽ. . . . . . . . . . 223
ഖമാനസൂചി . . . . . . . . . . . 229
കുറിപ്പ് . . . . . . . . . . . . . 237
പെസ്സാവ്ക്കയിലെ മേള. . . . . . . . 242
വണ്ടിയിൽ . . . . . . . . . . . 255
വിടകൊള്ളൽ. . . . . . . . . . . 259

## "തികച്ചും അസാധാരണ കാര്യങ്ങളെക്കുറിച്ചുള്ള ഒരു കഥ"

പ്രമുഖവിപ്ലവകാരികൾ, ശാസ്ത്രജ്ഞന്മാർ, കണ്ടുപിടിത്തക്കാർ, സഞ്ചാരികൾ, സൈനികർ, കവികൾ തുടങ്ങിയവരുടെ ബാല്യകാലത്തെക്കുറിച്ച് ഒന്നാന്തരം പുസ്തകങ്ങൾ ഒട്ടേറെ എഴുതപ്പെട്ടിട്ടുണ്ട്. പക്ഷെ അവയിൽത്തന്നെ ചില പ്രത്യേകപുസ്തകങ്ങളുണ്ട്. സ്വന്തം ബാല്യത്തേയും സ്വന്തം ചിത്താനുഭവങ്ങളേയും ഗ്രന്ഥകാരൻ നേരിട്ട് ഉത്തമപുരുഷോക്തിയിലൂടെ വിവരിക്കുന്ന പുസ്തകങ്ങൾ.

പ്രസിദ്ധ സോവിയററ് സാഹിത്യകാരനായ അലെക്സേയ് ടോംസ്റ്റോയി (1883–1945) എഴുതിയ ''നികിതയുടെ ബാല്യം'' 'അത്തരം ആത്മകഥാകഥനങ്ങളിൽപ്പെട്ട ഏററവും പ്രഗത്ഭമായ പുസ്തകങ്ങളിലൊന്നാണ്.

1919–നും 20–നുമിടയ്ക്ക് എഴുതപ്പെട്ട ഈ പുസ്തകത്തിൻെറ ആദ്യത്തെ പേര് ''തികച്ചും അസാധാരണകാര്യങ്ങളെക്കുറിച്ചുള്ള ഒരു കഥ'' എന്നായിരുന്നു. ഗ്രന്ഥകാരൻെറ തന്നെ കുട്ടിക്കാ

ലവുമായി അതിന്ന് വളരെയേറെ സാദൃശ്യമുണ്ട്. നികിതയെപ്പോലെതന്നെ അലെക്സേയ് ടോറം സ്റ്റോയ് നാട്ടുമ്പുറത്തു് സമാറസ്സുകളുള്ള ഒരു കൃഷിക്കളത്തിലാണ് ബാല്യകാലം ചിലവഴിച്ചതു്. കൃഷിക്കളത്തിൻെറ പേരു്—''സൊസ്നോവ്ക്ക'' —മാത്രമല്ല മററു ചില പേരുകളും ഗ്രന്ഥകാരൻ തൻെറ കഥയിൽ അതേപടി പകർത്തിയിട്ടുണ്ട്. അദ്ദേഹത്തിൻെറ അമ്മയുടെ പേർ അലെക്സാൻദ്ര ലെയോന്ത്യെവ്ന എന്നായിരുന്നു. അർക്കാദിയ് ഇവാനൊവിച്ച് ആയിരുന്നു അദ്ദേഹത്തിൻെറ ഗുരുനാഥൻ. മീഷ്ക കൊരഷോനൊക്കും ഒരു സങ്കല്പസൃഷ്ടിയല്ല. ''ക്രിസ്തുമസ്സ്വൃക്ഷം'' എന്ന അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ള പുഷ്കിൻെറ പൊയ്മുഖം അദ്ദേഹത്തിൻെറ പഠനമുറിയിലെ മേശപ്പുറകളിൽ അവസാനകാലം വരെ തൂങ്ങിക്കിടപ്പുണ്ടായിരുന്നു. അവിടിരുന്നാണ് അദ്ദേഹം തൻെറ ഏററവും നല്ല കൃതികരം രചിച്ചിട്ടുള്ളതു്.

നാട്ടിൻപുറത്തു താമസിക്കുമ്പോരം ടോരംസ്റ്റോയ് ഗ്രാമീണബാലന്മാരുമായി കളിക്കുകയും അവരോടൊപ്പം ചഗ്ര എന്ന ചെറുപുഴയിലോ അരളിമരങ്ങരം ചുററും നിൽക്കുന്ന കുളത്തിലോ പോയി നീന്തുകയും കുതിരയോടിക്കുകയും ചെയ്യുമായിരുന്നു. തോട്ടത്തിനപ്പുറം പുല്ലുപിടിച്ച മൈതാനം നീണ്ടുപരന്നു കിടന്നിരുന്നു. നിശാമദ്ധ്യത്തിൽ ഒരു കൊടുങ്കാററ്, ശരൽക്കാലത്തു പക്ഷി

കളുടെ പ്രവാസം, പെട്ടെന്നൊരു ഹിമവാതം, വസന്തത്തിൽ മഞ്ഞുകട്ടകൾ ഉടഞ്ഞു് നദിയിലൂടെ ഉരുകിയൊലിക്കുന്നതു്, തുടങ്ങി പ്രകൃതിയുടെ ഏതൊരു പ്രതിഭാസവും ഭാവിഗ്രന്ഥകാരൻെറ മന സ്സിൽ മായാത്ത മുദ്രകൾ പതിപ്പിച്ചു. അപ്പോഴാ ണു് അദ്ദേഹം റഷ്യൻ നാട്ടുമ്പുറമായും അവിടത്തെ കാലഭേദങ്ങളുമായും പ്രേമബദ്ധനായതു്. ഗ്രാമീണർ സംസാരിക്കുന്ന റഷ്യൻ ഭാഷയുടെ സംപുഷ്ടി അദ്ദേഹം അറിയാനും മനസ്സിലാക്കാനും തുടങ്ങി യതപ്പോഴാണു്.

സാധാരണക്കാരോടു തനിക്കു തോന്നുന്ന ആദ രവു് ടോൾസ്റ്റോയ് നികിതയിലേക്കും പകർ ന്നിട്ടുണ്ടു്. നികിതയെ സംബന്ധിച്ചിടത്തോളം, ആട്ടിടയനായ മീഷ്ക കൊരഷോനൊക്ക് പറയു ന്നതാണു് എല്ലാ കാര്യങ്ങളിലും പ്രമാണം. സം ഗതികൾ കാര്യകാരണസഹിതം നോക്കിക്കാണാ നിഷ്ടപ്പെടുകയും മുതിർന്നവനായി നടിച്ചുകൊ ണ്ടു് അലക്ഷ്യഭാവത്തിൽ സംസാരിക്കുകയും ചെയ്യുന്ന ഈ ഗൗരവക്കാരനായ ബാലൻ കഥയിൽ വളരെ പ്രധാനപ്പെട്ട ഒരു പങ്കു വഹിക്കുന്നുണ്ടു്.

പാറിപ്പറന്ന തലമുടിയും പതിഞ്ഞ മൂക്കും വലിയ വായും ''മന്ത്രവാദംചെയ്ത'' മുഷ്ടിയുമുള്ള, നികിതയുടെ ചങ്ങാതി സ്ത്യോപ്ക്ക കർനൗഷ്കിൻ നമ്മുടെ മനസ്സിനെ പിടിച്ചുനിർത്തുന്ന ഒരു കഥാ പാത്രമാണു്. സ്യോംക, ല്യോൻക, കൊച്ചു് അർത്തമോഷ്ക, നിൾ, കരിഞ്ചെവിയൻ വാൻക,

പെത്രൂഷ്ക്ക—ഇവരാണു നികിതയ്ക്കു നാട്ടുമ്പുറത്തുള്ള മററു കൂട്ടുകാർ.

നികിത പകൽസമയം മുഴവൻ വെളിയിലാണ്. അവൻ മുററത്തോ കിണററിൻകരയിലോ വണ്ടിപ്പുരയിലോ മെതിക്കളത്തിലോ വേലക്കാരോടൊപ്പം കലവറയിലോ ആയിരിക്കും.... നികിതയ്ക്കു് ഏററവും എളുപ്പം മനസ്സിലാകുന്നതു് മീഷ്ക്ക കൊരഷോനൊക്കിൻെറ യുക്തിയാണെന്നതിനു സംശയമില്ല. പക്ഷെ ആശാരിയായ പഹോമും കൂലിവേലക്കാരനായ വസീലിയും ഒട്ടകത്തെപ്പോലെ നടക്കുന്ന അർത്യോമും ചെയ്യുന്നതും പറയുന്നതുമെല്ലാം അവനെ സംബന്ധിച്ചിടത്തോളം അത്രതന്നെ പ്രാധാന്യമുള്ളതാണ്.

പുഞ്ചിരിയോടും അസാധാരണമായ നർമ്മബോധത്തോടും കൂടി വിവരിക്കുന്ന ഈ പ്രസന്നവും ആഹ്ലാദകരവുമായ കഥ കുട്ടികളുടേയും മുതിർന്നവരുടേയും വലിയ പ്രപഞ്ചത്തേയും അവഗാഢമായ വികാരങ്ങളേയും ഒരുപോലെ വെളിപ്പെടുത്തുന്നു.

വായിച്ചുകഴിയുന്നയുടൻ ആരോടെങ്കിലും ആവർത്തിക്കാൻ നാം വെമ്പുന്ന ഒരു അസാധാരണകഥയാണ് ''നികിതയുടെ ബാല്യം''. അതിലെ ഓരോ വാചകവും നമുക്കു് ആനന്ദം പകരുന്നു. ഹിമചിത്രങ്ങൾ പതിഞ്ഞുകിടക്കുന്ന ജനാലകളുടെ വർണ്ണന എത്ര രസകരമായിരിക്കുന്നു! തറയിലടിക്കുന്ന സൂര്യപ്രകാശത്തിൻെറ കീറുകൾ

എത്ര ഊഷ്മളമായിരിക്കുന്നു! ''മഞ്ഞിന്റെ മുക ളിലുള്ള മുയലിന്റെ നീല കാലടികളും'' ''ഹി മവണ്ടികഠ പോയ പാടുകഠ കണ്ണാടിപോലെ'' ഇറയത്തുനിന്നും മുററം കുറുകെ കടക്കുന്നതും നമുക്കു് വാസ്തവത്തിൽ കൺമുമ്പിൽ കാണാനൊ ക്കും. തോട്ടത്തിൽ മഞ്ഞു് ഉരുകിയൊലിക്കുന്നതും നോക്കി നികിത ജനലിന്നരികിൽ നിൽക്കുന്നു. ''ചെകുത്താനെപ്പോലെ തോന്നിക്കുന്ന വലിയ തലയുള്ള ഒരു കറുത്ത കാക്ക'' ഒരു മരക്കൊമ്പിൽ വന്നിരിക്കുന്നു. നികിത കണ്ണാടിച്ചില്ലിൽ മുട്ടു മ്പോഠ ''കാക്ക ഞെട്ടി വശത്തോട്ടു മാറുകയും ചിറ കടിച്ചു മരക്കൊമ്പുകളിലെ മഞ്ഞു് താഴെ വീഴ്ത്തി ക്കൊണ്ടു പറന്നുപോവുകയും'' ചെയ്യുന്നു. ആ കാക്കയു ടെ കരച്ചിൽപോലും നാം ഭാവനയിൽ കേഠക്കുന്നു.

കണക്കുചെയ്യൽ, കേട്ടെഴുത്തു് എഴുതൽ, ഒരു വിരസമായ സായാഹ്നത്തിന്റെ അവസാനത്തിൽ അതിഥികളുടെ വരവു് എന്നിങ്ങനെ നികിതയു ടെ ജീവിതത്തിലെ ഏററവും സാധാരണ സംഭവ ങ്ങളിൽപ്പോലും കഥാകൃത്തു് തികഞ്ഞ വശ്യത കാ ണുന്നു. സൗമ്യശീലവും സൂക്ഷ്മദൃഷ്ടിയും വളരെ യേറെ ഗൗരവപ്രകൃതവുമുള്ള ഈ ബാലൻ തനിക്കു ചുററുമുള്ള എല്ലാററിലും കവിത ദർശിക്കുന്നു. അവ നെ സംബന്ധിച്ചിടത്തോളം സർവ്വതും അങ്ങേ യററം അർത്ഥവത്താണു്, സർവ്വതും പ്രധാനമാ ണു്, സർവ്വതും രസാവഹമാണു്. അങ്ങിനെ ഷ റോക്, കത്തോക് എന്ന രണ്ടു പട്ടികഠ, പൂച്ച

KOTTAYAM PUBLIC LIBRARY KOTTAYAM.

വസീലിയ് വസിലെയ്വിച്ച്, മുള്ളൻപന്നി അഹീറാക്ക, മൈന ഷെറംത്തുഹിൻ—ഇവ പോലും ഒരു മുത്തശ്ശിക്കഥയിലെന്നപോലെ ഈ പുസ്തകത്തിൽ വ്യക്തിത്വമുള്ള കഥാപാത്രങ്ങളാണ്. അവരോരോരുത്തർക്കും സുപ്രധാനമായ ഓരോ പങ്കു വഹിക്കാനുണ്ട്.

നാം കഥയുടെ ഒടുവിലെത്തി. നികിതയുമായി നാം പരിചയപ്പെട്ടുകഴിഞ്ഞു. ഇണക്കവും സന്മനസ്സുമുള്ള ഈ പത്തുവയസ്സുകാരനുമൊന്നിച്ച് ഒരു വർഷം മുഴുവൻ—ശീതകാലം മുതൽ അടുത്ത ശീതകാലം വരെ — നാം കഴിഞ്ഞിരിക്കും. അവനോടൊപ്പം നമുക്കും വയസ്സൊന്നു കൂടിക്കാണും. ഏററവും സാധാരണസംഗതികളിൽ അസാധാരണത്വം കാണാൻ അവനോടൊപ്പം നാമും പഠിച്ചു. റഷ്യൻ ജനതയേയും റഷ്യൻ നാടിനേയും റഷ്യൻ നാട്ടുമ്പുറത്തേയും നാം എത്രമാത്രം സ്നേഹിക്കുന്നുവെന്ന് പൂർവ്വാധികം ഊററത്തോടെ നമുക്കു തോന്നുന്നു. അതോടൊപ്പം അലെക്സേയ് ടോറംസ്റ്റോയ് എന്ന മഹാനായ റഷ്യൻ സാഹിത്യകാരൻെറ പ്രാഗത്ഭ്യത്തിനു പിൽക്കാലത്തു രൂപം നൽകിയ വൈകാരികവും ബുദ്ധിപരവുമായ സ്വഭാവവിശേഷങ്ങൾ ഏതെല്ലാമായിരുന്നുവെന്നും നാം ഗ്രഹിക്കുന്നു.

ഇറാക്ലിയ് അന്ദ്രോനിക്കൊവ്
പി.എച്ച്.ഡി. (ഫിലോളജി)

അത്യഗാധമായ ആദരവോടെ
എൻെറ മകൻ
നികിത അലെക്സേയെവിച്ച്
ടോഠംസ്റ്റോയ്ക്ക്

ഗ്രന്ഥകാരൻ

# തെളിഞ്ഞ പ്രഭാതം

നികിത ഉറക്കമുണർന്നു കണ്ണുതുറന്നു് നെട്ട വീർപ്പിട്ടു. മഞ്ഞുമൂടിയ ജനാലകഠംക്കിടയിലൂടെ, അത്ഭുതകരമാംവണ്ണം ആലേഖനം ചെയ്തിട്ടുള്ള വെള്ളിനക്ഷത്രങ്ങളുടേയും വിചിത്രമായ പച്ചിലപ്പടർപ്പുകളുടേയുമിടയിലൂടെ, സൂര്യരശ്മികഠം അകത്തു കടന്നിരുന്നു. മുറിക്കുള്ളിൽ വെളിച്ചത്തിന്നു് മഞ്ഞിൻെറ വെളുപ്പുണ്ടായിരുന്നു. സൂര്യവെളിച്ചം വാഷ്ബേസിനിൽ തട്ടി വിറയാർന്ന പ്രകാശശകലമായി ചുമരിൽ പ്രതിബിംബിച്ചു.

നികിത കണ്ണു തുറന്നപ്പോഠം തലേന്നു വൈകിട്ടു് മരാശാരിയായ പഹോം അവനോടു പറഞ്ഞ കാര്യമോർത്തു:

''ഞാനിപ്പോഠം അതിൽ ചാണകം പുരട്ടി വെള്ളമൊഴിച്ചു കഴുകിവയ്ക്കാം. രാവിലെ എഴുന്നേൽക്കുമ്പോഠം നിനക്കതിൽ കയറി എവിടെ വേണമെങ്കിലും പോകാം.''

തലേന്നു വൈകിട്ടു് പഹോം നികിതയ്ക്കു വേണ്ടി അവൻെറ പ്രത്യേകമായ അപേക്ഷയനു

സരിച്ച് ഒരു തെന്നുവണ്ടി പണിതുവച്ചിരുന്നു. മുഖത്തു വസൂരിക്കുത്തുള്ള, ഒററക്കണ്ണനായ ഒരു കൃഷിക്കാരനായിരുന്നു പഹോം. തെന്നുവണ്ടി ഉണ്ടാക്കിയതിങ്ങനെയാണ്.

വണ്ടിപ്പുരയിലുള്ള ബെഞ്ചിനടുത്ത് മരക്കീറുകൾക്കിടയിൽ നിന്നുകൊണ്ടു് പഹോം രണ്ടു പലകകളും നാലു കാലുകളും ചിന്തേരിട്ടു ചീകി മിനുക്കി. മഞ്ഞിൽ തറച്ചുകയറാതിരിക്കാൻവേണ്ടി ചുവട്ടിലെ പലകയുടെ മുമ്പിലുള്ള അററം ചരിച്ചു വെട്ടി. കാലുകൾ അടിയിൽ ഘനം കുറച്ചുണ്ടാക്കി. വണ്ടിയോടിയ്ക്കുന്നയാൾക്ക് ഇരിപ്പിടത്തിൽ ഉറച്ചിരിക്കാൻവേണ്ടി മുകളിലത്തെ പലകയിൽ കാലുവയ്ക്കാനായി രണ്ടററത്തും രണ്ടു കുഴികളുണ്ടാക്കി. ചുവട്ടിലെ പലക പശുവിൻചാണകം കൊണ്ടു മെഴുകുകയും വെളിയിൽ മഞ്ഞിൽ കൊണ്ടുവച്ച് അതിൻെറ പുറത്തു വെള്ളമൊഴിക്കുകയും ചെയ്തു. ഇതു മൂന്നു തവണ ആവർത്തിച്ചുകഴിഞ്ഞപ്പോൾ അതിൻെറ പുറം കണ്ണാടിപോലെയായി. തെന്നുവണ്ടി വലിക്കാനും കുന്നിൻചരിവിലൂടെ വേഗത്തിലോടിച്ചുപോകുമ്പോൾ അതിൻെറ ഗതി നിയന്ത്രിക്കാനും വേണ്ടി മുകളിലത്തെ പലകയിൽ ഒരു കയർ ഘടിപ്പിച്ചു.

തെന്നുവണ്ടി തീർച്ചയായുമിപ്പോൾ തയ്യാറായി വാതുക്കൽ നിൽക്കുന്നുണ്ടാകും. പഹോം അതുപോലുള്ള ഒരാളായിരുന്നു. അയാൾ പറയും:

''ഞാൻ പറഞ്ഞാൽ പറഞ്ഞതാണ്. ഏററതു ചെയ്യും.''

നികിത മെത്തയ്ക്കരികിലിരുന്നുകൊണ്ടു ശ്രദ്ധിച്ചു — വീടു് നിശ്ശബ്ദമായിരുന്നു. സ്പഷ്ടമായും ആരും ഇതേവരെ എഴുന്നേററിട്ടില്ല. തനിക്കു് ഒരു മിനിട്ടിനുള്ളിൽ ഉടുപ്പിടാൻ കഴിഞ്ഞാൽ—സ്വാഭാവികമായും മുഖം കഴുകുകയോ പല്ലുതേയ്ക്കുകയോ ചെയ്യാതെ—പിൻവശത്തെ വാതലിൽക്കൂടി മുററത്തേയ്ക്കു കടക്കാം. മുററത്തുനിന്നു ആററിലേക്കു് അല്പം ദൂരമേയുള്ളു. മഞ്ഞുകട്ടകൾ ഉരുകിയൊലിച്ചു വന്നു് കുത്തനെയുള്ള ആററിൻകരയിൽ കുമിഞ്ഞുകൂടിക്കിടപ്പുണ്ടാവും. ആററിനരികിലെത്തിയാൽ തെന്നുവണ്ടിയിൽ കയറി എവിടെല്ലാം പൊകാം....

നികിത കട്ടിലിൽ നിന്നെഴുന്നേററു് വെയിലേററു ചൂടുപിടിച്ച തറപ്പലകകളുടെ മീതേക്കൂടി പെരുവിരലിന്മേൽ നടന്നു.

ആ നിമിഷത്തിൽ, കതകു തുറക്കുകയും കണ്ണടവച്ചു് ചെമ്പിച്ച മുന്തിയ പുരികങ്ങളോടും കടുംചുവപ്പുനിറത്തിലുള്ള താടിയോടും കൂടിയ ഒരു തല മുറക്കുള്ളിലേക്കു് എത്തിനോക്കുകയും ചെയ്തു. കണ്ണുചിമ്മിയിട്ടു് അതു പറഞ്ഞു:

''നീ എഴുന്നേൽക്കുകയാണോ, കൊച്ചുതെമ്മാടി?''

# അർക്കാദിയ് ഇവാനൊവിച്ച്

ആ ചുവന്ന താടിക്കാരൻ — നികിതയുടെ അദ്ധ്യാപകനായ അർക്കാദിയ് ഇവാനൊവിച്ചായിരുന്നു അദ്ദേഹം—തലേന്നു വൈകിട്ടു മുതൽ തന്നെ മണത്തുനടക്കുന്നുണ്ടായിരുന്നു. നേരത്തേ എഴുന്നേററതു കരുതിക്കൂട്ടിയാണു്. ആ അർക്കാദിയ് ഇവാനൊവിച്ചുണ്ടല്ലൊ, ആളൊരു മിടുക്കനും സൂത്രശാലിയുമാണു്. താനെല്ലാമറിഞ്ഞെന്നമട്ടിൽ പുഞ്ചിരിച്ചുകൊണ്ടു് അദ്ദേഹം നികിതയുടെ മുറിയിൽ കടന്നുവന്നു. ജനാലയ്ക്കടുത്തു പോയി ഗ്ലാസിൽ ഊതി. മഞ്ഞുരുകി ഗ്ലാസ് വെടിപ്പായപ്പോഠം അദ്ദേഹം കണ്ണട ശരിക്കുവച്ചു് മുററത്തേക്കു നോക്കി.

''പൂമുഖത്തിനു മുമ്പിൽ ഒന്നാന്തരമൊരു തെന്നുവണ്ടി നില്പുണ്ടല്ലൊ,'' അദ്ദേഹം പറഞ്ഞു.

നികിത ഒന്നും മിണ്ടിയില്ല, നെററി ചുളിച്ചതേയുള്ളു. ഉടുപ്പിടുക, പല്ലുതേയ്ക്കുക, മുഖവും ചെവിയുമെല്ലാം—കഴുത്തുപോലും—കഴുകുക, ഇതൊക്കെ അവനു ചെയ്യേണ്ടിവന്നു. അതു കഴിഞ്ഞു് അർക്കാദിയ് ഇവാനൊവിച്ച് നികിതയെ തോളിൽ പിടിച്ചുകൊണ്ടു് തീന്മുറിയിലേക്കു് ആനയിച്ചു. അവൻെറ അമ്മ ചാരനിറത്തിൽ കട്ടിയുള്ള ഒരു വസ്ത്രം ധരിച്ചുകൊണ്ടു് സമൊവാറിനടുത്തു് ഇരിക്കുകയായിരുന്നു. അവർ നികിതയുടെ മുഖം പിടിച്ചുകൊണ്ടു് അവരുടെ നിർമ്മലമായ തെളി

ഞ്ഞ കണ്ണുകളോടെ അവൻെറ കണ്ണുകളിലേക്കു നോക്കുകയും അവനെ ചുംബിക്കുകയും ചെയ്തു.

''നീ സുഖമായി ഉറങ്ങിയോ, നികിത?''

പിന്നീടവർ അർക്കാദിയ് ഇവാനൊവിച്ചിൻെറ നേർക്കു കൈ നീട്ടി.

''നിങ്ങളുടെ ഉറക്കം എങ്ങിനെയിരുന്നു, അർക്കാദിയ് ഇവാനൊവിച്ച്?'' അവർ ലോഹ്യഭാവത്തിൽ ചോദിച്ചു.

''ഉറക്കത്തെ സംബന്ധിച്ചാണെങ്കിൽ, ഞാൻ ശരിക്കുറങ്ങി,'' അദ്ദേഹം മറുപടി പറഞ്ഞു. ഇത്രയും പറഞ്ഞിട്ട് പ്രത്യേകിച്ചു കാരണമൊന്നുമില്ലാതെ തൻെറ ചുവന്ന മീശയ്ക്കുള്ളിലൂടെ ചിരിച്ചു. അദ്ദേഹം മേശയുടെ സമീപം ഇരുന്നു. തൻെറ ചായയിൽ കുറെ പാൽ ഒഴിച്ചു. ഒരു പഞ്ചസാരക്കട്ടയെടുത്തു തൻെറ വെളുത്ത പല്ലുകറുക്കിടയിൽ വച്ചു. എന്നിട്ട് കണ്ണടയ്ക്കിടയിലൂടെ നികിതയെ കണ്ണിറുക്കിക്കാട്ടി.

അർക്കാദിയ് ഇവാനൊവിച്ചിനെക്കൊണ്ടു പൊറുതി മുട്ടി: അദ്ദേഹം സദാ സന്തോഷവാനായിരുന്നു. സദാസമയവും കണ്ണിറുക്കിക്കാട്ടും. നേരേചൊവ്വേ ഒന്നും പറയില്ല. താൻ പറയുന്നതിൻെറ അർത്ഥം എപ്പോഴും നമ്മുടെ ഊഹത്തിനു വിടുകയാണു ചെയ്യാറ്. ഇപ്പോറുത്തന്നെ, ഉറക്കം എങ്ങിനെയിരുന്നു എന്ന അമ്മയുടെ വ്യക്തമായ ചോദ്യത്തിനു് അദ്ദേഹം പറഞ്ഞ മറുപടി കേട്ടില്ലേ: ''ഉറക്കത്തെ സംബന്ധിച്ചാണെങ്കിൽ, ഞാ

ൻ ശരിക്കുറങ്ങി'' എന്നു്. അതിൽനിന്നു മനസ്സി ലാക്കേണ്ടതു് ഇതാണു്: ''നികിതയ്ക്കാണെങ്കിൽ, പ്രാതൽ കഴിക്കാതെയും പഠിക്കാതെയും പുഴയി ലേക്കോടണമെന്നായിരുന്നു ആശ. ഇന്നലെത്ത ന്നെ ജർമ്മനിലേക്കുള്ള വിവർത്തനം ചെയ്യാതെ നികിത രണ്ടു മണിക്കൂർനേരം പഹോമിന്റെ ബഞ്ചിലിരിക്കുകയായിരുന്നു.''

അർക്കാദിയ് ഇവാനൊവിച്ച് ഒരിക്കലും പരാതി ബോധിപ്പിച്ചിട്ടില്ലെന്നതു ശരിതന്നെ. എങ്കിലും നികിതയ്ക്കു് സദാസമയവും ജാഗ്രത പാലിക്കേണ്ടിവന്നു.

രാത്രി അതിശക്തിയായ ശൈത്യമുണ്ടായിരു ന്നെന്നും ഇടനാഴിയിൽ വച്ചിരുന്ന വീപ്പയിലെ വെള്ളം ഉറച്ചുപോയെന്നും നികിത പുറത്തു പോകു മ്പോൾ അവന്റെ കമ്പിളിത്തൊപ്പി വയ്ക്കണമെ ന്നും പ്രാതലിന്റെ സമയത്തു് അമ്മ പറഞ്ഞു.

''പക്ഷെ, അമ്മേ, സത്യമായിട്ടും അതു ഭയ ങ്കരചൂടാണു്,'' നികിത പറഞ്ഞു.

''നീ ആ തൊപ്പിയിടൂ.''

''അതിടുമ്പോൾ അതു് എന്റെ കവിളിൽ മുട്ടി ഇക്കിളിപ്പെടുത്തുന്നു, അമ്മേ. കൂടാതെ എനി ക്കു ശ്വാസം മുട്ടുകയും ചെയ്യുന്നു. തൊപ്പിയിട്ടാൽ എനിക്കു് കൂടുതൽ കലശലായി ജലദോഷം പിടി ക്കും.''

അമ്മ അർക്കാദിയ് ഇവാനൊവിച്ചിനേയും നികിതയേയും നോക്കി. അവർ സംസാരിച്ച പ്പോൾ അവരുടെ ശബ്ദം വിറച്ചു.

''നിനക്കു തീരെ അനുസരണയില്ല. നിനക്കു് ആരുടെ സ്വഭാവമാണു കിട്ടിയിരിക്കുന്നതെന്നു് എനിക്കറിഞ്ഞുകൂടാ.''

''നമുക്കു പഠിക്കാൻ പോകാം,'' കൈ തിരുമ്മിക്കൊണ്ടു് അർക്കാദിയ് ഇവാനൊവിച്ച് പറഞ്ഞു. അതു കണ്ടാൽ തോന്നും, ഗണിതശാസ്ത്രത്തിലെ പ്രശ്നങ്ങൾക്കു് ഉത്തരം കാണുകയും കേട്ടാലുറക്കം വരുന്ന പഴമൊഴികളും ചൊല്ലുകളും പറഞ്ഞുതരികയും ചെയ്യുന്നതിനേക്കാൾ സന്തോഷകരമായി ലോകത്തിൽ മറ്റൊന്നുമില്ലെന്നു്.

ശൂന്യമായ ഒരു വലിയ വെളുത്ത മുറിയിലേക്കാണവർ പോയതു്. രണ്ടു് അർദ്ധഗോളങ്ങളുള്ള ഒരു ഭൂപടം ചുവരിൽ തൂങ്ങിക്കിടപ്പുണ്ടായിരുന്നു. പുറം മുഴുവൻ മഷിക്കറകളും വിരൂപമായ മുഖങ്ങളുടെ പടങ്ങളും കൊണ്ടു നിറഞ്ഞിരുന്ന ഒരു മേശയ്ക്കരികിൽ നികിത ചെന്നിരുന്നു. അർക്കാദിയ് ഇവാനൊവിച്ച് കണക്കുപുസ്തകം തുറന്നുവച്ചു.

''നമ്മൾ എവിടംവരെയായി?'' അദ്ദേഹം ചുറുചുറുക്കോടെ ചോദിച്ചു. കൂർത്ത മുനയുള്ള ഒരു പെൻസിൽകൊണ്ടു് അദ്ദേഹം ചോദ്യം അടയാളപ്പെടുത്തി.

''ഒരു വ്യാപാരി വാരയ്ക്കു് 3 റൂബിൾ 64 കോപ്പക്കു് വച്ചു് ഏതാനും വാര നീലത്തുണിയും കുറെ കറുത്ത തുണിയും വിററു,'' നികിത വായിച്ചു. ഉടൻതന്നെ, പതിവുപോലെ, നികിത ആ

കണക്കുപുസ്തകത്തിലെ വ്യാപാരിയെ തൻെറ ഭാവനയിൽ കണ്ടു. ഒരു നീണ്ട, പൊടി പിടിച്ച ഫ്രോക്ക്–കോട്ടിട്ടിട്ടുണ്ടു്. നീരസം ദ്യോതിപ്പിക്കുന്ന വിളറിയ മുഖം. സർവ്വതും മുരടിച്ചുപോയ ഒരു വിരസനായ മനുഷ്യൻ. ഒരു ഗുഹപോലെ ഇരുളടഞ്ഞ കട. പൊടി നിറഞ്ഞ ഒരു പരന്ന ഷെൽഫിൽ രണ്ടു തുണിക്കഷണങ്ങൾ കിടക്കുന്നു. വ്യാപാരി അസ്ഥിമാത്രമായ അയാളുടെ കൈകൾ നീട്ടി തുണി ഷെൽഫിൽനിന്നെടുത്തു് നികിതയെ നിർജ്ജീവമായ കണ്ണുകളോടെ നോക്കുന്നു.

''എന്തു തോന്നുന്നു, നികിത'' അർക്കാദിയ് ഇവാനൊവിച്ച് ചോദിച്ചു. ''വ്യാപാരി ആകെക്കൂടി 18 വാര തുണിയാണു വിററതു്. അയാൾ വിററ നീലത്തുണി എത്ര, കറുത്ത തുണി എത്ര?''

നികിത നെററി ചുളിച്ചു. വ്യാപാരി പൊടി ഭസ്മമായി. ആ രണ്ടു കഷണം തുണികൾ ചുവരിനുള്ളിൽ മറഞ്ഞു് പൂഴിമണ്ണിലാണ്ടു....

''ഛേ, ഛേ,'' എന്നു പറഞ്ഞുകൊണ്ടു് അർക്കാദിയ് ഇവാനൊവിച്ച് വിശദീകരിക്കാൻ തുടങ്ങി. അദ്ദേഹം പെൻസിൽകൊണ്ടു് അതിവേഗം ചില സംഖ്യകളെഴുതുകയും ഗുണിക്കുകയും ഹരിക്കുകയും ചെയ്തു. അപ്പോഴെല്ലാം അദ്ദേഹം ''ഒരു പ്രാവശ്യം'' എന്നും ''രണ്ടു പ്രാവശ്യം'' എന്നും തന്നോടായിട്ടുതന്നെ ഉരുവിടുന്നുണ്ടായിരുന്നു. ഗുണനത്തിനിടയിൽ ഈ ''ഒരു പ്രാവശ്യം''

അല്ലെങ്കിൽ ''രണ്ടു പ്രാവശ്യം'' എന്നതു് കടലാസിൽനിന്നു തന്റെ തലയ്ക്കുള്ളിലേക്കു ചാടിക്കയറി താൻ അവ മറക്കാതിരിക്കാൻവേണ്ടി തലച്ചോറിനെ കിക്കിളിപ്പെടുത്തുകയാണെന്നു നികിതയ്ക്കു തോന്നി. തീരെ അസുഖകരമായ ഒരനുഭവമായിരുന്നു അതു്. പഠനമുറിയുടെ, മഞ്ഞുമൂടിയ രണ്ടു ജനാലകളിൽ വെട്ടിത്തിളങ്ങിക്കൊണ്ടിരുന്ന സൂര്യൻ ആ സമയമെല്ലാം അവനെ ക്ഷണിച്ചുകൊണ്ടിരുന്നു: ''ആററിലേക്കു വരൂ.''

അവസാനം കണക്കുപാഠം പൂർത്തിയായി കേട്ടെഴുത്തു തുടങ്ങി. അർക്കാദിയ് ഇവാനൊവിച്ച് ചുമരിനരികിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടു്, ഉറക്കംതൂങ്ങുന്ന ഒരു പ്രത്യേകതരം ശബ്ദത്തിൽ — ആ ശബ്ദത്തിൽ ആരും സംസാരിക്കാറില്ല — കേട്ടെഴുത്തു പറഞ്ഞുകൊടുക്കാൻ തുടങ്ങി:

''ഭൂമിയിലുള്ള എല്ലാ മൃഗങ്ങളും നിരന്തരം അദ്ധ്വാനത്തിലേർപ്പെട്ടുകൊണ്ടും പണിയെടുത്തുകൊണ്ടുമിരിക്കുന്നു. വിദ്യാർത്ഥി അനുസരണയും അദ്ധ്വാനശീലവുമുള്ളവനായിരുന്നു ...''

നാവിന്റെ അററം പുറത്തേക്കു തള്ളിക്കൊണ്ടു് നികിത എഴുതിത്തുടങ്ങി. പേന പോറുകയും തെന്നിത്തെറിക്കുകയും ചെയ്തുകൊണ്ടു നീങ്ങി.

പെട്ടെന്നു വീട്ടിലെവിടെയോ ഒരു കതകു് ആഞ്ഞടഞ്ഞു. മരവിച്ച രോമച്ചെരുപ്പു് ഇടനാഴിയിലൂടെ നടക്കുന്ന ശബ്ദം അവനു കേൾക്കാമായിരു

ന്നു. അർക്കാദിയ് ഇവാനൊവിച്ച് പുസ്തകം താഴ്ത്തിപ്പിടിച്ചുകൊണ്ടു ശ്രദ്ധിച്ചു. അമ്മയുടെ ആഹ്ലാദഭരിതമായ ശബ്ദം അധികം അകലത്തല്ലാതെ വിളിച്ചുചോദിക്കുന്നതു കേട്ടു:

''എഴുത്തു കൊണ്ടുവന്നോ?''

നികിത ചിരിയടക്കി തന്റെ നോട്ടുപുസ്തകത്തിലേക്കു മുഖം കുനിച്ചു.

''അനുസരണയും അദ്ധ്വാനശീലവുമുള്ളവനായിരുന്നു,'' അവൻ ഒരേ സ്വരത്തിൽ ആവർത്തിച്ചു. '' 'അദ്ധ്വാനശീലവുമുള്ളവനായിരുന്നു' എന്നു ഞാനെഴുതിക്കഴിഞ്ഞു.''

അർക്കാദിയ് ഇവാനൊവിച്ച് കണ്ണുട നേരേവച്ചു.

''ഉം. ഭൂമിയിലുള്ള എല്ലാ മൃഗങ്ങളും അനുസരണയും അദ്ധ്വാനശീലവുമുള്ളവരാണ്... നീ എന്തിനാണു ചിരിക്കുന്നതു്? മഷി വീഴിച്ചോ? ശരി. നമുക്കു് ഇപ്പോഠം അല്പനേരം വിശ്രമിക്കാം.''

അർക്കാദിയ് ഇവാനൊവിച്ച് ചുണ്ടമർത്തിപ്പിടിച്ചുകൊണ്ടു് പെൻസിൽപോലിരിക്കുന്ന തന്റെ നീണ്ട ചൂണ്ടുവിരൽ ഭീഷണമായ മട്ടിൽ അവന്റെ നേരെ നീട്ടി. പിന്നീടദ്ദേഹം ധ്രുതഗതിയിൽ പഠനമുറി വിട്ടിറങ്ങി. ഇടനാഴിയിൽവച്ച് അദ്ദേഹം അമ്മയോടു ചോദിച്ചു:

''അലെക്സാൻദ്ര ലെയോന്ത്യെവ്ന, എനിക്കെഴുത്തുണ്ടോ?''

ആരിൽനിന്നാണ് അദ്ദേഹം എഴുത്തു പ്രതീക്ഷിക്കുന്നതെന്നു നികിത ഊഹിച്ചു. പക്ഷെ ഇനി സമയം പാഴാക്കിക്കൂടാ. നികിത ആട്ടിൻതുകൽ കൊണ്ടുള്ള ഒരു ചെറിയ ജാക്കററും രോമച്ചെരിപ്പും തൊപ്പിയും ധരിച്ചു. കമ്പിളിത്തൊപ്പി ആരും കാണാതിരിക്കാൻവേണ്ടി അലമാരിയുടെ പിന്നിലേക്കെറിഞ്ഞുകൊണ്ട് അവൻ പൂമുഖത്തേയ്ക്കു് ഓടി.

## ഹിമാനികരം

വിശാലമായ മുററം മുഴുവൻ വെളുത്തു തിളങ്ങുന്ന മാർദ്ദവമേറിയ മഞ്ഞുകൊണ്ടു മൂടിയിരുന്നു. മനുഷ്യരുടെ കടും നീലനിറത്തിലുള്ള കാൽപ്പാടുകളും ഇടയ്ക്കിടെ ഒരു പട്ടിയുടെ കാൽപ്പാടുകളും മാത്രമേ അവിടെ കാണ്മാനുണ്ടായിരുന്നുള്ളു. ഉന്മേഷജനകവും എന്നാൽ അതിശീതളവുമായ കാററ് അവൻെറ മൂക്കിനെ കിക്കിളിപ്പെടുത്തി. അവൻെറ രണ്ടു കവിളിലും സൂചി കുത്തിയിറക്കുന്നതുപോലെ തോന്നി. വണ്ടിപ്പുരയും കളപ്പുരയും ഷെഡ്ഡുകളും ഘനമുള്ള വെളുത്ത തൊപ്പികരം അണിഞ്ഞിരുന്നു. അവ കുറേക്കൂടി നിലത്തോടടുത്തപോലെയും മഞ്ഞിൽ വേരുപിടിച്ച പോലെയും തോന്നി. ഹിമശകടം പോയ പാടുകരം രണ്ടു ചില്ലുതുണ്ടുകരം പോലെ ആ മുററത്തിൽ നെടുനീളെ കാണപ്പെട്ടു.

നികിത പൂമുഖത്തുനിന്നു് കല്പടവുകരം ചവുട്ടിമെതിച്ചുകൊണ്ട് ഓടിയിറങ്ങി. ചവട്ടിൽ,

പൈൻമരംകൊണ്ടുണ്ടാക്കിയ വളരെപ്പുതിയ ഒരു തെന്നുവണ്ടി ഒരു ചുരുൾ കയറുമായി നില്പുണ്ടായിരുന്നു. നികിത അതിനെ ഒന്നു നോക്കി. അതു ബലത്തിലാണു് പണിതിരുന്നതു്. അവൻ പരീക്ഷിച്ചുനോക്കി. അതു് എളുപ്പത്തിൽ തെന്നിപ്പോകുമായിരുന്നു. തെന്നുവണ്ടി തോളിൽ തൂക്കിയിട്ടു്, ആവശ്യം വന്നേക്കുമെന്നു തോന്നിയ ഒരു തുമ്പയുമെടുത്തു് അവൻ പൂന്തോട്ടത്തിലൂടെ അണവരെയുള്ള വഴി മുഴുവൻ ഓടി. ആകാശത്തോളം മുട്ടിനിൽക്കുന്ന കൂററൻ അരളിമരങ്ങൾ, ഓരോ ശാഖയും മഞ്ഞുകൊണ്ടുണ്ടാക്കിയതാണോ എന്നു തോന്നിക്കുമാറു്, മഞ്ഞിൽ പൊതിഞ്ഞു നിൽക്കുന്നുണ്ടായിരുന്നു.

നികിത വലത്തോട്ടു തിരിഞ്ഞു നദിയെ ലാക്കാക്കി നടന്നു. വഴിവിട്ടു പോകാതിരിക്കാനും മററാളുകളുടെ കാല്പാടുകളിലൂടെ നടക്കാനും നികിത മനസ്സിരുത്തി. മഞ്ഞിൽ ആരും നടക്കാത്ത ഭാഗത്തു് അവൻ അർക്കാദിയ് ഇവാനൊവിച്ചിനെ പററിക്കാൻവേണ്ടി തിരിഞ്ഞു നടന്നു.

ചഗ്രനദിയുടെ കുത്തനെയുള്ള തീരത്തു് കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുള്ളിൽ മാർദ്ദവമേറിയ കൂററൻ മഞ്ഞുകട്ടകൾ കുമിഞ്ഞുകൂടിക്കിടപ്പുണ്ടായിരുന്നു. ചിലയിടങ്ങളിൽ അവ മുനമ്പുപോലെ നദിയിലേക്കു് ഉന്തിനിന്നിരുന്നു. ഈ മുനമ്പുകളിലൊന്നിൽ കയറിനിന്നാൽ മഞ്ഞു് നദിയിലേക്കു പിൻവാങ്ങി നിലംപതിക്കുകയും

മഞ്ഞുമലയാകെ വെളുത്ത പൊടിപടലമായി തകർന്നുവീഴുകയും ചെയ്യും.

നദി വലത്തോട്ടു തിരിഞ്ഞു് വെളുത്തു വിജനമായ വയലുകളുടെ നടുവിലൂടെ ഒരു കരിനീല നിറത്തിലുള്ള നിഴൽപോലെ വളഞ്ഞുപോയിരുന്നു. ഇടതുവശത്തു്, ചെങ്കുത്തായ കരയുടെ ചരിവിൽ സൊസ്നോവ്ക്കഗ്രാമത്തിലെ ഇരുണ്ട കുടിലുകൾ കാണാം. കിണറുകളുടെ മുകളിലുള്ള നീണ്ട മരക്കാലുകൾ അവയ്ക്കിടയിൽ ഉയർന്നുനിന്നിരുന്നു. നീല നിറത്തിലുള്ള പുകച്ചുരുളുകൾ കൂരകളുടെ മുകളിലേക്കുയർന്നു് വായുവിൽ ലയിച്ചു. വീട്ടമ്മമാർ അന്നു രാവിലെ അടുപ്പുകളിൽനിന്നു കുടഞ്ഞിട്ടിരുന്ന ചാരംകൊണ്ടു് അവിടവിടെ മഞ്ഞനിറം പൂണ്ടിരുന്ന മഞ്ഞുമലയുടെ മുകളിലൂടെ ചെറിയ രൂപങ്ങൾ നീങ്ങുന്നുണ്ടായിരുന്നു. നികിതയുടെ ചങ്ങാതികളായിരുന്നു അവർ. ഗ്രാമത്തിൽ ''നമ്മുടെ ഭാഗത്തുള്ള'' ചെറിയ കുട്ടികൾ. കുറേയപ്പുറത്തു്, നദി വളഞ്ഞൊഴുകിക്കൊണ്ടിരുന്ന ഭാഗത്തു്, വേറേ കുട്ടികളുണ്ടായിരുന്നു — കൊൻചാനിലെ സംഘം. അപകടകാരികളായ ഒരു സംഘമായിരുന്നു അവർ. നികിത ളുമ്പ തഴെയിട്ടു. തെന്നുവണ്ടി മഞ്ഞിലിറക്കിവച്ചു. അതിലെ ഇരിപ്പിടത്തിലിരുന്നുകൊണ്ടു് കയറിൽ മുറുകെ പിടിച്ചു. ഒന്നുരണ്ടുതവണ കാലുകൊണ്ടു് ആഞ്ഞുചവിട്ടി. അതോടെ തെന്നുവണ്ടി കുന്നിൻ ചരിവിലൂടെ സ്വയമേവ പാഞ്ഞിറങ്ങി. കാററു് അവൻെറ കാതുകളിൽ ചൂളംവിളി

ച്ചു. പൊടിമഞ്ഞു് ധൂളിപടലംപോലെ അവന്റെ ഇരുഭാഗത്തും ഉയർന്നു. അമ്പിന്റെ വേഗതയോടെ അവൻ താഴോട്ടു കുതിച്ചു. നദിയുടെ മുകളിൽ മഞ്ഞില്ലായിരുന്നു. തെന്നുവണ്ടി പെട്ടെന്നു് അവിടെ എത്തിയപ്പോൾ അതു വായുവിലൂടെ പറന്നു് ഐസിന്റെ മുകളിൽ വന്നു പതിച്ചു. ക്രമേണ വേഗത കുറഞ്ഞു് അതു് ഒരിടത്തു വന്നുനിന്നു.

നികിത പൊട്ടിച്ചിരിച്ചു. തെന്നുവണ്ടിയിൽ നിന്നു താഴെയിറങ്ങി മുട്ടുവരെ മഞ്ഞിലൂടെ നടന്നുകൊണ്ടു് അവനതു് കുന്നിൻമുകളിലേക്കു വലിച്ചുകയററി. ആററിൻകരയിലെത്തിയപ്പോൾ അവൻ അർക്കാദിയ് ഇവാനൊവിച്ചിന്റെ കറുത്ത രൂപം വെളുത്ത വയലിലൂടെ നടന്നുവരുന്നതു കണ്ടു. ആ രൂപത്തിനു് ഉള്ളതിനേക്കാൾ വലിപ്പം തോന്നിച്ചു. നികിത തുമ്പയെടുത്തു തെന്നുവണ്ടിയിൽ ചാടിക്കയറി ആററിൻകരയിലൂടെ താഴോട്ടു പാഞ്ഞു. ഐസിന്റെ മുകളിലൂടെ അവൻ മഞ്ഞുകട്ടകൾ നദിയിലേക്കു് ഉന്തിനിൽക്കുന്ന ഇടത്തേയ്ക്കോടി.

മുനമ്പിലെത്തിയ ഉടനെ നികിത ഒരു ഗുഹ കുഴിക്കാൻ തുടങ്ങി. എളുപ്പമുള്ള പണിയായിരുന്നു അതു്. തുമ്പ മഞ്ഞിലേക്കിറങ്ങിയതു് വെണ്ണയിലിറങ്ങുന്നതുപോലായിരുന്നു. ദ്വാരത്തിനു വേണ്ടത്ര വലിപ്പമായപ്പോൾ അവൻ തെന്നുവണ്ടി അതിനുള്ളിലേക്കു വലിച്ചുകയററി. ഉള്ളിൽനിന്നു് മഞ്ഞുകട്ടകൾകൊണ്ടു പ്രവേശനദ്വാരം അടയ്ക്കാൻ തുടങ്ങി.

ഭിത്തി മുകൾവരെ കെട്ടിക്കഴിഞ്ഞപ്പോൾ ഗുഹയ്ക്കു ള്ളിൽ ഒരു ഇളംനീലനിറം വ്യാപിച്ചു. അവിടം വളരെ സുഖകരവും സൗകര്യപ്രദവുമായിരുന്നു.

ഇത്രയും നല്ല ഒരു തെന്നുവണ്ടി മററൊരു കുട്ടികൾക്കുമില്ലെന്നു് നികിത അവിടെയിരുന്നു കൊണ്ടാലോചിച്ചു. അവൻ തന്റെ പേനാക്കത്തി പുറത്തെടുത്തു് മുകളിലത്തെ പലകയിന്മേൽ ഒരു പേരു കൊത്തിത്തുടങ്ങി—''വെവിത്''.

''നികിത ! നീ എവിടെപ്പോയി ?'' അർക്കാദിയ് ഇവാനൊവിച്ചിന്റെ ശബ്ദം അവൻ കേട്ടു.

പേനാക്കത്തി തിരികെ പോക്കററിലിട്ടു് നികിത മഞ്ഞുകട്ടകൾക്കിടയിലുള്ള ഒരു വിടവിലൂടെ പുറത്തേക്കു നോക്കി. ചുവട്ടിൽ അർക്കാദിയ് ഇവാനൊവിച്ച് ചുററും സൂക്ഷിച്ചു നോക്കിക്കൊണ്ടു് ഐസിന്റെ പുറത്തു നില്പുണ്ടായിരുന്നു.

''നീ എവിടെയാണു്, കൊച്ചുതെമ്മാടി ?''

കണ്ണട നേരേവച്ചുകൊണ്ടു് അർക്കാദിയ് ഇവാനൊവിച്ച് ഗുഹയുടെ നേരെ വന്നെങ്കിലും പെട്ടെന്നു് അര വരെ മഞ്ഞിനടിയിൽ താണു.

77056

''പുറത്തു വാ, എന്തായാലും നിന്നെ ഞാൻ വലിച്ചു പുറത്തുകൊണ്ടുവരും !''

നികിത മറുപടി പറഞ്ഞില്ല. അർക്കാദിയ് ഇവാനൊവിച്ച് മുകളിലേക്കു കയറാൻ ശ്രമിച്ചെങ്കിലും പിന്നെയും മഞ്ഞിലാണ്ടു പോവുകയാണു ചെയ്തതു്; രണ്ടുകയ്യും പോക്കററിൽ തിരുകി

കൊണ്ടു് അദ്ദേഹം പറഞ്ഞു:

''നിനക്കു പുറത്തുവരാനിഷ്ടമില്ലെങ്കിൽ വരണ്ട. ഇരിക്കുന്നേടത്തുതന്നെ ഇരുന്നോ. നിന്റെ അമ്മയ്ക്കു് ഇപ്പോഴാണു സമാറയിൽനിന്നും ഒരു കത്തു കിട്ടിയതു്.... ശരി. ഞാൻ മടങ്ങുകയാണു്.''

''ഏതു കത്തു്?'' നികിത ചോദിച്ചു.

''ഹാ! അപ്പോൾ നീ ഇവിടെയുണ്ടു്!''

''ആരുടെ കത്താണു വന്നതെന്നു പറയൂ.''

''ഒഴിവുകാലത്തു ചിലർ വരുന്നതിനെപ്പററിയാണു്.''

തൽക്ഷണം മഞ്ഞുകട്ടകൾ നാലുപാടും പറക്കാൻ തുടങ്ങി. നികിതയുടെ തല ഗുഹയ്ക്കു വെളിയിൽ പ്രത്യക്ഷപ്പെട്ടു. അർക്കാദിയ് ഇവാനൊവിച്ച് ഉള്ളുനിറയെ ചിരിച്ചു.

## നിഗൂഢമായ കത്തു്

ഒടുവിൽ ഉച്ചഭക്ഷണത്തിനിരിക്കുമ്പോൾ അമ്മ കത്തു വായിച്ചു. അച്ഛന്റേതായിരുന്നു കത്തു്.

''പ്രിയപ്പെട്ട സാഷ, ഒരു കുട്ടിക്കു സമ്മാനിക്കണമെന്നു നമ്മൾ തീരുമാനിച്ച ഒരു സാധനം ഞാൻ വാങ്ങിയിട്ടുണ്ടു്. ഇത്രയും നല്ല സാധനങ്ങൾ കിട്ടാൻ അവൻ അർഹിക്കുന്നില്ലെന്നാണു് എന്റെ അഭിപ്രായം.'' ഈ വാക്കുകൾ കേട്ടയുടൻ അർക്കാദിയ് ഇവാനൊവിച്ച് ശക്തിയായി

കണ്ണിറുക്കിക്കാട്ടാൻ തുടങ്ങി. ''വലിയൊരു സമ്മാനമാണതു്. അതുകൊണ്ടു് ഒരു ഹിമവണ്ടി കൂടുതൽ അയയ്ക്കണം. പിന്നൊരു വിശേഷമുണ്ടു്. ആന്ന അപ്പൊളെള്ളാസൊവ്ന ബാബ്കിന ഒഴിവിനു് കുട്ടികളുമൊന്നിച്ചു് നമ്മുടെയടുത്തേക്കു വരാനുദ്ദേശിക്കുന്നുണ്ടു്....''

''കൂടുതലായി വിശേഷിച്ചൊന്നുമില്ല,'' അമ്മ പറഞ്ഞു. നികിതയുടെ എല്ലാ ചോദ്യങ്ങൾക്കും അവർ കണ്ണടച്ചുകൊണ്ടു് ഇത്രമാത്രം പറഞ്ഞു.

''എനിക്കൊന്നുമറിഞ്ഞുകൂടാ.''

അർക്കാദിയ് ഇവാനൊവിച്ചും മൗനം പൂണ്ടു. തനിക്കൊന്നുമറിഞ്ഞുകൂടെന്നു് അദ്ദേഹം കൈവീശിക്കൊണ്ടു പറഞ്ഞു. പൊതുവിൽ അർക്കാദിയ് ഇവാനൊവിച്ച് അന്നു മുഴുവൻ അസാധാരണമാംവണ്ണം സന്തോഷവാനായി കാണപ്പെട്ടു. അദ്ദേഹം അശ്രദ്ധമായി തെററായ മറുപടികൾ നൽകുകയും ഇടയ്ക്കിടെ പോക്കററിൽനിന്നും ഒരു കടലാസെടുത്തു് ഏതാനും വരികൾ വായിച്ചു ചുണ്ടു കൂർമ്പിക്കുകയും ചെയ്തു. തൻേറതു മാത്രമായ എന്തോ ഒരു രഹസ്യം അദ്ദേഹത്തിനുണ്ടായിരുന്നുവെന്നു സ്പഷ്ടമായിരുന്നു.

സന്ധ്യയ്ക്കു് നികിത മുററത്തിലൂടെ ഓടി പണിക്കാരുടെ പാർപ്പിടത്തിനടുത്തു ചെന്നു. മഞ്ഞുകൊണ്ടു് മൂടിയ രണ്ടു ജനാലകൾക്കിടയിലൂടെ ഇളംനീലവെളിച്ചം പുറത്തു മഞ്ഞിൽ പതിച്ചിരുന്നു. പണിക്കാർ അത്താഴം കഴിക്കുകയായിരുന്നു.

നികിത മൂന്നു തവണ ചൂളമടിച്ചു. ഒരു മിനിട്ടു കഴി ഞ്ഞപ്പോൾ അവന്റെ ഉററ സുഹൃത്തായ മീഷ്ക കൊരഷോനൊക്ക് രണ്ടു വലിയ രോമച്ചെരിപ്പു കളിട്ടുകൊണ്ടു പുറത്തിറങ്ങിവന്നു. അവൻ തൊപ്പി ധരിച്ചിരുന്നില്ല. ആട്ടിൻതോലുകൊണ്ടുള്ള ഒരു ജാക്കററ് തോളിലിട്ടിരുന്നു. കെട്ടിടത്തിന്റെ മൂലയുടെ പിന്നിൽവച്ച് നികിത സ്വകാര്യമായി എഴുത്തുവന്ന കാര്യം അവനോടു പറഞ്ഞു. അവർ പട്ടണത്തിൽനിന്നു കൊണ്ടുവരുന്നതെന്താണെന്നു ചോദിച്ചു.

തണുപ്പുകൊണ്ട് മീഷ്ക കൊരഷോനൊക്കി ന്റെ പല്ലു കൂട്ടിയടിക്കുന്നുണ്ടായിരുന്നു. അവൻ പറഞ്ഞു:

''എന്റെ കണ്ണു രണ്ടാണെ വളരെ വലിയ എന്തോ ആണ്. ഞാൻ തിരിച്ചുപോവുകയാണ്. തണുക്കുന്നു. ഇതു കേൾക്ക്. നാളെ ഞങ്ങൾ ഗ്രാ മത്തിൽച്ചെന്ന് കൊൻചാൻ സംഘത്തെ അടി ക്കാൻപോവുകയാണ്. വരുന്നോ?''

''ശരി.''

നികിത വീട്ടിലേക്കു മടങ്ങി. ''തലയില്ലാ ത്ത കുതിരസവാരിക്കാരൻ'' എന്ന പുസ്തകം വായിക്കാനിരുന്നു.

അമ്മയും അർക്കാദിയ് ഇവാനൊവിച്ചും കയ്യിലോരോ പുസ്തകവുമായി വട്ടമേശയ്ക്കടുത്ത് വലിയ വിളക്കിന്റെ ചുവട്ടിലായി ഇരിക്കുന്നു ണ്ടായിരുന്നു. ഒരു വലിയ അടുപ്പിന്റെ പിന്നിൽ

നിന്നും ഒരു ചീവീട് ''ക്ർ, ക്ർ, ക്ർ'' എന്നു ശബ്ദിച്ചുകൊണ്ടിരുന്നു. അടുത്ത മുറിയിലെ തറപ്പലകകൾ ഇരുട്ടിൽ കറകറശബ്ദം പുറപ്പെടുവിച്ചു.

തലയില്ലാത്ത കുതിരസ്സവാരിക്കാരൻ ഉയർന്നുനിൽക്കുന്ന പുല്ലു തട്ടിമാററിക്കൊണ്ട് പുൽപ്രദേശത്തിലൂടെ കുതിരയോടിച്ചുപോയി; രക്തവർണ്ണത്തിലുള്ള ചന്ദ്രഗോളം തടാകത്തിൻെറ മുകളിൽ ഉദിച്ചു. തൻെറ കഴുത്തിനു പിന്നിലുള്ള രോമം പിടയ്ക്കുന്നതായി നികിതയ്ക്കു തോന്നി. അവൻ സൂക്ഷിച്ചു തിരിഞ്ഞുനോക്കി. കറുത്ത ജനലിനു കുറുകെ ചാരനിറത്തിലുള്ള ഒരു നിഴൽ നീങ്ങി. സത്യം, അവനതു കണ്ടതാണ്. അമ്മ പുസ്തകത്തിൽനിന്നു തലയുയർത്തി.

''ഇന്നു രാത്രി കാററിൻെറ ശക്തി കൂടിയിട്ടുണ്ട്. ഹിമവാതമുണ്ടാകും.''

## സ്വപ്നം

നികിത ഒരു സ്വപ്നം കണ്ടു. അവൻ പലതവണ കണ്ടിട്ടുള്ളതാണതു്. എല്ലായ്പ്പോഴും ഒന്നുതന്നെയായിരുന്നു.

അനായാസമായി, ശബ്ദമുണ്ടാക്കാതെ, വിരുന്നുമുറിയുടെ കതകു തുറന്നു. ജനാലകളുടെ പ്രതിബിംബങ്ങൾ നീലനിറത്തിൽ തറയിൽ പതിഞ്ഞിരുന്നു. കറുത്ത ജനാലകൾക്കു വെളിയിൽ ചന്ദ്രബിം

ബം വലിയൊരു പ്രകാശഗോളംപോലെ തൂങ്ങി ക്കിടക്കുന്നുണ്ടായിരുന്നു. നികിത രണ്ടു ജനാലകഠം ക്കിടയിൽ കിടന്നിരുന്ന ചെറിയ മേശയുടെ പുറ ത്തുകയറി നോക്കി. അവൻ കണ്ടതിതാണു്.

ചുണ്ണാമ്പുപോലെ വെളുത്ത എതിർവശത്തെ ചുമരിൽ, ഉയർന്ന ഒരു ഘടികാരപ്പെട്ടിയിൽ അങ്ങോട്ടുമിങ്ങോട്ടും ആടിക്കൊണ്ടിരിക്കുന്ന വൃത്താ കൃതിയിലുള്ള ദോലകം അന്ധകാരത്തിൽ തിളങ്ങു ന്നു. പൈപ്പുവലിച്ചുകൊണ്ടു് ഗൗരവഭാവത്തിൽ നോക്കുന്ന ഒരു വൃദ്ധൻെറ ഫ്രെയിമിട്ട ചിത്രം ചുമ രിൽ ഘടികാരത്തിനു മുകളിലായി തൂങ്ങിക്കിട ക്കുന്നുണ്ടു്. ആ വൃദ്ധൻെറ സമീപത്തു് തൊപ്പിയും പുതപ്പും ധരിച്ച ഒരു വൃദ്ധ ഇരിപ്പുണ്ടു്. അവർ ചുണ്ടമർത്തിപ്പിടിച്ചുകൊണ്ടു് താഴോട്ടു നോക്കിയാ ണിരിക്കുന്നതു്. ഘടികാരം മുതൽ മുറിയുടെ മൂല വരെ ചുമരിനരികിലായി വരകളോടുകൂടിയ നാ ലു ചാരുകസേരകളുണ്ടു്. ഓരോന്നും കൈരണ്ടും നീട്ടി നാലുകാലിന്മേൽ കുത്തിയിരിക്കുകയാണു്. മൂലയ്ക്കു് പൊക്കം കുറഞ്ഞ ഒരു സോഫ കോണങ്കാ ലുകളിന്മേൽ കുനിക്കൂടിയിരിപ്പുണ്ടു്. മുഖവും കണ്ണുമില്ലാതെ ചന്ദ്രനെ നോക്കി അല്പംപോലുമന ങ്ങാതെ അവ ഇരിക്കുകയാണു്.

ഒരു പൂച്ച സോഫയുടെ വക്കിലുള്ള തൊങ്ങ ലിനടിയിൽനിന്നും ഇഴഞ്ഞിറങ്ങിവന്നു. കറുത്തു മെലിഞ്ഞിരുന്ന ആ പൂച്ച നീണ്ടുനിവർന്നതിനു ശേഷം സോഫയുടെ മുകളിലേക്കു ചാടിക്കയറി

അതിന്മേൽക്കൂടി നടന്നു. വാലു താഴ്ത്തിയിട്ടു കൊണ്ടാണു് നടന്നതു്. സോഫയിൽനിന്നും അതു് ഒരു കസേരയിലേക്കു ചാടി. ചുമരിന്നരികിലുള്ള കസേരകളിന്മേൽക്കൂടി, അവയുടെ കൈകൾക്കിടയിലൂടെ കുനിഞ്ഞു കടന്നുകൊണ്ടു്, അതു നടന്നു. അവസാനത്തെ കസേരവരെ നടന്നു് അതു തറയിലേക്കു ചാടി. ഘടികാരത്തിനഭിമുഖമായി, ജനലുകളുടെ നേരേ പുറം തിരിഞ്ഞിരുന്നു. ദോലകം അങ്ങോട്ടുമിങ്ങോട്ടും ആടിക്കൊണ്ടിരുന്നു. വൃദ്ധനും വൃദ്ധയും പൂച്ചയെ രൂക്ഷമായി നോക്കി. അപ്പോൾ പൂച്ച പുറംകാലുകളിൽ നിന്നിട്ടു് ഒരു കയ്യ് ഘടികാരപ്പെട്ടിയിൽ വയ്ക്കുകയും മറേറ കൈകൊണ്ടു് ദോലകം പിടിച്ചു നിർത്താൻ ശ്രമിക്കുകയും ചെയ്തു. ഘടികാരപ്പെട്ടിക്കു് ചില്ലുണ്ടായിരുന്നില്ല. പൂച്ചയുടെ കയ്യ് ദോലകത്തിന്മേൽ തൊട്ടുതൊട്ടില്ലെന്നായി.

ഓ, തനിക്കൊന്നു് ഉച്ചത്തിൽ വിളിക്കാൻ കഴിഞ്ഞെങ്കിൽ! പക്ഷെ നികിതയ്ക്കു് ഒരു ചെറുവിരൽപോലും ഇളക്കാൻ കഴിയുന്നില്ല. അവനു് അനങ്ങാൻ കഴിയുന്നില്ല. ഭയാനകവും ഭീകരവുമായ ഒരു സ്ഥിതി. താമസിയാതെ അതു കൂടുതൽ വഷളാകും...

നിലാവെളിച്ചം നീണ്ട സമകോണങ്ങളായി തറയിൽ നിശ്ചലമായി പതിഞ്ഞുകിടന്നിരുന്നു. മുറിയിലുള്ള സർവ്വതും നിശ്ശബ്ദമായി കുനിക്കൂടിയിരിക്കുകയാണു് പൂച്ച കൂടുതൽകൂടുതൽ നീണ്ടുനി

വർന്നു. തല കുനിച്ചുപിടിച്ച് ചെവി പുറകോട്ടാക്കി ദോലകത്തിൻെറ നേർക്കു കൈ നീട്ടി. ആ കൈ ദോലകത്തിൽ തൊട്ടാൽ അതിൻെറ ആട്ടം നിൽക്കുമെന്നും ആ നിമിഷം സർവ്വതും വലിയ ഒച്ചപ്പാടോടുകൂടി തകർന്നുതവിടുപൊടിയായി അപ്രത്യക്ഷമാകുമെന്നും വിരുന്നുമുറിയും നിലാവുമൊന്നും പിന്നീടുണ്ടാവില്ലെന്നും നികിതയ്ക്കറിയാമായിരുന്നു.

ഭയംകൊണ്ടു് നികിതയ്ക്കു് അവൻെറ തലയ്ക്കകത്തുകൂടി കൂർത്ത കുപ്പിച്ചില്ലുകൾ ചീറിപ്പായുന്നതായിത്തോന്നി. ശരീരമാകെ മണൽകോരിയിട്ടപോലെ കിടുകിടെ വിറച്ചു... നിരാശയോടെ നിലവിളിച്ചുകൊണ്ടു് നികിത സർവ്വശക്തിയുമെടുത്തു നിലത്തേക്കു വീണു. പെട്ടെന്നു് നിലം അവൻെറ ചുവട്ടിൽനിന്നു പിൻവാങ്ങി. നികിത എഴുന്നേററിരുന്നു. ചുററും നോക്കി. മുറിയിൽ മഞ്ഞുറഞ്ഞുപിടിച്ച രണ്ടു ജനാലകളുണ്ടായിരുന്നു. വിചിത്രമായ, പതിവിലും വലുതായ, ഒരു ചന്ദ്രനെയാണ് അവൻ അവയിലൂടെ കണ്ടതു്. നിലത്തു് ഒരു പാത്രവും അവൻെറ ചെരിപ്പും ഇരിപ്പുണ്ടായിരുന്നു.

''ദൈവത്തിനു സ്തുതി!'' വേഗം കുരിശുവരച്ചുകൊണ്ടു നികിത പറഞ്ഞു. അവൻ തലയിണയ്ക്കടിയിൽ തല തിരുകിവച്ചു. മാർദ്ദവമേറിയതും ചൂടുപകരുന്നതുമായ ആ തലയിണ സ്വപ്നങ്ങൾ കൊണ്ടു നിറഞ്ഞിരുന്നു.

കണ്ണുടയ്ക്കേണ്ട താമസം, താൻ വീണ്ടും ആ

മുറിയിലെ മേശപ്പുറത്തു കയറിനിൽക്കുന്നതായി അവൻ കണ്ടു. ദോലകം നിലാവെളിച്ചത്തു് ആടുന്നുണ്ടായിരുന്നു. വൃദ്ധനും വൃദ്ധയും രൂക്ഷമായി നോക്കിക്കൊണ്ടിരുന്നു. വീണ്ടും പൂച്ചയുടെ തല സോഫയുടെ അടിയിൽനിന്നും പുറത്തുവന്നു. പക്ഷെ നികിത അപ്പോഴേയ്ക്കും കൈ നീട്ടി മേശപ്പുറത്തുനിന്നും ചാടിക്കഴിഞ്ഞിരുന്നു. അവന്റെ കാലുകൾ അതിവേഗം ചരിച്ചു. അവൻ പറക്കുകയോ തറയ്ക്കു മുകളിൽ പൊങ്ങിക്കിടക്കുകയോ ചെയ്തു. മുറികളുള്ളിൽ ഇങ്ങനെ പറന്നുനടക്കുന്നതു് അത്യന്തം ആഹ്ലാദപ്രദമായിരുന്നു. കാൽ തറയിൽ മുട്ടിയപ്പോൾ അവൻ കൈരണ്ടും വീശി സാവധാനത്തിൽ മച്ചിലേക്കുയർന്നു. പിന്നീടവൻ ചുമരിന്നരികിലൂടെ തെററിത്തെറിച്ചു പറക്കുകയാണുണ്ടായതു്. അവന്റെ മൂക്കിനു തൊട്ടടുത്തു് ആ മുറിയുടെ കുമ്മായപ്പണിയായിരുന്നു. അതിൽ കട്ടിയായി പററിപ്പിടിച്ചിരുന്ന ചാരനിറത്തിലുള്ള പൊടിക്കു് സുഖകരമായ ഒരു ഗന്ധമുണ്ടായിരുന്നു. പിന്നീടവൻ ചുമരിൽ സുപരിചിതമായിരുന്ന ഒരു വിടവു കണ്ടു. ഭൂപടത്തിലെ വോൾഗ നദിപോലാണു് അതിരുന്നിരുന്നതു്. വളരെ വിചിത്രമായ ഒരു പഴയ ആണിയും അവൻ കണ്ടു. അതിൽനിന്നു തൂങ്ങിക്കിടന്നിരുന്ന ചരടിൽ ചത്ത ഈച്ചകൾ കൂട്ടത്തോടെ പററിപ്പിടിച്ചിരിപ്പുണ്ടായിരുന്നു.

കാലുകൊണ്ടു ഭിത്തിയിൽ തൊഴിച്ച് നികിത സാവധാനത്തിൽ മുറിയുടെ കുറുകെ ഘടികാ

രത്തിൻെറ നേരേ പറന്നു. ഘടികാരപ്പെട്ടിയുടെ മുകളിൽ ഒരു ഓട്ടുപാത്രമിരിക്കുന്നുണ്ടായിരുന്നു. ആ പാത്രത്തിൻെറ ചുവട്ടിൽ എന്തോ കിടക്കുന്നുണ്ടു്. എന്താണെന്നവനു മനസ്സിലായില്ല. പെട്ടെന്നു് ഒരു ശബ്ദം തൻെറ ചെവിയിൽ മന്ത്രിക്കുന്നതായി നികിതയ്ക്കു തോന്നി: ''അതിലുള്ളതു് എടുക്കു.''

നികിത ഘടികാരത്തിൻെറ നേരേ പറന്നു ചെന്നു് പാത്രത്തിൽ കയ്യിട്ടു. ഉടൻതന്നെ കുപിതയായ വൃദ്ധ ചുമരിലെ ചിത്രത്തിൽനിന്നു മുന്നോട്ടാഞ്ഞു് അവരുടെ മെലിഞ്ഞ കൈകൾകൊണ്ടു് അവൻെറ തലയ്ക്കു മുറുകെപ്പിടിച്ചു. അവൻ അവരിൽ നിന്നു കുടഞ്ഞു മാറിയെങ്കിലും അവൻെറ പുറകിൽ വൃദ്ധൻ മറേറ ചിത്രത്തിൽനിന്നു മുന്നോട്ടാഞ്ഞു് തൻെറ നീണ്ട പൈപ്പു വീശി അവൻെറ പുറത്തു അതിസമർത്ഥമായി അടിച്ചു. അതിൻെറ ഫലമായി നികിത നിലത്തേക്കു വീണു. കിതച്ചു കൊണ്ടവൻ കണ്ണു തുറന്നു.

ജനാലകളിന്മേലുള്ള ഹിമചിത്രങ്ങൾക്കിടയിലൂടെ സൂര്യൻ വെട്ടിത്തിളങ്ങി പ്രകാശിച്ചു. കട്ടിലിനടുത്തു നിന്നുകൊണ്ടു് അർക്കാദിയ് ഇവാനൊവിച്ച് നികിതയെ ചുമലിൽ പിടിച്ചു കുലുക്കുകയായിരുന്നു.

''എഴുന്നേൽക്കു്, എഴുന്നേൽക്കു്, മണി ഒമ്പതായി,'' അദ്ദേഹം പറഞ്ഞു.

നികിത കിടക്കയിലെഴുന്നേററിരുന്നു കണ്ണുതിരുമ്മിയപ്പോൾ അർക്കാദിയ് ഇവാനൊവിച്ച്



പലതവണ കണ്ണിറുക്കുകയും സന്തോഷഭരിതനായി കൈ കൂട്ടിത്തിരുമ്മുകയും ചെയ്തു.

''എൻെറ കൊച്ചു ചങ്ങാതി, ഇന്നു പഠിത്തമില്ല.''

''എന്തുകൊണ്ട്?''

''അതുകൊണ്ടുതന്നെ. രണ്ടാഴ്ച മുഴുവൻ നിനക്കു തുള്ളിച്ചാടി നടക്കാം. എണീക്ക്.''

നികിത ചാടിയെഴുന്നേററ് ചൂടുപിടിച്ച തറയിൽ നൃത്തം വച്ചു.

''ക്രിസ്തുമസ്സ് ഒഴിവ്!'' ആഹ്ലാദപ്രദമായ ആ നീണ്ട രണ്ടാഴ്ചക്കാലത്തെ ഒഴിവ് ഇന്നാണു തുടങ്ങുന്നതെന്ന കാര്യം അവൻ തീരെ മറന്നുപോയിരുന്നു. അർക്കാദിയ് ഇവാനൊവിച്ചിൻെറ മുമ്പിൽ നൃത്തം ചവുട്ടിക്കൊണ്ടു നിൽക്കുമ്പോഴം നികിത മറെറാരു കാര്യം വിസ്മരിച്ചു—അവൻ കണ്ട സ്വപ്നം, ഘടികാരത്തിനു മുകളിലുള്ള പാത്രം, ''അതിലുള്ളത് എടുത്തുകൊള്ളൂ'' എന്ന് അവൻെറ ചെവിയിൽ മന്ത്രിച്ച ആ ശബ്ദം, അതൊക്കെ അവൻ മറന്നു.

## പഴയ വീട്

തൻേറതു മാത്രമായ പതിന്നാലു മുഴുവൻ ദിവസങ്ങളാണു നികിതയെ അഭിമുഖീകരിച്ചത്. അവനു് എന്തുവേണമെങ്കിലും ചെയ്യാം. അതല്പം വിരസമായിട്ടുപോലും തോന്നി.

പ്രാതലിനു് അവൻ ചായയും പാലും റൊട്ടിയും ജാമും ചേർത്തു ഒരു കുഴമ്പുണ്ടാക്കി. അതു്ഒരു പാട്ട തിന്നതുകാരണം കുറച്ചുനേരത്തേക്കു് അവനു വെറുതെയിരിക്കേണ്ടിവന്നു. സമൊവാറിലുള്ള തൻെറ പ്രതിഫലനത്തിൻെറ നേരേ അവൻ നോക്കി. ഇത്രയേറെ നീണ്ട വിരൂപമായ, സമൊവാറിൻെറ ഉയരത്തോളം നീളമുള്ള, മുഖമാണു തൻേറതെന്നു കണ്ടിട്ടു്, അവ്വൻ അത്ഭുതപ്പെട്ടു. ഒരു ടീസ്പൂണെടുത്തു ഒടിക്കുകയാണെങ്കിൽ ഒരു കഷണം തോണിയായിട്ടും മറേറതു് എന്തെങ്കിലും കുഴിക്കാനുള്ള ഒരു പാരയായിട്ടും ഉപയോഗിക്കാമല്ലൊ—അതായിരുന്നു അവൻെറ അടുത്ത ആലോചന.

''നികിത, നിനക്കു പുറത്തുപോയി കളിക്കാൻ സമയമായി,'' അവൻെറ അമ്മ അവസാനം പറഞ്ഞു.

സാവധാനത്തിൽ വസ്ത്രം ധരിച്ചതിനുശേഷം നികിത കുമ്മായം തേച്ച ചുമരിലൂടെ വിരലോടിച്ചുകൊണ്ടു് ഇടനാഴിയുടെ അങ്ങേയററം വരെ നടന്നു. അടുപ്പുകളിൽനിന്നുയർന്ന ഊഷ്മളവും സുഖകരവുമായ ഗന്ധം അവിടെ തങ്ങിനിന്നിരുന്നു. ഈ നീണ്ട ഇടനാഴിയുടെ ഇടതുവശത്തു് തെക്കു ഭാഗത്തായിട്ടായിരുന്നു ശീതകാലമുറികരം. അവ ചൂടുപിടിപ്പിച്ചതും വാസയോഗ്യവുമായിരുന്നു. വലതുവശത്തു് വടക്കുഭാഗത്തായി സ്ഥിതിചെയ്തിരുന്ന അഞ്ചു വേനൽക്കാലമുറികളിൽ പകുതിയും കാലിയായിരുന്നു. അവയുടെ മദ്ധ്യത്തിലായിരു

ന്നു വിരുന്നുമുറി. അവിടെയുള്ള ഇഷ്ടികകൊണ്ടു
ണ്ടാക്കിയ ക്രൂററൻ അടുപ്പുകൾ ആഴ്ചയിലൊരിക്കൽ
മാത്രമേ കത്തിക്കുമായിരുന്നുള്ളു. സ്ഫടികനിർമ്മി
തമായ കൊത്തുവിളക്കുകൾ നേർത്ത വലപോലു
ള്ള തുണിയിൽ പൊതിഞ്ഞിരുന്നു. നിലത്തു്
ആപ്പിൾപ്പഴങ്ങൾ കുന്നുകൂടിക്കിടപ്പുണ്ടായിരുന്നു.
അഴുകലിൻെറ മണം ലേശം കലർന്ന അവയുടെ
സുഗന്ധം വീടിൻെറ വേനൽക്കാലവിഭാഗമാകെ
തങ്ങിനിന്നിരുന്നു.

ഓക്കുമരത്തിൻെറ വലിയ ഇരട്ടവാതിൽ
വിഷമിച്ചു തുറന്നു് നികിത ആ ശൂന്യമായ മുറി
കളിലൂടെ പെരുവിരലിൽ നടന്നു. അർദ്ധവൃത്താ
കൃതിയിലുള്ള ജനാലകളിൽക്കൂടി അവനു് മഞ്ഞി
ൽ മൂടിയ തോട്ടം കാണാമായിരുന്നു. വെളുത്ത
ശിഖരങ്ങൾ കുനിച്ചുകൊണ്ടു് വൃക്ഷങ്ങൾ നിശ്ചല
മായി നിന്നു. ബാൽക്കണിയിൽനിന്നുള്ള കോ
വണിയുടെ ഇരുവശത്തും നിന്നിരുന്ന ലിലാക്കു്
കുററിച്ചെടികൾ ഹിമഭാരംകൊണ്ടു കുനിഞ്ഞിരു
ന്നു. ഒരു മുയലിൻെറ കാൽപ്പാടുകൾ വെളിസ്ഥ
ലത്തു തെളിഞ്ഞുകിടക്കുന്നുണ്ടു്. ജനാലയ്ക്കു തൊ
ട്ടടുത്തുതന്നെ, ചെകുത്താനെപ്പോലിരുന്നിരുന്ന,
വലിയ തലയോടുകൂടിയ ഒരു കാക്ക ഒരു മര
ക്കൊമ്പിൽ ഇരുന്നിരുന്നു. നികിത ജനാലയിൽ
മുട്ടിയപ്പോൾ കാക്ക അകന്നുമാറുകയും പിന്നീടു
പറന്നുപോവുകയും ചെയ്തു. അതിൻെറ ചിറകുകൾ
മരക്കൊമ്പിലുണ്ടായിരുന്ന മഞ്ഞിൽ ഉരുമ്മി.

നികിത മൂലയിലുള്ള അവസാനത്തെ മുറിയി ലെത്തി. പൊടിപിടിച്ച അലമാരകഠം വരിയായി ചുമരിനടുത്തു നിൽപ്പുണ്ടു്. അവയുടെ ചില്ലുവാതലു കളിൽക്കൂടി അവൻ പഴയ പുസ്തകങ്ങളുടെ പുറം ചട്ടകഠം കണ്ടു. ഇഷ്ടികകൊണ്ടുണ്ടാക്കിയ തീത്തി ണ്ണയ്ക്കു മുകളിൽ അതിസുന്ദരിയായ ഒരു സ്ത്രീയുടെ ചിത്രം തൂങ്ങിക്കിടന്നിരുന്നു. കുതിരസ്സവാരിക്കാരു ടേതായ കറുത്ത വെൽവററുകൊണ്ടുള്ള ഒരു വസ്ത്ര മാണവർ ധരിച്ചിരുന്നതു്. കയ്യുറയിട്ട അവരു ടെ കയ്യിൽ ഒരു ചാട്ട പിടിച്ചിരുന്നു. നടന്നു പോകുന്നവഴി തിരിഞ്ഞു്, തുളച്ചുകയറുന്നതും കുസൃതിയോടെ തിളങ്ങുന്നതുമായ അവരുടെ വലിയ കണ്ണുകളോടെ തന്നെ നോക്കുകയാണവ രെന്നു് നികിതയ്ക്കു തോന്നി.

നികിത താടിക്കു കയ്യും കൊടുത്തുകൊണ്ടു് ആ സ്ത്രീയെ നോക്കി സോഫയിലിരുന്നു. ഏറെ നേരം അവിടെ ഇരുന്നു് അവരെ അങ്ങനെ നോ ക്കിക്കൊണ്ടിരിക്കാൻ അവനു കഴിയുമായിരുന്നു. തൻെറ പ്രപിതാമഹനു് അവർ മൂലം വലിയ വിനകഠം നേരിട്ട കാര്യം അമ്മ പലതവണ അ വനോടു പറഞ്ഞിട്ടുള്ളതാണു്. ഭാഗ്യഹീനനായ ആ പ്രപിതാമഹൻെറ ചിത്രം പുസ്തകഷെൽ ഫിൻെറ മുകളിൽ തൂങ്ങിക്കിടക്കുന്നുണ്ടായിരുന്നു. കൂർത്ത മൂക്കും കുഴിഞ്ഞ കണ്ണുകളുമുള്ള വളരെ മെ ലിഞ്ഞ ഒരു വൃദ്ധനായിരുന്നു അദ്ദേഹം; മോതി രമണിഞ്ഞ ഒരു കൈ മേലങ്കിയുടെ മീതെ മാ

റോട്ട ചേർത്തുപിടിച്ചിരുന്നു; സമീപത്തു് പാതി നിവർത്തിവച്ചിരുന്ന എഴുത്തോലയും ഒരു തൂവൽ പ്പേനയും കിടപ്പുണ്ടു്. വളരെ ദുഃഖിതനായ ഒരു വൃദ്ധനായിരുന്നു അദ്ദേഹം എന്നതിൻെറ എല്ലാ ലക്ഷണങ്ങളും കാണാമായിരുന്നു.

പകൽസമയത്തു് ഉറക്കവും രാത്രി വായനയും എഴുത്തുമായിരുന്നു അവൻെറ പ്രപിതാമഹൻെറ പതിവെന്നു് അമ്മ അവനോടു പറഞ്ഞിട്ടുണ്ടു്. അദ്ദേഹം സന്ധ്യയ്ക്കു മാത്രമേ നടക്കാനിറങ്ങുമായിരുന്നുള്ളു. രാപ്പക്ഷികൾ ജനാലകൾക്കുകീഴേ പറന്നു് അദ്ദേഹത്തെ ഭയപ്പെടുത്താതിരിക്കാൻവേണ്ടി രാത്രി കാവൽക്കാർ ശബ്ദമുണ്ടാക്കിക്കൊണ്ടു വീട്ടിന്നു ചുററും റോന്തു നടക്കുമായിരുന്നു. അക്കാലത്തു് ഉദ്യാനമാകെ ഉയർന്നു വണ്ണം കൂടിയ പുല്ലു പിടിച്ചു കിടന്നിരുന്നുവത്രെ. ഈ മുറികളൊഴികെ വീടു മുഴവൻ ആൾപ്പാർപ്പില്ലാതെ പൂട്ടിയിട്ടിരിക്കുകയായിരുന്നു. വേലക്കാർ ഓടിപ്പോയി. പ്രപിതാമഹൻെറ കാര്യങ്ങൾ ദയനീയസ്ഥിതിയിലായി.

ഒരു ദിവസം അദ്ദേഹത്തെ പഠനമുറിയിൽ കണ്ടില്ല. അദ്ദേഹം വീട്ടിലും ഉദ്യാനത്തിലുമില്ലായിരുന്നു. ഒരാഴ്ച മുഴവൻ തിരക്കിയിട്ടും അവർക്കു് അദ്ദേഹത്തെ കാണാൻ കഴിഞ്ഞില്ല. അഞ്ചു വർഷത്തിനുശേഷം അദ്ദേഹത്തിൻെറ അനന്തരാവകാശിക്കു് സൈബീരിയയിൽനിന്നും അദ്ദേഹത്തിൻേറതായ ഒരു വിചിത്രമായ കത്തു കിട്ടി:

''ഞാൻ വിവേകത്തിൽ ശാന്തി തേടി; പ്രകൃതിയിൽ വിസ്മൃതി നേടി.''

ഈ അസാധാരണസംഭവങ്ങൾക്കെല്ലാം കാരണം സവാരിവസ്ത്രമണിഞ്ഞിരുന്ന ആ സ്ത്രീയായിരുന്നു. ജിജ്ഞാസയോടും ഉദ്വേഗത്തോടും കൂടി നികിത അവരെ നോക്കി.

കാക്ക വീണ്ടും ജനാലയ്ക്കു പുറത്തുവന്നു. മരക്കൊമ്പിലുള്ള മഞ്ഞിളക്കിക്കൊണ്ടു് അതിന്മേൽ വന്നിരുന്നു് തല താഴ്ത്തി കൊക്കു തുറന്നു കരഞ്ഞു. നികിതയ്ക്കു പേടിയായി. ഒഴിഞ്ഞ മുറികൾ വിട്ടു് അവൻ മുററത്തേയ്ക്കോടി.

## കിണററിനരികിൽ

മുററത്തിൻെറ നടുവിലുള്ള കിണററിനരികിൽ മഞ്ഞു് ആളുകൾ നടന്നു് മഞ്ഞനിറത്തിൽ ഉറച്ചുകട്ടിയായിക്കിടന്നിരുന്നു. അവിടെവച്ചാണു നികിത മീഷ്ക കൊരഷോനൊക്കിനെ കണ്ടുമുട്ടിയതു്. മീഷ്ക കിണററിൻവക്കിലിരുന്നുകൊണ്ടു് കയ്യിലിട്ടിരുന്ന തുകലുറയുടെ അററം വെള്ളത്തിൽ മുക്കുകയായിരുന്നു.

അവനെന്തിനാണു് അങ്ങനെ ചെയ്യുന്നതെന്നു നികിത ചോദിച്ചു.

''കൊൻചാനിലെ പിള്ളേരെല്ലാം കയ്യുറകൾ വെള്ളത്തിൽ മുക്കാറുണ്ടു്. നമ്മളും അങ്ങിനെ ചെയ്യാൻപോവുകയാണു്, ''മീഷ്ക കൊരഷോനൊ

ക്ക് പറഞ്ഞു. ''അവർ കരുത്തന്മാരായിത്തീരുന്നു. മല്ലടിക്കാൻ ബഹുസമർത്ഥന്മാരാണവർ. നീ ഗ്രാമത്തിൽ വരുന്നുണ്ടോ?''

''എപ്പോഴ്''

''ഭക്ഷണം കഴിഞ്ഞു നമുക്കിറങ്ങാം. പക്ഷെ അമ്മയോടു പറയരുതു്.''

''അമ്മ എന്നെ പോകാൻ അനുവദിച്ചു. പക്ഷെ മല്ലിനു പോകരുതെന്നു പറഞ്ഞു.''

''മല്ലിനുപോകരുതെന്നുവച്ചാൽ? ആരെങ്കിലും നിൻെറ നേരെ വന്നാലോ? നിൻെറ നേരെ വരാൻപോകുന്നതാരാണെന്നു ഞാൻ പറയാം—സ്റ്റ്യോപ്ക കർനൗഷ്കിൻ. അവൻ ഒരു താങ്ങു തന്നാൽ നീ ഉടൻ താഴെ വീഴും.''

''ഹും. സ്റ്റ്യോപ്കയെ ഞാൻ നോക്കിക്കൊള്ളാം,'' നികിത പറഞ്ഞു. ''അവനെ ശരിപ്പെടുത്താൻ ഈ ചെറുവിരൽ മതി.'' അവൻ മീഷ്കയെ അവൻെറ വിരൽ കാണിച്ചു.

കൊരഷോനൊക്ക് അതിൽ നോക്കി നിലത്തു തുപ്പിയിട്ടു പരുക്കൻ സ്വരത്തിൽ പറഞ്ഞു:

''സ്റ്റ്യോപ്ക കർനൗഷ്കിൻെറ മുഷ്ടി മന്ത്രവാദം ചെയ്തിട്ടുള്ളതാണു്. കഴിഞ്ഞയാഴ്ച അവൻ അച്ഛനുമൊന്നിച്ചു് ഉപ്പും മീനും വാങ്ങാൻ ഉത്യോവ്ക്കയിൽ പോയി. അപ്പോഴ് അവൻ മുഷ്ടി മന്ത്രവാദം ചെയ്യിച്ചെടുത്തു. ഞാൻ ഇപ്പറയുന്നതു കളവാണെങ്കിൽ എൻെറ കണ്ണു രണ്ടും പൊട്ടിപ്പോകട്ടെ.''

നികിത അതേപ്പററി ആലോചിച്ചു. തീർച്ച യായും ഗ്രാമത്തിൽ പോകാതിരിക്കുകയാണ ഭേദം. പക്ഷെ അപ്പോഠം മീഷ്ക അവനെ ഭീരുവെന്നു വിളിക്കും.

''അവൻ എങ്ങിനെയാണ മുഷ്ടി മന്ത്രവാദം ചെയ്യിച്ചതു്?'' അവൻ ചോദിച്ചു.

മീഷ്ക വീണ്ടും നിലത്തേക്കു തുപ്പി.

''നിഷ്പ്രയാസം. ആദ്യം കുറെ കരിയെടുത്തു കയ്യിൽ തേക്കുക. പിന്നീടു മൂന്നു പ്രാവശ്യം 'ഓം കാളി മഹാകാളി....' എന്നു പറയുക. അത്രമാത്രം മതി.''

നികിത ബഹുമാനപുരസ്സരം കൊരഷോനൊക്കിനെ നോക്കി. ആ നിമിഷം മുററത്തിൻെറ പടി കറകറശബ്ദത്തോടെ തുറക്കുകയും ആട്ടിൻ പററം ചാരനിറത്തിലുള്ള ഒരു സമൂഹമായി അകത്തേയ്ക്കോടിക്കയറുകയും ചെയ്തു. കുളമ്പു കൊണ്ടു് കുടുക്ക കൊട്ടുന്നതുപോലെ ശബ്ദമുണ്ടാക്കിക്കൊണ്ടും വാലാട്ടിക്കൊണ്ടും പോകുന്നവഴി കാട്ടമിട്ടുകൊണ്ടുമാണു് അവ ഓടിയതു്. ആട്ടിൻപററം കിണററിനുചുററും തിങ്ങിക്കൂടി. കരഞ്ഞുകൊണ്ടും അന്യോന്യം തള്ളിമാററിക്കൊണ്ടും അവ കിണററിനരികിലേക്കു തള്ളിക്കയറി. മുകഠംപ്പരപ്പിലുള്ള ഘനം കുറഞ്ഞ ഐസ് അവയുടെ മുഖം മുട്ടി ഉടയുകയും അവ വെള്ളം കുടിക്കുകയും ചുമയ്ക്കുകയും ചെയ്തു. നീണ്ട രോമമുള്ള ഒരു വൃത്തികെട്ട മുട്ടനാടു്

വെളുത്ത കുത്തുകളുള്ള കണ്ണുകളോടെ മീഷ്ക്കയെ തുറി ച്ചുനോക്കി, കാലു നിലത്താഞ്ഞുചവുട്ടി. മീഷ്ക്ക അതിനെ ''മടിയൻ'' എന്നു വിളിച്ചു. ആ മുട്ട നാട്ട് മീഷ്ക്കയുടെ നേരെ ഓടിച്ചെന്നു. മീഷ്ക്ക കി ണററിനു കുറുക്കെചാടി കഷ്ടിച്ചു രക്ഷപ്പെട്ടു. മുട്ടനാ ടിൻെറ നേരെ കൂവിവിളിച്ചുകൊണ്ട് നികിതയും മീഷ്ക്കയും മുററത്തിലൂടെ ഓടി. ആട്ട് അവരുടെ പുറകെ ചെല്ലാൻ തുടങ്ങിയെങ്കിലും പിന്നീടു വേ ണ്ടെന്നുവച്ചു. ''നിങ്ങളാണു മടിയന്മാർ'' എന്നു പറയുന്ന ഭാവത്തിൽ അതൊന്നു നീട്ടിക്കരഞ്ഞു.

പിൻവശത്തെ തിണ്ണയിൽനിന്നും നികിത യെ ഭക്ഷണത്തിനു വിളിച്ചപ്പോരം, മീഷ്ക്ക കൊര ഷോനൊക്ക് പറഞ്ഞു:

''നീ ഞങ്ങളെ ചതിക്കല്ലേ — നാം ഗ്രാമ ത്തിൽ പോവുകയാണ്!''

## യുദ്ധം

നികിതയും മീഷ്ക്ക കൊരഷോനൊക്കും പൂന്തോ ട്ടവും കുളവും കടന്ന് കുറുക്കുവഴിയേ കൂടി ഗ്രാമത്തി ലേക്കു തിരിച്ചു. കുളത്തിലെ ഐസിൻെറ മുകളി ലുള്ള മഞ്ഞ് കാററടിച്ചു നീങ്ങിയപ്പോരം മീഷ്ക്ക ഒരു മിനിട്ടു നിന്ന് പേനാക്കത്തിയും തീപ്പെട്ടിയും പുറത്തെടുത്തു നിലത്തിരുന്നു. ചുററും മണം പിടി ച്ചിട്ട് അവൻ നീല ഐസിൽ കുഴിക്കാൻ തുടങ്ങി. വെളുത്ത ഒരു കുമിള കണ്ട ഇടത്താണ് അവൻ

കുഴിച്ചതു്. ‘‘പൂച്ച’’ എന്നാണു് ഈ കുമിളകൾക്ക പേരിട്ടിരുന്നതു്. ചതുപ്പനിലങ്ങളിലെ വാതകങ്ങൾ കുളത്തിനടിയിൽനിന്നു് ഉയർന്നു വന്നു് ഐസിൽ മുട്ടി മരവിച്ചുണ്ടായതാണു് ഈ കുമിളകൾ. കുമിള എത്തുന്നതുവരെ മീഷ്ക ഐസ് മുറിച്ചുമാററി. പിന്നീടു് ഒരു തീപ്പെട്ടിയുരച്ചു് ആ വാതകക്കുഴിയുടെ നേർക്കു പിടിച്ചു. മഞ്ഞനിറത്തിലുള്ള ഒരു തീനാളം നിശ്ശബ്ദമായി കത്തിക്കൊണ്ടു് ഐസിൻെറ മുകളിലേക്കുയർന്നു.

‘‘നീ ഇതു മററാരോടും പറയരുതു്,’’ മീഷ്ക പറഞ്ഞു. ‘‘അടുത്ത ആഴ്ച നമുക്കു് അങ്ങു താഴെയുള്ള കുളത്തിൽപ്പോയി അവിടെയുള്ള ‘പൂച്ചകൾക്കു’ തീകൊളുത്താം. അവിടെ ഒരെണ്ണമുള്ളതു് എനിക്കറിയാം. ഒരു വീടോളം വലിപ്പമുണ്ടു്. ഒരു ദിവസം മുഴുവൻ അതു കത്തും.’’

കുളത്തിനു കുറുകെ ഓടിയും അക്കരെ നിലത്തു പതിഞ്ഞുകിടക്കുന്ന മഞ്ഞപ്പുല്ല ചവുട്ടിമെതിച്ചുകൊണ്ടും അവർ ഗ്രാമത്തിലെത്തി.

ആ വർഷം ശീതകാലത്തു് വളരെയേറെ മഞ്ഞു വീഴുകയുണ്ടായി. വീടുകൾക്കിടയിൽ കാററു യഥേഷ്ടം അടിച്ചിരുന്നിടത്തു് മഞ്ഞു കുറച്ചേയുണ്ടായിരുന്നുള്ളു. പക്ഷെ വീടുകളുടെ കാററെത്താത്ത വശങ്ങളിൽ അതു് മേൽക്കൂരവരെ കുമിഞ്ഞുകൂടിക്കിടക്കുന്നുണ്ടായിരുന്നു.

കിറുക്കനും ഭൂമിയില്ലാത്ത ഒരു കർഷകനുമായ സവോസ്ക്കയുടെ കുടിൽ പൂർണ്ണമായി മഞ്ഞിനടി

യിലായിരുന്നു. പുകക്കുഴൽ മാത്രമാണു പുറത്തേക്കു തള്ളിനിന്നിരുന്നതു്. മൂന്നുദിവസം മുമ്പു് ഗ്രാമത്തിലുള്ള സകലയാളുകളും സവോസ്റ്റയെ മഞ്ഞിൽനിന്നു വെളിയിലെടുക്കാൻ ചെന്നിരുന്നുവെന്നു മീഷ്ക പറഞ്ഞു. രാത്രി മഞ്ഞിനടിയിലായപ്പോൾ ആ വിഡ്ഢി അടുപ്പു കത്തിച്ച് ഇറച്ചിയിടാതെ കുറെ സസ്യസൂപ്പുണ്ടാക്കിക്കുടിച്ചതിനുശേഷം അടുപ്പിൻെറ മുകളിൽക്കയറി കിടന്നുറങ്ങുകയാണുണ്ടായതു്. അയാൾ അടുപ്പിനു മുകളിൽ കിടന്നുറങ്ങുന്നതു് അവർ കാണുകയും അയാളെ ഉണർത്തി വിഡ്ഢിത്തം കാണിച്ചതിനു് ചെവിക്കുപിടിക്കുകയും ചെയ്യുവത്രെ.

ഗ്രാമം ജനശൂന്യവും പ്രശാന്തവുമായിരുന്നു. ചില പുകക്കുഴലുകളിൽനിന്നും പുക അലസമായി മേലോട്ടുയരുന്നുണ്ടായിരുന്നു. ആ വെളുത്ത വെളിസ്ഥലത്തിൻേറയും മഞ്ഞുമൂടിയ വയ്ക്കോൽക്കൂനകളുടേയും മേൽക്കൂരകളുടേയും തൊട്ടു മുകളിലായി സൂര്യൻ നിഷ്പ്രഭമായി പ്രകാശിച്ചുകൊണ്ടിരുന്നു. നികിതയും മീഷ്കയും അർത്തമോൻ തൃൂരിൻെറ കുടിലിനടുത്തേക്കു പോയി. ബലിഷ്ഠമായ കുറിൻ ദേഹവും മുൻകോപവുമുള്ള അയാളെ ഗ്രാമത്തിലെ സകലർക്കും ഭയമായിരുന്നു. നികിത ജനലിൽക്കൂടി ഉളിഞ്ഞുനോക്കിയപ്പോൾ ചുവന്ന നിറത്തിൽ കുററിച്ചൂലുപോലെ മയമില്ലാതെ നിൽക്കുന്ന അർത്തമോനിൻെറ താടി കണ്ടു. അയാൾ മേശയ്ക്കരികിലിരുന്നു് ഒരു മരപ്പാത്രത്തിൽനിന്നും എന്തോ

കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. മറേറ ജനാലയ്ക്കൽ മുഖത്തു പുള്ളിക്കുത്തുള്ള മൂന്നു കുട്ടികൾ മൂക്കു് ചില്ലിനോടമർത്തിപ്പിടിച്ചു നിൽക്കുന്നുണ്ടായിരുന്നു. അർത്തമോനിൻെറ മക്കളായ സ്യോംക, ല്യോൻക, കൊച്ചു് അർത്തമോഷ്ക്ക എന്നിവരായിരുന്നു അവർ.

കുടിലിനടുത്തെത്തിയപ്പോൾ മീഷ്ക ചൂളമടിച്ചു. അർത്തമോൻ തിരിഞ്ഞുനോക്കി. അയാളുടെ വലിയ താടി തിരക്കിട്ടു ചവച്ചുകൊണ്ടിരിക്കുകയായിരുന്നു. അയാൾ അവനെ കരണ്ടികാണിച്ചു ഭയപ്പെടുത്തി. അയാളുടെ മൂന്നു കുട്ടികൾ ജനാലയ്ക്കു പിന്നിൽനിന്നു മറയുകയും ഉടൻ ആട്ടിൻതോൽകൊണ്ടുള്ള കോട്ടുകൾ അണിഞ്ഞു് അരയ്ക്കു് ഓരോ കെട്ടുംകെട്ടി ഇറയത്തു വരികയും ചെയ്തു.

''ഹും,'' തൊപ്പി ഒരു ചെവിയുടെ മുകളിലായി ചരിച്ചുവച്ചുകൊണ്ടു് മീഷ്ക പറഞ്ഞു. ''ഹും, നിങ്ങൾ പെൺകുട്ടികളാണു്... വീട്ടിൽ കുത്തിയിരിക്കുന്നു... പേടിച്ചിരിപ്പാണു്...''

''ഞങ്ങൾക്കു് ഒന്നിനേയും പേടിയില്ല,'' പുള്ളിക്കുത്തുള്ളവരിലൊരാൾ — സ്യോംക —പറഞ്ഞു.

''രോമച്ചെരിപ്പു് ചീത്തയാക്കരുതെന്നു ഞങ്ങളോടു് അച്ഛൻ പറഞ്ഞു,'' ല്യോൻക പറഞ്ഞു.

''ഞാൻ മുമ്പു് പുറത്തുപോയി കൊൻചാൻ സംഘത്തിൻെറ നേരെ വളിച്ചുകൂവി. പക്ഷേ

അവർ അതു കേട്ട ഭാവം വച്ചില്ല,'' കൊച്ചു് അർത്തമോഷ്ക പറഞ്ഞു.

തൊപ്പി മറേറ ചെവിയുടെ മുകളിൽ ചരിച്ചു വച്ചിട്ടു് നാക്കുകൊണ്ടു ശബ്ദം കേൾപ്പിച്ചുകൊണ്ടു് മീഷ്ക രണ്ടും കല്പിച്ച മട്ടിൽ പറഞ്ഞു:

''വരിൻ, നമുക്കവരെ ശരിപ്പെടുത്താം. നമ്മളവരെ കാണിച്ചുകൊടുക്കും.''

പുള്ളിക്കുത്തുള്ള കുട്ടികൾ പറഞ്ഞു: ''ശരി, അങ്ങിനെയാകട്ടെ.'' അവരെല്ലാവരും കൂടി വഴിയിൽ കിടന്നിരുന്ന വലിയൊരു മഞ്ഞുകട്ടയുടെ മുകളിൽ കയറി. അവിടുന്നങ്ങോട്ടു് — അർത്തമോൻെറ കുടിലിനപ്പുറം—ഗ്രാമത്തിൻെറ ''മറേറ അററം'' ആരംഭിക്കുകയായി.

മഞ്ഞുകട്ടയുടെ കൊൻചാൻ ഭാഗത്തു് ഒരു പാടു പിള്ളേരു കാണുമെന്നാണു നികിത വിചാരിച്ചതു്. പക്ഷെ പുതുച്ചുമൂടിയ രണ്ടു കൊച്ചു പെൺകുട്ടികൾ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. അവർ ഒരു തെന്നുവണ്ടി മഞ്ഞുകട്ടയുടെ മുകളിൽ കയററി, രോമച്ചെരിപ്പിട്ട കാലുകൾ മുമ്പോട്ടു തള്ളി അതിൽക്കയറി ഇരിക്കുകയും കയറിന്മേൽ മുറുകെ പിടിച്ചുകൊണ്ടു് ആർപ്പുവിളികളോടെ നിരത്തിനു കുറുക്കെ പാഞ്ഞുപോവുകയും കളപ്പുരയും കടന്നു് കുത്തനെയുള്ള ആററുവക്കിലൂടെ താഴോട്ടു് നദിയിലുള്ള ഐസിൻെറ മുകളിലേക്കിറങ്ങുകയും ചെയ്തു.

മീഷ്കയും അവനോടൊപ്പം മുഖത്തു പുള്ളിക്കു

ത്തുള്ള കുട്ടികളും നികിതയും മഞ്ഞുകട്ടയുടെ മുക ളിൽ സ്ഥാനമുറപ്പിച്ചുകൊണ്ടു് വിളിച്ചുപറയാൻ തുടങ്ങി.

''ഹേ, കൊൻചാൻ!''

''ഞങ്ങൾ നിങ്ങളെ ശരിപ്പെടുത്താൻ വന്നിരിക്കുകയാണു്!''

''നിങ്ങളെല്ലാവരും പേടിച്ചു് ഒളിച്ചിരിക്കുകയാണു്.''

''പുറത്തുവരിൻ. ഞങ്ങൾ നിങ്ങളുടെ മണ്ട തല്ലിപ്പൊളിക്കും!''

''ഹേ, കൊൻചാൻ, പുറത്തിറങ്ങിവരിൻ, ഞങ്ങൾ ഒററക്കയ്യുകൊണ്ടു്നിങ്ങളോടു പൊരുതും,'' തുകൽക്കയ്യുറയുടെമേലടിച്ചുകൊണ്ടു് മീഷ്ക്ക വിളിച്ചു പറഞ്ഞു.

നാലു കൊൻചാൻ കുട്ടികൾ മഞ്ഞുകട്ടയുടെ മറുവശത്തു പ്രത്യക്ഷപ്പെട്ടു. കയ്യുറകളിൽ തട്ടുകയും പള്ളയിൽ അങ്ങോട്ടുമിങ്ങോട്ടുമുരച്ചു് അവയുടെ ചുളിവുകൾ നിവർത്തുകയും തൊപ്പി നേരേവയ്ക്കുകയും ചെയ്തുകൊണ്ടു് അവരും ഉച്ചത്തിൽ വിളിച്ചു പറയാൻ തുടങ്ങി:

''ഞങ്ങൾക്കു നിങ്ങൾ പുല്ലാണു്!''

''ഞങ്ങളെ പേടിപ്പിക്കാമെന്നാണോ വിചാരം?''

''മാക്രി, മാക്രി, കപ, കപ, കപ!''

മഞ്ഞുകട്ടയിന്മേൽ നികിതയുടെ ഭാഗത്തുള്ള സംഘം മുകളിലേക്കു കയറിവന്നു—അല്യോഷ,

നിരം, കരിഞ്ചെവിയൻ വാൻക, സവോസ്റ്റയുടെ അനന്തിരവൻ പെത്രുഷ്ക്ക, പിന്നെ വലിയ വയറുള്ള ഒരു കൊച്ചു പയ്യൻ. അവൻ അമ്മയുടെ പുതപ്പ് രണ്ടററവും നെഞ്ചത്തു വിലങ്ങനെ വച്ചു കൊണ്ടു് തലവഴി പുതച്ചിരുന്നു. കൊൻചാൻഭാഗത്തും അഞ്ചാറു പിള്ളേരു് വേറേയുണ്ടായിരുന്നു.

''ഹാ! ഹാ! പുള്ളിക്കുത്തുമോന്തകഠം!'' അവർ വിളിച്ചുപറഞ്ഞു. ''ഞങ്ങഠം നിങ്ങളുടെ പുള്ളിക്കുത്തുകഠം തിരുമ്മിക്കളയും.''

''കോങ്കണ്ണുള്ള കൊല്ലന്മാർ—എലിക്കു ലാടം തറച്ചവർ!'' മീഷ്ക കൊരഷോനൊക്ക് അവൻെറ ഭാഗത്തുനിന്നു വിളിച്ചുപറഞ്ഞു.

''മാക്രി, മാക്രി!''

രണ്ടു ഭാഗത്തുംകൂടി നാല്പതോളം കുട്ടികഠം കൂടിയിരുന്നു. പക്ഷെ തുടങ്ങാൻ ആർക്കും താല്പര്യമുള്ളതായിക്കണ്ടില്ല. എല്ലാവർക്കും പേടിയായിരുന്നു. അവർ മഞ്ഞുകട്ടകഠം വലിച്ചെറിയുകയും മൂക്കത്തു തട്ടുകയും ചെയ്തു. അവർ അങ്ങേ ഭാഗത്തുനിന്നു് ''മാക്രി, മാക്രി!'' എന്നും നികിതയുടെ ഭാഗത്തുനിന്നു് ''കോങ്കണ്ണുള്ള കൊല്ലന്മാർ!'' എന്നും വിളിച്ചുപറഞ്ഞു. രണ്ടും ചീത്ത വാക്കുകളായിരുന്നു. പെട്ടെന്നു്, വലിപ്പംകുറഞ്ഞു് വിരിഞ്ഞ മാറും ഉണ്ട മൂക്കുമുള്ള ഒരു പയ്യൻ കൊൻചാൻ സംഘത്തിനിടയിൽ പ്രത്യക്ഷപ്പെട്ടു.

''ഹേ, മാക്രികളേ, വരിൻ, ഒരാഠംക്കൊരാഠം വീതം പൊരുതിനോക്കാം!''



KOTTAYAM PUBLIC LIBRARY
KOTTAYAM.

മന്ത്രവാദംചെയ്ത മുഷ്ടിയോടുകൂടിയ പേരുകേട്ട സ്ത്യോപ്‌ക കർനൗഷ്കിനായിരുന്നു അതു്.

കൊൻചാൻ പയ്യന്മാർ തൊപ്പി മുകളിലേക്കു വലിച്ചെറിഞ്ഞുകൊണ്ടു് ഉച്ചത്തിൽ ചൂളമടിച്ചു. നികിതയുടെ ഭാഗത്തുള്ളവർ മൗനംപൂണ്ടു. നികിത അവരെ ശരിക്കൊന്നു നോക്കി. പുള്ളിക്കുത്തുള്ള കുട്ടികൾ നെററി ചുളിച്ചുകൊണ്ടു് അനങ്ങാതെ നിന്നു. അല്യോഷയും കരിഞ്ചെവിയൻ വാൻകയും പുറകോട്ടു മാറി. അമ്മയുടെ പുതപ്പു പുതച്ചിരുന്ന ചെറിയ പയ്യൻ അവൻെറ വലിയ കണ്ണുകൾ മിഴിച്ചു് കർനൗഷ്കിനെ തുറിച്ചുനോക്കി കരയാൻ ഭാവിച്ചു. വീട്ടിൽ നെയ്തുണ്ടാക്കിയ അരപ്പട്ട വയറിനുകീഴെ വലിച്ചിറക്കിയിട്ടു് മീഷ്ക കൊരഷോനൊക്കു് ഇങ്ങനെ മന്ത്രിച്ചു:

''ഇവരേക്കാൾ മുഷ്കന്മാരെ ഞാൻ കണ്ടിട്ടുണ്ടു്. ഇതാദ്യത്തെ തവണയല്ല. ഞാനായിട്ടു തുടങ്ങാൻ എനിക്കിഷ്ടമല്ല. പക്ഷെ ഞാനെൻെറ കൈ പൊക്കിയാൽ അവനു ഞാൻ ഒന്നു സമ്മാനിക്കും. അവൻെറ തൊപ്പി അവൻെറ വീട്ടിൽനിന്നും പത്തുവാരയകലെ ഞാൻ തെറിപ്പിക്കും.''

തന്നോടു മല്ലിടാൻ ആർക്കും താല്പര്യമില്ലെന്നു കണ്ടപ്പോൾ സ്ത്യോപ്ക്ക കർനൗഷ്കിൻ കയ്യുറ വീശിക്കൊണ്ടു വിളിച്ചുപറഞ്ഞു:

''പിടിയവരെ, പിള്ളേരെ!''

ആർത്തുവിളിക്കുകയും ചൂളമടിക്കുകയും ചെയ്തുകൊണ്ടു് കൊൻചാൻസംഘം മഞ്ഞുകട്ടയുടെ താഴോട്ടു പാഞ്ഞുവന്നു.

പുള്ളിക്കത്തുള്ള കുട്ടികരം ഭയന്നോടി. അവരു ടെ പിന്നാലെ മീഷ്ക്കയും കരിഞ്ചെവിയൻ വാൻ കയും തുടർന്നു മററെല്ലാ കുട്ടികളും ഓടി. നികിത യും ഓടി. പുതപ്പു പുതച്ചിരുന്ന ചെറിയ കുട്ടി മഞ്ഞിലിരുന്നു് ഉറക്കെ കരഞ്ഞു.

നികിതയുടെ പക്ഷക്കാർ അർത്തമോൻേറയും ചെർനൌഹൊവിൻേറയും മുററത്തുകൂടി ഓടി മ റൊരു മഞ്ഞുകട്ടയുടെ മുകളിൽച്ചെന്നു നിന്നു. നികിത തിരിഞ്ഞുനോക്കി. അല്യോഷയും നീളം കൂടാതെ ഈ ഭാഗത്തെ അഞ്ചുപേരും മഞ്ഞിൽ കിട ക്കുന്നുണ്ടായിരുന്നു. ചിലർ വീണതാണു്. മററു ചിലർ ഭയന്നുകിടന്നതും. കിടക്കുന്നയാളിനെ അടിക്കാനൊക്കുകയില്ലല്ലൊ.

നികിത എഴുന്നേററു. അവൻ നാണിച്ചുകര യാൻ തയ്യാറായിരുന്നു. അവരെല്ലാവരും മല്ലി ടാൻ ഭയന്നു് ഓടിപ്പോയ ഭീരുക്കളായിരുന്നു. മുഷ്ടി ചുരുട്ടിക്കൊണ്ടു് അവൻ അവിടെ അനങ്ങാതെ നി ന്നു. പതിഞ്ഞ മൂക്കും വലിയ വായുമുള്ള സ്റ്റ്യോപ് ക്ക കർനൌഷ്കിൻ തൻെറ നേരെ പാഞ്ഞടുക്കുന്നതു നികിത കണ്ടു. ആട്ടിൻതുകൽകൊണ്ടുണ്ടാക്കിയ അവൻെറ തൊപ്പിക്കടിയിൽനിന്നും ഒരു ചുരുരം തലമുടി വെളിയിലേക്കു വീണുകിടന്നിരുന്നു.

നികിത തലകുനിച്ചുപിടിച്ചുകൊണ്ടു് മുന്നോ ട്ടു ചെന്നു് സർവ്വശക്തിയുമെടുത്തു് സ്റ്റ്യോപ് ക്കയെ നെഞ്ചിലിടിച്ചു. സ്റ്റ്യോപ്ക്ക തലയി ളക്കി തൊപ്പി താഴെയിട്ടു മഞ്ഞിലിരുന്നു.

''അതു മതി,'' അവൻ പറഞ്ഞു.

കൊൻചാൻ പയ്യന്മാർ തൽക്ഷണം നിന്നു. നികിത അവരുടെ നേരെ ചെന്നപ്പോഠം അവർ വഴിമാറിക്കൊടുത്തു. ''നമ്മഠം ജയിക്കുകയാണു്'' എന്നു് ആർത്തുവിളിച്ചുകൊണ്ടു് നികിതയുടെ പക്ഷക്കാർ അവൻേറയും മുമ്പിലോടിയെത്തി കൊൻചാൻ സംഘത്തിൻെറ നേരെ ഒററക്കെട്ടായി ചാടിവീണു. കൊൻചാൻ സംഘം പമ്പകടന്നു. അഞ്ചാറു മുററങ്ങഠം കടന്നു് ഒടുവിൽ അവരെല്ലാം നിലത്തു കിടക്കുന്നതു വരെ നികിതയുടെ കൂട്ടുകാർ അവരെ ഓടിച്ചു.

ഗ്രാമത്തിലെ തൻേറതായ ഭാഗത്തേക്കു നികിത മടങ്ങി. അവൻ ആകെ ഇളകിവശായിരുന്നു. ക്രമത്തിലേറെ രക്തം ചൂടുപിടിച്ചിരുന്നു. ആരെങ്കിലുമായി മല്ലിടാൻ അവൻ ആഗ്രഹിച്ചു. ആരോ അവനെ വിളിച്ചു. ഒരു കളപ്പുരയ്ക്കു പിന്നിൽ സ്ത്യോപ്ക്ക കർനൗഷ്കിൻ നിന്നിരുന്നു. നികിത അവൻെറയടുത്തേക്കു ചെന്നപ്പോഠം സ്ത്യോപ്ക്ക അവനെ നോക്കി നെററിചുളിച്ചു.

''നീ എനിക്കു നല്ല ഒരിടിയാണു തന്നതു്,'' അവൻ പറഞ്ഞു ''ലോഹ്യമാകണമെന്നുണ്ടോ?''

''തീർച്ചയായും,'' നികിത തിടുക്കത്തിൽ പറഞ്ഞു.

അവർ ഇരുവരും അന്യോന്യം നോക്കി പുഞ്ചിരിച്ചു.

''നമുക്കു് എന്തെങ്കിലും കൈമാറാം,'' സ്ത്യോപ്ക്ക പറഞ്ഞു.

‘‘അങ്ങിനെയാകട്ടെ.’’

സ്റ്റ്യോപ്ക്കയ്ക്കു കൊടുക്കാൻ ഏററവും പററിയതെന്താണെന്നു് നികിത അല്പം ആലോചിച്ചു. നാലു വായ്ത്തലയുള്ള ഒരു പേനാക്കത്തിയാണു് അവൻ സമ്മാനിച്ചതു്. സ്റ്റ്യോപ്ക്ക പോക്കററിൽ കയ്യിട്ടു് ഈയംകൊണ്ടു വാർത്തെടുത്ത ഒരു ഇടിയൻ പുറത്തെടുത്തു.

‘‘ഇതു നീ എടുത്തോ. കളയരുതു്. വളരെ വിലപിടിച്ചതാണു്.’’

## വിരസമായ ഒരു സായാഹ്നത്തിൻെറ പരിണാമം

അന്നു രാത്രി നികിത ‘‘നീവ’’ മാസികയിലെ പടങ്ങൾനോക്കിക്കൊണ്ടും അവയുടെ വിവരണങ്ങൾ വായിച്ചുകൊണ്ടുമിരുന്നു. അവനതിൽ വലിയ രസം തോന്നിയില്ല.

ഒരു സ്ത്രീ വാതിൽപ്പടിയിൽ വന്നു നിൽക്കുന്നതായിരുന്നു ഒരു ചിത്രം. അവരുടെ തോൾ മുതൽ കൈമുട്ടുവരെ നഗ്നമായിരുന്നു. തലമുടിയിൽ പൂചൂടിയിരുന്നു. തോളിലും കാൽച്ചുവട്ടിലും പ്രാവുകൾ ഇരിപ്പുണ്ടു്. ചുമലിൽ തോക്കുമായി ഒരു പുരുഷൻ ഒരു വേലിയ്ക്കുപ്പുറത്തുനിന്നു് അവരെ നോക്കി ചിരിക്കുന്നുണ്ടു്.

ആ പടം എന്തിനുവേണ്ടി വരച്ചു എന്നു്

അവനു മനസ്സിലായില്ലെന്നതാണ് അവനെ ഏററവും ചൊടിപ്പിച്ച സംഗതി. അതിൻെറ വിവരണത്തിലുണ്ടായിരുന്നതു് ഇതാണ്:

''മനുഷ്യൻെറ യഥാർത്ഥസുഹൃത്തുക്കളായ ഇണപ്രാവുകളെ കാണാത്തവരാരുണ്ടു്? (പ്രാവുകളെക്കുറിച്ചു് തുടർന്നുള്ള വിവരണം നികിത വായിച്ചില്ല.) ''ഈ പക്ഷികരംക്ക പ്രഭാതത്തിൽ ധാന്യമെറിഞ്ഞുകൊടുക്കുന്നതിൽ ആരാണ് ആനന്ദം കൊള്ളാത്തതു്? അനുഗൃഹീതജർമ്മൻ ചിത്രകാരനായ ഹാൻസ് വുർസ്റ്റ് അത്തരമൊരു നിമിഷം രേഖപ്പെടുത്തിയിരിക്കുകയാണ്. ഒരു പാതിരിയുടെ മകളായ എൽസ എന്ന യുവതി വീടിനു വെളിയിൽ വരുന്നു. തങ്ങളുടെ പ്രിയപ്പെട്ട യജമാനത്തിയെ കണ്ടയുടൻ പ്രാവുകരം ആഹ്ലാദത്തോടെ അവളുടെ കാൽക്കലേക്കു പറന്നുചെല്ലുന്നു. അവയിലൊരെണ്ണം അവളുടെ തോളിലിരിക്കുന്നതും മറെറാന്നു് അവളുടെ കയ്യിൽനിന്നു കൊത്തിത്തിന്നുന്നതും കണ്ടില്ലേ. അയൽപക്കത്തുള്ള യുവാവായ ഒരു ശിക്കാറി ആ ചിത്രം കണ്ടു ഉള്ളാലെ ആനന്ദിക്കുകയാണ്.''

നികിതയുടെ ഭാവനയിൽ എൽസയ്ക്കു പ്രാവുകളെ തീററുകയല്ലാതെ മററു പണിയൊന്നുമില്ലായിരുന്നു. എത്ര വിരസമായ ജീവിതം! അവളുടെ പിതാവായ പാതിരി ഏതെങ്കിലുമൊരു മുറിയിൽ ഒരു കസേരയിലിരുന്നുകൊണ്ടു് മുഷിവുതോന്നി കോട്ടുവായിടുന്നുണ്ടാകും. അയൽപക്കത്തെ

ചെറുപ്പക്കാരനാണെങ്കിൽ, വയറുവേദനയുള്ളതു പോലെ പല്ലിളിച്ചുകാട്ടി നിൽക്കുകയാണ്. അയാരം അതേമട്ടിൽ പല്ലിളിച്ചുകൊണ്ടായിരിക്കും റോഡിലൂടെ പോകുന്നതു്. ആ തോക്കുകൊണ്ടു വെടിവയ്ക്കാൻ പററില്ലെന്നതു തർക്കമററ കാര്യമാണ്. പടത്തിലെ ആകാശത്തിനും വെയിലിനുമെല്ലാം ചാരനിറമായിരുന്നു.

നികിത പെൻസിലിന്റെ മുന ചപ്പിക്കൊണ്ടു് പാതിരിയുടെ മകരംക്കു് ഒരു മീശ വരച്ചു.

അടുത്ത പടം ബ്രൂസൽസിലൂക് പട്ടണത്തിന്റെ ഒരു ദൃശ്യമായിരുന്നു: ഒരു മൈൽക്കുററിയും പൊളിഞ്ഞുപോയ ഒരു വണ്ടിച്ചക്രവും വഴിയരികിൽ കാണാം. അകലെയായി പലകകരംകൊണ്ടുണ്ടാക്കിയ കുടിലുകളും ചെറിയൊരു പള്ളിയുമുണ്ടു്. തിങ്ങിനിൽക്കുന്ന മേഘങ്ങളിൽനിന്നു മഴ ചരിഞ്ഞു പെയ്യുന്നുണ്ടു്.

നികിത കോട്ടുവായിട്ടുകൊണ്ടു് ''നീവ'' അടച്ചുവച്ചു. മേശപ്പുറത്തു് മുട്ടൂന്നിക്കൊണ്ടു് അവൻ ശ്രദ്ധിച്ചു.

തട്ടിൻപുറത്തെ ചെറിയ മുറിയിൽനിന്നും ചൂളംവിളികളുടേയും ദീർഘനേരം നീണ്ടു നിന്ന ഒരു കുഴലൂത്തുവിളിയുടേയും ശബ്ദം കേട്ടു. പിന്നീടു കേട്ടതു് ''ഊ—ഊ—ഊ'' എന്നു് ഘനത്തിലുള്ള ശബ്ദവും തുടർന്നു് തുപ്പലും ചീററലുമാണ്. പെട്ടെന്നു ശബ്ദം വളരെ നേർത്തു വിലാപസ്വരത്തിലായി. വീണ്ടും തുപ്പലും ചീററലും കേട്ടു.

വട്ടമേശയ്ക്കു മുകളിൽ ഒരു വെളുത്ത സ്ഫടികഷേഡിനു താഴെയായി ഒരു വിളക്കു തൂങ്ങിക്കിടക്കുന്നുണ്ടായിരുന്നു. ചുമരിൻെറ മറേറ ഭാഗത്തു് ഇടനാഴിയിലൂടെ ആരോ അമർത്തിച്ചവിട്ടി നടക്കുന്നുണ്ടായിരുന്നു. അടുപ്പിൽ തീകൂട്ടുന്നയാളായിരിക്കും. വിളക്കിനു താഴെയുള്ള സ്ഫടികത്തൊങ്ങലുകഠം കിലുങ്ങി.

അമ്മ തലകുനിച്ചിരുന്നു് ഒരു പുസ്തകം വായിക്കുകയായിരുന്നു. അമ്മയുടെ ചാരനിറമാർന്നതും മാർദ്ദവമേറിയതും നേർമ്മയുള്ളതുമായ മുടി ചെന്നിയിൽ ചുരുണ്ടു കിടന്നിരുന്നു. അവിടെ കട്ടകു വലിപ്പത്തിൽ ഒരു മറുക നില്പുണ്ടായിരുന്നു. ഇടയ്ക്കിടെ അമ്മ ഒരു സൂചികൊണ്ടു് പേജുകഠം മുറിക്കും. അമ്മയുടെ പുസ്തകത്തിനു് ഇഷ്ടികയുടെ നിറത്തിലുള്ള ഒരു പുറംചട്ടയാണുണ്ടായിരുന്നതു്. അച്ഛൻെറ പഠനമുറിയിലെ പുസ്തകഷെൽഫു് അത്തരം ബുക്കുകഠംകൊണ്ടു നിറഞ്ഞിരുന്നു. ''യൂറോപ്യൻ വാർത്തകഠം'' എന്നായിരുന്നു അവയ്ക്കെല്ലാമുള്ള പേരു്. ഇത്രയേറെ മുഷിപ്പനായ പുസ്തകങ്ങഠം മുതിർന്നവർക്കു് എങ്ങിനെ വായിക്കാൻ കഴിയുമെന്നു് അവൻ അത്ഭുതപ്പെട്ടു. അത്തരം പുസ്തകം വായിക്കുന്നതു് ഒരു ഇഷ്ടികയിൽ ഉരയ്ക്കുന്നതുപോലെതന്നെ മോശപ്പെട്ട പണിയായിരുന്നു.

അഹീഠംക്ക എന്ന വളർത്തുമുള്ളൻപന്നി അതിൻെറ നനഞ്ഞ പന്നിമൂക്കു് കൈപ്പത്തിയിൽ അമർത്തിക്കൊണ്ടു് അമ്മയുടെ മടിയിൽ കിടന്നുറ



ങ്ങുന്നുണ്ടായിരുന്നു. മററുള്ളവർ ഉറങ്ങാൻ കിടക്കു മ്പോഴേക്കും അതു് മതിയാവോളം ഉറങ്ങിക്കഴിഞ്ഞുകാണും. നഖങ്ങൾ കൊണ്ടു് അമർത്തി ചവിട്ടി, മുക്രയിട്ടുകൊണ്ടു് അതു് രാത്രി മുഴുവൻ വീട്ടിൽ ചുററി നടക്കുകയും മൂലകളിലെല്ലാം മണത്തുനോക്കുകയും എലിദ്വാരങ്ങൾ പരിശോധിക്കുകയും ചെയ്യും.

ചുമരിൻെറ മറുവശത്തു് തീക്കൂട്ടുന്നയാൾ ഇരുമ്പുവാതിലിന്മേൽ ഒച്ചകേൾപ്പിക്കുന്നുണ്ടായിരുന്നു. അയാൾ തീയിളക്കുന്ന ശബ്ദം അവർ കേട്ടു. ചൂടുപിടിച്ച കുമ്മായത്തിൻേറയും കഴുകിയ നിലത്തിൻേറയും മണം മുറിയിൽ തങ്ങിനിന്നിരുന്നു. മുഷിപ്പനെങ്കിലും സുഖകരമായ ഒരനുഭവമായിരുന്നു അതു്. അങ്ങു തട്ടിൻപുറത്തെ മുറിയിൽ "യൂയീ, യൂയീ" എന്ന സ്വരത്തിൽ ചൂളമടിക്കാനുള്ള വലിയൊരു ശ്രമം നടക്കുന്നുണ്ടായിരുന്നു.

"അമ്മേ, ആരാണു ചൂളമടിക്കുന്നതു്?"

അമ്മ പുരികം വളച്ചെങ്കിലും പുസ്തകത്തിൽ നിന്നു കണ്ണെടുത്തില്ല. തൻെറ നോട്ടുപുസ്തകത്തിൽ വരയിട്ടുകൊണ്ടിരുന്ന അർക്കാദിയ് ഇവാനൊവിച്ച് ആ ചോദ്യത്തിനുവേണ്ടി കാത്തിരിക്കുകയായിരുന്നോ എന്നു തോന്നി.

കാണാപ്പാഠം പഠിച്ചുവച്ചിരിക്കുന്നതുപോലെ അദ്ദേഹം പറഞ്ഞു: "ജീവനില്ലാത്ത വസ്തുവിനെപ്പററി പറയുമ്പോൾ, നാം 'എന്തു്' എന്ന സർവ്വനാമമാണു് ഉപയോഗിക്കുന്നതു്."

''ബൂ—ഊ—ഊ'' എന്ന ഓരിയിടൽ തട്ടിൻപുറത്തെ മുറിയിൽനിന്നു കേട്ടു. അമ്മ തല ഉയർത്തി ശ്രദ്ധിച്ചു. തോരം മുന്നോട്ടാക്കി കമ്പിളിപ്പുതപ്പ് കൂടുതൽ ഗാഢമായി പുതച്ചു. മുള്ളൻപന്നി ഉണർന്നു് ദേഷ്യത്തിൽ മുക്രയിട്ടു.

തട്ടിൻപുറത്തെ തണുത്തിരുണ്ട മുറിയുടെ ചില്ലിടാത്ത ജനാലയിലൂടെ മഞ്ഞു് ആഞ്ഞടിച്ചുകയറുന്നതു് നികിത ഭാവനയിൽ കണ്ടു. പ്രാവുകരം ഇരിപ്പുറപ്പിക്കാറുണ്ടായിരുന്ന മച്ചിലെ ഉത്തരങ്ങരംക്കിടയിൽ ഒടിഞ്ഞ പഴയ കസേരകളും ചാരുകസേരകളും സോഫകളുടെ ഭാഗങ്ങളും സ്പ്രിംഗുകരം പുറത്തേക്കു തള്ളി കിടന്നിരുന്നു. രോമനിബിഡമായ ദേഹമാസകലം പൊടിയും ചിലന്തിവലയുമായി ''കാററു്'' പുകക്കുഴലിനു തൊട്ടടുത്തു് ഒരു ചാരുകസേരയിൽ ഇരിക്കുന്നു. കവിരം രണ്ടും കയ്യിലമർത്തിക്കൊണ്ടു് അനങ്ങാതിരുന്നു് അയാരം ഉച്ചത്തിൽ കൂവിവിളിക്കുകയാണു്. ആ നീണ്ട രാത്രിമുഴുവൻ തണുത്തു മരവിച്ച ആ തട്ടിൻപുറത്തെ മുറിയിൽ ഒററയ്ക്കിരുന്നു് ആ പാവം വൃദ്ധൻ ഓരിയിട്ടുകൊണ്ടിരിക്കുന്നു. നികിത കസേരയിൽനിന്നു് ഊർന്നിറങ്ങി അമ്മയുടെ അടുത്തുചെന്നിരുന്നു. അവർ സ്നേഹമസൃണമായി അവനെ നോക്കി പുഞ്ചിരിച്ചു. നികിതയെ ചേർത്തുപിടിച്ചു് നെററിയിൽ ചുംബിച്ചു.

''നിനക്കു് ഉറങ്ങാറായില്ലേ?''

''അമ്മേ, അരമണിക്കൂർകൂടി കഴിഞ്ഞു മതി.''

നികിത അമ്മയുടെ ചുമലിൽ തല ചായ്ച്ചു. മുറിയുടെ അങ്ങേത്തലയ്ക്കൽ ഒരു കതകു തുറക്കുന്ന കറകറശബ്ദം കേട്ടു. വാസ്ക എന്ന പൂച്ച വാലുയർത്തിപ്പിടിച്ചുകൊണ്ടു് പ്രത്യക്ഷപ്പെട്ടു. അതിൻെറ ഭാവമാകെ വിനയവും സന്മനസ്സും പ്രകടിപ്പിക്കുന്നതായിരുന്നു. ഇളംചുവപ്പു നിറത്തിലുള്ള വായ് തുറന്നു് അതു് ''ങ്യാവൂ'' എന്നു വളരെ പതുക്കെ കരഞ്ഞതു് കേൾക്കാൻതന്നെ പ്രയാസമായിരുന്നു. തൻെറ നോട്ടുപുസ്തകത്തിൽനിന്നു കണ്ണെടുക്കാതെ അർക്കാദിയ് ഇവനോവിച്ച് അതിനോടു ചോദിച്ചു:

''നീ വന്നതു് എന്തു കാര്യത്തിനാണു്, വസീലിയ് വസീല്യെവിച്ച്?''

വാസ്ക അമ്മയുടെയടുത്തേക്കു നടന്നു. തൻെറ പച്ചക്കണ്ണുകൾ രണ്ടു നേരിയ പാളികളായി ചെറുതാക്കിക്കൊണ്ടു് അതു് അമ്മയെ നോക്കി കൂടുതൽ ഉച്ചത്തിൽ കരഞ്ഞു. മുള്ളൻപന്നി പിന്നെയും മുക്രയിട്ടു. വാസ്കയ്ക്കു് എന്തോ അറിയാമെന്നും എന്തോ പറയാനാണു് അതു വന്നിരിക്കുന്നതെന്നും നികിത വിശ്വസിച്ചു.

തട്ടിൻപുറത്തെ മുറിയിൽ കാററു് അത്യുച്ചത്തിൽ ചൂളം വിളിക്കുന്നുണ്ടായിരുന്നു. പെട്ടെന്നു് ജനാലകളുടെ വെളിയിൽനിന്നു പതിഞ്ഞ ശബ്ദത്തിൽ ഒരു മുറവിളി കേട്ടു. മഞ്ഞു ചിവിട്ടിപ്പൊടിക്കുന്ന ശബ്ദവും ആളുകളുടെ സംസാരവും കേട്ടു.

അമ്മ വേഗം എഴുന്നേററു. അഹീരാക്ക മുറുമുറുത്തു കൊണ്ടു് അമ്മയുടെ മടിയിൽനിന്നു് ഉരുണ്ടിറങ്ങി.

അർക്കാദിയ് ഇവാനൊവിച്ച് ജനാലയുടെയടുത്തേക്കോടി പുറത്തേക്കു നോക്കി.

''അവർ വന്നു!'' അദ്ദേഹം വിളിച്ചുപറഞ്ഞു.

''ദൈവമേ!'' അമ്മ ഉദ്വേഗപൂർവ്വം പറഞ്ഞു. ''ആന്ന അപ്പൊള്ളോസൊവ്നയോ? ഈ കാററത്തു്....''

ഏതാനും മിനിട്ടുകൾ കഴിഞ്ഞു് കമ്പിളിയടിച്ച ഭാരിച്ച കതകു തുറക്കുന്നതു് ഇടനാഴിയിൽ നിന്ന നികിത കണ്ടു. തണുത്തുറച്ച നീരാവിയുടെ ഒരു പടലം അകത്തേക്കൊഞ്ഞുകയറി. പുറകെ രണ്ടു ഫർകോട്ടുകളും ഒരു പുതപ്പും ധരിച്ച ഉയരം കൂടിയ ഒരു തടിച്ച സ്ത്രീ കയറിവന്നു. അവരുടെ വസ്ത്രമാകെ മഞ്ഞിൽ പൊതിഞ്ഞിരുന്നു. തിളങ്ങുന്ന ബട്ടനുകളോടുകൂടിയ ചാരനിറത്തിലുള്ള ഒരു കോട്ടും കമ്പിളിത്തൊപ്പിയും ധരിച്ച ഒരു കുട്ടിയെ അവർ കയ്യു പിടിച്ചിരുന്നു. അവരുടെ പുറകിലായി തണുത്തുറച്ച കമ്പിളിച്ചെരിപ്പുകൾ അമർത്തിച്ചവുട്ടിക്കൊണ്ടു് വണ്ടിക്കാരൻ വന്നു. അയാളുടെ താടിയിൽ മഞ്ഞു കട്ടപിടിച്ചിരുന്നു. മീശയുടെ സ്ഥാനത്തുണ്ടായിരുന്നതു് മഞ്ഞനിറത്തിലുള്ള ഐസുകഷണങ്ങളാണു്. പുരികങ്ങൾ വെളുത്തനിറത്തിൽ പൊടിപിടിച്ചിരുന്നു. രോമം പുറത്തേക്കായിട്ടുള്ള ഒരു വെളുത്ത ആട്ടിൻതുകൽക്കോട്ടു് ധരിച്ചിരുന്ന ഒരു കൊച്ചു ബാലിക

യെ അയാറം എടുത്തിരുന്നു. കണ്ണടച്ച്, തല വണ്ടിക്കാരൻെറ ചുമലിൽ ചായ്ച്ചുവച്ചുകൊണ്ടാണ് അവറം കിടന്നതു്. മാധുര്യവും കുസൃതിയും ദ്യോതിപ്പിക്കുന്ന മുഖമായിരുന്നു അവളുടേതു്.

ഉയരംകൂടിയ സ്ത്രീ അകത്തുകയറിയ ഉടനെ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു:

''അലെക്സാൻഡ്ര ലെയോന്ത്യെവ്ന, നിങ്ങളുടെ അതിഥികറം എത്തിയിരിക്കുന്നു!'' കയ്യുയർത്തിക്കൊണ്ടു് അവർ പുതപ്പഴിക്കാൻ ആരംഭിച്ചു. ''ഞങ്ങളുടെ അടുത്തു വരണ്ട. ജലദോഷം പിടിക്കും. നിങ്ങളുടെ റോഡുകറം ഭയങ്കരമാണെന്നു പറഞ്ഞേ തീരൂ.... വീടിനു വളരെയടുത്തു് ഞങ്ങറം കുററിക്കാട്ടിൽ ചെന്നുകയറി.''

സമാറയിൽ പാർത്തിരുന്ന, അമ്മയുടെ സ്നേഹിത ആന്ന അപ്പൊള്ളോസൊവ്ന ബാബ്കിനയാണു വന്നതു്. അവരുടെ മകൻ വീക്തൊർ തൻെറ തൊപ്പി ആരെങ്കിലും ഊരാൻവേണ്ടി കാത്തുനിന്നു. അവൻ നികിതയെ നെററി ചുളിച്ചു നോക്കി. ഉറങ്ങിക്കിടക്കുന്ന ബാലികയെ അമ്മ വണ്ടിക്കാരനിൽനിന്നും ഏററുവാങ്ങി അവളുടെ ഫർത്തൊപ്പി ഊരി. സ്വർണ്ണനിറത്തിൽ തിളങ്ങുന്ന തലമുടിച്ചുരുളുകറം തൽക്ഷണം അതിൽനിന്നു പുറത്തുചാടി. അമ്മ അവളെ ചുംബിച്ചു.

''ലീലെച്ക്ക, നീ വീടെത്തി.''

ബാലിക നെടുവീർപ്പിട്ടു. അവളുടെ വലിയ നീലക്കണ്ണുകഠം തുറന്നു. ഒരിക്കൽക്കൂടി ദീർഘനിശ്വാസം ചെയ്തുകൊണ്ടു് അവഠം ഉണർന്നു.

## വീക്ടൊറും ലീലയും

പിറേറന്നു് അതിരാവിലെ നികിതയും വീക്ടൊർ ബാബ്കിനും നികിതയുടെ മുറിയിൽ ഉറക്കമുണർന്നു; മെത്തകളിൽ എഴുന്നേററിരുന്നു് അവർ നെററിചുളിച്ചു പരസ്പരം നോക്കി.

''ഞാൻ നിന്നെ ഓർക്കുന്നുണ്ടു്,'' നികിത പറഞ്ഞു.

''എനിക്കും നിന്നെ നല്ല ഓർമ്മയുണ്ടു്,'' വീക്ടൊർ ഉടനെ മറുപടിപറഞ്ഞു. ''നീ ഒരിക്കൽ ഞങ്ങളെ കാണാൻ സമാറയിൽ വന്നിട്ടുണ്ടു്. അന്നു നീ താറാവിറച്ചിയും ആപ്പിഠം സോസും ക്രമത്തിലധികം തിന്നതുകൊണ്ടു് ആവണക്കെണ്ണ തരേണ്ടിവന്നു.''

''അതു ഞാനോർക്കുന്നില്ല.''

''പക്ഷെ ഞാനോർക്കുന്നു.''

അവർ ഒന്നും സംസാരിക്കാതെ ഇരുന്നു. വീക്ടൊർ മനപ്പൂർവ്വം കോട്ടുവായിട്ടു.

''എനിക്കൊരു അദ്ധ്യാപകനുണ്ടു്—അർക്കാദിയ് ഇവാനൊവിച്ച്,'' നികിത അശ്രദ്ധമായി പറഞ്ഞു. ''അദ്ദേഹം വലിയ കണിശക്കാരനാണു്. എന്റെ തലയിൽ മുഴുവൻ അറിവു്

അടിച്ച കയററുകയാണ്. അദ്ദേഹം അരമണി ക്കൂർകൊണ്ടു് ഏതു പുസ്തകവും വായിക്കും.''

വീക്തൊർ പുഞ്ചിരിച്ചു.

''ഞാൻ ജിംനേഷിയത്തിൽ രണ്ടാംക്ലാസ്സി ലാണു പഠിക്കുന്നതു്. അവർ എനിക്കു് ഒരു സമ യത്തും ഭക്ഷണം തരാറില്ല. അത്രയ്ക്കു കണിശക്കാ രാണവർ.''

''അതുകൊണ്ടെന്താ?'' നികിത ചോദിച്ചു.

''അതൊരു കാര്യമാണു്. അതേസമയം, ഞാൻ വേണമെന്നു വിചാരിച്ചാൽ എനിക്കു് ഒരായിരം ദിവസം ഒന്നും കഴിക്കാതെ ഇരിക്കാൻ പററും.''

''ഹും,'' നികിത പറഞ്ഞു. ''നീ നോക്കി യിട്ടുണ്ടോ?''

''ഇതേവരെ നോക്കിയില്ല. അമ്മ സമ്മതി ക്കില്ല.''

നികിത കോട്ടുവായിട്ടു നീണ്ടുനിവർന്നു.

''മിനിഞ്ഞാന്നു ഞാൻ സ്ത്യോപ്ക കർനൗ ഷ്കിനെ തല്ലി.''

''ആരാണീ സ്ത്യോപ്ക കർനൗഷ്കിൻ?''

''ഈ ഗ്രാമത്തിലെ ഏററവും കരുത്തുള്ള പയ്യ ൻ. ഞാൻ അവനു് ഒരൊററ ഇടി വച്ചു കൊടുത്തു —ഭ്രം! അതാ കിടക്കുന്നു അവൻ. ഞാൻ അവനു് നാലുമുനയുള്ള പേനാക്കത്തിയും അവൻ എനി ക്കു് ഈയംകൊണ്ടുള്ള ഒരു ഇടിയനും സമ്മാനിച്ചു. ഞാനതു നിന്നെ പിന്നീടു കാണിക്കാം.''

നികിത കിടക്കയിൽനിന്നെഴുന്നേററു സാവധാനത്തിൽ വസ്ത്രം ധരിക്കാൻ തുടങ്ങി.

''എനിക്കു മക്കാറൊവിൻെറ നിഘണ്ടു ഒററക്കയ്യുകൊണ്ടു് എടുത്തു പൊക്കാനൊക്കും,'' വീക്തൊർ നീരസംകൊണ്ടു വിറയാർന്ന സ്വരത്തിൽ പറഞ്ഞു. പക്ഷെ അവൻ തോൽവി സമ്മതിച്ചുതുടങ്ങി എന്നു വ്യക്തമായിരുന്നു.

നികിത് ഉറക്കുബെഞ്ചു ഘടിപ്പിച്ചിട്ടുള്ള ഇഷ്ടികയടുപ്പിൻെറയടുത്തേക്കു ചെന്നു് കൈതൊടാതെ അതിൻെറ മീതെ ചാടിക്കയറി. ഒരു കാലുയർത്തി മറേറക്കാൽകൊണ്ടു താഴോട്ടു ചാടി.

''കാലു വേണ്ടത്ര വേഗത്തിൽ ഇളക്കാൻ കഴിഞ്ഞാൽ പറക്കാനൊക്കും,'' വീക്തൊറെ സൂക്ഷിച്ചു നോക്കിക്കൊണ്ടു് അവൻ പറഞ്ഞു.

''അതു വലിയ കാര്യമല്ല. ഞങ്ങളുടെ ക്ലാസ്സിലെ പല കുട്ടികൾക്കും പറക്കാനറിയാം.''

അവർ വസ്ത്രം ധരിച്ചു് തീന്മുറിയിലേക്കു പോയി. ചൂടുറൊട്ടിയുടേയും അപ്പത്തിൻേറയും മണം അവിടെ വ്യാപിച്ചിരുന്നു. തിളങ്ങുന്നവണ്ണം മിനുക്കിവച്ചിരുന്ന സമോവാറിൽനിന്നു വമിച്ച ആവി മച്ചിലേക്കുയർന്നു് ജനാലകളെല്ലാം മൂടി. അമ്മയും അർക്കാദിയ് ഇവാനൊവിച്ചും ഇന്നലെ വന്ന പെണ്ണും—ലീല എന്നാണു പേരു്; ഒമ്പതു വയസ്സോളം പ്രായം വരും; വീക്തൊറിൻെറ സഹോദരിയാണു്—മേശക്കുരികി

ൽ ഇരുന്നുകഴിഞ്ഞിരുന്നു. അടുത്ത മുറിയിൽനിന്നു് ആന്ന അപ്പൊള്ളോസൊവ്നയുടെ ഘനത്തിലുള്ള ശബ്ദം കേട്ടു: ''എനിക്കൊരു ടൗവ്വൽ തരൂ.''

ലീല ഒരു വെളുത്ത ഫ്രോക്കാണു ധരിച്ചിരുന്നതു്. ഇളംനീലനിറത്തിലുള്ള ഒരു അരക്കച്ച പുറകോട്ടു് ബോവിൻെറ ആകൃതിയിൽ കെട്ടിയിട്ടുണ്ടു്. സ്വർണ്ണനിറത്തിലുള്ള അവളുടെ ചുരുണ്ട തലമുടിയിൽ ഇളംനീലനിറത്തിലുള്ള മറെറാരു ബോ ചിത്രശലഭത്തിൻെറ ആകൃതിയിൽ കെട്ടിയിരുന്നു.

നികിത അവളുടെയടുത്തു ചെന്നു. അവൻെറ മുഖം തുടുത്തു. അവൻ തലകുനിച്ചു വന്ദിച്ചു. ലീല കസേരയിൽ തിരിഞ്ഞിരുന്നുകൊണ്ടു് അവളുടെ കൈ നീട്ടി വളരെ ഗൗരവത്തിൽ പറഞ്ഞു:

''നമസ്കാരം, കുട്ടി.''

മേൽച്ചുണ്ടു് ഉയർത്തിക്കൊണ്ടാണു് അവളിതു പറഞ്ഞതു്.

തൻെറ മുമ്പിലുള്ളതു് യഥാർത്ഥത്തിലുള്ള ഒരു ബാലികയല്ലെന്നു നികിതയ്ക്കു തോന്നി. അത്രയേറെ സുന്ദരിയായിരുന്നു അവരം; പ്രത്യേകിച്ചു് നീലനിറത്തിൽ അവളുടെ റിബണുകളേക്കാരം തെളിമയോടെ പ്രകാശിച്ചിരുന്ന അവളുടെ കണ്ണുകളും മാർദ്ദവമേറിയ നീണ്ട ഇമകളും അത്യന്തം അഴകുററതായിരുന്നു. ലീല നികിതയെ കൂടുത



ലായി ശ്രദ്ധിച്ചതേയില്ല. അവരം വലിയൊരു ചായക്കപ്പ് രണ്ടുകയ്യുകൊണ്ടും പിടിച്ച് അവളു ടെ മുഖം അതിലേക്കു കുനിച്ചു. ആൺകുട്ടികരം ഇരുന്നതു് ഒന്നിച്ചാണു്. വീക്തൊർ ചായ കുടിക്കുന്നതു് ഒരു കൊച്ചുകുട്ടിയെപ്പോലെയാണെ ന്നു കണ്ടാൽ തോന്നുമായിരുന്നു—അവൻ കപ്പി ന്റെ നേരെ തലകുനിച്ച് ചുണ്ടുനീട്ടി ചായ വലി ച്ചുകുടിക്കുകയായിരുന്നു. അവൻ ആരും കാണാ തെ കപ്പിൽ പഞ്ചസാര കോരിക്കോരിയിട്ടു. അവസാനം ചായ ഒരു കുഴമ്പായി. അപ്പോരം അവൻ തളർന്ന സ്വരത്തിൽ പറഞ്ഞു, കുറച്ചു വെള്ളം കൂടിച്ചേർക്കണമെന്നു്.

''നിനക്കെന്റെ സഹോദരിയെ ഇഷ്ടമാ ണോ?'' നികിതയെ കാൽമുട്ടുകൊണ്ടു തട്ടിയിട്ടു് അവൻ സ്വകാര്യമായി ചോദിച്ചു.

നികിത മറുപടി പറഞ്ഞില്ല. അവന്റെ മുഖം തുടുത്തു.

''നീ അവളോടു പെരുമാറുന്നതു സൂക്ഷിച്ചുവേ ണം,'' വീക്തൊർ പതിഞ്ഞ സ്വരത്തിൽ പറ ഞ്ഞു. ''അവളെപ്പോഴും പരാതിയുമായി അമ്മയു ടെയടുത്തു പോകും.''

ലീല അപ്പോഴേക്കും ചായകുടി കഴിഞ്ഞു് തുണികൊണ്ടു വായ തുടച്ച് കസേരയിൽനി ന്നു സാവധാനത്തിൽ താഴെയിറങ്ങി. അവരം അലെക്സാൻദ്ര ലെയോന്ത്യെവ്നയുടെ അടുത്തു ചെന്നു.

''നന്ദി, സാഷ അമ്മായി,'' അവരം മര്യാദ പൂർവ്വവും അല്പംപോലും മുറ തെററിക്കാതെയും പറഞ്ഞു.

പിന്നീടവരം ജനാലയ്ക്കരികിൽപ്പോയി തവിട്ടുനിറത്തിലുള്ള വലിയൊരു ചാരുകസേരയിൽ കാൽ മുകളിലേക്കാക്കി ഇരുന്നു. ഒരു പെട്ടി സൂചിയും നൂലും എവിടന്നോ കൊണ്ടുവന്ന് തുന്നാനാരംഭിച്ചു. ചിത്രശലഭത്തിൻെറ ആകൃതിയിലുള്ള വലിയൊരു ബോ, താഴോട്ടു തൂങ്ങിക്കിടക്കുന്ന രണ്ടു തലമുടിച്ചുരുളുകരം, അവയ്ക്കിടയിൽ ലേശം പുറത്തേക്കു തള്ളിനിന്നിരുന്ന നാവിൻെറ അററം തുന്നലിൻെറ താളത്തിനനുസരിച്ചു ചലിച്ചുകൊണ്ടിരിക്കുന്നതു് — ഇത്രമാത്രമാണു നികിതയ്ക്കു് ഇപ്പോരം കാണാൻ കഴിഞ്ഞതു്.

നികിതയുടെ ചിന്തകരം ആകെ കെട്ടിമറിഞ്ഞു. കസേരയുടെ പുറകിലൂടെ ചാടേണ്ടതെങ്ങിനെയെന്നു് അവൻ വീക്കെതാറെ കാണിച്ചുകൊടുക്കാൻ തുടങ്ങി. പക്ഷെ ലീല തിരിഞ്ഞുനോക്കിയില്ല. പോരെങ്കിൽ, അമ്മ പറഞ്ഞു:

''കുട്ടികളേ, നിങ്ങരംക്കു് ശബ്ദമുണ്ടാക്കണമെങ്കിൽ, മുററത്തു പോകൂ.''

കുട്ടികരം വസ്ത്രമിട്ടു് വെളിയിലിറങ്ങി. ഇളംചൂടുള്ള മൂടിയ ദിവസമായിരുന്നു അന്നു്. ഹിമാവൃതമായ പാടങ്ങളെപ്പോലെ തോന്നിച്ചിരുന്ന മേഘപടലങ്ങളുടെ നീണ്ട പാളികരംക്കിടയിൽ സൂര്യൻ രക്തവർണ്ണത്തിൽ അധികം ഉയര

ത്തിലല്ലാതെ പ്രകാശിച്ചു. ഇളംചുവപ്പുനിറമുള്ള വൃക്ഷങ്ങരം മഞ്ഞിൽ പൊതിഞ്ഞു് തോട്ടത്തിൽ നിൽക്കുന്നുണ്ടായിരുന്നു. മഞ്ഞിൽക്കണ്ട അവ്യക്തമായ നിഴലുകരം അതേ ഊഷ്മളമായ പ്രകാശം പ്രതിഫലിപ്പിച്ചു. ചുററും അസാധാരണമാം വണ്ണം പ്രശാന്തമായിരുന്നു. ആകെക്കൂടി കേട്ട ശബ്ദം ഷറോക് എന്നും കത്തോക് എന്നും പേരായ രണ്ടു പട്ടികളിൽനിന്നാണു്. പിൻവശത്തെ വരാന്തയ്ക്കു സമീപം അടുത്തടുത്തായി പരസ്പരം നോക്കിക്കൊണ്ടു് അവ മുരളുകയായിരുന്നു. മുരളുകയും പല്ലിളിച്ചുകാട്ടുകയും കാൽ തറയിലമർത്തിച്ചവിട്ടുകയും ചെയ്തുകൊണ്ടു് അവയ്ക്കു് അങ്ങിനെ എത്രനേരം വേണമെങ്കിലും നില്ക്കാൻ കഴിയും. അവസാനം ആ വഴി വരുന്ന ഏതെങ്കിലും പണിക്കാരൻ ഒരു കയ്യുറ അവയുടെ നേർക്കു വലിച്ചെറിയും. അപ്പോഴേക്കും അവ ദേഷ്യത്തിൽ കുരയ്ക്കുകയും പിൻകാലുകളിൽ നിൽക്കുകയും രോമം നാലുപാടും പറക്കുമാറു് കടിപിടി കൂടുകയും ചെയ്യും. അവയ്ക്കു മററു നായ്ക്കളെ പേടിയും ഭിക്ഷക്കാരോടു വെറുപ്പുമായിരുന്നു. രാത്രികാലങ്ങളിൽ വീടു സൂക്ഷിക്കുന്നതിനുപകരം അവ വണ്ടിപ്പുരയിൽ കിടന്നുറങ്ങും.

''നീ എന്തു ചെയ്യാനാണു ഭാവം?'' വീക്തൊർ ചോദിച്ചു.

നികിത കളപ്പുരയിൽനിന്നു് അസംതൃപ്തഭാവത്തിൽ പശുത്തൊഴുത്തിലേക്കു പറന്നുപോയ വൃത്തി

കെട്ട ഒരു കാക്കയെ നോക്കിനിന്നു. അവൻ കളി ക്കാനാഗ്രഹിച്ചില്ല. അവനു വിഷാദം തോന്നി. കാരണമെന്തെന്നു് അവനുതന്നെ മനസ്സിലായില്ല. വിരുന്നുമുറിയിൽ പോയി സോഫയിലിരുന്നു് എന്തെങ്കിലും വായിക്കാമെന്നു് അവൻ അഭി പ്രായപ്പെടാൻ തുടങ്ങി. പക്ഷെ വീക്തൊർ പറഞ്ഞു:

''ഹും, നിനക്കു പെൺപിള്ളേരുടെ കൂടെ കളിക്കാനാണിഷ്ടം.''

''എന്താണങ്ങിനെ പറഞ്ഞതു്?'' മുഖം തുടുത്തുകൊണ്ടു് നികിത ചോദിച്ചു.

''എന്താണെന്നു നിനക്കു തന്നെ അറിയാമ ല്ലൊ.''

''നീ എന്റെ കാര്യത്തിൽ വിഷമിക്കണ്ട. നീ പറയുന്നതെന്താണെന്നു് എനിക്കു മനസ്സിലാ കുന്നുമില്ല. നമുക്കു് കിണററിൻകരയിലേക്കു പോകാം.''

അവർ കിണററിനടുത്തേക്കു പോയി. തുറന്നു കിടന്നിരുന്ന ഗേററിൽക്കൂടി പശുക്കരം അതിനടു ത്തേക്കു് വെള്ളം കുടിക്കാൻ വരുന്നുണ്ടായിരുന്നു. അകലെ മീഷ്ക കൊരഷോനൊക്ക് വെടിപൊട്ടുന്ന ശബ്ദത്തിൽ കന്നുകാലിമേച്ചിൽകാരുടെ ഒരു വലിയ ചാട്ട അടിച്ചുകൊണ്ടിരുന്നു.

പെട്ടെന്നു് അവൻ വിളിച്ചുപറഞ്ഞു:

''ബയാൻ വരുന്നു. നികിത, തിരിഞ്ഞുനോ ക്കു്!''

നികിത തിരിഞ്ഞുനോക്കി. ബയാൻ അവരുടെ നേരെ വരികയായിരുന്നു. ഇളംചുവപ്പു കലർന്ന ചാരനിറത്തിൽ, നെററിയിൽ രോമച്ചുരുളുകളോടുകൂടിയ ഒരു കുററിക്കൊമ്പൻ കാളയായിരുന്നു അതു്.

രണ്ടു വശത്തും വാലിട്ടടിച്ചുകൊണ്ടു് അതു് ഇടവിട്ടലറി: ''മൂ—ഊ—ഊ.''

''വീക്തൊർ, ഓടിക്കോ!'' നികിത വിളിച്ചുപറഞ്ഞു. അവൻെറ കോട്ടിൻെറ കൈയ്യു പിടിച്ചു വലിച്ചുകൊണ്ടു് നികിത വീട്ടിലേക്കോടി.

കാള അവരുടെ പുറകെ കുതിച്ചുചെന്നു. ''മൂ—ഊ—ഊ.''

വീക്തൊർ തിരിഞ്ഞുനോക്കി. നിലവിളിച്ചുകൊണ്ടു് അവൻ മഞ്ഞിൽ വീണു് കൈ രണ്ടും കൊണ്ടു് തല പൊത്തി. ബയാൻ അഞ്ചടിയകലെ വരെ എത്തി. നികിത നിന്നു. പെട്ടെന്നു് ഭയങ്കരദ്വേഷ്യത്തിൽ അവൻ തൊപ്പി വലിച്ചെറിഞ്ഞു് കാളയുടെ നേരെ ചെന്നു് അതിൻെറ മുഖത്തു് ആഞ്ഞടിക്കാൻ തുടങ്ങി.

''പൊക്കോ, പൊക്കോ!''

കാള അനങ്ങാതെ നിന്നു. കൊമ്പു കുനിച്ചു. മീഷ്ക കൊരഷോനൊക്ക് ചാട്ട വീശിക്കൊണ്ടു് മറേറ ഭാഗത്തുനിന്നു് ഓടിവന്നു. ബയാൻ ആർത്തസ്വരത്തിൽ നിലവിളിച്ചുകൊണ്ടു് തിരിഞ്ഞു് കിണററിൻകരയിലേക്കു പോയി. നികിതയുടെ ചുണ്ടുകൾ ഉദ്വേഗംനിമിത്തം ത്രസിക്കുന്നുണ്ടായി

രുന്നു. അവൻ തൊപ്പിയിട്ടു തിരിഞ്ഞു നോക്കി. വീക്തൊർ വീടിനടുത്തെത്തിക്കഴിഞ്ഞിരുന്നു. അവിടന്നു് അവൻ കൈകാട്ടി നികിതയെ വിളിച്ചു. നികിത ജനാലയിലേയ്ക്കു് —പൂമുഖത്തുനിന്നും ഇടത്തോട്ടു മൂന്നാമത്തേതിലേക്കു്—നോക്കാനിടയായി. അത്ഭുതംകൊണ്ടു വിടർന്ന രണ്ടു നീലക്കണ്ണുകളും അവയുടെ മുകളിൽ ചിത്രശലഭത്തിന്റെ ആകൃതിയിൽ വടിപോലെ നിൽക്കുന്ന ഒരു വലിയ ബോയും അവനവിടെക്കണ്ടു. ജന്നൽപ്പടിയിൽ കയറി നിന്നിരുന്ന ലീല നികിതയെ നോക്കിനിൽക്കുകയായിരുന്നു. പെട്ടെന്നവൾ പുഞ്ചിരിച്ചു. നികിത തൽക്ഷണം തലതിരിച്ചു. പിന്നീടു് ആ ജനാലയിലേക്കു നോക്കിയില്ല. അവൻ ഇപ്പോൾ സന്തുഷ്ടനായിരുന്നു.

''വീക്തൊർ, നമുക്കു് കുന്നുകളിൽപ്പോയി തെന്നിയിറങ്ങാം, വേഗമാകട്ടെ!'' അവൻ വിളിച്ചുപറഞ്ഞു.

ഉച്ചഭക്ഷണത്തിനുള്ള സമയം വരെ അവർ ചിരിച്ചാർത്തു് ''വെകിളിപിടിച്ചുകൊണ്ടു്'' കുന്നുകളിൽനിന്നു തെന്നിയിറങ്ങിക്കൊണ്ടിരുന്നു. അപ്പോഴെല്ലാം നികിത രഹസ്യമായി ആലോചിച്ചുകൊണ്ടിരുന്നതിതാണു്:

''വീട്ടിലേക്കു പോകുന്നവഴി ആ ജനാലയുടെ അടുത്തെത്തുമ്പോൾ ഞാൻ അങ്ങോട്ടു നോക്കണോ അതോ തിരിഞ്ഞുനോക്കണോ? ഇല്ല. ഞാനങ്ങോട്ടു നോക്കില്ല.''

## ക്രിസ്തുമസ്സ്മരത്തിൽ തൂക്കിയിടാനുള്ള പെട്ടി

ഉച്ചയ്ക്കു ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ നികിത ലീലയെ നോക്കാതിരിക്കാൻ ശ്രദ്ധിച്ചു. അഥവാ നോക്കാൻ ശ്രമിച്ചെങ്കിൽത്തന്നെ അവനതിൽ വിജയിക്കുകയില്ലായിരുന്നു. കാരണം അവരുടെ രണ്ടുപേരുടേയും നടുക്ക് ഒരു ചുവന്ന വെൽവെററ് ജാക്കററിട്ട് ആന്ന അപ്പൊള്ളോസൊവ്ന ഇരിപ്പുണ്ടായിരുന്നു. വിളക്കിനടിയിൽ തൂങ്ങിക്കിടന്നിരുന്ന സ്ഫടികംകൊണ്ടുള്ള അലുക്കുകൾ കുലുങ്ങുമാറ് കൈവീശിക്കൊണ്ട് അത്യുച്ചത്തിൽ അവർ സംസാരിച്ചുകൊണ്ടിരുന്നു.

''അങ്ങിനെയല്ല, അലെക്സാൻദ്ര ലെയോന്ത്യെവ്ന,'' അവർ പറഞ്ഞു. ''നിങ്ങളുടെ മകനെ വീട്ടിലിരുത്തി പഠിപ്പിച്ചാൽ മതി. പള്ളിക്കൂടം എത്ര അസഹ്യമായിട്ടാണു നടത്തിക്കൊണ്ടുപോകുന്നതെന്നോ. ആ ഡയറക്ടറെ കയ്യ്പിടിച്ചു തൂക്കിയെറിയാൻ എനിക്കു തോന്നിയിട്ടുണ്ട്. വീക്കെതാർ!'' പെട്ടെന്നവർ അവനെ വിളിച്ചു. ''മുതിർന്നവരെപ്പററി അമ്മ പറയുന്നതു നീ ശ്രദ്ധിക്കരുത്. മുത്തവരെ നീ ബഹുമാനിക്കണം. അലെക്സാൻദ്ര ലെയോന്ത്യെവ്ന, ഞങ്ങളുടെ അദ്ധ്യാപകരെ എടുത്തുനോക്കു. പമ്പരവിഡ്ഢികൾ. ഒന്നിനൊന്നു മായന്മാരാണവർ. അവരെ ഭൂമിശാ

സ്റ്റും പഠിപ്പിക്കുന്ന അദ്ധ്യാപകനുണ്ടല്ലൊ. വീക്തൊർ, എന്താണയാളുടെ പേരു്?''

''സിനീച്കിൻ.''

''സിനീച്കിൻ അല്ല, സിന്യാവ്കിൻ ആണെന്നു നിന്നോടു ഞാൻ പറഞ്ഞിട്ടില്ലേ. ആ അദ്ധ്യാപകൻ എന്തൊരു മണ്ടനാണെന്നോ. ഒരു ദിവസം ഞങ്ങളുടെ വീട്ടിൽ വന്നു തിരിച്ചുപോകാൻ തുടങ്ങുമ്പോൾ അയാൾ ഹാളിൽവച്ചു് തൊപ്പിവയ്ക്കുന്നതിനു പകരം പെട്ടിപ്പുറത്തു് ഉറങ്ങിക്കിടന്നിരുന്ന പൂച്ചയെ എടുത്തു തലയിൽ വച്ചു... വീക്തൊർ, നീ കത്തിയും മുള്ളും എങ്ങിനെയാണു പിടിക്കുന്നതു്? ഉറക്കെ ചവയ്ക്കരുതു്.... കസേര കുറേ ക്കൂടി മേശയോടു ചേർത്തിടു്.... അലെക്സാൻദ്ര ലെയോന്ത്യെവ്ന, ഞാൻ പറയാൻ വന്നതെന്താണു്? ഓ, ശരിതന്നെ, ഞാൻ ക്രിസ്തുമസ്സ്മരം അലങ്കരിക്കാൻവേണ്ടി ഒരു സഞ്ചി നിറയെ അതുമിതും കൊണ്ടുവന്നിട്ടുണ്ടു്..... നാളെ അതെല്ലാം ഒട്ടിക്കുന്ന ജോലി പിള്ളേർക്കു കൊടുക്കണം.''

''അവർ ഇന്നുതന്നെ തുടങ്ങണമെന്നു് എനിക്കു തോന്നുന്നു,'' അമ്മ പറഞ്ഞു. ''അല്ലെങ്കിൽ സമയത്തിനു് അവർ തയ്യാറാകുകയില്ല.''

''നിങ്ങൾക്കു് ഉത്തമമെന്നു തോന്നുന്നതെന്താണെന്നു വച്ചാൽ അതുപോലെ ചെയ്യൂ, ഞാൻ കുറച്ചു കത്തുകളെഴുതാൻ പോവുകയാണു്. ഭക്ഷണത്തിനു നന്ദി.''

ആന്ന അപ്പൊള്ളൊസൊവ്ന ഒരു തൂണികൊണ്ടു വായ തുടച്ചു. വലിയ ശബ്ദത്തോടെ കസേര പുറകോട്ടു തള്ളിമാററിക്കൊണ്ടു് അവർ കത്തെഴുതണമെന്ന ഉദ്ദേശത്തോടെ കിടപ്പുമുറിയിലേക്കു പോയെങ്കിലും ഒരു മിനിട്ടു കഴിഞ്ഞപ്പോഠം ഒരു ആന കട്ടിലിൽ ചെന്നു വീണതു പോലെ അതിന്റെ ഊക്കോടെയുള്ള ഞരക്കം കേട്ടു.

വലിയ മേശയിൽനിന്നു വിരിപ്പു മാററിയ ശേഷം അമ്മ നാലു കത്തിര കൊണ്ടുവന്നു. പിന്നീട്ട് പശയുണ്ടാക്കാനാരംഭിച്ചു. അമ്മ അതുണ്ടാക്കിയതു് ഇങ്ങനെയാണു്: മൂലയിൽ വീട്ടിലെ മരുന്നുകഠം വച്ചിട്ടുള്ള അലമാരയിൽനിന്നു് പശമാവിന്റെ ഭരണി പുറത്തെടുത്തു. ഒരു സ്പൂണോളം ഒരു ഗ്ലാസിലേക്കു കുടഞ്ഞിട്ടു. ഏതാനും സ്പൂൺ പച്ചവെള്ളമൊഴിച്ചു. എല്ലാംകൂടി കുഴച്ചു് ഒരു കുഴമ്പാക്കി. പിന്നീടു് സമോവാറിൽനിന്നു തിളച്ച വെള്ളമൊഴിച്ചിളക്കി. ഒടുവിൽ അതു് ഒരു ജെല്ലിപോലെ തെളിഞ്ഞുവന്നു. ഇപ്പോഠം അതു് ഒന്നാംതരം പശയായി.

നികിതയും വീക്ടൊറും ആന്ന അപ്പോള്ളൊസൊവ്നയുടെ തുകൽസഞ്ചി കൊണ്ടുവന്നു മേശപ്പുറത്തുവച്ചു. അമ്മ അതു തുറന്നു് ഉള്ളിലുള്ളതു് പുറത്തെടുത്തുവച്ചുതുടങ്ങി: മുദ്രണംചെയ്ത മിനുസമുള്ള സ്വർണ്ണക്കടലാസ്, വെള്ളിക്കടലാസ്, നീല, പച്ച, ഓറഞ്ചു് എന്നീ നിറങ്ങളിലുള്ള കടലാസ്, കാർഡ്ബോർഡ്, മെഴുകുതിരിപ്പെട്ടികഠം, മെഴുകുതി

രിക്കാലുകൾ, പൊന്മീനും വർണ്ണക്കടലാസുകൊണ്ടു ണ്ടാക്കിയ കോഴിക്കുഞ്ഞുങ്ങളും നിറച്ച പെട്ടികൾ, ചരടിൽ കോർത്ത പൊള്ള സ്ഫടികഗോളങ്ങൾ നിറച്ച പെട്ടികൾ, മുകളിൽ വെള്ളിനിറത്തിലുള്ള കൊളുത്തുകളോടും വിവിധവർണ്ണങ്ങളിൽ ഉള്ളിലോട്ടു കുഴിഞ്ഞ നാലു വശങ്ങളോടും കൂടിയ സ്ഫടികഗോളങ്ങളടങ്ങിയ വേറേ പെട്ടികൾ, പടക്കങ്ങളുടെ പെട്ടികൾ, സ്വർണ്ണനിറത്തിലും വെള്ളിനിറത്തിലുമുള്ള ഇലത്തകിടുകൾ, പലനിറത്തിലുള്ള അഭ്രജനാലകളോടുകൂടിയ ദീപങ്ങൾ, ഒരു വലിയ നക്ഷത്രം—ഇത്രയുമായിരുന്നു അതിലെ ഉള്ളടക്കം. ഓരോന്നു പുതുതായി കാണുമ്പോഴും കുട്ടികൾ ആമോദത്തോടെ ആർത്തുവിളിച്ചു.

''ഇനിയുമുണ്ടു് ചില നല്ല സാധനങ്ങൾ,'' സഞ്ചിയിൽ കയ്യിട്ടുകൊണ്ടു് അമ്മ പറഞ്ഞു. ''പക്ഷേ തൽക്കാലം നമുക്കു് അവയെല്ലാം പൊതിയഴിക്കണ്ട. പശയൊട്ടിച്ചു തുടങ്ങാം.''

വീക്തൊർ കടലാസുമാലയുണ്ടാക്കാൻ തുടങ്ങി. നികിത മധുരപലഹാരങ്ങളിടാൻ അററം കൂർത്ത കടലാസുകൂടുകളുണ്ടാക്കി. അമ്മ കടലാസും കാർഡ്ബോർഡും വെട്ടി.

''സാഷ അമ്മായി, ഞാനൊരു കൊച്ചു പെട്ടി ഉണ്ടാക്കട്ടെ?'' ലീല വളരെ വിനയത്തോടെ ചോദിച്ചു.

''നിനക്കിഷ്ടമുള്ളതു് ഉണ്ടാക്കിക്കൊ, മോളെ.''

കുട്ടികഠം നിശ്ശബ്ദമായി പണിയെടുക്കാൻ തുടങ്ങി. അവർ മൂക്കിലൂടെ ഒച്ചകേഠംപ്പിച്ചുകൊണ്ടു് ഉച്ഛ്വസിക്കുകയും പശ പുരണ്ട കൈകഠം അവരുടെ ഉടുപ്പുകളിൽ തുടയ്ക്കുകയും ചെയ്തു. പണ്ടുകാലങ്ങളിൽ ക്രിസ്തുമസ്സ്വൃക്ഷങ്ങഠം അലങ്കരിക്കാനായി ഒന്നും കിട്ടുകയില്ലായിരുന്നെന്നും എല്ലാം കൈകൊണ്ടു് ഉണ്ടാക്കേണ്ടിയിരുന്നെന്നും ജോലിക്കിടയിൽ അമ്മ പറഞ്ഞു. ചിലർ അതിൽ അതിസമർത്ഥന്മാരായിരുന്നു. അമ്മ തന്നെ കണ്ടിട്ടുണ്ടു്. ഗോപുരങ്ങളോടും വളഞ്ഞു തിരിഞ്ഞുപോകുന്ന കോവണികളോടും മടക്കുപാലങ്ങളോടും കൂടിയ ഒരു മുഴുവൻ കോട്ട തന്നെ അവർ നിർമ്മിക്കുമായിരുന്നു. ആ കോട്ടയുടെ മുന്നിൽ ചുററും പായലോടുകൂടിയ ഒരു തടാകം കാണും. കണ്ണാടികൊണ്ടുണ്ടാക്കിയതാണതു്. ആ തടാകത്തിൽ രണ്ടു് അരയന്നങ്ങഠം ഒരു സുവർണ്ണനൗക വലിച്ചുകൊണ്ടുപോകുന്നുണ്ടാവും.

നിശ്ശബ്ദമായി പണിയെടുത്തുകൊണ്ടു് ലീല, പറയുന്നതെല്ലാം ശ്രദ്ധിച്ചു. ഇടയ്ക്കിടെ അവഠം നാവിൻെറ അററം പുറത്തു കാട്ടുമായിരുന്നു. നികിത തൻെറ കടലാസുകൂടുകഠം താഴെവച്ചു് അവളെ നോക്കി. ആ നിമിഷം അമ്മ മുറിവിട്ടുപോയി. വീക്തൊർ പല നിറത്തിലുള്ള പത്തു വാരയോളം കടലാസ്മാലകഠം കസേരകളിൽ തൂക്കിയിട്ടു.

''നീ എന്താണുണ്ടാക്കുന്നത്?'' നികിത ചോദിച്ചു.

തല ഉയർത്താതെ ലീല പുഞ്ചിരിച്ചു. സ്വർണ്ണക്കടലാസിൽനിന്ന് ഒരു നക്ഷത്രം വെട്ടിയെടുത്ത് അവൾ പെട്ടിയുടെ നീലയടപ്പിൽ ഒട്ടിച്ചു.

''നിനക്ക് ആ പെട്ടി എന്തിനാണ്,'' നികിത പതിഞ്ഞ സ്വരത്തിൽ ചോദിച്ചു.

''പാവകളുടെ കയ്യുറകൾ ഇടാൻവേണ്ടിയാണ് ഈ പെട്ടി,'' ലീല സഗൗരവം പറഞ്ഞു. ''നീയൊരു ആൺകുട്ടിയാണ്. നിനക്ക് ഇത്തരം കാര്യങ്ങളൊന്നും മനസ്സിലാവില്ല.'' അവൾ തല പൊക്കി നികിതയെ പരുഷമായ നീലക്കണ്ണുകളോടെ നോക്കി.

നികിതയുടെ മുഖം തുടുത്തു. അതു ചുവന്നു ചുവന്നു ചോരനിറമായി.

''നിൻെറ മുഖം എങ്ങിനെ ചുവന്നിരിക്കുന്നു,'' ലീല പറഞ്ഞു, ''ഒരു ബീററ് കിഴങ്ങുപോലിരിക്കുന്നു.''

അവൾ വീണ്ടും പെട്ടിയുടെ നേരെ കുനിഞ്ഞു. അവളുടെ മുഖത്ത് ഒരു കുസൃതിച്ചിരി പരന്നിരുന്നു. നികിത പശവച്ചു പിടിപ്പിച്ചതുപോലെ കസേരയിലിരുന്നു. ഇനി എന്തു പറയണമെന്ന് അവനു നിശ്ചയമില്ലായിരുന്നു. എത്ര ശ്രമിച്ചിട്ടും ആ മുറി വിട്ടുപോകാൻ അവനു കഴിഞ്ഞില്ല. അവൾ അവനെ കളിയാക്കി ചിരിച്ചു. പക്ഷെ അവനതിൽ ചൊടിച്ചില്ല, ദേഷ്യംതോന്നിയ

തുമില്ല. അവളെ തുറിച്ചുനോക്കിയതേയുള്ളു. പെട്ടെന്നു ലീല വീണ്ടും അവനോടു സംസാരിച്ചു. കണ്ണുയർത്താതെ, മറെറാരു സ്വരത്തിൽ, അവർ തമ്മിൽ എന്തോ ഒരു രഹസ്യമുള്ള മട്ടിലായിരുന്നു ഇത്തവണ അവളുടെ സംസാരം.

''നിനക്കു് ഈ പെട്ടി ഇഷ്ടപ്പെട്ടോ?'' അവൾ ചോദിച്ചു.

''ഉവ്വു്, ഇഷ്ടപ്പെട്ടു,'' നികിത പറഞ്ഞു.

''എനിക്കും ഇഷ്ടപ്പെട്ടു. വളരെ,'' തല മുമ്പോട്ടും പുറകോട്ടും ആട്ടിക്കൊണ്ടു് അവൾ പറഞ്ഞു. അവളുടെ ബോയും തലമുടിച്ചുരുളുകളും അങ്ങോട്ടുമിങ്ങോട്ടും ആടി. അവൾക്കു് മറെറന്തോ കൂടി പറയണമെന്നുണ്ടായിരുന്നു. പക്ഷെ അപ്പോഴേക്കും വീക്തൊർ വന്നു് നികിതയുടേയും ലീലയുടേയുമിടയിൽ തലയിട്ടു.

''എന്തു പെട്ടി? എവിടെ അതു്?'' അവൻ ചോദിച്ചു. ''ഹും, ഈ വൃത്തികെട്ട കൊച്ചു പെട്ടിയോ? എനിക്കു് ഇത്തരം എത്ര വേണമെങ്കിലും ഉണ്ടാക്കാൻ കഴിയും.''

''വീക്തൊർ, സത്യമായും ഞാൻ അമ്മയോടു പറയും നീ എന്നെ ജോലി ചെയ്യാൻ സമ്മതിക്കുന്നില്ലെന്നു്,'' അവൾ വിറയാർന്ന സ്വരത്തിൽ പറഞ്ഞു. പശയും കടലാസുമെടുത്തുകൊണ്ടു് അവൾ മേശയുടെ മറേറ തലയ്ക്കലേക്കു പോയി.

വീക്തൊർ നികിതയെ നോക്കി കണ്ണിറുക്കി.

''ഞാൻ പറഞ്ഞില്ലേ, നീ അവളോടു സ്നേ

ക്ഷിച്ച പെരുമാറണമെന്നു്. അതുകളെല്ലാം അമ്മ യോടുപോയിപ്പറയും.''

KOTTAYAM PUBLIC LIBRARY
KOTTAYAM.

അന്നു രാത്രി ഇരുളടഞ്ഞ മുറിയിൽ കിടക്ക യിൽ കിടക്കുമ്പോഠം നികിത പുതപ്പിനടിയിൽ നിന്നു പതിഞ്ഞ സ്വരത്തിൽ ചോദിച്ചു:

''വീക്തൊർ, നീ ഉറങ്ങിയോ?''

''ഇല്ല.... എനിക്കറിയില്ല.... എന്താ?''

''വീക്തൊർ, ഇതു കേഠക്കു്.... എനിക്കു നിന്നോടു ഒരു വലിയ രഹസ്യം പറയാനുണ്ടു്, വീക്തൊർ, ഉറങ്ങല്ലേ.... വീക്തൊർ, കേഠക്കു്.''

''ഹും, ഫ്യൂ—ഊ—ഊ—ഊ,'' വീക്തൊർ പറ ഞ്ഞു.

## ഒരു പ്രത്യേകവണ്ടിയിൽ കൊണ്ടുവന്ന സമ്മാനം

നേരം വെള്ളത്തുതുടങ്ങിയപ്പോഠം ആരോ അടു പ്പുകഠം കുത്തിയിളക്കുന്ന ശബ്ദം നികിത കേട്ടു; ഇടനാഴിയുടെ അററത്തു് ഒരു കതകടഞ്ഞു—അടു പ്പുകാരൻ വിറകും ചാണകവറളിയും കൊണ്ടുവ ന്നതായിരുന്നു അതു്.

ഉത്സാഹത്തോടെയാണു് നികിത ഉറക്കമുണർ ന്നതു്. തെളിഞ്ഞ പ്രഭാതം. എവിടെയും ഉറഞ്ഞ മഞ്ഞു കൊണ്ടു മൂടിയിരുന്നു.

ജനാലയിൽ മഞ്ഞു് പുഷ്പാകൃതികളിൽ ഉറ ഞ്ഞു കട്ടപിടിച്ചിരുന്നിരുന്നു. വീക്തൊർ ഇനിയും

ഉണർന്നിട്ടില്ല. നികിത ഒരു തലയിണ അവൻെറ നേർക്കെറിഞ്ഞു. പക്ഷെ അവൻ ഒന്നു ഞരങ്ങി പുതപ്പു തലയ്ക്കു മീതെ വലിച്ചിട്ടതേയുള്ളു. നികിത ആഹ്ലാദഭരിതനായി അതിവേഗം മെത്തയിൽനിന്നു ചാടിയിറങ്ങി വസ്ത്രം ധരിച്ചു. എങ്ങോട്ടു പോകണമെന്നായി അവൻെറ ആലോചന. അവൻ ആദ്യം അർക്കാദിയ് ഇവാനൊവിച്ചിൻെറ അടുത്തേക്കോടി.

അർക്കാദിയ് ഇവാനൊവിച്ച് അപ്പോഠം ഉണർന്നതേയുള്ളു. ഒരു മുപ്പതു തവണയെങ്കിലും വായിച്ചുകഴിഞ്ഞ അതേ കത്ത് അദ്ദേഹം വീണ്ടും വായിക്കുകയായിരുന്നു. നികിതയെ കണ്ടപ്പോഠം അദ്ദേഹം പുതപ്പുമാററാതെ കാലു രണ്ടും മുകളിലേക്കുയർത്തി പെട്ടെന്നു താഴോട്ടിട്ടു.

''അത്ഭുതം!'' അദ്ദേഹം ഉറക്കെ പറഞ്ഞു. ''നീയാണ് ആദ്യം ഉറക്കമെണീററതു്!''

''അർക്കാദിയ് ഇവാനൊവിച്ച്, ഇന്നു വളരെ നല്ല ദിവസമാണ്.''

''അതെ, കുട്ടി, ഇന്നു വളരെ നല്ല ദിവസമാണ്.''

''അർക്കാദിയ് ഇവാനൊവിച്ച്, എനിക്കൊരു കാര്യമറിഞ്ഞാൽക്കൊള്ളാം,'' വാതിൽപ്പടിയിലൂടെ വിരലോടിച്ചുകൊണ്ടു് നികിത പറഞ്ഞു. ''നിങ്ങഠംക്കു് ബാബ്കിൻ കുടുംബത്തെ ഇഷ്ടമാണോ?''

''അതിലാരെയാണ് നീ ഉദ്ദേശിക്കുന്നതു്?''

''കുട്ടികളെ.''

''ശരി. അവരിൽ ഏതു കുട്ടിയെ ഞാൻ ഇഷ്ടപ്പെടണമെന്നാണു നീ പറയുന്നതു്?''

വളരെ സാധാരണ ശബ്ദത്തിലാണെങ്കിലും വളരെ വേഗത്തിലാണു് അർക്കാദിയ് ഇവാനൊവിച്ച് അതു പറഞ്ഞതു്. കൈമുട്ടുകഠം തലയിണയിൽ ഊന്നിക്കൊണ്ടു് അദ്ദേഹം നികിതയെ നോക്കി. അദ്ദേഹം പുഞ്ചിരിച്ചില്ലെന്നതു നേരുതന്നെ. പക്ഷെ വളരെ ശ്രദ്ധയോടെയാണു നികിതയെ നോക്കിയതു്. അദ്ദേഹത്തിനും എന്തോ അറിയാമെന്നു വ്യക്തമായിരുന്നു. നികിത പെട്ടെന്നു തിരിഞ്ഞു മുറിയുടെ വെളിയിലേക്കോടി. അല്പമാലോചിച്ചിട്ടു് അവൻ മുററത്തേക്കിറങ്ങി.

പണിക്കാരുടെ പാർപ്പിടങ്ങളുടേയും തോട്ടിലെ കുളിപ്പുരയുടേയും വെളുത്ത പാടങ്ങഠംക്കപ്പുറത്തു് മുഴുവൻ ഗ്രാമത്തിൻേറയും മുകളിൽ നീല പുകച്ചുരുളുകഠം ഉയർന്നുകൊണ്ടിരുന്നു. വൃക്ഷങ്ങളിന്മേലുള്ള മഞ്ഞിനു് രാത്രിയിൽ കൂടുതൽ കട്ടിവച്ചു. കുളക്കരയിൽ നിന്നിരുന്ന കറുത്ത കൂററൻ പോരുപ്പാർമരങ്ങളുടെ ശിഖരങ്ങഠം മഞ്ഞിൻെറ ഭാരം നിമിത്തം വളരെ താണു തൂങ്ങിക്കിടന്നിരുന്നു. ഉറഞ്ഞ മഞ്ഞു മൂടിയ നീലാകാശത്തിനെതിരെ അവ വ്യക്തമായ ഒരു നിഴൽചിത്രം വരച്ചിരുന്നു. മഞ്ഞു് മിന്നിത്തിളങ്ങുകയും ഞെരിഞ്ഞു പൊടിയുകയും ചെയ്തു. ഉറച്ച മഞ്ഞു് അവൻെറ

മൂക്കിൻെറ അററം വേദനിപ്പിക്കുകയും കണ്ണിമക ളിൽ പററിപ്പിടിച്ചിരിക്കുകയും ചെയ്തു.

പുറംതിണ്ണയ്ക്കു സമീപം, ഇപ്പോഴും കുറേശ്ശെ പുകഞ്ഞുകൊണ്ടിരുന്ന ചാരക്കൂട്ടത്തിൽ ഷറോക്കും കത്തോക്കും പരസ്പരം നോക്കി മുരണ്ടുകൊണ്ടു നിന്നിരുന്നു. മീഷ്ക കൊരഷോനൊക്ക് വണ്ണംകൂ ടിയ ഒരു വടിയുമായി മഞ്ഞിനിടയിലൂടെ നികി തയുടെ നേരെ ഓടിവന്നു. ഉറഞ്ഞ മഞ്ഞുകട്ടകഠം കൊണ്ടു് ഒരുതരം ഹോക്കി കളിക്കാനുള്ള പുറ പ്പാടായിരുന്നു അവൻ. ആ നിമിഷത്തിൽ ഗ്രാമ ത്തിൻെറ വലതു ഭാഗത്തു് കുതിരകഠം വലിച്ചു കൊണ്ടുവരുന്ന ഹിമവണ്ടികളുടെ ഒരു ശൃംഖല പ്രത്യക്ഷപ്പെട്ടു. ഒന്നിനുപുറകെ ഒന്നായി അവ തോ ടിൽനിന്നു പുറത്തേക്കു് ഇഴഞ്ഞുനീങ്ങി. താഴ് വശത്തുള്ള കുളം കടന്നു് അണയുടെ നേർക്കു് ആടി യാടി നീങ്ങിക്കൊണ്ടിരുന്ന അവ ഉയരം കുറ ഞ്ഞ കറുത്ത നിഴലുകളായി മഞ്ഞിനെതിരെ പ്രത്യക്ഷപ്പെട്ടു.

മീഷ്ക കൊരഷോനൊക്ക് കയ്യുറയുടെ തള്ളവി രൽ ഒരു വശത്തമർത്തിപ്പിടിച്ചുകൊണ്ടു് മൂക്കു ചീററി.

''പട്ടണത്തിൽനിന്നു സമ്മാനങ്ങളുമായി മട ങ്ങുന്ന നമ്മുടെ ഹിമവണ്ടികളാണവ,'' അവൻ പറഞ്ഞു.

ഹിമവണ്ടികഠം അപ്പോഠം മഞ്ഞു മൂടിയ അര ളിമരങ്ങഠം ചമച്ച കമാനത്തിനടിയിലൂടെ അണ

കടക്കുകയായിരുന്നു. മഞ്ഞു പൊടിയുന്ന ശബ്ദവും വണ്ടിക്കാരുടെ ചൂളംവിളികളും കുതിരകളുടെ കിതപ്പും കുട്ടികരം കേട്ടു.

ഹിമവണ്ടികളുടെ ഘോഷയാത്ര നയിച്ചു കൊണ്ടു് ആദ്യം മുററത്തു പ്രവേശിച്ചതു് എന്നത്തേയും പോലെ നിക്കീഫൊർ എന്ന വൃദ്ധതൊഴിലാളിയായിരുന്നു. വെസ്ല എന്ന ഒരു കുററൻ പെൺകുതിരയെ നയിച്ചുകൊണ്ടാണയാരം വന്നതു്. കരുത്തുററ ശരീരത്തോടുകൂടിയ ഒരു വൃദ്ധനായിരുന്നു നിക്കീഫൊർ. അയാരം കയർവരിഞ്ഞു കെട്ടിയ തണുത്തുറഞ്ഞ കമ്പിളിച്ചെരിപ്പുമിട്ടു് ഹിമവണ്ടികളുടെ ശൃംഖലയ്ക്കു സമീപത്തായി നിഷ്പ്രയാസം നടന്നു. അയാളുടെ നീണ്ടുഭാരിച്ച ആട്ടിൻതോൽ കോട്ടു് തുറന്നു കിടന്നിരുന്നു. പൊക്കിവച്ചിരുന്ന രോമകോളറും തൊപ്പിയും താടിയുമെല്ലാം മഞ്ഞു മൂടി വെളുത്തിരുന്നു. അയാളുടെ കുതിര വെസ്ല പള്ള ചലിപ്പിച്ചു് ശരീരമാകെ വിയർത്തൊലിച്ചുകൊണ്ടു് നീരാവിപടലത്തിൽ നിൽക്കുന്നുണ്ടായിരുന്നു. നടപ്പിനിടയിൽ നിക്കീഫൊർ പിന്നിലത്തെ ഹിമവണ്ടികളുടെ നേരെ തണുപ്പുകൊണ്ടു പതറിയിരുന്ന ശബ്ദത്തിൽ ഉറക്കെ വിളിച്ചുപറഞ്ഞു:

''ഹേ! കളപ്പുരകളിലേക്കു പോകിൻ—അവസാനത്തെ വണ്ടി വീട്ടിലേക്കു പോകണം!''

ആകെ പതിനാറു ഹിമവണ്ടികളാണുണ്ടായിരുന്നതു്. കുതിരകരം ഉഷാറോടെ നീങ്ങി. കുതിര

വിയർപ്പിൻെറ തുളച്ചുകയറുന്ന ഗന്ധം അനുഭവ പ്പെട്ടു. ചാട്ടകരം വീശി. വണ്ടിക്കാർ തുമ്മി. ആ ഘോഷയാത്രയുടെ മുകളിലായി ആവി തങ്ങി നിന്നു.

അവസാനത്തെ ഹിമവണ്ടി അണ കടന്ന് അടുത്തടുത്തു വന്നപ്പോഠം അതിലുള്ളതെന്താണെന്നു നികിതയ്ക്കു് ആദ്യം മനസ്സിലായില്ല. ചുവന്ന വരയോടുകൂടി പച്ചനിറത്തിൽ വിചിത്രാകൃതി യിലുള്ള വലിയ എന്തോ ഒന്നായിരുന്നു അതു്. നികിതയുടെ നെഞ്ചിടിപ്പിനു വേഗത കൂടി. പുറകിൽ വേറേ രണ്ടു കുതിരകളെക്കൂടി ഘടിപ്പി ച്ചിരുന്ന ആ ഹിമവണ്ടിയിന്മേൽ അററം കൂർത്തു രണ്ടു തണ്ടുകളോടു കൂടിയ ഒരു തോണി കറകറശ ബ്ദത്തിൽ അങ്ങോട്ടുമിങ്ങോട്ടും ആടിക്കൊണ്ടിരുന്നു. പച്ചനിറത്തിലുള്ള രണ്ടു തണ്ടുകളും മുകളിൽ ചെമ്പു കൊണ്ടുള്ള ഒരു ഗോളത്തോടു കൂടിയ ഒരു പാമര വും ആ തോണിയിൽ നെടുനീളെ കിടക്കുന്നുണ്ടാ യിരുന്നു.

അപ്പോഠം, ആ രഹസ്യക്കത്തിൽ അവനു വാ ഗ്ദാനം ചെയ്തിരുന്ന സമ്മാനമിതാണു് !

## ക്രിസ്തുമസ്സ് വൃക്ഷം

തണുത്തുറഞ്ഞ ഒരു വലിയ ഫെർമരം വിരു ന്നുമുറിയിലേക്കു വലിച്ചിഴച്ചു കൊണ്ടുവരപ്പെട്ടു. വിലങ്ങനെയുള്ള രണ്ടു മരപ്പലകകളിന്മേൽ അതു

കുത്തിനിർത്താൻവേണ്ടി പഹോം കോടാലികൊണ്ടു് കീറുകയും മുട്ടുകയും ചെയ്തുകൊണ്ടു് വളരെയേറെ സമയം കഴിച്ചു. അവസാനം മരം പൊക്കിനിർത്തി. പച്ചനിറത്തിലുള്ള അതിൻെറ ലോലമായ അഗ്രം മച്ചിൽമുട്ടി വളഞ്ഞു നിൽക്കുമാറു് അത്രയേറെ ഉയരമുണ്ടായിരുന്നു അതിന്നു്.

വൃക്ഷത്തിൽനിന്നും തണുപ്പിൻെറ പ്രസരണമുണ്ടായി. പക്ഷെ ഉറഞ്ഞുനിന്നിരുന്ന ശിഖരങ്ങളിലെ മഞ്ഞുരുകി അവ ക്രമേണ അവയുടെ സ്വാഭാവികസ്ഥാനങ്ങളിലേക്കു പടർന്നുനിന്നു; ഫെർമുള്ളുകളുടെ ഗന്ധം വീട്ടിൽ നിറഞ്ഞുനിന്നു. കുട്ടികൾ ഒരു കുന്നു് കടലാസ്തോരണങ്ങളും അലങ്കാരസാമഗ്രികൾ നിറച്ച പെട്ടികളും വിരുന്നുമുറിയിലേക്കു കൊണ്ടുവന്നു. മരത്തിനു ചുററും കസേരകളിട്ടു് അവരതു വെട്ടിശരിപ്പെടുത്താൻ തുടങ്ങി. തങ്ങൾ വേണ്ടത്ര സാധനങ്ങൾ ഉണ്ടാക്കിയിട്ടില്ലെന്നു് അവർക്കു മനസ്സിലായി. മധുരപലഹാരങ്ങൾ ഇടാൻ കൂടുതൽ കടലാസ്കൂടുകൾ ഒട്ടിച്ചെടുക്കുക, അക്രോട്ടണ്ടിക്കു സ്വർണ്ണനിറം പൂശുക, കൊച്ചു അപ്പങ്ങളിലും വലിയ ക്രിമിയൻ ആപ്പിളുകളിലും വെള്ളിനൂലുകൾ കെട്ടുക, ഇതെല്ലാം അവർക്കു ചെയ്യേണ്ടിവന്നു. കുട്ടികൾ രാത്രി മുഴുവൻ ഈ ജോലികളിലേർപ്പെട്ടുകഴിച്ചു. ഒടുവിൽ കയ്യിൽ തല ചായ്ച്ചിരുന്നിരുന്ന ലീല ഉറങ്ങിപ്പോയി. അവളുടെ തലയിലെ ബോ ചുരുണ്ടുകൂടിയിരുന്നിരുന്നു.

ക്രിസ്തുമസ്സിൻെറ തലേ ദിവസമായി. വൃക്ഷത്തിൻെറ അലങ്കാരം പൂർത്തിയായി. സ്വർണ്ണ നിറത്തിലുള്ള ഇലത്തകിടുകൊണ്ടു് അവരതു മൂടി. തോരണങ്ങൾ തൂക്കിയിടുകയും നിറമുള്ള കൊച്ചു തട്ടങ്ങളിൽ മെഴുകുതിരികൾ കുത്തിനിർത്തുകയും ചെയ്തു. എല്ലാം തയ്യാറായപ്പോൾ അമ്മ പറഞ്ഞു:

''ഇനി പോകിൻ, കുട്ടികളെ, രാത്രിവരെ ഇങ്ങോട്ടു വരരുതു്. വിരുന്നുമുറിയിലേക്കു് എത്തി നോക്കുകപോലും ചെയ്യരുതു്.''

അന്നവർ വൈകിയിട്ടാണു് ഉച്ചഭക്ഷണം കഴിച്ചതു്, അതുതന്നെ വളരെ ധൃതിയിൽ. കുട്ടികൾക്കു കഴിക്കാൻ ആപ്പിൾ കൊണ്ടുള്ള ഒരു പലഹാരം മാത്രമേ ഉണ്ടായിരുന്നുള്ളു. വീട്ടിൽ സർവ്വത്ര ബഹളമായിരുന്നു. എത്രനേരം കൂടി രാത്രിയാകാൻ കാത്തിരിക്കണമെന്നു ചോദിച്ചു സകലരേയും ശല്യപ്പെടുത്തിക്കൊണ്ടു് കുട്ടികൾ വീട്ടിൽ ചുററി നടന്നു. അർക്കാദിയു് ഇവാനൊവിച്ചു പോലും — അദ്ദേഹം വസ്ത്രം മാറി പുറകോട്ടു ഞാന്നുകിടക്കുന്ന ഒരു കോട്ടും കഞ്ഞിയിട്ടു വടിപോലെ നിന്നിരുന്ന ഷർട്ടുമാണു ധരിച്ചിരുന്നതു് — എന്തു ചെയ്യേണ്ടു എന്നറിയാതെ ചൂളമടിച്ചുകൊണ്ടു ജനാലകൾ തോറും കറങ്ങിനടന്നു. ലീല അവളുടെ അമ്മയുടെയടുക്കൽ പോയി.

സൂര്യൻ ഭൂമിയുടെ വക്കിലേക്കു് അസഹ്യമാം വിധം സാവധാനത്തിലാണു ഇഴഞ്ഞു നീങ്ങിക്കൊണ്ടിരുന്നതു്. അതു് ഇളം ചുവപ്പുനിറം പൂണ്ടു.

മേഘശകലങ്ങരം അതിന്ന മുകളിൽ വ്യാപിച്ചു. വെളുത്ത മഞ്ഞിൽ പതിച്ച കിണററിൻെറ കരിനിഴലിന്ന ദൈർഘ്യം വർദ്ധിച്ചു. അവസാനം, പോയി വസ്ത്രം ധരിക്കാൻ അമ്മ കുട്ടികളോട്ട പറഞ്ഞു. കോളറിലും കൈമടക്കിലും അടിവശത്തും മീൻ മുള്ളിൻെറ ആകൃതിയിലുള്ള ചിത്രവേലകളോട്ടകൂടിയ ഒരു നീല റഷ്യൻ പട്ടുകുപ്പായവും തൊങ്ങലുകളോട്ടകൂടിയ പട്ടുകൊണ്ടുള്ള ഒരു അരച്ചരടും സഞ്ചിപോലെ തൂങ്ങി മുട്ടിൽ പിടിച്ചുകിടക്കുന്ന വെൽവററുകൊണ്ടുള്ള ഒരു കാൽക്കുപ്പായവും തൻെറ മെത്തയിലിരിക്കുന്നതു നികിത കണ്ടു. അവൻ വസ്ത്രമിട്ടു് അമ്മയുടെ അടുത്തേക്കോടി. അമ്മ ഒരു ചീപ്പെടുത്തു് അവൻെറ തലമുടി വകഞ്ഞുകൊടുത്തു. തോളിൽ പിടിച്ചു് അവൻെറ മുഖത്തേക്കു് ഉററുനോക്കിയിട്ടു് അവർ അവനെ ഈട്ടിത്തടിയുടെ ഫ്രെയിമോട്ടകൂടിയ ഒരു വലിയ കണ്ണാടിയുടെ മുമ്പിലേക്കു കൊണ്ടുപോയി.

ഭംഗിയായി വസ്ത്രം ചെയ്ത സൽസ്വഭാവിയായ ഒരു കുട്ടിയെയാണു നികിത കണ്ണാടിയിൽ കണ്ടതു്. തീർച്ചയായും അതു താനാകാൻ വഴിയില്ല.

''ഓ, നികിത, നികിത,'' അവൻെറ ശിരസ്സിൽ ചുംബിച്ചുകൊണ്ടു് അമ്മ നെടുവീർപ്പിട്ടു. ''നീ എന്നും ഇത്ര നല്ല കുട്ടിയായിരുന്നെങ്കിൽ!''

നികിത പെരുവിരലിലൂന്നി മുറിയുടെ പുറത്തേക്കു കടന്നപ്പോരം ശുഭ്രവസ്ത്രധാരിയായ ഒരു ബാലിക ഘനഭാവത്തിൽ ഇടനാഴിയിലൂടെ

തൻെറ നേരെ വരുന്നതു കണ്ടു. മസ്ലിൻ പാവാട യോടുകൂടിയ അതിമനോഹരമായ ഒരു വെളുത്ത ഉടുപ്പാണ്ˆ അവഠം ധരിച്ചിരുന്നതു്. തലമുടി യിൽ ഒരു വലിയ വെളുത്ത ബോ. മുഖത്തി ൻെറ—അതും തിരിച്ചറിയാൻ പ്രയാസമായിരുന്നു —ഇരുവശത്തും ആറു തടിച്ച തലമുടിച്ചുരുളുകഠം മെ ല്ലിച്ച തോളുകളിലേക്കു വീണുകിടക്കുന്നു. ലീല നികിതയുടെയടുത്തേക്കു നടന്നു ചെന്നു് അവനെ മുഖംകോട്ടിക്കൊണ്ടു നോക്കി.

''ഞാനൊരു ഭൂതമാണെന്നു നീ വിചാരി ച്ചോ?'' അവഠം ചോദിച്ചു. ''എന്താണു നിനക്കി ത്ര ഭയം?'' ഇത്രയും പറഞ്ഞു് അവഠം പഠനമുറി യിലേക്കു നടന്നു. സോഫയിലിരുന്നു് കാൽ മുകളി ലേക്കു കയററി മടക്കിവച്ചു.

നികിത അവളെ മുറിയിലേക്കു് അനുഗമിച്ചു. അവനും സോഫയിലിരുന്നെങ്കിലും മറേറ അററ ത്താണിരുന്നതു്. അടുപ്പു കത്തിച്ചിരുന്നു. വിറകു കഷണങ്ങഠം പൊട്ടിത്തെറിച്ചു. തീക്കനലുകഠം അടർന്നുവീണു. ചലിച്ചുകൊണ്ടിരുന്ന ചുവപ്പുനി റമാർന്ന വെളിച്ചം തോലുറയിട്ട കസേരകളുടെ പിൻവശത്തും ഭിത്തിയിലെ സുവർണ്ണഫ്രെയിമി ൻെറ കോണിലും രണ്ടു പുസ്തകഷെൽഫുകഠംക്കി ടയിൽ നിന്നിരുന്ന പുഷ്കിൻെറ പ്രതിമയിന്മേലും പതിച്ചു.

ലീല നിശ്ചലയായി ഇരിക്കുകയായിരുന്നു. അവളുടെ കവിളിലും കൂർത്ത മൂക്കിലും അടുപ്പിലെ

വെളിച്ചം വന്നു പതിക്കുന്നതു കൗതുകമുള്ളൊരു കാഴ്ചയായിരുന്നു. തിളങ്ങുന്ന ബട്ടനുകളോടുകൂടിയ ഒരു നീല യൂണിഫോറമിട്ടു് വീക്തൊർ പ്രത്യക്ഷപ്പെട്ടു. സ്വർണ്ണനിറത്തിലുള്ള റേന്ത വച്ച അവന്റെ കോളർ വളരെ മുറുകിയിരുന്നതിനാൽ അവനു സംസാരിക്കാൻ പ്രയാസമായിരുന്നു.

വീക്തൊർ ഒരു ചാരുകസേരയിലിരുന്നു. അവനും സംസാരിച്ചില്ല. വിരുന്നുമുറിയിൽ അമ്മയും ആന്ന അപ്പൊള്ളോസൊവ്നയും സംസാരിക്കുന്നതു് അവർക്കു കേൾക്കാമായിരുന്നു. അവർ പൊതികളഴിക്കുകയായിരുന്നു. അവർ എന്തോ ഒന്നു നിലത്തുവച്ചു. പതിഞ്ഞ സ്വരത്തിലായിരുന്നു അവരുടെ സംസാരം. താക്കോൽദ്വാരത്തിലൂടെ അകത്തേക്കു് ഉളിഞ്ഞുനോക്കാൻ വീക്തൊറിനു തോന്നാതിരുന്നില്ല. പക്ഷെ കതകിന്റെ മറുവശത്തു് അവിടെ കടലാസൊട്ടിച്ചിരുന്നു.

ആ സമയത്തു് പുറത്തേക്കുള്ള കതകടഞ്ഞു. അവർ പല ശബ്ദങ്ങളും അനേകം കൊച്ചു കാലടികളുടെ ഒച്ചയും കേട്ടു. ഗ്രാമത്തിലുള്ള കുട്ടികൾ വന്നതാണതു്. നികിത അവരെ സ്വാഗതം ചെയ്യാൻ ഓടിച്ചെല്ലേണ്ടതായിരുന്നു. പക്ഷെ അവനു് അനങ്ങാൻ കഴിഞ്ഞില്ല. ജനാലകളിലെ ഹിമചിത്രങ്ങൾക്കിടയിലൂടെ നീലനിറത്തിലുള്ള വെളിച്ചം പ്രകാശിച്ചു. അപ്പോൾ നേരിയ പതിഞ്ഞ ശബ്ദത്തിൽ ലീല പറഞ്ഞു:

''ഒരു നക്ഷത്രം പുറത്തേക്കു വന്നു.''

അപ്പോഠത്തന്നെ പഠനമുറിയുടെ കതകുകഠ മലർക്കെ തുറക്കപ്പെട്ടു. കുട്ടികഠ സോഫയിൽനിന്നു ചാടിയിറങ്ങി. വിരുന്നുമുറിയിൽ ക്രിസ്തുമസ്സ് വൃക്ഷം തറമുതൽ മച്ചുവരെ നിരവധി മെഴുകുതിരികളാൽ പ്രകാശിച്ചു. ഒരു ഫെർവൃക്ഷത്തിൽനിന്നും സുവർണ്ണസ്ഫുലിംഗങ്ങളും നീണ്ട പ്രകാശകിരണങ്ങളും നിർഗ്ഗമിക്കുന്ന പ്രതീതിയാണ് അതുളവാക്കിയതു്. ചൂടും ഫെർമുള്ളുകളുടേയും മെഴുകിൻേറയും മധുരനാരങ്ങയുടേയും കേക്കുകളുടേയും പരിമളവും പകരുന്ന ഒരു പ്രകാശമായിരുന്നു അതു്.

കുട്ടികഠ അത്ഭുതസ്തബ്ധരായി നിന്നു. വിരുന്നുമുറിയുടെ പുറംവാതിലുകളും തുറന്നു. ഗ്രാമത്തിലെ കുട്ടികഠ അകത്തു കയറി തൊട്ടുതൊട്ടു് ചുമരിനോടു ചേർന്നുനിന്നു. അവരെല്ലാവരും കമ്പിളിച്ചെരിപ്പുകഠ നീക്കംചെയ്തു് കട്ടിയുള്ള കമ്പിളിക്കാലുറകളിട്ടിരുന്നു. ചുവപ്പും ഇളം ചുവപ്പും മഞ്ഞയും നിറത്തിലുള്ള ഷർട്ടുകളും മഞ്ഞയും ചുവപ്പും വെള്ളയും നിറത്തിലുള്ള തൂവാലകളുമാണു് അവർ ധരിച്ചിരുന്നതു്.

അമ്മ പിയാനൊ വായിക്കാൻ തുടങ്ങി. അതേസമയം പുഞ്ചിരിയോടെ വൃക്ഷത്തെ നോക്കിക്കൊണ്ടു് അമ്മ പാടി:

കൊക്കിനു നീളമുണ്ടെങ്കിലും കാലിനു്
വീട്ടിലേക്കുള്ള വഴിതെററി കുഴഞ്ഞവർ....

നികിത ലീലയുടെ നേർക്കു കൈനീട്ടി. അവളവനു കൈകൊടുത്തെങ്കിലും മരത്തിലേക്കു തന്നെ നോക്കിനിന്നു. അവളുടെ നീലക്കണ്ണുകളിൽ അതു പൂർണ്ണമായി പ്രതിഫലിച്ചിരുന്നു. ഓരോ കണ്ണിലും ഓരോ മരം. കുട്ടികൾ തികച്ചും നിശ്ചലരായി നിന്നു.

അർക്കാദിയ് ഇവാനൊവിച്ച് കുട്ടികളുടെയടുത്തേക്ക് ഓടിച്ചെന്ന് അവരുടെ കൈക്കു പിടിച്ചുകൊണ്ട് അവരോടൊപ്പം വൃക്ഷത്തിനു ചുററും ഓടിച്ചാടിനടന്നു. അദ്ദേഹത്തിൻെറ കോട്ടിൻെറ രണ്ടററവും പാറിപ്പറന്നു. ഓടുന്നവഴി അദ്ദേഹം രണ്ടു കുട്ടികളുടെ കൂടി കയ്യു പിടിച്ചു. അതേത്തുടർന്ന് നികിതയും ലീലയും വീക്കെതാറും അവസാനം എല്ലാ കുട്ടികളും കൈകോർത്തുപിടിച്ചുകൊണ്ട് ക്രിസ്തുമസ്സ്‌വൃക്ഷത്തിനു ചുററും നൃത്തം ചെയ്തു.

ഞാൻ സ്വർണ്ണമൊളിച്ചു,
സ്വർണ്ണമൊളിച്ചു,
വെള്ളിയൊളിച്ചു,
വെള്ളി, വെള്ളി

എന്നിങ്ങനെ ഗ്രാമത്തിൽനിന്നു വന്ന കുട്ടികൾ പാടി.

നികിത ക്രിസ്തുമസ്സ്‌വൃക്ഷത്തിൽനിന്ന് ഒരു പടക്കം വലിച്ചെടുത്തു പൊട്ടിച്ചു; അതിനുള്ളിൽ നക്ഷത്രത്തോടുകൂടിയ ഒരു കൂർത്ത തൊപ്പിയുണ്ടായിരുന്നു. താമസിയാതെ പടക്കങ്ങൾ സർവ്വത്ര

പൊട്ടിത്തെറിച്ചുതുടങ്ങി. വെടിമരുന്നിൻെറ മണം അവിടമെല്ലാം തങ്ങിനിന്നു. നേർത്ത വർണ്ണക്കടലാസുകൊണ്ടുള്ള തൊപ്പികളുടെ കിരുകിര ശബ്ദം കേട്ടു.

കടലാസുകൊണ്ടുള്ള പോക്കററുകളോടുകൂടിയ ഒരു മുന്നാരത്തുണിയാണ് ലീലയ്ക്കു കിട്ടിയതു്. അവളതണിഞ്ഞു. അവളുടെ കവിളുകൾ ആപ്പിൾ പോലെ ചുവന്നിരുന്നു. ചുണ്ടുകളിൽ ചോക്കളേററ് പുരണ്ടിരുന്നു. ക്രിസ്തുമസ്സ് വൃക്ഷത്തിൻെറ ചുവട്ടിൽ ഒരു വലിയ കൊട്ടയുടെ മീതെ ഒരു പാവയ്ക്കുവേണ്ട വേഷഭൂഷാദികളോടുകൂടി ഒരു വലിയ പാവ ഇരിക്കുന്നതു നോക്കി അവൾ ചിരിച്ചുകൊണ്ടിരുന്നു.

ഗ്രാമീണബാലന്മാർക്കും ബാലികമാർക്കും വേണ്ടി പലനിറത്തിലുള്ള ഉറുമാലകളിൽ പൊതിഞ്ഞ കടലാസ്പൊതികളും മരച്ചുവട്ടിൽ വച്ചിട്ടുണ്ടായിരുന്നു. പീരങ്കിയും കൂടാരങ്ങളുമടക്കം ഒരു മുഴുവൻ സേനാവിഭാഗത്തെയാണു വീക്ചൊറിന കിട്ടിയതു്. നികിതയ്ക്കു് ശരിക്കു തുകൽകൊണ്ടുണ്ടാക്കിയ ജീനിയും കടിഞ്ഞാണും ചാട്ടയും ലഭിച്ചു.

അടുത്തതായി അണ്ടിത്തോടുകൾ പൊട്ടിക്കുകയും തോടുകൾ കാലിനടിയിൽ ഞെരിക്കുകയും ചെയ്യുന്ന ശബ്ദം കേട്ടു. മൂക്കിൽക്കൂടി ആയാസപ്പെട്ടു ഉച്ഛ്വസിച്ചുകൊണ്ടു് കുട്ടികൾ തങ്ങളുടെ സമ്മാനപ്പൊതികൾ അഴിച്ചുതുടങ്ങി.

അമ്മ വീണ്ടും പിയാനൊ വായിച്ചു. കുട്ടികൾ ക്രിസ്തുമസ്സ്വൃക്ഷത്തിനു ചുററും ആടിപ്പാടിനടന്നു. പക്ഷെ മെഴുകുതിരികൾ മങ്ങിക്കത്തിത്തുടങ്ങിയിരുന്നു. അർക്കാദിയ് ഇവാനൊവിച്ച് ഓടിനടന്ന് അവയെല്ലാം അണച്ചു. ക്രിസ്തുമസ്സ്വൃക്ഷത്തിൻെറ ശോഭ കുറഞ്ഞു. അമ്മ പിയാനൊ അടച്ചുവച്ച് എല്ലാവരോടും ചായ കുടിക്കാൻ തീന്മുറിയിലേക്കു പോകാൻ പറഞ്ഞു.

പക്ഷെ അർക്കാദിയ് ഇവാനൊവിച്ച് അടങ്ങിയിരുന്നില്ല. അദ്ദേഹം കുട്ടികളെയെല്ലാവരേയും ഒരു മാലപോലെ നിർത്തി, താൻ മുമ്പിലും ഇരുപത്തഞ്ചു ബാലികാബാലന്മാർ പുറകിലും. എന്നിട്ട് ഇടനാഴിയിലേക്കോടി ഏററവും വളഞ്ഞ വഴി തീന്മുറിയിലെത്തി.

ഹാളിൽവച്ച് ലീല കൂട്ടത്തിൽനിന്നു പിടിവിട്ട് ശ്വാസം വീണ്ടുകിട്ടാനായി അനങ്ങാതെ നിന്നു. ചിരിക്കുന്ന കണ്ണുകളോടെ അവൾ നികിതയെ നോക്കി. തടിച്ച കോട്ടുകൾ തൂക്കിയിട്ടിരുന്ന സ്റ്റാൻഡിനടുത്താണ് അവർ നിന്നിരുന്നതു്.

''നീ എന്തിനാണു ചിരിക്കുന്നതു്?'' ലീല ചോദിച്ചു.

''നീ തന്നെയാണു ചിരിക്കുന്നതു്,'' നികിത പറഞ്ഞു.

''നീ എന്തിനാണ് എന്നെ നോക്കുന്നതു്?''

നികിതയുടെ മുഖം തുടുത്തു. അവൻ അവളുടെയടുത്തു ചെന്നു. ലീലയുടെ നേരെ കുനിഞ്ഞു് അവ

ളെ ചുംബിച്ചു. അതെങ്ങനെ സംഭവിച്ചെന്നു് അവനു നിശ്ചയമില്ലായിരുന്നു. അവളുടനെ വള രെ തിടുക്കത്തിൽ ഇങ്ങനെ പറഞ്ഞു:

''നീയൊരു നല്ല കുട്ടിയാണു്. മററാരും അറിയരുതെന്നു് എനിക്കുണ്ടായിരുന്നതുകൊണ്ടാ ണു് ഞാൻ ഇക്കാര്യം നിന്നോടു പറയാതിരുന്നതു്. ഇതൊരു രഹസ്യമാണു്.'' അവരം തിരിഞ്ഞു് തീന്മുറിയിലേക്കു് ഓടിപ്പോയി.

ചായ കഴിഞ്ഞു് അർക്കാദിയ് ഇവാനൊവിച്ച് ഒരു കളി സംഘടിപ്പിച്ചെങ്കിലും കുട്ടികരം ക്ഷീണിച്ചു കഴിഞ്ഞിരുന്നു. അവർ ഒരുപാടു തിന്നുകയും ചെയ്തിരുന്നു. എന്തു ചെയ്യേണ്ടു എന്ന വർക്കു നിശ്ചയമില്ലായിരുന്നു. അവസാനം പുള്ളി ക്കുത്തുള്ള ഉടുപ്പിട്ട ഒരു കൊച്ചുകുട്ടി ഉറക്കംതൂങ്ങി കസേരയിൽനിന്നു താഴെവീണു് ഉറക്കെ കരയാൻ തുടങ്ങി.

ക്രിസ്തുമസ്സ്വൃക്ഷവിരുന്നു് സമാപിച്ചെന്നു് അ മ്മ പറഞ്ഞു. കുട്ടികരം ഇടനാഴിയിലേക്കിറങ്ങി. അവിടെ അവരുടെ കമ്പിളിച്ചെരുപ്പുകളും ആട്ടിൻ തോൽകോട്ടുകളും ഭിത്തിക്കു സമീപം കിടക്കു ന്നുണ്ടായിരുന്നു. വസ്ത്രം ധരിച്ചു് അവർ കൂട്ടത്തോ ടെ കഠിനമായ തണുപ്പുള്ള രാത്രിയിലേക്കു് ഇറ ങ്ങിച്ചെന്നു.

നികിത കുട്ടികളെ അണക്കെട്ടു വരെ അനുഗ മിച്ചു. അവൻ വീട്ടിലേക്കു മടങ്ങുമ്പോരം ചന്ദ്രൻ വിവിധവർണ്ണംപൂണ്ട മങ്ങിയ ഒരു വൃത്തത്തിൽ

ആകാശത്തിൽ ഉയർന്നു നിൽക്കുന്നുണ്ടായിരുന്നു. അണക്കുരികിലും ഉദ്യാനത്തിലുമുള്ള വെളുത്ത ക്കുററൻ മരങ്ങൾക്ക് നിലാവെളിച്ചത്തിൽ കൂടുതൽ ഉയരം തോന്നിച്ചു. വലതുവശത്ത് നീണ്ടുനിവർന്നുകിടന്നിരുന്ന വെളുത്തുറഞ്ഞ മരുപ്രദേശം അഭേദ്യമായ അന്ധകാരത്തിൽ ലയിച്ചു. വലിയ തലയും നീണ്ട കാലുകളുമുള്ള ഒരു നിഴൽ നികിതയുടെ വശത്തായി നീങ്ങിക്കൊണ്ടിരുന്നു.

താൻ ഉറക്കത്തിൽ ഏതോ ഒരു മായാലോകത്തിലൂടെ നടക്കുകയാണെന്നു നികിതക്കു തോന്നി. ഒരു മായാലോകം മാത്രമേ ഇത്ര അസാധാരണവും അതേസമയം ആഹ്ലാദപ്രദവുമായിരിക്കു.

## വീക്തൊറിനു പററിയ അമളി

ഒഴിവുകാലത്ത് വീക്തൊർ മീഷ്കു കൊരഷോനൊക്കുമായി കൂട്ടുചേരുകയും ''പൂച്ചകൾക്കു'' തീകൊളുത്താൻവേണ്ടി അവനൊന്നിച്ച് താഴ്‌വശത്തെ കുളത്തിൽ പോവുകയും ചെയ്തു. അവയിലൊരെണ്ണം വളരെ വലുതായിരുന്നു. ഐസിൽനിന്നു പുറത്തേക്കു വന്ന തീനാളത്തിനു ഒരാൾപ്പൊക്കത്തിലേറെ ഉയരമുണ്ടായിരുന്നു. പിന്നീടവർ കുളത്തിനക്കരെ കിടങ്ങിൽ ഒരു കോട്ട കെട്ടി. ഒരു ഹിമഗോപുരവും ചുററും മതിലും ഗേററുകളുമെല്ലാം അതിനുണ്ടായിരുന്നു. അതിനുശേഷം വീക്തൊർ കൊൻചാൻസംഘത്തിനു ഒരു കത്തെഴുതി.

''ചുണ്ടെലിക്കു ലാടം തറച്ച കൊങ്കണ്ണന്മാരായ കൊൻചാൻ കൊല്ലന്മാരേ! ഞങ്ങളെ എന്നും ഓർക്കുന്ന വിധത്തിൽ നിങ്ങൾക്കൊന്നു തരാൻ നിശ്ചയിച്ചിട്ടുണ്ട്. ഞങ്ങളുടെ കോട്ടയിൽ ഞങ്ങൾ നിങ്ങളെ കാത്തിരിക്കും.

വീക്തൊർ ബാബ്കിൻ,
ജിംനേഷിയം വിദ്യാർത്ഥി,
രണ്ടാം ക്ലാസ്സ്,
കോട്ടയുടെ അധിപൻ.''

അവർ ആ കത്ത് ഒരു വടിയിൽ തറച്ചു. മീഷ്ക കൊരഷോനൊക്ക് അതുമെടുത്ത് ഗ്രാമത്തിൽ പോയി അർത്തമോൻെറ കുടിലിനടുത്തുള്ള ഒരു മഞ്ഞുകട്ടിയിൽ കുത്തിനിർത്തി. സ്യോംക, ല്യോൻക, കൊച്ചു് അർത്തമോഷ്ക, അല്യോഷ്ക, കരിഞ്ചെവിയൻ വാൻക, സവോസ്കയുടെ അനന്തിരവൻ പെത്രുഷ്ക, ഇത്രയുംപേർ മഞ്ഞുകട്ടിയുടെ മുകളിൽ കയറി വടിയുടെ അടുത്തുനിന്നു് വളരെ നേരം കൊൻചാൻസംഘത്തിൻെറ നേരെ ഭീഷണികൾ വിളിച്ചുപറയുകയും മഞ്ഞുണ്ടകൾ വലിച്ചെറിയുകയും ചെയ്തു. പിന്നീടവർ മീഷ്ക കൊരഷോനൊക്കിനൊപ്പം തിരികെപ്പോയി കോട്ടയ്ക്കുള്ളിൽ സ്ഥാനംപിടിച്ചു.

പല വലിപ്പത്തിലുള്ള മഞ്ഞുണ്ടകൾ ഉണ്ടാക്കാൻ വീക്തൊർ കല്പന കൊടുത്തു. കോട്ടമതിലിനുള്ളിൽ അവ കുമ്പാരിച്ചുകൂട്ടുകയും കുറെ ഈറൽ

വച്ചുകെട്ടിയ ഒരു കൊടിമരം ഗോപുരത്തിനു മുകളിൽ ഉയർത്തുകയും ചെയ്തതിനുശേഷം അവർ ശത്രുവിൻെറ വരവും കാത്തു് ഇരിപ്പായി.

നികിത അവിടെ വന്നു. പ്രതിരോധസജ്ജീകരണങ്ങൾ നോക്കി അവൻ പോക്കററിൽ കയ്യിട്ടു.

''ആരും വരില്ല. നിങ്ങളുടെ കോട്ട ഒന്നിനും കൊള്ളില്ല. ഞാൻ നിങ്ങളുടെ കൂടെ കളിക്കുന്നില്ല. വീട്ടിൽ പോവുകയാണു്.''

''കൂടെ കളിക്കാൻ ഒരു പെണ്ണിനെ കിട്ടി, ഇല്ലേ?'' വീക്ടൊർ മതിലിൻെറ മുകളിലൂടെ വിളിച്ചുപറഞ്ഞു. ''പെൺകൊതിയൻ!''

അർത്തമോൻെറ കുട്ടികൾ ഉച്ചത്തിൽ ചിരിച്ചു. കരിഞ്ചെവിയൻ വാൻക വിരലുകൾക്കിടയിലൂടെ ചൂളമടിച്ചു.

''ഞാൻ വേണമെന്നു വിചാരിച്ചാൽ നിങ്ങളെ സകലതിനേയും നിങ്ങളുടെ കോട്ടയ്ക്കുത്തുനിന്നു തുരത്താം,'' നികിത പറഞ്ഞു. ''പക്ഷെ നിങ്ങൾക്കുവേണ്ടി ഞാനെൻെറ കൈ ചീത്തയാക്കുന്നില്ല.'' വീക്ടൊറിൻെറ നേരെ നാക്കുനീട്ടിക്കാണിച്ചിട്ടു് അവൻ കുളം കടന്നു് വീട്ടിലേക്കു പോയി.

മഞ്ഞുണ്ടകൾ അവൻെറ പിന്നാലെ പറന്നു ചെന്നെങ്കിലും അവൻ തിരിഞ്ഞു നോക്കുകപോലും ചെയ്തില്ല.

കോട്ടയ്ക്കുത്തിരിക്കുന്നവർക്കു് അധികനേരം കാത്തിരിക്കേണ്ടിവന്നില്ല. ഗ്രാമത്തിൻെറ ഭാഗ

ത്തുനിന്നു് മഞ്ഞുമൂടിക്കിടന്നിരുന്ന തോട്ടു് കടന്നു് കൊൻചാൻസംഘം വന്നു. കാലുകഠം മുട്ടുവരെമ ഞ്ഞിലാഴ്ത്തിക്കൊണ്ടു് അവർ കോട്ടയ്ക്കു നേരെ വന്നു. അവർ പതിനഞ്ചുപേരോളമുണ്ടായിരുന്നു.

അവരെയെല്ലാം വെട്ടി വിറകാക്കുമെന്നു വീ ക്തൊർ അവരോടു പറഞ്ഞുതുടങ്ങി. അവൻ തണുപ്പുകൊണ്ടു ചുവന്ന മൂക്കു ചീററുകയും കണ്ണുരുട്ടി ക്കാണിക്കുകയും ചെയ്തു. കൊൻചാൻ കുട്ടികഠം കോട്ടവാതുക്കൽ എത്തിയപ്പോഠം നിന്നു. ചിലർ മഞ്ഞിലിരുന്നു. അമ്മയുടെ പുതപ്പു പുതച്ച കൊച്ചു കുട്ടിയും അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. സ്ത്യോ പ്ക്ക കർനൗഷ്കിനായിരുന്നു കൊൻചാൻകൂട്ടത്തി ൻെറ നേതാവു്. കോട്ട ശരിക്കൊന്നു നോക്കിയിട്ടു് അവൻ അതിൻെറ മതിൽ വരെ നടന്നുവന്നു.

''തിളങ്ങുന്ന ബട്ടനിട്ട ആ പയ്യനെ ഇങ്ങു വിട്ടുതരിൻ,'' അവൻ പറഞ്ഞു. ''ഞങ്ങഠം അവൻെറ ചെവി മഞ്ഞിലിട്ടു തിരുമ്മിക്കളയാം.''

വീക്തൊർ തെല്ലു വൈഷമ്യത്തോടെ മൂക്കു ചീററി. ''അവൻെറ നേരെ ഒരു മഞ്ഞുകട്ട എറി യു്. മതിലിൻെറ മുകളിലൂടെ ആഞ്ഞെറിയു്,'' മീഷ്ക്ക അടക്കിയ സ്വരത്തിൽ പറഞ്ഞു. വീക്തൊർ ഒരു മഞ്ഞുകട്ടയെടുത്തു് എറിഞ്ഞെങ്കിലും ഉന്നം തെററി. കർനൗഷ്കിൻ അവൻെറ സംഘത്തിലേക്കു മടങ്ങി. കൊൻചാൻ കുട്ടികഠം ചാടിയെഴുന്നേററു് മഞ്ഞുണ്ടകളുണ്ടാക്കാൻ തുടങ്ങി. കോട്ടയ്ക്കകത്തുനി ന്നു മഞ്ഞുകട്ടകഠം അവരുടെ നേരെ വർഷിക്കാൻ

തുടങ്ങി. അർത്തമോൻെറ കുട്ടികൾ ഉന്നം തെററാതെ എറിയുന്നതിൽ വിശേഷിച്ചും സമർത്ഥന്മാരായിരുന്നു. അമ്മയുടെ പുതപ്പു പുതച്ച കുട്ടിയെ അവർ തൽക്ഷണംതന്നെ ഉരുട്ടിയിട്ടു. കൊൻചാൻ കുട്ടികൾ തിരികെ ഏററു തുടങ്ങി. മഞ്ഞുണ്ടകൾ ഇരുഭാഗത്തുനിന്നും തെരുതെരെ വർഷിച്ചു. ഈററൽ വച്ചുകെട്ടിയ മുള ഗോപുരത്തിൽനിന്നു താഴെ വീണു.

കരിഞ്ചെവിയൻ വാൻക മതിലിൽനിന്നു വീഴുകയും കൊൻചാൻകാർക്കു കീഴടങ്ങുകയും ചെയ്തു. പെട്ടെന്നു് വീക്ത്തൊറിൻെറ തൊപ്പി തട്ടിത്തെറിപ്പിക്കപ്പെട്ടു. മറെറാരു മഞ്ഞുണ്ട അവൻെറ മുഖത്തുവന്നുകൊണ്ടു. കൊൻചാൻ കുട്ടികൾ ആർത്തുവിളിക്കുകയും ചൂളമടിക്കുകയും ചെയ്തുകൊണ്ടു് കോട്ടയ്ക്കകത്തേക്കു് ഇരമ്പിക്കയറി...

മതിൽ ഭേദിക്കപ്പെട്ടതോടെ പ്രതിരോധികൾ ഈററലിനിടയിലൂടെ കുളത്തിനു കുറുകെ പാഞ്ഞോടി.

## ഘടികാരത്തിനു മുകളിലുള്ള പാത്രത്തിൽ എന്താണുണ്ടായിരുന്നതു്

ആൺകുട്ടികളുടെ കൂടെ കളിക്കുന്നതു് ഇത്ര വിരസമായി തനിക്കു തോന്നാൻ എന്താണു കാരണമെന്നു നികിതയ്ക്കു തന്നെ അറിഞ്ഞുകൂടായിരുന്നു. അവൻ വീട്ടിൽപ്പോയി കോട്ടും തൊപ്പിയും

ഊരി. മുറികളിലൂടെ നടക്കുമ്പോഠം ലീല അവ ളുടെ അമ്മയോടു സംസാരിക്കുന്നതു് അവൻ കേട്ടു.

''അമ്മേ, എനിക്കു വൃത്തിയുള്ള ഒരു കഷണം തുണി തരൂ. എൻെറ പുതിയ പാവ വലെൻതീനയുടെ കാലുമുറിഞ്ഞു. അവഠംക്കെന്തെങ്കിലും രോഗം പിടിപെടുമോ എന്നാണു് എൻെറ ഭയം.''

നികിത അനങ്ങാതെ നിന്നു. ഇക്കഴിഞ്ഞ ദിവസങ്ങളിലെല്ലാം അവനു തോന്നിയ അതേ ആഹ്ലാദം അവനു വീണ്ടും അനുഭവപ്പെട്ടു. തൻെറ ഉള്ളിലെവിടെയോ ഒരു സംഗീതോപകരണം സ്നിഗ്ദ്ധമധുരമായ ഒരു സ്വരം മീട്ടുകയാണോ എന്നുപോലും അവനു തോന്നി. അത്രയ്ക്കു് അതിരററതായിരുന്നു അവൻെറ ആഹ്ലാദം.

നികിത പഠനമുറിയിൽ ചെന്നു് സോഫയിൽ രണ്ടു ദിവസം മുമ്പു ലീല ഇരുന്ന അതേ സ്ഥലത്തിരുന്നു. അവൻ കണ്ണു ചെറുതാക്കി ജനാലകളിലെ ഹിമചിത്രങ്ങഠം പരിശോധിച്ചു. വിചിത്രരൂപങ്ങഠം പൂണ്ട മനോഹരചിത്രങ്ങളായിരുന്നു അവ. ഒരു മായാലോകത്തിൽനിന്നുമുള്ള ചിത്രങ്ങഠം. മാന്ത്രികപ്പാട്ടുപെട്ടിയിൽനിന്നു സംഗീതം നിശ്ശബ്ദമധുരമായി പ്രസരിച്ചുകൊണ്ടിരിക്കുന്ന ലോകത്തിൽനിന്നുമുള്ള ചിത്രങ്ങഠം. ശിഖരങ്ങളും വൃക്ഷലതാദികളും വിചിത്രരൂപത്തിലുള്ള മൃഗങ്ങളും മനുഷ്യരും അവിടുണ്ടു്. വാക്കുകഠം ഒന്നിച്ചുകൂടി പാടുകയാണെന്നും ആ അത്ഭുതകര

മായ വാക്കുകളും ആ പാട്ടും തന്റെ നെറുകയിൽ കിക്കിളിപ്പെടുത്തുകയാണെന്നും ഹിമചിത്രങ്ങൾ നോക്കിക്കൊണ്ടിരിക്കെ നികിതയ്ക്കു തോന്നി.

നികിത സോഫയിൽനിന്നു സൂക്ഷിച്ചു വഴുതിയിറങ്ങി. അച്ഛന്റെ മേശയിൽനിന്നു് ഒരു ചെറിയ തുണ്ടു് കടലാസെടുത്തു് വലിയ അക്ഷരങ്ങളിൽ കവിതയെഴുതാൻ തുടങ്ങി:

കാടേ നീയെൻ കാടാണെൻ—
മായാലോകം നീതന്നെ,
പക്ഷിമൃഗാദികൾ നൂറുകണക്കിനു
നിന്നുടെ മാറിൽ വാഴുന്നു,
വിചിത്രമാനുഷർ മന്ത്രിക്കുന്നു
പുളകം പകരും വചനങ്ങൾ,
കാടേ നീയെൻ മനംകവർന്നു
സ്നേഹിക്കുന്നു ഞാൻ നിന്നെ....

കാടിനെപ്പററി കൂടുതലെഴുതാൻ പ്രയാസമായിരുന്നു. പേനത്തുമ്പു കടിച്ചുകൊണ്ടു് നികിത മച്ചിലേക്കു നോക്കി. അവനെഴുതിയ വാക്കുകൾ പോലും അല്പംമുമ്പു് അവന്റെ ഉള്ളിൽനിന്നു സ്വയമേവ പാടിക്കൊണ്ടു പുറത്തുചാടാൻ ശ്രമിച്ച വാക്കുകളായിരുന്നില്ല. എന്നാൽപ്പോലും വായിച്ചുനോക്കിയപ്പോൾ നികിതയ്ക്കു് അതിഷ്ടപ്പെട്ടു. അവൻ കടലാസ്സു് എട്ടായി മടക്കി കീശയിലിട്ടു. അവൻ തീന്മുറിയിലേക്കു പോയി. ലീല അവിടെ ജനാലയ്ക്കടുത്തു് തുന്നിക്കൊണ്ടിരിക്കുന്നുണ്ടായി

രുന്നു. കടലാസുമായി പോക്കററിലിട്ടിരുന്ന കയ്യിൽ വിയർപ്പു പൊടിഞ്ഞു. ആ കവിത അവളെ കാണിക്കണോ വേണ്ടയോ എന്നു തീരുമാനിക്കാൻ എന്തുകൊണ്ടോ അവനു കഴിഞ്ഞില്ല.

തണുപ്പുകൊണ്ടു കരുവാളിച്ച്, വീർത്ത മൂക്കുമായി വീക്തൊർ സന്ധ്യയായപ്പോഴം വീട്ടിൽ വന്നു. ആന്ന അപ്പൊള്ളോസൊവ്ന കൈ ചേർത്തടിച്ചുകൊണ്ടു പറഞ്ഞു:

''അവർ വീണ്ടും അവന്റെ മൂക്കൊടിച്ചു! നീ ആരോടാണു വഴക്കിട്ടതു്? ഈ നിമിഷം പറയണം.''

''ഞാനാരോടും വഴക്കിട്ടില്ല. എന്റെ മൂക്കു തനിയെ വീർത്തതാണു്,'' വീക്തൊർ വിഷണ്ണനായി പറഞ്ഞു: അവൻ തന്റെ മുറിയിലേക്കു പോയി മെത്തയിൽ കിടന്നു.

നികിത അകത്തു കയറി അവന്റെയടുത്തേക്കു ചെന്നു് അടുപ്പിനു സമീപം നിന്നു. സൂചി കൊണ്ടു കുത്തിപ്പുറത്തെടുത്തതുപോലെ ഹരിതാഭമായ ആകാശത്തിൽ ചുരുക്കം ചില നക്ഷത്രങ്ങൾ പ്രത്യക്ഷപ്പെട്ടു.

''കാടിനെക്കുറിച്ചുള്ള ഒരു കവിത ഞാൻ വായിക്കുന്നതു നിനക്കു കേൾക്കണോ?'' നികിത ചോദിച്ചു.

വീക്തൊർ തോൾ ചലിപ്പിച്ചുകൊണ്ടു് കാൽ രണ്ടും കട്ടിൽപ്പടിയിൽ വച്ചു.

''നീ ആ സ്ത്യോപ്ക്ക കർനൗഷ്കിനോടു പറ

ഞ്ഞേതരു്, ഇനി ഒരിക്കലും എൻെറ അടുത്തു വരാതിരിക്കുകയാണു് അവനു നല്ലതെന്നു്.''

''നിനക്കറിയാമോ, ഒരു പ്രത്യേക കാടിനെക്കുറിച്ചുള്ളതാണു് ഈ കവിത,'' നികിത പറഞ്ഞു. ''കാണാൻ പററില്ലെങ്കിലും എല്ലാവർക്കും അറിയാവുന്നതാണു് ഈ കാട്ടു്. മനസ്സിനു വിഷമമുണ്ടെങ്കിൽ ഈ കാടിനെപ്പററി വായിച്ചാൽ മതി ഉന്മേഷം തോന്നാൻ. അതുമല്ലെങ്കിൽ, നിനക്കറിയാമല്ലൊ, ചിലപ്പോഠം നമ്മഠം വളരെ നല്ല എന്തോ ഒന്നു് സ്വപ്നത്തിൽ കാണും. എന്താണെന്നറിഞ്ഞുകൂടാ. പക്ഷെ നല്ല ഒന്നാണതു്. ഉണരുമ്പോഠം അതെന്താണെന്നു് ഓർമ്മിക്കാൻ പററുന്നില്ല... മനസ്സിലായില്ലേ?''

''ഇല്ല, മനസ്സിലായില്ല,'' വീക്തൊർ പറഞ്ഞു. ''എനിക്കു നിൻെറ കവിതകളും കേഠക്കണ്ട.''

നികിത നെടുവീർപ്പിട്ടു. അല്പനേരം കൂടി അടുപ്പിനടുത്തു നിന്നിട്ടു് അവൻ പുറത്തിറങ്ങി. അടുപ്പിലെ തീ വെളിച്ചം വീശിയിരുന്ന വലിയ ഹാളിൽ ചെന്നായുടെ തോലുകൊണ്ടു മൂടിയ ഒരു പെട്ടിപ്പുറത്തിരുന്നു് ലീല തീജ്വാലകഠം തത്തിക്കളിക്കുന്നതു നോക്കിയിരിക്കുകയായിരുന്നു.

നികിത പെട്ടിപ്പുറത്തു് അവളുടെയടുത്തു ചെന്നിരുന്നു. അടുപ്പിലെ ചൂടിൻേറയും അവിടെ തൂങ്ങിക്കിടന്നിരുന്ന ഓവർക്കോട്ടുകളുടേയും മണം ഹാളിൽ തങ്ങിനിന്നിരുന്നു. കൂടാതെ അതിലെ

വലിയ അലമാരിക്കകത്തെ പഴയ സാധനങ്ങ ളിൽനിന്നും വിഷാദമധുരമായ ഒരു ഗന്ധം അവി ടെ പ്രസരിച്ചിരുന്നു.

''നമുക്കല്പം സംസാരിക്കാം,'' ലീല ചിന്താ വിഷ്ടയായി പറഞ്ഞു. ''രസമുള്ള എന്തെങ്കിലും എന്നോടു പറയൂ.''

''ഞാൻ ഈയിടെ കണ്ട ഒരു സ്വപ്നത്തെപ്പററി പറയട്ടെ?''

''പറയൂ. ആ സ്വപ്നത്തെപ്പററി പറയൂ.''

നികിത തന്റെ സ്വപ്നത്തെക്കുറിച്ച് അവ ളോടു പറയാൻ തുടങ്ങി—പൂച്ചയെക്കുറിച്ചും ജീവൻവച്ച ചിത്രങ്ങളെക്കുറിച്ചും താൻ എങ്ങിനെ പറന്നുവെന്നും മച്ചിനടുത്തു കൂടി പറന്നപ്പോൾ താൻ കണ്ടതെന്താണെന്നുമെല്ലാം അവൻ പറഞ്ഞു. ലീല കാലിൽ മുറിവുവച്ചുകെട്ടിയ പാവയെ മടിയിലിരുത്തിക്കൊണ്ട് അവൻ പറഞ്ഞതെ ല്ലാം സശ്രദ്ധം കേട്ടു.

അവൻ പറഞ്ഞവസാനിപ്പിച്ചപ്പോൾ അവൾ അവന്റെ നേരെ തിരിഞ്ഞു. ഭയവും ജിജ്ഞാസ യും മൂലം അവളുടെ കണ്ണുകൾ വികസിച്ചിരുന്നു.

''എന്തായിരുന്നു ആ പാത്രത്തിൽ?'' അവൾ അടക്കിയ സ്വരത്തിൽ ചോദിച്ചു.

''എനിക്കറിഞ്ഞുകൂടാ.''

''രസമുള്ള എന്തെങ്കിലും അതിൽ കാണാതി രിക്കില്ല.''

''പക്ഷെ ഞാനതു സ്വപ്നത്തിൽ കണ്ടതാണു്.''

''അതു സാരമില്ല. നീ എന്നാലും നോക്കണ്ടതായിരുന്നു. നീ ഒരാണാണു്. നിനക്കു് ഒന്നും മനസ്സിലാവുകയില്ല. ഞാൻ ചോദിക്കട്ടെ, ഇവിടെ വാസ്തവത്തിൽ അത്തരമൊരു പാത്രമുണ്ടോ?''

''ഞാൻ കണ്ടതുപോലുള്ള ഒരു ഘടികാരമുണ്ടു്. പക്ഷെ പാത്രം കണ്ടതായി ഞാനോർക്കുന്നില്ല. ഘടികാരം മുത്തച്ഛന്റെ മുറിയിലാണു്. അതു നടക്കുന്നില്ല.''

''നമുക്കു പോയി നോക്കാം.''

''അവിടെ ഇരുട്ടാണു്.''

''നമുക്കു ക്രിസ്തുമസ്സ്്വൃക്ഷത്തിൽനിന്നു് ഒരു വിളക്കെടുക്കാം. പോയി വിളക്കെടുക്കു്. ഒന്നെടുത്തുകൊണ്ടുവാ.''

നികിത വിരുന്നുമുറിയിലേക്കോടി. നിറമുള്ള അഭ്രക്കടലാസോടു കൂടിയ ഒരു വിളക്കു് ക്രിസ്തുമസ്സ്്വൃക്ഷത്തിൽ നിന്നുമെടുത്തു് ഹാളിലേക്കു മടങ്ങി.

ലീല ഒരു വലിയ കമ്പിളിപ്പുതപ്പെടുത്തു പുതച്ചു. അവർ പതുങ്ങിപ്പതുങ്ങി ഇടനാഴിയിലേക്കും അവിടന്നു് വേനൽക്കാലമുറികളിലേക്കും കടന്നു. ഇരുളടഞ്ഞു് ഉയരം കൂടിയ വിരുന്നുമുറിയുടെ ജനാലകളിൽ മഞ്ഞു് കട്ടിയിൽ ഉറഞ്ഞുപിടിച്ചിരുന്നിരുന്നു. നിലാവെളിച്ചത്തിൽ മരക്കൊമ്പുകളുടെ കനത്ത കരിനിഴലുകൾ അവയിൽ പതിഞ്ഞി

രുന്നു. അവിടം വളരെ തണുത്തിരുന്നു. അഴകിയ ആപ്പിൾപ്പഴത്തിന്റെ മണം അവിടെ തങ്ങിനിന്നു. അടുത്ത മുറിയിലേക്കുള്ള ഓക്കുമരക്കതകു് അല്പം തുറന്നിരുന്നു.

''ഘടികാരം അവിടാണോ?'' ലീല ചോദിച്ചു.

''അല്ല. അതിനപ്പുറം മൂന്നാമത്തെ മുറിയിലാണു്.''

''നികിതേ, നിനക്കു് ഒന്നിനേയും പേടിയില്ലേ?''

നികിത കതകു വലിച്ചുതുറന്നു. അതു് കറകറ ശബ്ദം പുറപ്പെടുവിച്ചു. വിജനമായ മുറികളിൽ ആ ശബ്ദം മുഴങ്ങി. ലീല നികിതയുടെ കൈ മുറുകിപ്പിടിച്ചു. വിളക്കു് ഇളകി. ചുവപ്പും മഞ്ഞയും കലർന്ന അതിന്റെ രശ്മികൾ ചുമരുകളിന്മേൽ ചലിച്ചുകൊണ്ടിരുന്നു.

കുട്ടികൾ പെരുവിരലിൽ നടന്നു് അടുത്ത മുറിയിൽ പ്രവേശിച്ചു. ഇവിടെ ജനാലകളിലൂടെ വന്ന നിലാവെളിച്ചം നീലവർണ്ണത്തിലുള്ള ചതുരങ്ങളായി തറയിൽ പതിഞ്ഞുകിടന്നിരുന്നു. വരകളോടുകൂടിയ ചാരുകസേരകൾ ഭിത്തിക്കരികിൽ ചേർന്നുകിടന്നിരുന്നു. കോണങ്കാലുകളോടുകൂടിയ സോഫ മൂലയ്ക്കു കിടപ്പുണ്ടു്. നികിത അന്ധാളിച്ചു. അവൻ ഒരിക്കൽ കണ്ടതുപോലെതന്നെയായിരുന്നു ആ മുറി.

''അവർ നമ്മെ നോക്കുകയാണു്,'' ഭിത്തിയിലുള്ള വൃദ്ധന്റേയും വൃദ്ധയുടേയും ചിത്രങ്ങൾ

ചൂണ്ടിക്കാട്ടിക്കൊണ്ടു് ലീല അടക്കിയ സ്വരത്തിൽ പറഞ്ഞു.

കുട്ടികഠം മുറിയിലൂടെ ഓടിമററു കതകുകഠം തുറന്നു. മുറി നിറയെ നിലാവെളിച്ചം പരന്നു. പുസ്തകഷെൽഫുകളുടെ ചില്ലുവാതിലുകളും അവയുടെ സ്വർണ്ണംപൂശിയ പിടികളും തിളങ്ങുന്നുണ്ടായിരുന്നു. തീത്തിണ്ണയ്ക്കു മുകളിൽ കുതിരസവാരിക്കുള്ള വസ്ത്രമണിഞ്ഞിരുന്ന സ്ത്രീ നിഗൂഢമായി പുഞ്ചിരി തൂകി.

''അതാരാണു്?'' നികിതയുടെ അടുത്തു വന്നു് ലീല ചോദിച്ചു.

''അതവരാണു്,'' അവൻ അടക്കിപ്പറഞ്ഞു.

ലീല തലയാട്ടി. മുറിയുടെ ചുററും നോക്കുന്നതിനിടയിൽ അവഠം പെട്ടെന്നു വിളിച്ചുപറഞ്ഞു:

''അതാ പാത്രം, നോക്കു്, നികിതാ, അതാ പാത്രം!''

മുറിയുടെ അങ്ങേത്തലയ്ക്കു് ഒരു ഈട്ടിപ്പെട്ടിക്കുള്ളിൽ ഒരു ഉയർന്ന ഘടികാരമിരിക്കുന്നു. അതിൻെറ ദോലകം നിശ്ചലമായി തൂങ്ങിക്കിടക്കുകയാണു്. ഘടികാരത്തിനു മുകളിൽ ചിത്രവേല ചെയ്ത രണ്ടു കൊച്ചു മരസ്തൂപങ്ങളുടെ നടുവിലായി സിംഹത്തിൻെറ തലയോടുകൂടിയ ഒരു ഓട്ടുപാത്രമിരിക്കുന്നു. നികിത എന്തുകൊണ്ടോ ഇതിനു മുമ്പൊരിക്കലും അതു കണ്ടിരുന്നില്ല. പക്ഷെ ഇപ്പോളവനു മനസ്സിലായി. അവൻ സ്വപ്നത്തിൽ കണ്ട പാത്രമാണതു്. അവൻ ഒരു കസേര ഘടി

കാരത്തിനെതിരെ ഇട്ടു് അതിൻെറ മുകളിൽ കയറി. പെരുവിരലിൽ നിന്നുകൊണ്ടു് അവൻ പാത്രത്തിൽ കയ്യിട്ടു. അതിനടിയിൽ പൊടിയും കട്ടിയുള്ള എന്തോ ഒരു സാധനവും കിടന്നിരുന്നു.

''എനിക്കു കിട്ടി,'' അവൻ പറഞ്ഞു. അതു കയ്യിൽ മുറുക്കിപ്പിടിച്ചുകൊണ്ടു് അവൻ നിലത്തേക്കു ചാടി. ആ നിമിഷത്തിൽ എന്തോ ഒന്നു് പുസ്തകഷെൽഫിൻെറ പിന്നിൽനിന്നു് അവൻെറ നേരെ ചീറിവന്നു. രണ്ടു വയലററ് കണ്ണുകരം തിളങ്ങി. പഠനമുറിയിൽ എലിയെ പിടിക്കാൻ വന്ന വസീലിയ് വസീല്യെവിച്ച് എന്ന പൂച്ച പുറത്തേക്കു ചാടി.

ലീല കൈ വീശിക്കൊണ്ടോടി. നികിത പിന്നിലും. ആരുടെയോ കൈ തലയിൽ മുട്ടുന്നതുപോലെ അവനു തോന്നി. അത്ര ദുസ്സഹമായിരുന്നു അതു്. പൂച്ച കുട്ടികളെ മറികടന്നു് വാലു താഴ്ത്തിയിട്ടുകൊണ്ടു് നിലാവു വീശിയ മുറികളിലൂടെ നിശ്ശബ്ദം ഓടിപ്പോയി.

കുട്ടികരം ഹാളിലേക്കോടി വീണ്ടും പെട്ടിപ്പുറത്തു ചെന്നിരുന്നു. ഭയംകൊണ്ടു ശ്വാസം വീണ്ടെടുക്കാൻ അവർ വിഷമിച്ചു. ലീലയുടെ കവിളുകരം നീറി.

''എന്താണതു്?'' നികിതയുടെ കണ്ണിലേക്കു നോക്കിക്കൊണ്ടു് അവരം ചോദിച്ചു.

അവൻ കൈ തുറന്നു. നീലക്കല്ലോടുകൂടിയ ഘനം കുറഞ്ഞ ഒരു മോതിരം അവൻെറ കൈപ്പ



ത്തിയിൽ ഇരുന്നിരുന്നു. അത്ഭുതസ്തബ്ധയായി ലീല കയ്യടിച്ചു.

''ഒരു മോതിരമോ!''

''ഇതൊരു മന്ത്രമോതിരമാണ്,'' നികിത പറഞ്ഞു.

''നോക്കു്. നാമിതു് എന്താണു ചെയ്യാൻ പോകുന്നതു്?''

നികിത നെററിചുളിച്ചു. അവളുടെ കൈ പിടിച്ചു് ചൂണ്ടുവിരലിൽ മോതിരം തിരുകിയിടാൻ തുടങ്ങി.

''വേണ്ട. എന്തിനു നീ എനിക്കു തന്നു?'' ലീല ചോദിച്ചു. അവരം ആ കല്ലിലേക്കു നോക്കി പുഞ്ചിരിക്കുകയും നെടുവീർപ്പിടുകയും ചെയ്തു. നികിതയുടെ കഴുത്തിൽ കയ്യിട്ടുകൊണ്ടു് അവരം അവനെ ചുംബിച്ചു.

നികിതയുടെ മുഖം വല്ലാതെ തുടുത്തു. അവനു് അടുപ്പിനരികിൽനിന്നു മാറിനിൽക്കേണ്ടി വന്നു. ആവുന്നത്ര ധൈര്യം സംഭരിച്ചു് അവൻ പറഞ്ഞു:

''ഇതും നിനക്കാണു്.'' എട്ടായി മടക്കിയ ചുക്കിച്ചുളിഞ്ഞ ഒരു കടലാസ്സു് അവൻ പോക്കററിൽനിന്നു വലിച്ചെടുത്തു ലീലയ്ക്കു കൊടുത്തു. അവൻ കവിത കുറിച്ച കടലാസ്സായിരുന്നു അതു്.

അവളതു തുറന്നു വായിച്ചു. അവളുടെ ചുണ്ടുകരം കഷ്ടിച്ചു ചലിക്കുക മാത്രമേ ചെയ്തിരുന്നുള്ളു. ചിന്താധീനയായി അവരം പറഞ്ഞു:

''നന്ദി, നികിത, എനിക്കു നിന്റെ കവിത വളരെ ഇഷ്ടപ്പെട്ടു.''

# അവസാനത്തെ രാത്രി

അന്നു വൈകുന്നേരം ചായ കുടിക്കുമ്പോൾ, അമ്മയും ആന്ന അപ്പൊള്ളോസൊവ്നയും പലതവണ പരസ്പരം നോക്കി. അമ്മ തോൾ ചലിപ്പിച്ചു. അർക്കാദിയ് ഇവാനൊവിച്ച് തൻെറ കണ്ണടയിലേക്കു തുറിച്ചുനോക്കിക്കൊണ്ടിരുന്നു. അദ്ദേഹത്തിൻെറ മുഖം നിർവ്വികാരമായിരുന്നെങ്കിലും അതു കണ്ടാൽ തോന്നും കൊന്നാൽപ്പോലും അദ്ദേഹം ഒരക്ഷരം മിണ്ടുകയില്ലെന്നു്. ആന്ന അപ്പൊള്ളോസൊവ്ന ക്രീമും ചൂടുവെണ്ണും കൂട്ടി അഞ്ചാമത്തെ കപ്പു ചായ കുടിച്ചുകഴിഞ്ഞു് മേശപ്പുറത്തു തൻെറ മുമ്പിലുള്ള കപ്പുകളും പിഞ്ഞാണികളും റൊട്ടിക്കഷണങ്ങളുമെല്ലാം നീക്കി അവരുടെ വലിയ കൈ മേശപ്പുറത്തു കമഴ്ത്തിവച്ചു.

‘‘ഇല്ലയില്ല, പ്രിയപ്പെട്ട അലെക്സാൻഡ്ര ലെയോന്ത്യെവ്ന,’’ അവർ തൻെറ കനത്ത ശബ്ദത്തിൽ പറഞ്ഞു. ‘‘ഞാൻ പറഞ്ഞതിൽനിന്നു ഒരിക്കലും പിന്മാറുകയില്ല: അധികമായാൽ അമൃതും വിഷമാണു്. അതുകൊണ്ടു്, കുട്ടികളേ,’’ അവർ തിരിഞ്ഞു് കുനി കൂടിയിരിക്കുന്ന വീക്തൊർ നിവർന്നിരിക്കാൻവേണ്ടി അവൻെറ പുറത്തു വിരൽകൊണ്ടു കുത്തിയിട്ടു പറഞ്ഞു, ‘‘നാളെ തിങ്കളാഴ്ചയാണു്. നിങ്ങളതുമറന്നെന്നു് എനിക്കറിയാം. ചായ കുടിച്ചു വേഗം പോയിക്കിടന്നു് ഉറങ്ങിൻ. നമ്മൾ നാളെ വെളുപ്പിനു പുറപ്പെടുകയാണു്.’’

വീക്തൊർ ഒന്നും മിണ്ടാതെ ചുണ്ടു നീട്ടി. അതവന്റെ മൂക്കിന്റെ അററവും കഴിഞ്ഞു് തള്ളി നിന്നു. ലീല ഉടൻ കണ്ണു താഴ്ത്തി അവളുടെ ചായക്കപ്പിന്റെ നേരെ കുനിഞ്ഞു. നികിതയുടെ കണ്ണിൽ അപ്പോഴത്തന്നെ വെള്ളം പൊടിച്ചു. വിളക്കിന്റെ ജ്വാലയിൽനിന്നും കിരണങ്ങൾ നാലുപാടും പ്രസരിച്ചു. അവൻ മുഖം തിരിച്ചു് വസീലിയ് വസീല്യെവിച്ചിനെ നോക്കി.

പൂച്ച കഴുകിവെടിപ്പാക്കിയ നിലത്തിരുന്നു കൊണ്ടു് കണ്ണു പാതിയടച്ചു് പിൻകാൽ തോക്കു പോലെ ഉയർത്തിപ്പിടിച്ചുകൊണ്ടു് തിരക്കിട്ടു നക്കിത്തുടങ്ങുകയായിരുന്നു. അതിനു പ്രത്യേകിച്ചു സന്തോഷമോ മുഷിച്ചിലോ തോന്നിയിരുന്നില്ല. അതിനു ധൃതി പിടിക്കേണ്ട കാര്യമൊന്നുമില്ലായിരുന്നു. അതു വിചാരിക്കുകയായിരുന്നു: ''നിങ്ങൾക്കെല്ലാം നാളെ വേലദിവസമാണു്. നാളെ നിങ്ങൾ വീണ്ടും കണക്കിലെ ചോദ്യങ്ങൾക്കു് ഉത്തരം കണ്ടുപിടിക്കാനും കേട്ടെഴുത്തു് എഴുതാനും തുടങ്ങും. പക്ഷെ പൂച്ചയായ ഞാൻ ഒരു വിശേഷദിവസവും ആഘോഷിച്ചില്ല. ഒരു കവിതയുമെഴുതിയില്ല. ഒരു പെൺകുട്ടിയേയും ചുംബിച്ചില്ല. എന്റെ നാളെയ്ക്കു് ഒരു കുഴപ്പവുമില്ല.''

വീക്തൊറും ലീലയും ചായ കുടിച്ചുകഴിഞ്ഞു. അമ്മയുടെ വക്രിക്കാൻ തുടങ്ങിക്കഴിഞ്ഞിരുന്ന തടിച്ച പുരികങ്ങൾ നോക്കിക്കൊണ്ടു് അവർ വന്ദിച്ചു് നികിതയോടൊപ്പം മുറി വിട്ടു.

…AYAM PUBLIC LIB…
KOTTAYAM.

''വീക്കെതാർ'' ആന്ന അപ്പൊള്ളോസൊവ്ന പുറകിൽനിന്നു വിളിച്ചുപറഞ്ഞു.

''എന്താണമ്മേ?''

''നീ എങ്ങിനെയാണു നടക്കുന്നതു്?''

''എന്താ സംഗതി?''

''നിന്നെ ഒരു ചരടിൽക്കെട്ടി വലിക്കുന്നതുപോലാണു നീ നടക്കുന്നതു്. ചുണയായി നടക്കു്. മുറിയിൽ വട്ടത്തിൽ കറങ്ങിനടക്കല്ലേ. അതാ അക്കാണുന്നതാണു വാതിൽ. നട്ടു നിവർത്തി നടക്കു്.... നിന്നെക്കൊണ്ടു ജീവിതത്തിൽ എന്തിനു കൊള്ളുമെന്നു് എനിക്കറിഞ്ഞുകൂടാ!''

കുട്ടികൾ പുറത്തു പോയി. പകുതി ഇരുളടഞ്ഞ ചൂടുള്ള മുറിയിൽ എത്തിയപ്പോൾ—നികിതയ്ക്കും വീക്കെതാറിനും അവിടന്നു വലത്തോട്ടു തിരിഞ്ഞാണു പോകേണ്ടിയിരുന്നതു്—നികിത ലീലയുടെ മുമ്പിൽച്ചെന്നുനിന്നു് ചുണ്ടു കടിച്ചുകൊണ്ടു ചോദിച്ചു:

''നീ വേനൽക്കാലത്തു് ഞങ്ങളെ വന്നുകാണുമോ?''

''അതമ്മയെ ആശ്രയിച്ചിരിക്കും,'' നേരിയ സ്വരത്തിൽ കണ്ണുകളുയർത്താതെ ലീല പറഞ്ഞു.

''നീ എനിക്കെഴുതുമോ?''

''ഉവ്വു്. ഞാൻ നിനക്കു കത്തെഴുതാം, നികിത.''

''എന്നാൽ ശരി, പോകട്ടെ.''

''പോകട്ടെ, നികിത.''

ലീല മുടിയിലെ ബോ കുടഞ്ഞുകൊണ്ടു് അവളുടെ കൈ നീട്ടി. വിരൽത്തുമ്പുകരം മാത്രമേ അവരം നൽകിയുള്ളു. പിന്നീടവരം തിരിഞ്ഞുനോക്കാതെ തൻെറ മുറിയിലേക്കു പോയി. നിവർന്നു് ചുവടുതെററാതെയാണു് അവരം നടന്നതു്. അവരം നടന്നകലുമ്പോരം അവളുടെ ചിന്ത എന്തിനെക്കുറിച്ചാണെന്നു് ഊഹിക്കാൻ സാദ്ധ്യമല്ലായിരുന്നു. ''വളരെ വളരെ അടക്കമുള്ള പ്രകൃതമാണു് അവളുടേതു്'' എന്നു് ആന്ന അപ്പൊാള്ളോസൊവ്നു പറയുമായിരുന്നു.

വീക്തൊർ സ്വയം പിറുപിറുത്തുകൊണ്ടു് പുസ്തകങ്ങളും കളിക്കോപ്പുകളും കൂടസ്സുകത്താക്കുകയും ചില പടങ്ങരം ഇളക്കിയെടുത്തു് ഒരു ചെറിയ പെട്ടിക്കകത്തു വയ്ക്കുകയുമായിരുന്നു. അവൻ പേനാക്കത്തി അന്വേഷിച്ചു് മേശയുടെ ചുവട്ടിൽ നിരങ്ങി. ഈ സമയത്തൊന്നും നികിത ഒരക്ഷരവും മിണ്ടിയില്ല. വേഗം വസ്ത്രമഴിച്ചിട്ടു് അവൻ കിടക്കയിൽ കയറിക്കിടന്നു പുതപ്പുകൊണ്ടു തലമൂടി ഉറക്കം നടിച്ചു.

അവനു തോന്നി ലോകം അവസാനിച്ചെന്നു്. ഉറക്കം അവനെ കീഴടക്കിയപ്പോരം ചുമരിൽപ്പതിഞ്ഞ നിഴൽ പോലെ മുടിയിൽക്കെട്ടിയ ഒരു കുററൻ ബോ അവൻ കണ്ടു. അതവൻ ജീവിതത്തിൽ ഒരിക്കലും മറക്കുകയില്ല. ഉറക്കത്തിൽ അവൻ പലരുടേയും സംസാരം കേട്ടു. ആരോ അവൻെറ കിടക്കുക്കരികിൽ വന്നു. സംസാരം

വീണ്ടും അകന്നകന്നുപോയി. മനുഷ്യഹസ്തങ്ങരം പോലെ ചൂടുപകരുന്ന ശിഖരങ്ങളും കൂററൻ മരങ്ങളും ഇടതിങ്ങിനില്ക്കുന്ന കുററിക്കാടു നിഷ്പ്ര യാസം തനിക്കു വഴിമാറിത്തരുന്നതും അതിനിട യിലൂടെ ഒരു ചെമ്മൺപാത നീണ്ടുകിടക്കുന്നതും അവൻ കണ്ടു. വെളിച്ചം തട്ടി ചെന്നിറം പൂണ്ട ആ വിചിത്രവനം അസാധാരണമാംവണ്ണം സുഖ കരമായിരുന്നു. ഇതിനു മുമ്പൊരിക്കലും അനു ഭവപ്പെടാത്ത ഏതോ ഒരു ദുഃഖം നിമിത്തം അവ നു പൊട്ടിക്കരയാൻ തോന്നി. പെട്ടെന്നു് സ്വർ ണ്ണക്കണ്ണുടെ വച്ച ഒരു റെഡ് ഇന്ത്യാക്കാരൻ ഇല കരംക്കിടയിലൂടെ തല പുറത്തേക്കിട്ടു. ''ഓ, നീ ഇപ്പോഴും ഉറങ്ങുകയാണു്,'' ഇടിനാദംപോലെ ആ തല ഗർജ്ജിച്ചു.

നികിത കണ്ണു തുറന്നു. ചൂടു പകരുന്ന പ്രഭാ തവെളിച്ചം അവൻെറ മുഖത്തു പതിച്ചു. കട്ടിലിന രികിൽ ഒരു പെൻസിലിൻെറ അററം മൂക്കത്തു തട്ടിക്കൊണ്ടു് അർക്കാദിയ് ഇവാനൊവിച്ച് നില്ക്കുന്നുണ്ടായിരുന്നു.

''എഴുന്നേല്ക്കു്, എഴുന്നേല്ക്കു്, കൊച്ചുതെ മ്മാടി!''

## വേർപാടു്

ജനുവരി അവസാനം നികിതയുടെ അച്ഛൻ വസീലിയ് നിക്കീത്യെവിച്ച് വീട്ടിലേക്കു് ഒരു കത്തെഴുതി.

''...ഞാൻ ആകെ കുഴങ്ങിയിരിക്കുകയാണു്, പ്രിയപ്പെട്ട സാഷ. തറവാട്ടുസ്വത്തുസംബന്ധമായ കാര്യങ്ങളുടെ പുറകെ എനിക്കു് ഇനിയും വളരെ നാരം നടക്കണമെന്നാണു തോന്നുന്നതു്. അതു സംബന്ധിച്ചു് എനിക്കു മോസ്കോ വരെ പോകേണ്ടിവരുമെന്നു തോന്നുന്നു. ഏതായാലും നൊയമ്പാകുമ്പോഴേക്കു ഞാനവിടെ എത്താം...''

എഴുത്തു വായിച്ചു് അമ്മ വളരെ സങ്കടപ്പെട്ടു. രാത്രി അമ്മ അതു് അർക്കാദിയ് ഇവാനൊവിച്ചിനെ കാണിച്ചു.

''ആ സ്വത്തുകാര്യംകൊണ്ടു ഞാൻ മടുത്തു,'' അമ്മ പറഞ്ഞു. ''ഇത്രയേറെ ബുദ്ധിമുട്ടാണെങ്കിൽ അതെനിക്കു വേണ്ട. ശീതകാലം മുഴുവൻ ഞങ്ങരം തമ്മിൽ വേർപിരിഞ്ഞിരിക്കുകയാണു്. നികിത അവൻെറ അച്ഛനെ മറന്നുതുടങ്ങിയെന്നുപോലും ചിലപ്പോരം എനിക്കു തോന്നാറുണ്ടു്.''

അമ്മ മുഖം തിരിച്ചു് മഞ്ഞുമൂടിയ കറുത്ത ജനാലയിലേക്കു തുറിച്ചുനോക്കി. വെളിയിൽ ഇരുട്ടായിരുന്നു. തണുപ്പിൻെറ കാഠിന്യം നിമിത്തം തോട്ടത്തിലെ മരങ്ങളിൽ വിടവു വീഴുകയും മച്ചിലെ ഉത്തരങ്ങരം വീടു മുഴുവൻ കുലുങ്ങുമാറു് ഞരങ്ങുകയും ചെയ്തു. രാവിലെ മഞ്ഞിൽ കുരുവികരം ചത്തുകിടക്കുന്നതു കാണാം. അമ്മ ത്തുവാലകൊണ്ടു് കണ്ണുതുടച്ചു.

''അതെ, വേർപാടു്, വേർപാടു്,'' അർക്കാദിയ് ഇവാനൊവിച്ചു് മന്ത്രിച്ചു. അദ്ദേഹം

പ്രത്യക്ഷത്തിൽ തൻെറ സ്വന്തം വിരഹത്തെക്കുറിച്ച ചിന്തിക്കുകയായിരുന്നു. അദ്ദേഹത്തിൻെറ കൈ ഒരു കത്തിനുവേണ്ടി പോക്കററിൽ തപ്പിത്തുടങ്ങി.

ആ നിമിഷത്തിൽ നികിത തെക്കേ അമേരിക്കയുടെ ഒരു ഭൂപടം വരയ്ക്കുകയായിരുന്നു. അന്നു പകൽസമയത്ത് അമ്മ അവനോട്ട് ദീർഘനേരം സംസാരിക്കുകയുണ്ടായി. അമ്മയ്ക്ക് കോപം വന്നു. ഒഴിവുകാലത്ത് അവൻ മടിയനായിത്തീർന്നെന്നും വെറുതെ അലഞ്ഞുതിരിഞ്ഞു നടക്കുകയായിരുന്നെന്നും നാട്ടുമ്പുറത്തെവിടെയെങ്കിലും ഒരു ക്ലാർക്കോ ബെസെൻചുക്ക് സ്റ്റേഷനിലെ ഒരു ടെലഗ്രാഫ് ഓപ്പറേററോ ആകാനാണ് അവൻെറ ആഗ്രഹമെന്നു തോന്നുന്നുവെന്നും അമ്മ പറഞ്ഞു. ''ഒന്നിനും കൊള്ളാത്ത പടങ്ങൾക്കു പകരം നീ ഇന്നു രാത്രി തെക്കേ അമേരിക്കയുടെ ഒരു ഭൂപടം വരച്ച് എന്നെ കാണിക്കണം,'' അമ്മ പറഞ്ഞു.

നികിത അമേരിക്കയുടെ ഭൂപടം വരച്ചു. പക്ഷെ താൻ അച്ഛനെ യഥാർത്ഥത്തിൽ മറന്നോ എന്നതിനെക്കുറിച്ചായിരുന്നു ആ സമയം മുഴുവൻ അവൻെറ ആലോചന. ഇല്ല. അമസോൺ നദിയുടെ സ്ഥാനത്ത്, അക്ഷവും രേഖാംശവും സന്ധിക്കുന്ന സ്ഥലത്ത് അവൻ കണ്ടത് അവൻെറ അച്ഛൻെറ മുഖമാണ് — തുടുത്ത കവിളുകളോടും തിളങ്ങുന്ന കണ്ണുകളോടും പല്ലുകളോടും രണ്ടായി പകുത്ത കറുത്തിരുണ്ട താടിയോടും ഉച്ച

ത്തിൽ പൊട്ടിച്ചിരിക്കുന്ന ശബ്ദത്തോടും കൂടിയ ആഹ്ലാദഭരിതമായ ഒരു മുഖം. അച്ഛന്റെ വായിലേക്ക് ഉററുനോക്കിക്കൊണ്ട്, അച്ഛന്റെ കഥകൾ കേട്ട ചിരിച്ചുചിരിച്ച് മണിക്കൂറുകളോളം ഒററയിരുപ്പിൽ ഇരിക്കാനൊക്കും. നിരുത്തരവാദിത്വവും ചപലസ്വഭാവവും കാട്ടുന്നുവെന്നു പറഞ്ഞ് അമ്മക്കുട്ടികളുടെ അച്ഛനെ കുററപ്പെടുത്തുമായിരുന്നു. എന്നാൽ വാസ്തവത്തിൽ വളരെയേറെ ചുറുചുറുക്കുള്ള ഒരു പ്രകൃതമായിരുന്നു അച്ഛന്റേത്. ഉദാഹരണത്തിന് അദ്ദേഹത്തിനു പെട്ടെന്ന് ഒരു ഭൂതോദയം വരും, പറമ്പിലെ മൂന്നു കുളങ്ങൾ നിറച്ചുള്ള തവളകൾ പാഴായിപ്പോവുകയാണെന്ന്. അവയ്ക്കു തീററ കൊടുത്തു വളർത്തി വലിയ വീപ്പകളിലാക്കി ഉപ്പിലിട്ട് പാരീസിലേക്കയയ്ക്കേണ്ട വിധത്തെപ്പററി സംസാരിച്ച് അദ്ദേഹം പല രാത്രികൾ കഴിച്ചുകൂട്ടും. ഇതെല്ലാം കേട്ട് കണ്ണിൽ വെള്ളം നിറയുന്നതുവരെ ചിരിക്കുന്ന അമ്മയോട് അച്ഛൻ പറയും. ''നിനക്കു ചിരിക്കാം. പക്ഷെ ഈ തവളകൾകൊണ്ട് ഞാൻ എത്ര പണമുണ്ടാക്കുന്നുവെന്നു കണ്ടോ.'' ഒരു കുളത്തിന്റെ ഒരു ഭാഗം വേലികെട്ടി മറയ്ക്കാനും തവളകളെ ഇടാനുള്ള കൂടുകളുണ്ടാക്കാനും അച്ഛൻ ഏർപ്പാടു ചെയ്തു. അവയ്ക്കു തീററ കൊടുക്കാനായി ഒരുതരം കുഴമ്പുണ്ടാക്കി. പരീക്ഷണാർത്ഥം ചില തവളകളെ വീട്ടിൽ കൊണ്ടുവന്നു. ഒന്നുകിൽ തവളകളേയോ അല്ലെങ്കിൽ തന്നെയോ സ്വീകരിക്കണമെന്നും തനിക്കവ

യെ വലിയ ഭയമാണെന്നും നിറയെ തവളകളുള്ള ഒരു വീട്ടിൽ പാർക്കുകയെന്നതുതന്നെ അങ്ങേയററം വെറുപ്പിക്കുന്ന ഒരു കാര്യമാണെന്നും ഒടുവിൽ അമ്മ പറഞ്ഞു.

ഒരു ദിവസം അച്ഛൻ പട്ടണത്തിൽപ്പോയി അവിടന്ന് ഓക്കുമരം കൊണ്ടുള്ള പഴയ കതകുകളും ജനാലച്ചട്ടങ്ങളും വണ്ടികളിലാക്കി വീട്ടിലേക്കയച്ചു. അദ്ദേഹത്തിൻെറ കത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു: ''പ്രിയപ്പെട്ട സാഷ, തികച്ചും യാദൃച്ഛികമായി എനിക്കു തുച്ഛവിലയ്ക്കു് കുറെയധികം ജനാലച്ചട്ടങ്ങളും കതകുകളും വാങ്ങാൻ കഴിഞ്ഞു. കുന്നിൻ പുറത്തു് പോപ്ലാർമരങ്ങളുടെ ചുവട്ടിലായി ഒരു മണ്ഡപം കെട്ടുന്നതിനെപ്പററി നീ സ്വപ്നം കണ്ടിരുന്നില്ലേ. അതിനു പററിയ സാധനങ്ങളാണിവ. ഞാനൊരു തച്ചനെക്കണ്ടു സംസാരിച്ചു. നമുക്കു വേണമെങ്കിൽ തണുപ്പുകാലത്തു താമസിക്കാൻ കൂടി സൗകര്യമായ തരത്തിൽ ഒരു മണ്ഡപം പണിയണമെന്നാണു് അയാറം ശുപാർശചെയ്യുന്നതു്. എനിക്കു് ആ ആശയം വളരെ പിടിച്ചു. കാരണം, നമ്മുടെ വീടിരിക്കുന്നതു് ഒരു കുഴിയിലായതുകൊണ്ടു് ജനലുകളിൽനിന്നു നോക്കിയാൽ ഒന്നും കാണാനൊക്കില്ല.'' അമ്മ കരഞ്ഞതേയുള്ളു. കഴിഞ്ഞ മൂന്നു മാസമായി അർക്കാദിയ് ഇവാനൊവിച്ചിനു ശമ്പളം കൊടുത്തിട്ടില്ല. എന്നിട്ടിപ്പോറം കൂടുതൽ പണച്ചിലവു വരുത്തിവയ്ക്കാനാണു പുറപ്പാടു്... മണ്ഡപം പണിയുന്നതു് അമ്മ തീർത്തു

വിസമ്മതിച്ചു. ജനൽച്ചട്ടങ്ങളും കതകുകളും ഒരു മരപ്പുരയിൽ കിടന്നഴുകി. അങ്ങിനെയിരിക്കുമ്പോൾ അച്ഛനെ മററൊരു ജ്വരം പിടിപെട്ടു—കാർഷികപരിഷ്കരണം. വീണ്ടും ഭീമമായ നഷ്ടം. അദ്ദേഹം അമേരിക്കയിൽനിന്നു യന്ത്രം വരുത്തി. അച്ഛൻതന്നെ അതു സ്റ്റേഷനിൽപ്പോയി കൊണ്ടുവന്നു. അതു് എങ്ങിനെ കൈകാര്യംചെയ്യണമെന്നു പണിക്കാരെ പഠിപ്പിച്ചു ദേഷ്യം വന്നു. സകലരുടേയുംനേരെ തട്ടിക്കയറിക്കൊണ്ടു വിളിച്ചുപറഞ്ഞു: ''സൂക്ഷിച്ചു്, സൂക്ഷിച്ചു്.''

കുറേക്കഴിഞ്ഞു് അമ്മ ചോദിച്ചു: ''അപ്പോൾ ആ ഒന്നാന്തരം യന്ത്രത്തിനെന്തുപററി?''

''എന്തു പററി?'' ജനൽപ്പടിയിൽ കൊട്ടിക്കൊണ്ടു് അച്ഛൻ പ്രതിവചിച്ചു. ''അതൊരു നല്ല യന്ത്രമാണു്.''

''ഞാനതു കണ്ടു. അതു് ഷെഡ്ഡിൽ കിടക്കുകയാണല്ലൊ.''

അച്ഛൻ തോളിളക്കി. വേഗത്തിൽ താടി ഇരുഭാഗത്തേക്കും തടവാൻ തുടങ്ങി.

''അതു കേടുവന്നോ?'' അമ്മ ചോദിച്ചു.

''ആ വിഡ്ഢികൾ അമേരിക്കാക്കാർ ഓരോ നിമിഷത്തിലും കേടുവരുന്ന യന്ത്രങ്ങളാണു കണ്ടുപിടിക്കുന്നതു്,'' അച്ഛൻ ചിറിക്കൊണ്ടു പറഞ്ഞു. ''അതെൻെറ കുററമല്ല.''

അമസോൺ നദിയും അതിൻെറ ശാഖകളും വരച്ചുകൊണ്ടിരിക്കുമ്പോൾ നികിത അച്ഛനെ സ്റ്റേ

77056

ഹത്തോടും സന്തോഷത്തോടും കൂടി ഓർത്തു. അവന്റെ മനസ്സാക്ഷി തെളിഞ്ഞിരുന്നു. അവൻ അച്ഛനെ മറന്നെന്നു് അമ്മ പറഞ്ഞതു തെററാണു്.

പെട്ടെന്നു് വെടിപൊട്ടുന്നതു പോലെ ഒരു ശബ്ദം ഭിത്തിയിൽനിന്നു കേട്ടു. അമ്മ ഞെട്ടി ഉറക്കെ കിതച്ചുകൊണ്ടു്, തുന്നിക്കൊണ്ടിരുന്ന തുണി താഴെയിട്ടു. അലമാരിക്കടിയിൽ അഹീസ്ക്ക എന്ന മുള്ളൻപന്നി മുക്രയിടുകയും ദേഷ്യത്തിൽ സീൽക്കാരശബ്ദം പുറപ്പെടുവിക്കുകയും ചെയ്തു. നികിത അർക്കാദിയ് ഇവാനൊവിച്ചിനെ നോക്കി. വായിക്കുകയാണെന്നായിരുന്നു നാട്യമെങ്കിലും അദ്ദേഹം കണ്ണുകളടച്ചിരുന്നു. പക്ഷെ ഉറങ്ങുകയായിരുന്നില്ല. അർക്കാദിയ് ഇവാനൊവിച്ചിന്റെ കാര്യമോർത്തു് നികിത സങ്കടപ്പെട്ടു: എപ്പോഴും തന്റെ കാമുകിയായ പട്ടണത്തിലെ അദ്ധ്യാപിക വസ്സ നീളോവ്നയെക്കുറിച്ചായിരുന്നു പാവത്തിന്റെ ആലോചന. വേർപാടെന്നുവച്ചാലിതാണു്!

കയ്യിൽ കവിളമർത്തിക്കൊണ്ടു് നികിത തന്റെ സ്വന്തം വേർപാടിനെപ്പററി ചിന്തിക്കാൻ തുടങ്ങി. ഇതേ മേശയിലാണു ലീല ഇരുന്നിരുന്നതു്. ഇപ്പോൾ അവളിവിടെയില്ല. എത്ര ദുഃഖകരമാണിതു്—മുമ്പുണ്ടായിരുന്നവൾ ഇപ്പോൾ പൊയ്ക്കഴിഞ്ഞിരിക്കുന്നു. അവൾ പശ തുളുമ്പിക്കളഞ്ഞതിന്റെ പാടു് ഇപ്പോഴും മേശപ്പുറത്തു കാണാം. ആ ചുമരിൽ അവളുടെ തലമുടിയിലെ ബോവിന്റെ നിഴൽ പലപ്പോഴും പതിഞ്ഞിരുന്നു. ''ആ

നന്ദപ്രദമായ ദിവസങ്ങരം പറന്നകന്നിരിക്കുന്നു.''
തൻെറ മനസ്സിൽ പെട്ടെന്നു വന്ന അസാധാരണമാംവണ്ണം വിഷാദാത്മകമായ ഈ വാക്കുകളോർത്തപ്പോരം നികിതയുടെ തൊണ്ട വേദനിച്ചു. മറന്നുപോകാതിരിക്കാൻവേണ്ടി അമേരിക്കൻഭൂപടത്തിൻെറ ചുവട്ടിലായി അവനവ കുറിച്ചിട്ടു: ''ആനന്ദപ്രദമായ ദിവസങ്ങരം പറന്നകന്നിരിക്കുന്നു.'' അവൻ വര തുടർന്നു. അമസോൺ നദിയുടെ ഗതി അതു പോകാത്തിടത്തുകൂടി അവൻ വരച്ചു—പരാഗേവയും ഉരുഗേവയും കടന്ന് അതു ടിയെറ ഡെൽ ഫുയെഗൊയിൽ ചെന്നു മുട്ടി.

''അലെക്സാൻഡ്ര ലെയോന്ത്യെവ്ന, നിങ്ങരം പറഞ്ഞതു ശരിയാണെന്നു തോന്നുന്നു. ബെസെൻച്ചുക്ക് സ്റ്റേഷനിലെ ടെലഗ്രാഫിസ്റ്റാകാനാണ് ഈ പയ്യൻ പരിശീലിക്കുന്നത്,'' കിടുകിടുപ്പുണ്ടാക്കുന്ന വിധത്തിൽ, നിർവ്വികാരവും അക്ഷോഭ്യവുമായ സ്വരത്തിൽ അർക്കാദിയ് ഇവാനൊവിച്ച് പറഞ്ഞു. നികിത ഭൂപടത്തിൽ ചെയ്യുന്ന കാര്യങ്ങരം കുറെയധികനേരമായി അദ്ദേഹം നോക്കിയിരിക്കുകയായിരുന്നു.

## പണിദിവസത്തെ ജീവിതം

തണുപ്പിൻെറ കാഠിന്യം വർദ്ധിച്ചുവന്നു. ശീതക്കാററുകരം മരങ്ങളിന്മേലുള്ള പൊടിമഞ്ഞ് കുടഞ്ഞു വീഴ്ത്തി. നിലത്ത് മഞ്ഞിൻെറ മുകളിൽ

കട്ടിയുള്ള ഒരു അട്ടിവന്നു മൂടി. അതിന്മേൽക്കൂടി തണുപ്പും വിശപ്പുംകൊണ്ടു വലഞ്ഞ ചെന്നായ്ക്കൾ രാത്രികാലങ്ങളിൽ ഒററയ്ക്കും ജോടിയായും പറമ്പുവരെ വരുമായിരുന്നു.

ചെന്നായ്ക്കളുടെ മണമേൽക്കുമ്പോൾ ഷീറോക്കും കത്തോക്കും മുരളാനും വണ്ടിപ്പുരയുടെ ചുവട്ടിൽ പതുങ്ങാനും തുടങ്ങും. അവിടെയിരുന്നുകൊണ്ട് അവ ''ഊ—ൗ—ൗ'' എന്ന് ഉള്ള തുളച്ചുകയറുന്ന സ്വരത്തിൽ ഓരിയിടും.

ചെന്നായ്ക്കൾ ഉറങ്ങുകിടക്കുന്ന കുളം കടന്ന് മനുഷ്യവാസത്തിൻെറ മണംപിടിച്ചുകൊണ്ട് ഈററപ്പുല്ലിൽ വന്നുനിൽക്കും. കൂടുതൽ ധൈര്യമവലംബിച്ച് അവ തോട്ടത്തിലേക്കു കടന്ന് വീടിൻെറ മുമ്പിലുള്ള വെളിപ്രദേശത്തു വന്നിരിക്കും. ഇരുണ്ട് തണുത്തുറഞ്ഞ ജനാലകളിലേക്ക് തിളങ്ങുന്ന കണ്ണുകളോടെ തുറിച്ചുനോക്കിക്കൊണ്ട് തണുത്തുറഞ്ഞ ഇരുട്ടിലേക്ക് തല ഉയർത്തിപ്പിടിച്ച് മുരളുന്ന മട്ടിൽ അവ താഴ്ന്ന സ്വരത്തിൽ ഒച്ചവച്ചു തുടങ്ങും. ശബ്ദം കൂടുതൽ കൂടുതൽ ഉച്ചത്തിലായി അവസാനം വിശപ്പു സഹിക്കവെയ്യാതുള്ള അവയുടെ വിളി അനുസ്യൂതമായ, തുളച്ചുകയറുന്ന ഓരിയിടലായിത്തീരും....

ചെന്നായ്ക്കളുടെ ഈ ഓരിയിടലുകൾ കേട്ട് ഷീറോക്കും കത്തോക്കും വയ്ക്കോലിൽ തല പൂഴ്ത്തി ഭയംകൊണ്ട് ബോധം കെട്ട് വണ്ടിപ്പുരയുടെ ചുവട്ടിൽ കിടക്കുന്നുണ്ടാവും. പണിക്കാരുടെ പാർ

പ്പിടത്തിൽ പഹോം എന്ന ആശാരി അടുപ്പിൻെറ മുകളിൽ നീണ്ട ആട്ടിൻതോൽ കോട്ടു പുതച്ചുകൊണ്ടു് പകുതി ഉറക്കത്തിൽ അങ്ങോട്ടുമിങ്ങോട്ടും കിടന്നുരുണ്ടുകൊണ്ടു് പിറുപിറുക്കും:

''ദൈവമേ, എത്ര കടുത്തതാണു ഞങ്ങളുടെ പാപങ്ങൾ!''

വീട്ടിൽ പണി നടക്കുന്ന ദിസങ്ങളായിരുന്നു അവ. എല്ലാവരും നേരത്തെ എഴുന്നേൽക്കും. പ്രഭാതത്തിൻെറ രക്തവർണ്ണം കരിനീലനിറത്തിലുള്ള ജനാലകളിൽ തട്ടുമ്പോൾ തണുത്തുറഞ്ഞ മഞ്ഞുകൊണ്ടു മൂടിയ ജനാലകൾക്കു് അല്പംകൂടി തെളിച്ചം വയ്ക്കുകയും മുറിയുടെ മുകൾഭാഗത്തു വെളിച്ചം വരികയും ചെയ്യും.

വീട്ടിൽ അടുപ്പിൻെറ വാതിലുകൾ ഒച്ചയോടെ തുറക്കപ്പെട്ടു. അടുക്കളയിൽ തകരവിളക്കു് അപ്പോഴും കത്തിക്കൊണ്ടിരുന്നു. സമോവാറിൻേറയും ചൂടുള്ള റൊട്ടിയുടേയും മണം അവിടെ വ്യാപിച്ചിരുന്നു. പ്രാതലിനു് അവർ അധികസമയമെടുത്തില്ല. അമ്മ തീന്മുറിയിലെ മേശപ്പുറത്തു നിന്നു പാത്രങ്ങളെല്ലാം മാററി തയ്യൽ യന്ത്രം പുറത്തെടുത്തു. പെസ്ത്രാവ്ക്ക എന്ന ഗ്രാമത്തിൽനിന്നും ഒരു തയ്യൽക്കാരി അവിടെ വരാറുണ്ടായിരുന്നു—കൂനും മുഖത്തു വസൂരിക്കുത്തുമുള്ള സോന്യ. എപ്പോഴും നൂലു കടിച്ചുകടിച്ചു് അവരുടെ മുൻവശത്തെ ഒരു പല്ലു് തേഞ്ഞുപോയിരുന്നു. അന്നന്നാവശ്യമുള്ള പലതും അമ്മയും അവരും ചേർന്നു് തുന്നുമാ

യിരുന്നു. തുന്നിക്കൊണ്ടിരിക്കുന്നതിനിടയിൽ അവർ പതിഞ്ഞ സ്വരത്തിൽ സംസാരിക്കുകയും പടപടശബ്ദത്തോടെ കാലിക്കൊത്തുണി കീറുകയും ചെയ്യും. വിരസവും അല്പംപോലും താല്പര്യമുളവാക്കാത്തതുമായ ഒരു ഭാവമാണ് തയ്യൽക്കാരിസോന്യയ്ക്കുണ്ടായിരുന്നതു്. വർഷങ്ങളായി ഏതോ ഒരു അലമാരിയുടെ പിന്നിൽ കിടന്നിരുന്നു് പെട്ടെന്നൊരു ദിവസം കണ്ടുപിടിച്ച് അല്പമൊന്നു വെടിപ്പാക്കി തുന്നാനിരുത്തിയിരിക്കുകയാണെന്നു് അവരെ കണ്ടാൽ തോന്നുമായിരുന്നു.

ഈ ദിവസങ്ങളിൽ അർക്കാദിയ് ഇവാനൊവിച്ച് പഠിത്തക്കാര്യത്തിൽ കൂടുതൽ നിർബ്ബന്ധം ചെലുത്തിയിരുന്നു. അദ്ദേഹത്തിൻെറ ഭാഷയിൽ പറഞ്ഞാൽ മുന്നോട്ടൊരു കുതിച്ചുചാട്ടമാണു് അവർ നടത്തിയതു്: അവർ അജ്ഞേയററം മുഷിപ്പനായ ബീജഗണിതം തുടങ്ങി.

അങ്കഗണിതം പഠിക്കുമ്പോഠം നിരുപയോഗമെങ്കിലും രസകരമായ പലതിനെപ്പററിയും ചിന്തിക്കാൻ സാധിക്കും: എലി ചത്തു കിടക്കുന്ന തുരുമ്പെടുത്ത തൊട്ടികളിലേക്കു് മൂന്നു പൈപ്പുകളിലൂടെ വെള്ളമൊഴിക്കുന്നതിനെപ്പററി, അല്ലെങ്കിൽ, നിതാന്തനായ ''ഒരാഠം'' നീണ്ട മൂക്കോടുകൂടി, മെഴുകുശീലകൊണ്ടുള്ള കോട്ടുമിട്ടു് മൂന്നുതരം കാപ്പി കൂട്ടിക്കലർത്തുകയോ ഇത്രയിത്ര അട്ടിചെമ്പു വാങ്ങുകയോ ചെയ്തതിനെപ്പററി, അതുമല്ലെങ്കിൽ രണ്ടു തുണ്ടു തുണിയുമായിരിക്കുന്ന

ഭാഗ്യഹീനനായ ആ പഴയ കച്ചവടക്കാരനെപ്പററി, അങ്ങിനെ പലതും ചിന്തിക്കാനൊക്കും. എന്നാൽ ബീജഗണിതത്തിലാകട്ടെ, ഭാവനയ്ക്കു ഗ്രഹിക്കാനായി യാതൊന്നുമില്ലായിരുന്നു, സജീവമായ യാതൊന്നും അതിലില്ലായിരുന്നു. പുസ്തകത്തിൻെറ പുറംചട്ടയ്ക്കു് പശയുടെ മണമുണ്ടായിരുന്നുവെന്നതും അതിൻെറ നിയമങ്ങരം പറഞ്ഞുകൊടുക്കാൻ അർക്കാദിയ് ഇവാനൊവിച്ച് നികിതയുടെ കസേരയുടെ മീതെ മുഖം കുനിക്കുമ്പോരം കൂജപോലെ വട്ടത്തിലിരിക്കുന്ന അദ്ദേഹത്തിൻെറ മുഖം മഷിക്കുപ്പിയിൽ പ്രതിബിംബിച്ചിരുന്നുവെന്നതുമാണു് ആകെക്കൂടി രസകരമായ കാര്യങ്ങരം.

ചരിത്രത്തെപ്പററി സംസാരിക്കുമ്പോരം അർക്കാദിയ് ഇവാനൊവിച്ച് അടുപ്പിനു പുറംതിരിഞ്ഞാണു നിൽക്കാറു്. അദ്ദേഹത്തിൻെറ കറുത്ത ഫ്രോക്ക് കോട്ടും കൂർത്ത താടിയും സ്വർണ്ണക്കണ്ണടയും വെളുത്ത ഇഷ്ടികകളിൽ പ്രതിബിംബിച്ചു കാണാൻ അങ്ങേയററം കൗതുകമായിരുന്നു. പൊക്കംകുറഞ്ഞ പെപ്പിൻ എങ്ങിനെ സ്വസോനിൽ വച്ചു് ഒരു ഭോഷനെ വെട്ടിപ്പിളർന്നുവെന്നു് അദ്ദേഹം നികിതയോടു പറയുകയായിരുന്നു. അദ്ദേഹത്തിൻെറ കൈ വായുവിനെ ഭേദിച്ചുകൊണ്ടു് താഴോട്ടു് ആഞ്ഞുവീണു.

''നീ ഒരു കാര്യം മനസ്സിലാക്കണം,'' അദ്ദേഹം നികിതയോടു പറഞ്ഞു, ''പൊക്കംകുറഞ്ഞ പെപ്പിനെപ്പോലുള്ളവർ കീർത്തി നേടിയതു്

അവരുടെ അചഞ്ചലമായ ഇച്ഛാശക്തിയും ധൈര്യവും കൊണ്ടാണ്. ചിലരെപ്പോലെ അവർ പണിയെടുക്കുന്ന കാര്യത്തിൽ മടി കാണിച്ചില്ല. യാതൊന്നും എഴുതിയിട്ടില്ലാത്ത മഷിക്കുപ്പി നോക്കിയിരുന്നില്ല. 'എനിക്കു പററില്ല' അല്ലെങ്കിൽ 'ഞാൻ ക്ഷീണിച്ചു' എന്ന ലജ്ജാകരമായ വാക്കുകഠം അവർക്കു് അറിയാൻപോലും വയ്യായിരുന്നു. ബീജഗണിതത്തിന്റെ നിയമങ്ങഠം പഠിക്കുന്നതിനുപകരം അവർ നെററിയിൽ വീണുകിടക്കുന്ന തലമുടി പിരിച്ചുകൊണ്ടിരുന്നില്ല. അതുകൊണ്ടാണു്," താളുകഠംക്കിടയിൽ വിരൽ തിരുകിക്കൊണ്ടു് അദ്ദേഹം പുസ്തകമുയർത്തി, "അവർ ഇന്നു നമുക്കു് മാതൃകാപുരുഷന്മാരായിരിക്കുന്നതു്."

ഉച്ചയ്ക്കു ഭക്ഷണം കഴിഞ്ഞു് അമ്മ സാധാരണ അർക്കാദിയ് ഇവാനൊവിച്ചിനോടു പറയും:

"ഇന്നും പൂജ്യത്തിനു് ഇരുപതു ഡിഗ്രി താഴെയാണു താപനിലയെങ്കിൽ നികിതയ്ക്കു പുറത്തു പോകാൻ പററില്ല."

അർക്കാദിയ് ഇവാനൊവിച്ച് ജനലിന്നടുത്തു പോയി ഉഷ്ണമാപിനി വെളിയിൽ തൂങ്ങിക്കിടക്കുന്ന ഭാഗത്തു് കണ്ണാടിച്ചില്ലിൽ ഊതും.

"ഇരുപത്തൊന്നര, അലെക്സാൻഡ്ര ലെയോന്ത്യെവ്ന."

"എനിക്കു തോന്നി," അമ്മ പറഞ്ഞു. "നികിത, പോയി എന്തെങ്കിലും ചെയ്യ്."

നികിത അച്ഛന്റെ പഠനമുറിയിൽപ്പോയി

അടുപ്പിന്നു് ഏററവുമടുത്തുകിടക്കുന്ന തുകലിട്ട സോഫയിൽ കയറിയിരുന്നു് ഫെനിമോർ കൂപ്പറെഴുതിയ ഒരു മാന്ത്രികപുസ്തകമെടുത്തു തുറന്നു.

പഠനമുറിയിലെ തികഞ്ഞ നിശ്ശബ്ദത നിമിത്തം അവൻെറ ചെവിയിൽ വളരെ സൂക്ഷ്മമായി മാത്രം കേൾക്കാവുന്ന ഒരു മുഴക്കം കേട്ടു തുടങ്ങി. ആ ശബ്ദം കേട്ടുകൊണ്ടു സോഫയിലിരിക്കുമ്പോൾ എത്രയെത്ര അത്ഭുതകരമായ കഥകളാണു് ചിന്താപഥത്തിൽ ഉയർന്നുവരുന്നതു്. മഞ്ഞുറഞ്ഞ ജനാലകളിലൂടെ വെളുത്ത വെളിച്ചം മുറിക്കുള്ളിലേക്കു പ്രവഹിച്ചു. നികിത കൂപ്പറിൻെറ പുസ്തകം വായിച്ചു. ആദിയും അന്തവുമില്ലാതെ നീണ്ടുപരന്നു കിടക്കുന്ന പുൽപ്രദേശങ്ങളിൽ കാററത്തു മർമ്മരശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് തിരമാലകൾ പോലെ ഉലഞ്ഞാടുന്ന പച്ചപ്പുല്ലിനെ, നെററി ചുളിച്ചു ദീർഘനേരം കിടന്നുകൊണ്ടു് അവൻ ഭാവനയിൽ കണ്ടു. പുള്ളികളുള്ള കാട്ടുകുതിരകൾ. ആമോദത്തോടെ അവനെ നോക്കിയിട്ടു് ചിനച്ചുകൊണ്ടു് കുതിച്ചുപാഞ്ഞു. ഇരുളടഞ്ഞ ഗർത്തങ്ങൾ. വെള്ളച്ചാട്ടം. അതിൻെറ മുകളിൽ ഹ്യൂറോൺമാരുടെ തലവൻ കയ്യിൽ നീണ്ടൊരു തോക്കും പിടിച്ചു് യുദ്ധകവചധാരിയായി പഞ്ചാരയപ്പത്തിൻെറ ആകൃതിയിൽ കിഴക്കാംതൂക്കായി നിൽക്കുന്ന ഒരു പാറപ്പുറത്തു് നിശ്ചലനായി നിൽക്കുന്നു. നികിതയാണെങ്കിൽ ഒരു വനത്തിൻെറ നടുവിൽ ഒരു കൂററൻ വൃക്ഷത്തിൻെറ വേരുകൾക്കിടയിൽ

ക്കിടക്കുന്ന ഒരു കല്ലിൻെറ പുറത്തു് മുഷ്ടികൾ കവിളിലമർത്തിക്കൊണ്ടു് ഇരിക്കുകയാണു്. അവ ൻെറ കാൽക്കൽ തീ കത്തുന്നുണ്ടു്. കാടിൻെറ പരി പൂർണ്ണനിശ്ശബ്ദതയിൽ അവൻെറ ചെവിയിൽ ഒരു മുഴക്കം കേൾക്കാം. കൗശലപൂർവ്വം തട്ടിക്കൊ ണ്ടു പോയ ലീലയെ തിരക്കി വന്നിരിക്കുകയാ ണവൻ. അവൻ പല ധീരകൃത്യങ്ങൾ ചെയ്യുകയും പലതവണ ലീലയെ ഒരു കാട്ടുകുതിരയുടെ പുറത്തു വഹിച്ചുകൊണ്ടു പോവുകയും ഇടുക്കുവഴികളിലൂടെ ഓടിച്ചുപോവുകയും സമർത്ഥമായ വെടികൊണ്ടു് ഹുറോൺതലവനെ പഞ്ചാരയപ്പത്തിൻെറ ആകൃ തിയിലുള്ള പാറപ്പുറത്തുനിന്നു താഴെ വീഴിക്കുകയും ചെയ്തു. പക്ഷെ ഓരോ തവണ വെടിവച്ചു വീഴ് ത്തുമ്പോഴും തലവൻ പിണ്ടും പാറപ്പുറത്തു കയറി നിൽക്കും. നികിത ലീലയെ തട്ടിക്കൊണ്ടുപോയി രക്ഷപ്പെടുത്തി. അവനു സദാസമയം അവളെ രക്ഷ പ്പെടുത്തുകയും തട്ടിക്കൊണ്ടുപോവുകയും ചെയ്തു കൊണ്ടേയിരിക്കേണ്ടിവന്നു.

മഞ്ഞും അമ്മയും പുറത്തിറങ്ങാൻ അനുവദിച്ച പ്പോൾ നികിത മുററത്തു് ഒററയ്ക്കു കറങ്ങിനടന്നു. മീഷ്ക കൊരഷോനൊക്കുമായി കളിച്ചിരുന്ന കളി കൾ അവനു മടുത്തു. തന്നെയല്ല, മീഷ്ക ഈയിടെ മിക്ക സമയവും തൊഴിലാളികളുടെ വീട്ടിൽ പ്പോയി ചീട്ടുകളിച്ചിരിക്കുകയാണു പതിവു്. ''മൂക്കുകളി,'' അഥവാ ''ഹ്ലൂസ്റ്റ്''കളി — അതാണവൻ കളിക്കാറു്. ആ കളിയിൽ തോൽക്കു

ന്നയാളിനെ തലമുടിക്കു പിടിച്ചു വലിച്ചിഴയ്ക്കും.

കിണററുകരയിൽപ്പോയപ്പോഠം നികിത ഓർത്തു: ഇവിടെ നിന്നുകൊണ്ടാണു് അവൻ വീട്ടിൻെറ ജനാലയ്ക്കു പിന്നിൽ ലോകത്തു് ആകെക്കൂടിയുള്ള ഒരേയൊരു നീല ബോ കണ്ടതു്. ആ ജനാല ഇപ്പോഠം ശൂന്യമായിരുന്നു. വണ്ടിപ്പുരയ്ക്കടുത്തു് ഷറോക്കും കത്തോക്കും ഒരു ചത്ത കാക്കയെ മഞ്ഞിൽനിന്നു തോണ്ടി പുറത്തെടുത്തിട്ടിരുന്നു. ഇതേ കാക്കയുടെയടുത്തുചെന്നു കുനിഞ്ഞിട്ടാണു് ലീല പറഞ്ഞതു്: ''കഷ്ടം, നികിത, നോക്കു്, ഒരു ചത്ത പക്ഷി.'' നികിത അതിനെ പട്ടികളുടെയടുത്തുനിന്നും എടുത്തുകൊണ്ടുപോയി ഒരു മഞ്ഞുകട്ടയ്ക്കുള്ളിൽ കുഴിച്ചിട്ടു.

അണ കടക്കുമ്പോഠം, താൻ ക്രിസ്തുമസ്സ് വിരുന്നു കഴിഞ്ഞു് രാത്രിയിൽ ഇതേ വഴി നിലാവെളിച്ചത്തിൽ തെളിഞ്ഞു കണ്ട കൂററൻ അരളിമരങ്ങഠംക്കടിയിലൂടെ നടന്നതും തൻെറ നിഴൽ ഒരു വശത്തായി തന്നെ അനുഗമിച്ചതും നികിത ഓർത്തു. തനിക്കു സംഭവിച്ചതിനെ താൻ എന്തുകൊണ്ടു് അന്നു് വേണ്ടത്ര വിലയിരുത്തിയില്ലെന്നു് അവൻ അത്ഭുതപ്പെട്ടു. കണ്ണുമടച്ചുകൊണ്ടു് തൻെറ സന്തോഷം എത്ര അതിരററതാണെന്നു് അവനു തോന്നേണ്ട സന്ദർഭമായിരുന്നു അതു്. ഇപ്പോഠം കോച്ചുന്ന കാററു് തണുത്തു കരിവാളിച്ചിരിക്കുന്ന അരളിമരങ്ങഠംക്കിടയിലൂടെ ഓരിയിട്ടടിക്കുന്നുണ്ടായിരുന്നു. കുളത്തിനു മീതെ അവനും ലീലയും

കൂടി വഴക്കത്തോണിയിൽ പാഞ്ഞിറങ്ങിയിട്ടുള്ള ഐസിൻെറ ചരിവ് ഇപ്പോഠം ചെറുതായിരിക്കുന്നു. ലീല ഒന്നും സംസാരിക്കാതെ കണ്ണിറുക്കി തോണിയുടെ രണ്ടു വശത്തും ബലമായി പിടിച്ചിരുന്നതു് അവനോർത്തു. അതിൻെറ എല്ലാ അവശിഷ്ടങ്ങളും മഞ്ഞിനടിയിൽ മറഞ്ഞുകഴിഞ്ഞിരിക്കുന്നു.

നികിത മുററത്തിനു വെളിയിൽ മഞ്ഞു കട്ടപിടിച്ചുകിടക്കുന്ന ഭാഗത്തിലൂടെ നടന്നു. വടക്കുവശത്തു് മഞ്ഞുകട്ടികഠം മേഞ്ഞ മേൽക്കൂരകളോളം ഉയർന്നുനിൽക്കുന്നുണ്ടായിരുന്നു. അവിടന്നു നോക്കിയാൽ വെളുത്തുപരന്നു കിടക്കുന്ന പാടം മുഴവൻ അവനു കാണാം. ആകാശവുമായി തണുത്തുറഞ്ഞു മ്ലാനമായി വിലയം പ്രാപിച്ച ഒരു ഹിമമരുഭൂമിയായിരുന്നു അതു്. ഒരു ചുഴലിക്കാററ് പുകച്ചുരുഠംപോലെ മഞ്ഞിലൂടെ കറങ്ങിനീങ്ങി. അവൻെറ ആട്ടിൻതോൽക്കോട്ടിൻെറ അടിവശം കാററടിച്ചു മുകളിലോട്ടു പൊങ്ങി. ഒരു മഞ്ഞുകട്ടിയുടെ മുകളിൽനിന്നു് പൊടിമഞ്ഞു പറന്നു. ഈ ഹിമമരുഭൂമി നോക്കിനിൽക്കാൻ തനിക്കു് എന്തുകൊണ്ടു തോന്നിയെന്നു് നികിതയ്ക്കു തന്നെ അറിഞ്ഞുകൂടായിരുന്നു.

നികിത വിഷണ്ണനായി നടക്കുന്നതു് അമ്മയുടെ കണ്ണിൽപ്പെട്ടു. അമ്മ അതേപ്പററി അർക്കാദിയ് ഇവാനൊവിച്ചിനോടു പറഞ്ഞു. ബീജഗണിതത്തിൻെറ പഠനം നിർത്തിവച്ചു നികിതയെ നേര

ത്തെ ഉറങ്ങാനയയ്ക്കാനും അർക്കാദിയ് ഇവാനൊവിച്ചിൻെറ അറുത്തുമുറിച്ച ഭാഷയിൽപ്പറഞ്ഞാൽ ആവണക്കെണ്ണകൊടുത്തു് അവനെ ''പമ്പുചെയ്യാനും'' അവർ തീരുമാനിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തു.

നികിത കൂടുതൽ സന്തോഷവാനായി എന്നു് അർക്കാദിയ് ഇവാനൊവിച്ച് മനസ്സിലാക്കി. എന്നാൽ യഥാർത്ഥനിവാരണം വന്നതു മൂന്നാഴ്ച കഴിഞ്ഞാണു്: പാടങ്ങളിലും പഴത്തോട്ടങ്ങളിലും ഉദ്യാനത്തിലും മൂടൽമഞ്ഞു പരത്തിക്കൊണ്ടു് തെക്കുനിന്നു് ഊക്കോടെ വന്ന ഒരു കാററായിരുന്നു അതു്. ആകാശത്തിലൂടെ ദ്രുതഗതിയിൽ പാഞ്ഞുപോകുന്ന മേഘശകലങ്ങരം അതിനെ പിന്തുടർന്നു വന്നു.

## കാക്കകരം

ഞായറാഴ്ച പണിക്കാരുടെ വാസസ്ഥലത്തു് വസീലിയ് എന്ന കൂലിവേലക്കാരനും മീഷ്ക കൊരഷോനൊക്കും ആട്ടിടയൻ ലേക്സ്യയും നീണ്ടു വളഞ്ഞ മൂക്കുള്ള ഉയരംകൂടിയ അർത്യോം എന്നയാളും കൂടി ചീട്ടുകളിച്ചുകൊണ്ടിരുന്നു. അർത്യോം ജീവിതകാലം മുഴുവൻ ഒരു ദിവസക്കൂലിക്കാരനായിരുന്നു. വിവാഹം ചെയ്യാൻ അയാരം എപ്പോഴും ആഗ്രഹിച്ചിരുന്നെങ്കിലുംസ്ത്രീകരംക്കു് അയാളെ വേണ്ടായിരുന്നു. അടുത്ത കാലത്തായി അയാരം ദനൃാഷയെ നോട്ടമിട്ടിരിക്കുകയാണു്. തുടുത്ത കവി

ളുകളോടുകൂടിയ സുന്ദരിയായൊരു പാൽക്കാരിയായിരുന്നു അവരം. ദിവസം മുഴവൻ അവരം പശുത്തൊഴുത്തിൽനിന്നും അറയിലേക്കോ അടുക്കളയിലേക്കോ അങ്ങോട്ടുമിങ്ങോട്ടും ഓടിക്കൊണ്ടിരിക്കും. അവളുടെ ഇരുമ്പു പാത്രങ്ങരം കൂട്ടിമുട്ടി ഒച്ചയുണ്ടാകുന്നുണ്ടാവും. ഏതുസമയവും അവരം അടുത്തുവന്നാൽ പുതിയ പാലിന്റെ മണമാണ്. അവരം പുറത്തിറങ്ങുമ്പോരം ഹിമശകലങ്ങരം അവളുടെ കവിളുകളിൽ തിളങ്ങുന്നുണ്ടോ എന്നു തോന്നും. ഉല്ലാസവതിയായ ഒരു പെൺകിടാവായിരുന്നു അവരം. അർത്യോം എവിടെയാണെങ്കിലും — കളപ്പുരയിൽനിന്നു തവിടുകൊണ്ടുപോവുകയായാലും ആടുകളുടെ ആല വെടിപ്പാക്കുകയായാലും — ദുന്യാഷയെ കാണുന്ന നിമിഷത്തിൽ അയാരം വടി തറയിൽ കുത്തിനിർത്തി ഒരു ഒട്ടകത്തെപ്പോലെ തന്റെ നീണ്ട കാലുകരം കവച്ചു വച്ച് അവളുടെ പുറകെ ചെല്ലും.

ദുന്യാഷയുടെ അടുത്തു ചെന്ന് അയാരം തൊപ്പിയൂരി വന്ദിക്കും.

''നമസ്കാരം, ദുന്യാഷ.''

''നമസ്കാരം,'' ദുന്യാഷ പാത്രം താഴെ വച്ച് അവളുടെ വസ്ത്രത്തിന്റെ കോണുകൊണ്ട് വായ മൂടും.

''ഇനിയും പാലുമായി ഓടിനടക്കുകയാണോ, ദുന്യാഷ?''

ദുന്യാഷയ്ക്ക് അതു കേട്ടുനിൽക്കാനുള്ള ക്ഷമ

യില്ല. അവരം കുനിഞ്ഞു പാത്രം കയ്യിലെടുത്തു കൊണ്ടു് മഞ്ഞുറഞ്ഞുകിടക്കുന്ന വഴിയിലൂടെ അറയിലേക്കോടിച്ചെന്നു പാത്രം ശബ്ദത്തോടെ താഴെവയ്ക്കും. വീട്ടുസൂക്ഷിപ്പുകാരിയായ വസിലീസയോടു് അവരം സട്ടതിയിൽ പറയും: ''ആ ഒട്ടകം എന്നോടു പിന്നെയും വന്നുപറയുകയാണു് അയാളെ ഞാൻ വിവാഹംചെയ്യണമെന്നു്. അയാളെന്റെ അവസാനമായിരിക്കും!'' അവളുടെ ഉച്ചത്തിലുള്ള പൊട്ടിച്ചിരി മുററം മുഴവനും മുഴങ്ങിക്കേരംക്കാം.

നികിത പണിക്കാരുടെ വാസസ്ഥലത്തു പോയി. ഇന്നവർ ആട്ടിൻതലകൊണ്ടുള്ള കുഴമ്പുണ്ടാക്കുകയായിരുന്നു. വെന്ത ഇറച്ചിയുടേയും പുതുതായി ചുട്ടെടുത്ത റൊട്ടിയുടേയും സുഗന്ധം അവിടെ തങ്ങിനിന്നിരുന്നു. വാതുക്കൽ വാലുള്ള ഒരു മൺപാത്രം തൂങ്ങിക്കിടക്കുന്നുണ്ടു്. തെരുവിൽ നിന്നു ചവുട്ടിക്കയററിയ ചാരനിറത്തിലുള്ള മഞ്ഞു് അവിടെ കിടപ്പുണ്ടു്. പഹോം അടുപ്പിനടുത്തുള്ള ഒരു ബഞ്ചിലിരിക്കുകയാണു്. അയാളുടെ കറുത്ത തലമുടി വസൂരിക്കുത്തുള്ള നെററിയിലും വളഞ്ഞ പുരികത്തിലും വീണുകിടക്കുന്നു. അയാളൊരു ചെരിപ്പു തുന്നുകയായിരുന്നു. അയാരം ആണികൊണ്ടു് തുകലിൽ തുളയുണ്ടാക്കി. തല പുറകോട്ടാക്കി കണ്ണിറുക്കിക്കൊണ്ടു് ഒരു പന്നിരോമം സൂചിയിൽ കോർത്തു് അതു് തുളയിൽ കുത്തിക്കയററി. ചെരിപ്പു് മുട്ടിനിടയിൽ അമർത്തി

പ്പിടിച്ചുകൊണ്ടു് ചരടു് ഇരുവശത്തേക്കും വലിച്ചു. അയാൾ നെററിചുളിച്ചു നികിതയെ നോക്കി. കാരണം അയാൾ വളരെ ദേഷ്യപ്പെട്ടിരിക്കുകയായിരുന്നു: താൻ കാലിൽ ചുററുന്ന തുണി തോരയ്ക്കുണക്കുന്നവഴി കരിച്ചു കളഞ്ഞ പാചകക്കാരിയുമായി വഴക്കിട്ടിരിക്കുകയാണയാൾ.

ഞായറാഴ്ച ധരിക്കാറുള്ള വെടിപ്പായ ഷർട്ടുമിട്ടു് തല എണ്ണ പുരട്ടി കോതിയൊതുക്കിയാണു് ചീട്ടുകളിക്കാർ മേശയ്ക്കു ചുററും ഇരുന്നിരുന്നതു്. അർത്യോം മാത്രം വീട്ടിൽ തയ്ച്ച ഒരു കീറിപ്പറിഞ്ഞ ഉടുപ്പാണിട്ടിരുന്നതു്. തല കോതിയിട്ടുമുണ്ടായിരുന്നില്ല. അയാളെ ശുശ്രൂഷിക്കാനും ഉടുപ്പു നനച്ചിടാനും ആരുമില്ലായിരുന്നു. ഒട്ടിപ്പിടിക്കുന്ന നാറുന്ന ചീട്ടുകൾ മേശപ്പുറത്തടിച്ചുകൊണ്ടു് കളിക്കാർ വിളിച്ചുപറഞ്ഞു:

‘‘പത്തു്.’’

‘‘അമ്പതു്.’’

‘‘ഇതു കണ്ടോ?’’

‘‘ഉം? എന്താ?’’

‘‘കളി കഴിഞ്ഞു!’’

‘‘ഏ?’’

‘‘മൂക്കു നീട്ടിക്കാണിക്കു്, അർത്യോം.’‘

‘‘ഞാനോ? എന്തിനു്?’’ അത്ഭുതത്തോടെ ചീട്ടുകൾ നോക്കിക്കൊണ്ടു് അർത്യോം ചോദിച്ചു. ‘‘ഇതു ശരിയല്ല. ഇതിൽ പിശകുണ്ടു്.’’

‘‘മൂക്കു കാണിക്കു്.’’

അർത്യോം രണ്ടുകയ്യിലും ഓരോ ചീട്ടെടുത്തു കണ്ണുമൂടി.

വസീലിയ് എന്ന പണിക്കാരൻ മൂന്നു ചീട്ടെടുത്തു് സാവധാനത്തിൽ അർത്യോമിന്റെ നീണ്ട മൂക്കിനിട്ടടിക്കാൻ തുടങ്ങി. മററു കളിക്കാർ അർത്യോമിനെ നോക്കിക്കൊണ്ടിരുന്നു. അവർ അടി എണ്ണുകയും അനങ്ങരുതെന്നു് അയാളോടു ദേഷ്യത്തിൽ പറയുകയും ചെയ്തു.

നികിത അവരോടൊപ്പം കളിക്കാനിരുന്നെങ്കിലും ഉടനടി തോൽക്കുകയും പതിനഞ്ചടി മൂക്കത്തു വാങ്ങുകയും ചെയ്തു. ആ നിമിഷത്തിൽ, ചെരിപ്പും ആണിയും ബഞ്ചിനടിയിൽ വച്ചിട്ടു് പഹോം കർശനമായ സ്വരത്തിൽ പറഞ്ഞു:

''ചിലരിപ്പോഠം കുർബാന കഴിഞ്ഞു മടങ്ങും. എന്നാൽ ഇവർ നെററിയിൽ കുരിശുവരയ്ക്കാൻ പോലും മിനക്കെടുന്നില്ല. നേരെ ചീട്ടുകളിക്കാനാണു് അവരുടെ പോക്കു്. ഇക്കണക്കിനു് അവർ നൊയ്മ്പുകാലത്തു് ഇറച്ചി തിന്നാൻ അധികകാലം വേണ്ട.. സ്റ്റെപ്പനീദ!'' എഴുന്നേററു് വെള്ളപ്പാത്രത്തിന്റെയടുത്തേക്കു നടന്നുകൊണ്ടു് അയാഠം വിളിച്ചുപറഞ്ഞു, ''ഭക്ഷണം വിളമ്പു്!''

അടുക്കളയിൽ പാചകക്കാരി സ്റ്റെപ്പനീദ ഭയംകൊണ്ടു് ഒരടപ്പു താഴെയിട്ടു. പണിക്കാർ ചീട്ടടച്ചുവച്ചു. വസീലിയ് ഒരു കോണിലേക്കു തിരിഞ്ഞു് അവിടവിടെ കരിവണ്ടുകളുടെ പാടു

കരം പററിയ, കടലാസുകൊണ്ടുള്ള ഒരു ദൈവചി ത്രത്തിൻെറ മുമ്പിൽപ്പോയി കുരിശു വരയ്ക്കാൻ തുടങ്ങി.

സ്റ്റെപ്പനീദ ആട്ടിൻതലകളിട്ട ഒരു മരപ്പാത്രം കൊണ്ടുവച്ചു. കറിയിൽനിന്നു വമിച്ച സുഗന്ധം നിറഞ്ഞ ആവി മുഖത്തടിച്ചപ്പോരം അവർ തല തിരിച്ചു. പണിക്കാർ നിശ്ശബ്ദമായി ഗൗരവഭാവ ത്തിൽ മേശയ്ക്കു ചുററുമിരുന്ന് ഓരോ സ്പൂണെടു ത്തു. വസീലിയ് റൊട്ടി നീണ്ട കഷണങ്ങളായി മുറിച്ചു. തൊഴിലാളികരംക്ക് ഓരോ കഷണം വീ തം കൊടുത്തശേഷം അയാരം ഒരു സ്പൂൺകൊ ണ്ടു് മരപ്പാത്രത്തിലടിച്ചു. അതോടെ എല്ലാവരും ഭക്ഷണം തുടങ്ങി. ആട്ടിൻതലകൊണ്ടുള്ള കുഴമ്പ് നന്നായിരുന്നു.

പഹോം മററാളുകളോടൊപ്പം ഇരുന്നില്ല. അയാരം ഒരു കഷണം റൊട്ടി മാത്രമെടുത്തു് അടു പ്പിനടുത്തുള്ള ബഞ്ചിൽ തിരികെപ്പോയിരുന്നു. പാചകക്കാരി കുറെ ഉരുളക്കിഴങ്ങു വേവിച്ചതും ഒരു മരത്തട്ടത്തിൽ കുറച്ച് ഉപ്പും അയാളുടെ മുമ്പി ൽ കൊണ്ടുവന്നുവച്ചു. അയാരം നൊയ്മ്പു നോക്കു കയായിരുന്നു.

''ആ കാലിൽച്ചുററുന്ന തുണിയുണ്ടല്ലൊ,'' ആവി വമിക്കുന്ന ഒരു ഉരുളക്കിഴങ്ങ് ശ്രദ്ധയോടെ രണ്ടായിപ്പകുത്തു് ഒരു കഷണം ഉപ്പുതട്ടത്തിൽ മുക്കിക്കൊണ്ടു് അയാരം പറഞ്ഞു, ''നീയതു കരി ച്ചുകളഞ്ഞു. ഞാൻ വീണ്ടും പറയുന്നു നീയൊരു

പട്ടകിളവിയാണെന്നു്. വീണ്ടും ഞാൻ പറയുന്നു നീയൊരു വിഡ്ഢിയാണെന്നു്. അത്രയേയുള്ളൂ....''

നികിത മുററത്തിറങ്ങി. ഒരു മുഷിഞ്ഞ ദിവസമായിരുന്നു അന്നു്. ഈർപ്പമുള്ള കാററു് അടിച്ചുകൊണ്ടിരുന്നു. കുറേശ്ശെ പുറത്തു കണ്ടുതുടങ്ങിയ കുതിരച്ചാണകം ചാരനിറത്തിൽ ഉപ്പുപോലെ പൊടിഞ്ഞ മഞ്ഞിനു് മഞ്ഞനിറം പകർന്നു. ചാണകം പുരണ്ടും ചളിക്കണ്ടകളോടും കിടന്നിരുന്ന അണയിലേക്കുള്ള വഴി മഞ്ഞു മൂടി ചുററും കിടക്കുന്ന മൈതാനത്തേക്കാരം ഉയർന്നായിരുന്നു. ഷെഡ്ഡുകളുടേയും കളപ്പുരകളുടേയും മരച്ചുവരുകളും പുര മേഞ്ഞിരുന്ന കറുത്തിരുണ്ട വയ്ക്കോലും ചായ മടിക്കാത്ത വലിയ തടിപ്പുരയുമെല്ലാം കറുത്തു ചാരനിറത്തിൽ തെളിഞ്ഞുകാണാമായിരുന്നു.

നികിത അണയുടെ നേർക്കു നടന്നു. നനഞ്ഞ മരങ്ങളുടെ മർമ്മരശബ്ദം അവൻ ദൂരെനിന്നേ കേട്ടു. വളരെ ഉച്ചത്തിലുള്ള ആ ശബ്ദം കേട്ടു് അവനു തോന്നി, വെള്ളം അല്പമകലെ അണച്ചീർപ്പുകളിലൂടെ പ്രവഹിക്കുകയാണെന്നു്. അരളിമരങ്ങളുടെ ആടിക്കൊണ്ടിരുന്ന തലപ്പുകരം താഴ്ന്നു പാഞ്ഞുപോകുന്ന മേഘശകലങ്ങരംക്കിടയിൽ മറഞ്ഞിരുന്നു. മേഘങ്ങരംക്കിടയിൽ ആടിയുലഞ്ഞു കൊണ്ടിരുന്ന ശിഖരങ്ങരംക്കു ചുററും കറുത്ത പക്ഷികരം ഭയന്നു് കർക്കശശബ്ദത്തിൽ കരഞ്ഞുകൊണ്ടു് വട്ടമിട്ടു പറക്കുന്നുണ്ടായിരുന്നു.

നികിത തല പുറകോട്ടു പിടിച്ചു് വായും

പൊളിച്ചു നിന്നു. ഈർപ്പമുള്ള കനത്ത കാററിൽ, മേഘങ്ങളോടൊപ്പം അടിച്ചുവന്നതാണ് ഈ പക്ഷികഠം എന്ന് അവനു തോന്നി. ശബ്ദായമാന മായി ആടിക്കൊണ്ടിരുന്ന അരളിമരങ്ങളിൽ അ ള്ളിപ്പിടിച്ചുകൊണ്ട് അവ പ്രക്ഷുബ്ധവും ഭയാന കവും ആഹ്ലാദപ്രദവുമായ കാലങ്ങളെക്കുറിച്ചു വിളി ച്ചുപറഞ്ഞു. നികിത ശ്വാസമടക്കിപ്പിടിച്ചു. അ വൻെറ നെഞ്ച് അതിവേഗം മിടിച്ചു.

തങ്ങളുടെ പഴയ വാസസ്ഥലങ്ങളിലേക്കും പൊട്ടിപ്പൊളിഞ്ഞ കൂടുകളിലേക്കും വസന്തത്തിലെ ആദ്യത്തെ കൊടുങ്കാററിനോടൊപ്പം തിരികെ പറ ന്നെത്തിയ കാക്കകളായിരുന്നു അവ. വസന്തം ആഗതമായി.

## ചക്രങ്ങളിന്മേൽ ഒരു വീട്

ഈർപ്പമുള്ള കാററ് മഞ്ഞു നക്കിയെടുത്തുകൊ ണ്ട് മൂന്നുദിവസമടിച്ചു. ഉയർന്ന പ്രദേശങ്ങളിൽ മഞ്ഞിനിടയിലൂടെ ഉഴവുനിലത്തിൻെറ ശകലങ്ങ ഠം കറുത്ത നിറത്തിൽ പ്രത്യക്ഷപ്പെട്ടു. ഉരുകിയ മഞ്ഞിൻേറയും കുതിരച്ചാണകത്തിൻേറയും കന്നു കാലികളുടേയും മണം വായുവിൽ തങ്ങിനിന്നു. പശുത്തൊഴുത്തിൻെറ വാതിൽ തുറന്നപ്പോഠം പശു ക്കഠം പരസ്പരം ചേർന്നുനടക്കുകയും കൊമ്പുകഠം കുട്ടിമുട്ടിക്കുകയും ഉച്ചത്തിൽ അമറുകയും ചെയ്തുകൊ ണ്ട് കിണററുകരയിലേക്കു പോയി. വസന്തമാരുത

ൻെറ മണം പിടിച്ചുകൊണ്ടു് ബയാൻ എന്ന കാള ഉറക്കെ അലറി. മീഷ്ക കൊരഷോനൊക്കും ലേക്ഷ്യ യും ചാട്ടയുമായി കന്നുകളെ ചാണകം നാറുന്ന തൊഴുത്തിലേക്കു വീണ്ടും അടിച്ചുകയററി. അവർ ലായം തുറന്നപ്പോഠം കുതിരകഠം തലയ്ക്കു മത്തു പിടിച്ചതുപോലെ ഉറക്കം തൂങ്ങിക്കൊണ്ടു പുറത്തിറങ്ങി. ഇരുണ്ട നിറത്തിലിരുന്ന അവയുടെ പുറത്തുനിന്നു് രോമം കൊഴിയുന്നുണ്ടായിരുന്നു. അവയുടെ കുഞ്ചിരോമം നീണ്ടു ചെടപിടിച്ചും വയറു തൂങ്ങിയും കിടന്നിരുന്നു. വേസ്ക ലായത്തിനടുത്തുള്ള ഒരു മറയ്ക്കുള്ളിൽ പ്രസവിച്ചുകിടക്കുകയാണു്. നനഞ്ഞ കടൽക്കാക്കകഠം യാതൊരു ലക്ഷ്യവുമില്ലാതെ ശബ്ദിച്ചുകൊണ്ടു് പുരകളുടെ മീതെ പറന്നുനടന്നു. അങ്ങു പുറകുവശത്തു് അറകളുടെ പിന്നിലായി മഞ്ഞിനു പുറത്തു കണ്ട ഏതോ ഒരു ജന്തുവിൻെറ ശവത്തിനു ചുററും കാക്കകഠം കൂട്ടംകൂടിയിരുന്നു. വൃക്ഷങ്ങളിൽനിന്നും കർക്കശവും ഭീഷണവുമായ ശബ്ദമുയർന്നു. അണയ്ക്കു മീതെയുള്ള മരങ്ങളിലും മേഘങ്ങഠംക്കിടയിലും കാകന്മാർ കരഞ്ഞുകൊണ്ടു പറന്നുനടന്നു.

ഈ ദിവസങ്ങളിലെല്ലാം നികിതയ്ക്കു തലവേദനിച്ചു. ഉറക്കം തൂങ്ങി വിഷണ്ണനായി അവൻ മുററത്തും വെള്ളമൊലിച്ചുകിടക്കുന്ന റോഡുകളിലും ചുററിനടന്നു. കളപ്പുരകളിൽപ്പോയി. അവിടെ വയ്ക്കോൽക്കററകളിൽനിന്നു് ഉമിയുടേയും എലിയുടേയും മണമുയർന്നു. ഭയങ്കരമായ എന്തോ

ഒന്നു്, ഗ്രഹിക്കാനോ പൊറുക്കാനോ വയ്യാത്ത എന്തോ ഒന്നു്, സംഭവിക്കാൻ പോകുന്നുവെന്ന അവ്യക്തമായ ഒരു ഭീതി അവനുള്ളിൽ കടന്നു കൂടി. സർവ്വതും—ഭൂമിയും വന്യമൃഗങ്ങളും കന്നുകാലികളും പക്ഷികളുമെല്ലാം—അവനുമായി രമ്യതയിലും പരസ്പരധാരണയിലും കഴിയാതായി. അവയെല്ലാം അവനുമായി തെററിപ്പിരിയുകയും അവനോടു് വിദ്വേഷവും പകയും വച്ചുപുലർത്തുകയും ചെയ്തു. ദുർഗ്രഹമായ എന്തോ ഒന്നു്, മരണത്തിൽ കലാശിക്കുന്നത്ര പാപകരമായ എന്തോ ഒന്നു്, സംഭവിക്കാൻ പോവുകയാണു്. എങ്കിൽപ്പോലും, കാററും ശവത്തിൻെറ നാററവും കുതിരകളുടെ കുളമ്പടിശബ്ദവും ചാണകവും പൊടിഞ്ഞു ഭസ്മമാകുന്ന മഞ്ഞും അവനിൽ ആലസ്യവും തലചുററലും ഉളവാക്കിയെങ്കിലും, ചുററും നടക്കുന്ന കാര്യങ്ങളിൽ ശ്രദ്ധിക്കാൻ ജിജ്ഞാസ അവനെ പ്രേരിപ്പിച്ചു.

നനഞ്ഞു് വികൃതമായി പട്ടികളുടെ മണവും പേറിക്കൊണ്ടു് അവൻ വീട്ടിൽ തിരിച്ചെത്തിയപ്പോൾ അമ്മ യാതൊരു വാത്സല്യവുമില്ലാതെ ശാസനാരൂപത്തിൽ അവനെ സൂക്ഷിച്ചുനോക്കി. അമ്മ കോപിച്ചിരിക്കുന്നതെന്തിനാണെന്നു് അവനു മനസ്സിലായില്ല. അതവനെ കൂടുതൽ വിഷമിപ്പിച്ചു. നികിതയെ അതലട്ടി. കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ അവൻ മോശമായ യാതൊന്നും ചെയ്തില്ല. എങ്കിലും പ്രത്യക്ഷത്തിൽ കാരണ

മൊന്നുമില്ലാതെ ഭൂമുഖത്താകെ പടർന്നുപിടിച്ചിരിക്കുന്ന ഏതോ ഒരു കൊടുംപാപത്തിനു താനാണ് ഉത്തരവാദിയെന്ന മട്ടിൽ അവൻ വ്യാകുലപ്പെട്ടു.

നികിത വസ്ലോൽക്കുനയുടെ കാററിൻെറ നേർക്കുള്ള വശത്തുകൂടെ നടന്നു. ശരൽക്കാലത്ത് അവസാനത്തെ ഗോതമ്പുകററകൾ മെതിക്കുമ്പോൾ പണിക്കാരും പെണ്ണുങ്ങളുമുണ്ടാക്കിയ ദ്വാരങ്ങൾ ആ കുനയിൽ ഇപ്പോഴും അവശേഷിച്ചിരുന്നു. രാത്രിയിൽ ആളുകൾ ഉറങ്ങാനായി ഈ ദ്വാരങ്ങളിലും ഗുഹകളിലും ഇഴഞ്ഞുകയറും. ദുർഗ്ഗന്ധം വമിക്കുന്ന ചൂടുള്ള വസ്ലോലിന്നടിയിൽ താൻ ഇരുട്ടിൻെറ മറവിൽ കേട്ട സംഭാഷണം നികിത ഓർത്തു. ആ കുന ഒരു ഭയങ്കരസ്ഥലമാണെന്ന് അവനു തോന്നി.

കററ മെതിക്കുന്ന കളപ്പുരയ്ക്കരികിൽ നിന്നിരുന്ന, ഉഴവുകാരുടെ സങ്കേതത്തിലേക്ക് അവൻ നടന്നു. ചക്രങ്ങളിന്മേലുള്ള ഒരു ചെറിയ പലകവീടായിരുന്നു അത്. ഒരു വിജാഗരിയിൽ തൂങ്ങിക്കിടന്നിരുന്ന കതക് കാററിൽ മ്ലാനമായി കിറുകിറശബ്ദത്തോടെ ആടിക്കൊണ്ടിരുന്നു. വീട് ശൂന്യമായിരുന്നു. അഞ്ചു പടികളുള്ള ചെറിയ കോണിയിൽക്കൂടി നികിത അകത്തു കടന്നു. നാലു ചെറിയ ചില്ലുകൾ തറച്ച ഒരു കൊച്ചു ജനാല അതിനുണ്ടായിരുന്നു. നിലത്ത് അപ്പോഴും മഞ്ഞ് കിടപ്പുണ്ടായിരുന്നു. ഒരു ചുമരിന്മേൽ മുക

ളിലായി മേൽക്കൂരയ്ക്കു തൊട്ടുതാഴെ നെടുനീളെ തറച്ചിരുന്ന പടിയിൽ കഴിഞ്ഞ ശരൽക്കാലം മുതൽക്കവിടുള്ള അററം കരണ്ടുതിന്ന ഒരു മരത്തവിയും എണ്ണ ഒഴിച്ചുവച്ചിരുന്ന ഒരു കുപ്പിയും ഒരു പേനാക്കത്തിയുടെ പിടിയും കിടപ്പുണ്ടായിരുന്നു. മേൽക്കൂരയുടെ മീതേക്കൂടി കാററ് ഓരിയിട്ടടിച്ചുകൊണ്ടിരുന്നു. താനിപ്പോൾ ഏകനാണെന്നും തനിക്കാരുമില്ലെന്നും തന്നെ ആരും സ്നേഹിക്കുന്നില്ലെന്നും സകലപേർക്കും തന്നോടു ദേഷ്യമാണെന്നും അവിടെ നിന്നുകൊണ്ടു നികിത വിചാരിച്ചു. ലോകത്തുള്ള സർവ്വതും നനഞ്ഞുചീഞ്ഞതും കറുത്തിരുണ്ടതും ദുഷിച്ചുനാറിയതുമാണെന്ന് അവനു തോന്നി. അവൻെറ കണ്ണിൽ വെള്ളം നിറഞ്ഞു. തന്നെപ്പററിത്തന്നെ ഓർത്ത് അവൻ കുണ്ഠിതപ്പെട്ടു. എന്തുകൊണ്ടു പാടില്ല? ഈ ലോകത്തിൽ അവൻ ഒററയ്ക്കാണ്. ശൂന്യമായ ഒരു സങ്കേതത്തിൽ അവൻ ഏകനായി നിൽക്കുകയാണ്....

''കർത്താവേ,'' താഴ്ന്ന സ്വരത്തിൽ നികിത പറഞ്ഞു. ഉടൻ അവൻെറ നട്ടെല്ലിൽ ഒരു കിരുകിരുപ്പുണ്ടായി. ''കർത്താവേ, എല്ലാം വീണ്ടും നേരെയാകണമേ. അമ്മ എന്നെ സ്നേഹിക്കുകയും ഞാൻ അർക്കാദിയ് ഇവാനൊവിച്ചിനെ അനുസരിക്കുകയും ചെയ്യണേ... സൂര്യൻ പ്രകാശിക്കുകയും പുല്ലു മുളയ്ക്കുകയും ചെയ്യണേ.... കാക്കകൾ ഇത്ര ഉച്ചത്തിൽ കരയാതിരിക്കണേ... ബയാൻകാളയുടെ അലർച്ച ഞാൻ കേൾക്കാതി

രിക്കണേ... ദൈവമേ, എൻെറ കാര്യങ്ങളെ ല്ലാം വീണ്ടും നേരെയാകണമേ...''

ഇത്രയും പറഞ്ഞു് നികിത കുനിഞ്ഞു് ധൃതിയിൽ കുരിശുവരച്ചു. പ്രാർത്ഥന കഴിഞ്ഞു് മരത്തവിയിയിലേക്കും എണ്ണക്കുപ്പിയിലേക്കും പിച്ചാത്തിപ്പിടിയിലേക്കും നോക്കിയപ്പോഠം അവനു വാസ്തവത്തിൽ ആശ്വാസം തോന്നി. കിളിവാതിലുള്ള ആ ചെറിയ വീട്ടിൽ അല്പനേരം കൂടി നിന്നിട്ടു് അവൻ വീട്ടിലേക്കു മടങ്ങി.

ആ ചെറുവീടു് യഥാർത്ഥത്തിൽ അവനു ഗുണം ചെയ്തു. പ്രവേശനഹാളിൽ കോട്ടൂരിക്കൊണ്ടിരിക്കുമ്പോഠം അതുവഴി കടന്നുപോയ അമ്മ ആയിടെയെല്ലാം നോക്കാറുള്ളതു പോലെ—കർശനമായ കണ്ണുകളോടെ ശ്രദ്ധാപൂർവ്വം—അവനെ നോക്കി. പെട്ടെന്നു വാത്സല്യത്തോടെ പുഞ്ചിരിച്ചുകൊണ്ടു് അമ്മ നികിതയുടെ തലയിൽ തലോടി.

''എന്താ, നീ വേണ്ടിടത്തോളം ഓടിനടന്നില്ലേ?'' അമ്മ ചോദിച്ചു. ''നിനക്കു ചായ വേണ്ടേ?''

## വസീലിയു് നിക്കീത്യെവിച്ചിൻെറ അപ്രതീക്ഷിതമായ ആഗമനം

അന്നു രാത്രി അവസാനം മഴ പെയ്തു. കോരിച്ചൊരിഞ്ഞുകൊണ്ടുള്ള മഴ ജനാലയിലും ഇരുമ്പുമേൽക്കൂരയിലും ഊക്കോടെ ആഞ്ഞടിക്കുകയാ

ൽ നികിത ഉണർന്നു് കിടക്കയിലിരുന്നു മന്ദഹസി ച്ചു.

മഴയുടെ ശബ്ദം രാത്രിയിൽ കർണ്ണാനന്ദകര മായിത്തോന്നി. അതു ചില്ലിലടിച്ചുകൊണ്ടു് ''ഉറങ്ങു്'', ഉറങ്ങു്'' എന്നു മന്ത്രിച്ചു. ഇരുട്ടിൽ കാററു് വീട്ടിനുമുമ്പിലുള്ള പോപ്ലാർവൃക്ഷങ്ങളുടെ നേരെ ചീറിയടിച്ചു.

നികിത തലയിണയുടെ തണുത്ത അടിവശം മുകളിലാക്കിവച്ചു് വീണ്ടും കിടന്നു. കിടപ്പു സുഖ മാകുന്നതുവരെ തുന്നിയെടുത്ത കമ്പിളിപ്പുതപ്പിന ടിയിൽ അവൻ തിരിഞ്ഞും മറിഞ്ഞും കിടന്നു. ''എല്ലാം വളരെവളരെ ഭംഗിയായി കലാശി ക്കും,'' എന്നു ചിന്തിച്ചുകൊണ്ടു് അവൻ നിദ്രയു ടെ മാർദ്ദവമേറിയ കരങ്ങളിലമർന്നു.

രാവിലെയായപ്പോൾ മഴ ശമിച്ചെങ്കിലും തെക്കുനിന്നു വടക്കോട്ടു് ഈർപ്പവും പേറിപ്പോ കുന്ന കനത്ത കാർമേഘങ്ങൾകൊണ്ടു് ആകാശം മൂടിയിരുന്നു. നികിത ജനലിലൂടെ പുറത്തേക്കു നോക്കി അത്ഭുതപ്പെട്ടു. മഞ്ഞിൻെറ ഒരു തരിപോ ലുമില്ല. വിശാലമായ മുററമാകെ ചേററുകുഴിക ളാൽ നിറഞ്ഞു. കാററു് നീലനിറത്തിൽ അവ യിൽ തളംകെട്ടിനിന്നിരുന്ന വെള്ളത്തിൽ ഓള മുണ്ടാക്കി. ചേററുകുഴികൾ കടന്നു് തവിട്ടുനിറ ത്തിൽ പരന്നുകിടക്കുന്ന പുല്ലിൻെറ മീതേക്കൂടി ഹിമവണ്ടികൾ പോയിരുന്ന പാടു് ഇനിയും പൂർണ്ണമായി മാഞ്ഞിരുന്നില്ല. പോപ്ലാർമരങ്ങ

KOTT-AYAM PUBLIC LIBR KOTTAYAM.

ളുടെ ഇളംചുവപ്പു നിറത്തിലുള്ള നനഞ്ഞുകുതിർന്ന ശിഖരങ്ങരം തിമിർത്താടുന്നുണ്ടായിരുന്നു. മേഘശകലങ്ങരംക്കിടയിലൂടെ കടുംനീലനിറത്തിൽ പ്രത്യക്ഷപ്പെട്ട ആകാശത്തിൻെറ ഒരു തുണ്ടു് തെക്കുനിന്നും അതിവേഗത്തിൽ വീടിൻെറ നേരെ പാഞ്ഞുവന്നു.

പ്രാതൽസമയത്തു് അമ്മ അസ്വസ്ഥയായി കൂടെക്കൂടെ ജനലിലേക്കു നോക്കുന്നുണ്ടായിരുന്നു.

''കത്തു വന്നിട്ടു് ഇന്നേക്കു് അഞ്ചു ദിവസമായി,'' അമ്മ അർക്കാദിയ് ഇവാനൊവിച്ചിനോടു പറഞ്ഞു. ''കാരണമെന്താണെന്നു എനിക്കറിയില്ല... ഇപ്പോളിതാ വെള്ളം പൊങ്ങി. അടുത്ത രണ്ടാഴ്ച റോഡുകളിൽക്കൂടി സഞ്ചരിക്കാൻ സാദ്ധ്യമല്ല... ഇങ്ങനെ ആലോചനയില്ലാതെ പ്രവർത്തിക്കുന്നതു് കുറെ ഭയങ്കരം തന്നെ.''

ഏതു ദിവസവും വരുമെന്നു പ്രതീക്ഷിച്ചിരിക്കുന്ന അച്ഛനെപ്പററിയാണു് അമ്മ സംസാരിക്കുന്നതെന്നു് നികിതയ്ക്കു മനസ്സിലായി. തപാലിനു് കുതിരയുമായി ഒരാളെ അയയ്ക്കാനുള്ള സാദ്ധ്യതയെപ്പററി ആരായാൻ അർക്കാദിയ് ഇവാനൊവിച്ച് വിചാരിപ്പുകാരൻെറയടുത്തേക്കു പോയി. പക്ഷെ ഉടനെ തിരിച്ചുവന്നു് അസാധാരണസ്വരത്തിൽ അദ്ദേഹം ഉറക്കെപ്പറഞ്ഞു:

''ദൈവമേ, എന്താണു സംഭവിക്കുന്നതു്!... പോയി വെള്ളത്തിൻെറ ഒച്ച കേരംക്കു്.''

നികിത ഇറയത്തേക്കുള്ള കതകു തുറന്നു. നിശിതവും പ്രസന്നവുമായ വായുവാകെ വെള്ളം വീഴുന്ന മർമ്മരശബ്ദംകൊണ്ടു മുഖരിതമായിരുന്നു. മഞ്ഞ് ഉരുകിയൊലിച്ചുണ്ടായ എണ്ണമററ കൊച്ചരുവികഠം കുണ്ടുകളിലൂടെയും കുഴികളിലൂടെയും തോടുകളിലൂടെയും ഒഴുകി ഇടുക്കുകളിൽ ചെന്നു വീഴുന്ന ശബ്ദമായിരുന്നു അതു്. പുതുവെള്ളം ഇടുക്കുകഠം നിറച്ചുകൊണ്ടു് ആററിലേക്കൊഴുകി. മഞ്ഞു ഭേദിച്ചുകൊണ്ടു് ആറു് കരകവിഞ്ഞൊഴുകി. ഹിമപ്പരപ്പുകളും വേരോടെ പിഴുതെറിയപ്പെട്ട കുററിച്ചെടികളും വെള്ളത്തിലൂടെ കറങ്ങിക്കറങ്ങിയൊഴുകി. വെള്ളം അണയുടെ മുകളിലൂടെ അതിനപ്പുറത്തുള്ള ജലാശയത്തിലേക്കു കുതിച്ചുപാഞ്ഞു.

വീടിനു മുകളിലൂടെ പാഞ്ഞുപോയ നീലാകാശശകലം ചിന്നിച്ചിതറി മേഘങ്ങളെയെല്ലാം ആട്ടിപ്പായിച്ചു. മുററത്തു വെള്ളം കെട്ടിനിൽക്കുന്ന കുഴികഠംക്കു് അടിയററ, അഗാധമായ നീലനിറം പകർന്നുകൊണ്ടു് ആകാശത്തിൽ ഒരു നീലിമ വ്യാപിച്ചു. നീർച്ചാലുകളിൽ തട്ടി അതു തിളങ്ങി. വയലുകളിലെ വലിയ ജലാശയങ്ങളിലും നിറഞ്ഞൊഴുകുന്ന ഇടുക്കുകളിലുമെല്ലാം സൂര്യരശ്മികഠം പ്രതിബിംബിച്ചു.

''ദൈവമേ, എത്ര പ്രസന്നമായ വായു!'' കമ്പിളിപ്പുതപ്പിനടിയിൽ കൈ മാറോടമർത്തിക്കൊണ്ടു് അമ്മ പറഞ്ഞു. അമ്മയുടെ സുസ്മേരവദന

ത്തിലെ ചാരവർണ്ണത്തിലുള്ള കണ്ണുകൾ പച്ചനിറത്തിൽ ഒളിവെട്ടി. അമ്മ പുഞ്ചിരിക്കുമ്പോൾ അമ്മയേക്കാൾ സൗന്ദര്യം ഭൂമുഖത്തു് മററാർക്കുമില്ലായിരുന്നു.

അവിടെ എന്തു സംഭവിക്കുന്നുവെന്നറിയാൻ വേണ്ടി നികിത മുററത്തിൻെറ മറുവശത്തു പോയി. എവിടെയും ചാലുകൾ ഒഴുകിക്കൊണ്ടിരുന്നു. അവയിൽ ചിലതു് ഉതിർന്നുകൊണ്ടിരുന്ന ചാരനിറത്തിലുള്ള മഞ്ഞുകട്ടകൾക്കടിയിൽ മറഞ്ഞു. ചവുട്ടിയാൽ ആ നിമിഷത്തിൽ അവ ഒരു നെടുവീർപ്പോടെ തകർന്നുവീഴമായിരുന്നു. എങ്ങിനെ പോയാലും എവിടെയും വെള്ളംതന്നെ. വീടു് ഒരു ദ്വീപു പോലെയായിരുന്നു. പൊക്കംകുറഞ്ഞ ഒരു കുന്നിൻപുറത്തു നിന്നിരുന്ന ഒരു കൊല്ലൻെറ ആലവരെ പോകാനേ നികിതയ്ക്കു കഴിഞ്ഞുള്ളു. ഉണങ്ങിത്തുടങ്ങിയിരുന്ന ഒരു ചരിവിലൂടെ അവൻ ഇടുക്കിൻെറയടുത്തേക്കോടി. കഴിഞ്ഞയാണ്ടത്തെ പുല്ലിൻെറ മീതേക്കൂടി സൗരഭ്യമാർന്ന തെളിഞ്ഞ മഞ്ഞുവെള്ളം കുതിച്ചൊഴുകുന്നുണ്ടായിരുന്നു. അവൻ ഒരു കൈക്കുമ്പിൾനിറയെ അതു കുടിച്ചു.

ഇടുക്കിൻെറ താഴെ മഞ്ഞയും നീലയും നിറത്തിലുള്ള ശകലങ്ങളായി മഞ്ഞു് അപ്പോഴും കിടന്നിരുന്നു. ചിലിടങ്ങളിൽ വെള്ളം ഈ മഞ്ഞുകട്ടകൾ ഭേദിച്ചുകൊണ്ടു് ഒരു അരുവിയായി ഒഴുകി. മററുചിലിടങ്ങളിൽ അതു മഞ്ഞിൻെറ മുകളിലൂടെ ഒഴുകി. ആ മഞ്ഞുകട്ടകളിലൊന്നിൽ



ഒരു കുതിരയുമായി ആരെങ്കിലും അകപ്പെട്ടാൽ അയാംക്കു ദൈവമേ തുണയുള്ളു. നികിത ഇടുക്കി നരികുചേർന്നു് പുല്ലിലൂടെ നടന്നു. വസന്തത്തിൻെറ പുതുവെള്ളത്തിൽ നീന്തിക്കൊണ്ടു് ഇടുക്കുകാം കടന്നു്, ഉണങ്ങിത്തുടങ്ങിയെങ്കിലും നനവുമാറിയിട്ടില്ലാത്ത കരകാം പിന്നിട്ടു്, വസന്തമാരുതനിൽ ഓളംതല്ലിക്കൊണ്ടു തിളങ്ങുന്ന വൻതടാകങ്ങളുടെ കുറുകെ കടക്കാൻ എത്ര രസകരമായിരിക്കുമെന്നു് അവനു തോന്നി.

ഇടുക്കിൻെറ മറുകരയിൽ നിരപ്പിനെയുള്ള ഒരു വയലായിരുന്നു. ചിലിടങ്ങളിൽ തവിട്ടുനിറത്തിലും ചിലിടങ്ങളിൽ മഞ്ഞുമൂടിയും കിടന്നിരുന്ന ആ വയൽ ആകെ നിരവധി നീർച്ചാലുകാം കൊണ്ടു തിളങ്ങുന്നുണ്ടായിരുന്നു. അകലെ അഞ്ചുപേർ ജീനിവയ്ക്കാത്ത കുതിരകളുടെ പുറത്തു കയറി സാവധാനത്തിൽ വയൽ കുറുകെ കടക്കുന്നുണ്ടായിരുന്നു. അവരുടെ തലവൻ തിരിഞ്ഞു് ഒരു ചുരുാം കയർ വീശിക്കൊണ്ടു് മററുള്ളവരോട്ട് എന്തോ വിളിച്ചുപറഞ്ഞെന്നുതോന്നി. അതു അർത്തമോൻ തൃരിനാണെന്നു് അയാളുടെ പുള്ളിക്കുതിരയിൽ നിന്നും നികിത മനസ്സിലാക്കി. ഒടുവിൽപ്പോയ ആാം ഒരു നീണ്ട മുള തോളിനു മുകളിൽ പിടിച്ചിരുന്നു. അവർ ഹൊമ്യക്കോവ്ക്കയിലേക്കാണു് കുതിരയോടിച്ചുപോയതു്. ഇടുക്കുകാംക്കപ്പുറം ആററിനക്കരെയുള്ള ഒരു ഗ്രാമമായിരുന്നു അതു്. യാതൊരു വഴിയും കാണാതെ വെള്ളം നിറ

ഞ്ഞു കിടക്കുന്ന വയലുകളിലൂടെ ആളുകൾ കുതിര യോടിച്ചു പോകുന്നതു് വിചിത്രമായിത്തോന്നി.

നികിത താഴത്തെ കുളത്തിലേക്കു പോയി. ഇടുക്കിൽനിന്നുള്ള വെള്ളം മഞ്ഞനിറത്തിലുള്ള മഞ്ഞിന്റെ മീതേക്കൂടി നുരച്ചുപതഞ്ഞു വീഴുന്നതു് ഇതിലേക്കാണു്. കൊച്ചുതരംഗങ്ങളായി സഞ്ചരിച്ചുകൊണ്ടു് വെള്ളം കുളത്തിലെ മഞ്ഞുകട്ട മുഴുവൻ മൂടി. ഇടതുവശത്തു് കൊടുംമഞ്ഞിൽനിന്നും മോചനം നേടി തിങ്ങിവളർന്നുനിന്നിരുന്ന കൂററൻ അരളിമരങ്ങൾ ഉച്ചത്തിൽ മർമ്മരശബ്ദം പുറപ്പെടുവിച്ചു. രാത്രിയിലെ മഴയിൽ ചിറകു നനഞ്ഞ കാക്കകൾ ഇലയില്ലാതെ ആടിക്കൊണ്ടിരിക്കുന്ന ചില്ലികളിലിരുന്നു.

അരളിമരങ്ങളുടെ വളഞ്ഞു പിരിഞ്ഞ തടികൾക്കിടയിലൂടെ അണയിൽ ഒരു കുതിരസവാരിക്കാരൻ പ്രത്യക്ഷപ്പെട്ടു. അയാൾ ക്ഷീണിച്ചു വിവശയായ ഒരു കുതിരയുടെ പള്ളയ്ക്കു് ഉപ്പൂററി കൊണ്ടു് തട്ടുകയും ഇരിപ്പടത്തിലിരുന്നു തിരിയുകയും കൈമുട്ടുകൾ രണ്ടും പൊക്കിത്താഴ്ത്തുകയും ചെയ്തുകൊണ്ടിരുന്നു. സ്യോപ്ക്ക കർനൗസ്കിനായിരുന്നു അതു്. വെള്ളം കെട്ടിനിൽക്കുന്ന കുഴികൾ കടന്നു് കുതിരയോടിച്ചുപോകുന്നവഴി അവൻ എന്തോ നികിതയെ നോക്കി വിളിച്ചുപറഞ്ഞു. അവന്റെ കുതിരയുടെ കുളമ്പുകളിൽ നിന്നും ചേറു പുരണ്ട മഞ്ഞുകട്ടകളും വെള്ളവും ചീററിത്തെറിച്ചു.

എന്തോ സംഭവിച്ചിട്ടുണ്ടെന്നതു് സ്പഷ്ടമായി

രുന്നു. നികിത വീട്ടിലേക്കോടി. പിൻവശത്തെ തിണ്ണയോടടുത്തു് കർനൗഷ്കിൻെറ കുതിര കിതച്ചു കൊണ്ടു നിൽക്കുന്നുണ്ടായിരുന്നു. അതു നികിതയെ നോക്കി തലയാട്ടി. അവൻ വീട്ടിൽക്കയറിയ നിമിഷത്തിലാണു് അമ്മയുടെ ഭയചകിതമായ ഉച്ചത്തിലുള്ള നിലവിളി കേട്ടതു്. വികൃതമായ മുഖത്തോടും ഭയംകൊണ്ടു വിടർന്ന കണ്ണുകളോടും കൂടി അമ്മ ഇടനാഴിയുടെ അററത്തു നിന്നും വന്നു. പുറകിൽ സ്റ്റോപ്പ്ക്കയുണ്ടായിരുന്നു. മറുവശത്തെ ഒരു വാതിൽ തുറന്നു് അർക്കാദിയു് ഇവാനൊവിച്ചു് ഓടിവന്നു. അമ്മ ഇടനാഴിയിലൂടെ നടക്കുകയല്ല, ഓടുകയാണു ചെയ്തതു്.

''വേഗമാകട്ടെ, വേഗം,''അടുക്കളവാതിൽ തുറന്നു് അമ്മ വിളിച്ചുപറഞ്ഞു. ''സ്റ്റെപ്പനീദ! ദുന്യാഷ! പണിക്കാരുടെ പാർപ്പിടത്തിലേക്കോടു്! വസീലിയു് നിക്കീത്യെവിച്ചു് ഹൊമ്യക്കോവ്ക്കയുടെ അടുത്തു് മുങ്ങിച്ചാവുകയാണു്....''

''ഹൊമ്യക്കോവ്ക്കയുടെ അടുത്താ''ണിതു നടന്നതെന്നതായിരുന്നു ഏററവും ഖേദകരമായ കാര്യം. നികിതയുടെ കണ്ണിൽ ഇരുട്ടുകയറി. പെട്ടെന്നു് ഇടനാഴിയിൽ ഉള്ളി വറുത്ത മണം തങ്ങി നിൽക്കുന്നതായി അവനു തോന്നി. നികിത കണ്ണിറുക്കിക്കൊണ്ടു് ഒരു മുയലിനെപ്പോലെ നിലവിളിച്ചുവെന്നു് അമ്മ പിന്നീടു പറയുകയുണ്ടായി. പക്ഷെ താൻ കരഞ്ഞതായി അവൻ ഓർമ്മിച്ചില്ല. അർക്കാദിയു് ഇവാനൊവിച്ചു് അവ

നേയും പിടിച്ചുകൊണ്ടു് ക്ലാസുമുറിയിലേക്കു പോയി.

''നിനക്കു ലജ്ജയില്ലേ, നികിത? നീയൊരു വലിയ കുട്ടിയല്ലേ?'' നികിതയുടെ രണ്ടു കൈകളും മുട്ടിനു മുകളിലായി അമർത്തിക്കൊണ്ടു് അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നു. ''അതിനെന്തുപററി? എന്തുപററി? വസീലിയ് നിക്കീത്യെവിച്ച് താമസിയാതെ വരും.... സ്പഷ്ടമായും അദ്ദേഹം ഒരു കുണ്ടിൽ വീണു മേലൊക്കെ നനഞ്ഞിരിക്കും... എന്നിട്ടു് ആ വിഡ്ഢി സ്റ്റ്യോപ്ക്ക നിൻെറ അമ്മയെ ഭയപ്പെടുത്തി.... സത്യമായിട്ടും ഞാനവൻെറ ചെവിക്കു പിടിക്കും....''

എങ്കിൽക്കൂടി അർക്കാദിയ് ഇവാനൊവിച്ചിൻെറ ചുണ്ടുകൾ വിറയ്ക്കുന്നതും അദ്ദേഹത്തിൻെറ കൃഷ്ണമണി ചെറുതായിച്ചെറുതായി ഒരു സൂചിമുനയോളമായതും നികിതയ്ക്കു കാണാമായിരുന്നു.

അതിനിടയിൽ അമ്മ ഒരു പുതപ്പു മാത്രം പുതച്ചുകൊണ്ടു് പണിക്കാരുടെ പാർപ്പിടത്തിലേക്കോടി. പക്ഷെ പണിക്കാർ അപ്പോഴേക്കും വിവരമറിഞ്ഞുകഴിഞ്ഞിരുന്നു. അവർ വണ്ടിപ്പുരയിൽ ചെന്നു് വലിപ്പവും കരുത്തും മുൻകോപവുമുള്ള നീറൊ എന്ന കുതിരയെ അടി പരന്ന ഒരു ഹിമവണ്ടിയിൽ ഘടിപ്പിക്കാനുള്ള ശ്രമമായിരുന്നു. കുതിരകൾ മേയുന്നിടത്തുനിന്നു് അവർ സവാരിക്കുതിരകളെ പിടിച്ചുകൊണ്ടുവന്നു. ഒരാൾ മേൽക്കൂരയിൽനിന്നു് നീണ്ട പിടിയോടുകൂടിയ ഒരു

തോണിക്കൊളുത്തു് താഴോട്ടു വലിച്ചിട്ടു. മററൊരാറം ഒരു തുമ്പയും വേറൊരാറം കുറെ കയറുമായി ഓടിയെത്തി. നീണ്ടൊരു ആട്ടിൻതോൽക്കോട്ടും തടിച്ച ഒരു ഫർകോട്ടും വാരിപ്പിടിച്ചുകൊണ്ടു് ദുന്യാഷ വീട്ടിനു പുറത്തേക്കോടി. പഹോം അമ്മയുടെ അടുത്തുചെന്നു.

''വിഷമിക്കണ്ട, അലെക്സാൻദ്ര ലെയോന്ത്യെവ്ന, ദുന്യാഷയെ പറഞ്ഞയച്ചു് ഗ്രാമത്തിൽ നിന്നു കുറെ വോഡ്ക്ക വരുത്തു. ഞങ്ങറം അദ്ദേഹത്തെ കൊണ്ടുവന്നുകഴിഞ്ഞാലുടൻ കുടിക്കാൻ വോഡ്ക്ക കൊടുക്കണം....''

''പഹോം, ഞാനും കൂടെ വരികയാണു്.''

''വേണ്ടവേണ്ട. വീട്ടിൽ പോകൂ. ജലദോഷം പിടിക്കും.''

പഹോം ഹിമവണ്ടിയിൽ വശത്തേക്കു ചരിഞ്ഞിരുന്നുകൊണ്ടു് കടിഞ്ഞാണിൽ മുറുകിപ്പിടിച്ചു. ''അവനെ വിടു്!'' കുതിരയുടെ കടിഞ്ഞാൺ പിടിച്ചിരുന്ന കുട്ടികളോടു് അയാറം വിളിച്ചു പറഞ്ഞു. നീറൊ തണ്ടുകറം വലിക്കുകയും മുക്രയിടുകയും ചെയ്തതിനുശേഷം ദേഹം കുടഞ്ഞുകൊണ്ടു് നിഷ്പ്രയാസം ചളിയും ചേററുകുഴികളും കടന്നു ഹിമവണ്ടി വലിച്ചുകൊണ്ടോടി. അതിൻെറ തൊട്ടുപുറകിൽ തങ്ങളുടെ കുതിരകളെ കയർ ചുഴററിയടിച്ചുകൊണ്ടു് പണിക്കാർ ഒന്നിച്ചു നീങ്ങി.

അവരുടെ പിന്നാലെ കണ്ണയച്ചുകൊണ്ടു് അമ്മ ദീർഘനേരം അനങ്ങാതെനിന്നു. പിന്നീടു്

തലകുനിച്ച വീട്ടിലേക്കു സാവധാനം നടന്നു വന്നു് തീന്മുറിയുടെ ജനാലയ്ക്കടുത്തിരുന്നു. അവിടന്നു നോക്കിയാൽ തുറസ്സായ വയലും അങ്ങു ദൂരെ കുന്നുകൾക്കപ്പുറത്തു് ഹൊമ്യക്കോവ്ക്കയിലെ അരളിമരങ്ങളുടെ മുകൾഭാഗവും കാണാം. അമ്മ നികിതയെ വിളിച്ചുകൊണ്ടുവരാൻ പറഞ്ഞു. അവൻ ഓടിച്ചെന്നു് അമ്മയുടെ കഴുത്തിൽ കയ്യിട്ടുകൊണ്ടു് തോളിൽ കമ്പിളിപ്പുതപ്പിനു മുകളിലായിതല ചായ്ച്ചു....

''ദൈവം നമ്മെ എല്ലാ ദുർവിധിയിൽനിന്നും രക്ഷിക്കട്ടെ, നികിത,'' എന്നു പതുക്കെപ്പറഞ്ഞുകൊണ്ടു് അമ്മ നികിതയുടെ തലമുടിയിൽ ബലമായി ദീർഘനേരം ചുംബമർത്തി.

അർക്കാദിയ് ഇവാനൊവിച്ച് മുറിയിൽ പലതവണ കയറിവന്നു. അദ്ദേഹം കണ്ണട നേരെ വയ്ക്കുകയും കൈ തിരുമ്മുകയും ചെയ്തു. അവർ വരുന്നുണ്ടോ എന്നു നോക്കാൻ അമ്മ പലതവണ ഇറയത്തുപോയി നോക്കി. വീണ്ടും ജനലയ്ക്കലേക്കു മടങ്ങി. നികിതയെ അടുത്തുനിന്നു് എങ്ങോട്ടു പോകാനും അമ്മ സമ്മതിച്ചില്ല.

പകൽവെളിച്ചം മാറി അസ്തമയത്തിനു മുമ്പുള്ള ഇളംചുവപ്പുനിറം വ്യാപിച്ചു. രാത്രി തണുപ്പായതിനാൽ ജനാലകളുടെ ചില്ലുകളുടെ കീഴ്വശത്തു് നേരിയ ഹിമചിത്രങ്ങൾ പ്രത്യക്ഷപ്പെട്ടു. പെട്ടെന്നു് വീടിനു തൊട്ടു പുറത്തു് ഒരു കുതിരയുടെ കുളമ്പടിശബ്ദം കേട്ടു. വായിൽനിന്നുനുരയും

പതയും വമിച്ചുകൊണ്ടു നിൽക്കുന്ന നീറൊയേയും ഹിമവണ്ടിയുടെ അററത്തു ചരിഞ്ഞിരിക്കുന്ന പഹോമിനേയും അവൻ കണ്ടു. ഹിമവണ്ടിക്കകത്തു് ആട്ടിൻതോൽക്കോട്ടും ഫർക്കോട്ടും കമ്പിളിക്കഷണവും കുമിച്ചുകൂട്ടിയിട്ടിരിക്കുന്നതിൻെറ ചുവട്ടിൽ അവർക്കു് ആട്ടിൻ തുകലിനടിയിൽനിന്നും എത്തിനോക്കുന്ന വസീലിയ് നിക്കീത്യെവിച്ചിൻെറ ചുവന്ന സുസ്മേരവദനം തിരിച്ചറിയാൻ കഴിഞ്ഞു. വലിയ രണ്ടു മഞ്ഞുകട്ടകൾ മീശയുടെ സ്ഥാനം പിടിച്ചിരുന്നു. അമ്മ കരഞ്ഞുകൊണ്ടു ചാടിയെഴുന്നേററു. അമ്മയുടെ മുഖം പിടയുന്നുണ്ടായിരുന്നു.

''അദ്ദേഹം ജീവിച്ചിരിക്കുന്നുണ്ടു്!'' അമ്മ വിളിച്ചുപറഞ്ഞു. അമ്മയുടെ തിളങ്ങുന്ന കണ്ണുകളിൽനിന്നും കണ്ണുനീരൊഴുകി.

## ഞാൻ മുങ്ങിച്ചാവാൻ തുടങ്ങിയതെങ്ങിനെ

തീന്മുറിയിലെ വട്ടമേശയ്ക്കടുത്തേക്കു വലിച്ചിട്ടിരുന്ന തോൽപൊതിഞ്ഞ ഒരു വലിയ ചാരുകസേരയിലാണു് അച്ഛൻ ഇരുന്നിരുന്നതു്. വസീലിയ് നിക്കീത്യെവിച്ച് ഒട്ടകരോമംകൊണ്ടു നെയ്ത മാർദ്ദവമേറിയ ഒരു ഡ്രസ്സിംഗ് ഗൗണും മാർദ്ദവമുള്ള കമ്പിളിച്ചെരിപ്പും ധരിച്ചിരുന്നു.

അദ്ദേഹത്തിൻെറ മീശയും നനവുള്ള ചെമ്പിച്ച താടിയും ഇരുവശത്തേക്കും കോതിവച്ചിരുന്നു. അദ്ദേഹത്തിൻെറ ആഹ്ലാദഭരിതമായ ചുവന്ന മുഖം സമോവറിൽ പ്രതിബിംബിച്ചു. മററെല്ലാററിനേയുംപോലെ, സമോവാറിൽ വെള്ളം തിളയ്ക്കുന്നതിനും ചുവട്ടിൽനിന്നു തീപ്പൊരി പാറുന്നതിനും ആ സായാഹ്നത്തിൽ ഒരു പ്രത്യേകതയുണ്ടായിരുന്നു.

സന്തോഷംകൊണ്ടും വോഡ്ക്കയുടെ ലഹരി കൊണ്ടും കണ്ണുചെറുതാക്കി ഇരിക്കുകയായിരുന്നു വസീലിയ് നിക്കീത്യെവിച്ച്. അദ്ദേഹത്തിൻെറ വെളുത്ത പല്ലുകൾ അത്യധികമായ തിളക്കത്തോടെ വെളിയിൽ കാണാമായിരുന്നു. നേരത്തേയിട്ടിരുന്ന ചാരനിറത്തിലുള്ള ലളിതമായ അതേ വസ്ത്രവും കമ്പിളിപ്പുതപ്പുമാണു ധരിച്ചിരുന്നതെങ്കിലും അമ്മ ആളാകെ മാറിയതുപോലെ തോന്നി. പഴയതു പോലേ അല്ല. അമ്മയ്ക്കു ചിരി അടക്കിവയ്ക്കാൻ കഴിഞ്ഞില്ല. അമ്മയുടെ ചുണ്ടുകൾ ചുളിയുകയും താടി വിറയ്ക്കുകയും ചെയ്തു. വിശേഷാവസരങ്ങളിൽ ഉപയോഗിക്കാനായി വച്ചിരുന്ന ആമത്തോടുകൊണ്ടുള്ള കണ്ണടയാണു അർക്കാദിയ് ഇവാനൊവിച്ച് ധരിച്ചിരുന്നതു്. നികിത ഒരു കസേരയിൽ മുട്ടുകുത്തി നിന്നു് വയറു് മേശയോടമർത്തിപ്പിടിച്ചുകൊണ്ടു് അച്ഛൻെറ സംസാരം ശ്വാസമടക്കി കേട്ടുകൊണ്ടിരുന്നു. ഒരോ മിനിട്ടിലും ദുന്യാഷ എന്തെങ്കിലും കൊണ്ടു് മുറിക്കുള്ളിലേക്കും പുറത്തേക്കും ഓടിക്കൊണ്ടിരുന്നു. അവൾ യജമാനനെ

തുറിച്ചു നോക്കി. ഒരു കനത്ത ഇരുമ്പുചട്ടിയിൽ പ്രത്യേകം തയ്യാർചെയ്ത കേക്കുകളുമായി സ്റ്റെപ്പനീദ വന്നു. വെണ്ണയിൽ കിടന്നു പൊരിഞ്ഞു കൊണ്ടു് മേശപ്പുറത്തിരുന്നപ്പോഠം അവ വളരെ സ്വാദിഷ്ഠമായിത്തോന്നി. വസീലിയ് വസീല്യെവിച്ച് എന്ന പൂച്ച വാലുയർത്തിപ്പിടിച്ചുകൊണ്ടു് അങ്ങോട്ടുമിങ്ങോട്ടും നടന്നു. പുറവും പള്ളയും തലയും ചാരുകസേരയിൽ ഉരുമ്മിക്കൊണ്ടും സന്തോഷത്തോടെ അസാധാരണമാംവണ്ണം ഉച്ചത്തിൽ കുറുങ്ങിക്കൊണ്ടും അതു് കസേരയ്ക്കു വട്ടമിട്ടുകൊണ്ടു നടന്നു. മുള്ളൻപന്നി അഹീഠംക്കയുടെ പന്നിമൂക്കു് അലമാരിക്കടിയിൽനിന്നു പ്രത്യക്ഷപ്പെട്ടു. മുള്ളുകഠം പുറത്തു പതിഞ്ഞുകിടക്കുന്നതിൽനിന്നും അതും സന്തോഷവാനാണെന്നു തെളിഞ്ഞു.

അച്ഛൻ ചൂടുള്ള ഒരു കേക്കു് വളരെ സംതൃപ്തിയോടെ തിന്നു—“നമ്മുടെ സ്റ്റെപ്പനീദ മിടുക്കിയാണു്!” — രണ്ടാമതൊന്നുകൂടിയെടുത്തു് ചുരുട്ടി അതും തിന്നു—“നമ്മുടെ സ്റ്റെപ്പനീദ മിടുക്കിയാണു്!”—എന്നിട്ടു്, ക്രീമിട്ടു്, ചായ നീട്ടിയൊന്നു മോന്തിക്കുടിച്ചു് മീശ തടവി ഒരു കണ്ണു ചെറുതാക്കി.

“ഇനി ഞാൻ പറയാം ഞാൻ എങ്ങിനെയാണു മുങ്ങിച്ചാവാൻ തുടങ്ങിയതെന്നു്,” അച്ഛൻ നടന്ന കാര്യങ്ങഠം പറയാൻ തുടങ്ങി. “ഞാൻ മിനിഞ്ഞാന്നു സമാറ വിട്ടു. സംഭവിച്ചതിങ്ങനെയാണു, സാഷ.” ഒരു നിമിഷത്തേക്കു് അച്ഛൻെറ

മുഖത്തു് ഗൗരവം പരന്നു. ''ഞാൻ ഒരു സാധനം വളരെ ലാഭത്തിനു വാങ്ങി. ആ പൊസ്ദ്യൂനിനുണ്ടല്ലൊ. അയാഠംക്കു് ബൈറൺ എന്ന കരിംചുവപ്പുനിറത്തിലുള്ള ഒരു കുതിരയുണ്ടു്. അതു വാങ്ങണമെന്നു പറഞ്ഞു് അയാഠം എന്നെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. 'എനിക്കു നിങ്ങളുടെ കുതിര എന്തിനാണു്?' ഞാൻ ചോദിച്ചു. 'വന്നു നോക്കു,' അയാഠം പറഞ്ഞു. ഞാൻ കുതിരയെ കണ്ടു. എനിക്കിഷ്ടപ്പെട്ടു. ഒരു സുന്ദരൻ. നല്ല ചുണയും. 'എന്നെ വാങ്ങൂ ' എന്നു പറയുന്ന മട്ടിൽ അവൻ വയലററുകണ്ണുകളുയർത്തി എന്നെ നോക്കി. പൊസ്ദ്യൂനിനാണെങ്കിൽ കുതിരയെ വാങ്ങണമെന്നു പറഞ്ഞു് എൻെറ പുറകിൽനിന്നു മാറിയില്ല. തന്നെയല്ല, അയാഠംക്കു വണ്ടിയും പൂട്ടുമെല്ലാമുണ്ടായിരുന്നു... സാഷ, ഞാനതു വാങ്ങിയതിനു് നിനക്കെന്നോടു ദേഷ്യമില്ലല്ലോ, ഉണ്ടോ?'' അച്ഛൻ അമ്മയുടെ കയ്യെടുത്തു തൻെറ കയ്യിൽ വച്ചു. ''ക്ഷമിക്കു.'' അമ്മ കണ്ണടച്ചു. സെംസ്തൊവാ* അദ്ധ്യക്ഷനായ പൊസ്ദ്യൂനിനെത്തന്നെ വിലയ്ക്കു വാങ്ങിക്കൊണ്ടുവന്നിരുന്നെങ്കിൽപ്പോലും ഇന്നു് അമ്മയ്ക്കു് അച്ഛനോടു ദേഷ്യം വരുന്നതെങ്ങിനെങ്ങിനെയാണു്? ''അതുകൊണ്ടു് ബൈറണെ കൊണ്ടുവരാൻ ഞാൻ പറഞ്ഞു. ഞാനതിനെ എന്തു

---

* മുൻകാലങ്ങളിൽ റഷ്യയിൽ വളരെ പരിമിതമായ അധികാരങ്ങളോടെ നിലനിന്നിരുന്ന പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളായിരുന്നു സെംസ്തൊവാകഠം.

ചെയ്യണമെന്നായി എൻെറ അടുത്ത ആലോചന. കുതിരയെ സമാറയിൽ ഒററയ്ക്കാക്കാൻ ഞാനിഷ്ടപ്പെട്ടില്ല. ഞാൻ കുറേയധികം സമ്മാനങ്ങളും ഒരു സഞ്ചിക്കകത്താക്കിക്കെട്ടി.'' അച്ഛൻ കുസൃതിയോടെ ഒരു കണ്ണിറുക്കിക്കാണിച്ചു. ''വെളുപ്പിന് ബൈറണെ പൂട്ടി തയ്യാറാക്കുകയും ഞാൻ ഒററയ്ക്കു സമാറയിൽനിന്നു തിരിക്കുകയും ചെയ്തു. ആദ്യം ചിലിടങ്ങളിൽ മഞ്ഞു് അവശേഷിച്ചിരുന്നു. പക്ഷെ പിന്നങ്ങോട്ടു് റോഡു മുഴവൻ കുത്തിയൊലിച്ചുപോയിരുന്നു. എൻെറ കുതിര കുഴങ്ങി. അതിൻെറ കാലുറയ്ക്കാതായിത്തുടങ്ങി. രാത്രി കൊൽദിബാനിൽ വൊസ്ദ്വീഷെൻസ്കിയ് അച്ചനുമൊന്നിച്ചുകഴിയാൻ ഞാൻ തീരുമാനിച്ചു. അച്ചൻ എനിക്കു കുറച്ചു സോസേജു തന്നു. എന്തൊരു സ്വാദായിരുന്നു അതിനു്! അതുപോകട്ടെ. അച്ചൻ പറഞ്ഞു, 'വസീലിയ് നിക്കീത്യെവിച്ച്', നിങ്ങൾക്കു വീട്ടിലെത്താൻ പററുകയില്ല, കണ്ടോളൂ. ഇടുക്കുകളിലെ മഞ്ഞു് ഇന്നു രാത്രി ഉടയുമെന്നതു തീർച്ചയാണു്!' പക്ഷെ എന്തുവന്നാലും പോകാൻ ഞാനുറച്ചിരുന്നു. അച്ചനുമായി തർക്കിച്ചുകൊണ്ടു് ഞാൻ അർദ്ധരാത്രിവരെയിരുന്നു. അദ്ദേഹം എനിക്കു് കറുത്ത കുരുവില്ലാമുന്തിരിങ്ങയിൽനിന്നുമെടുത്ത ഒന്നാന്തരം വീഞ്ഞു തന്നു. എനിക്കു് ആണയിട്ടു പറയാൻ കഴിയും, അത്തരം പാനീയം പാരീസിൽ കൊണ്ടുപോവുകയാണെങ്കിൽ ഫ്രഞ്ചുകാർ അതു തട്ടിപ്പറിക്കും....

അതേപ്പററി പിന്നെ പറയാം. ഞാൻ ഉറങ്ങാൻ കിടന്നു. അപ്പോരം ശക്തിയായ മഴ തുടങ്ങി. എൻെറ മനസ്സിനെ അതെത്രമാത്രം വിഷമിപ്പിച്ചെന്നു നിനക്കൂഹിക്കാമല്ലൊ, സാഷ. ഞാൻ വെറും ഇരുപതു കിലോമീററർ അകലെ ഇരിക്കുന്നു. എന്നിട്ടും നിൻെറയടുത്തു് എപ്പോഴെത്താനൊക്കുമെന്നു് അറിഞ്ഞുകൂടാ.... മഴയും അച്ചനും വീഞ്ഞുമെല്ലാം എനിക്കു മടുത്തു....''

''വസീലിയ്,'' അച്ഛനെ കർശനമായി നോക്കിക്കൊണ്ടു് അമ്മ ഇടയ്ക്കുകയറിപ്പറഞ്ഞു. ''ഇത്തരം സാഹസം മേലാൽ ചെയ്യരുതു്. ഞാൻ വളരെ ഗൗരവമായി പറയുകയാണു്.''

''ഇല്ലെന്നു ഞാൻ ആണയിട്ടു സത്യം ചെയ്യാം,'' കൂടുതലാലോചിക്കാതെ വസീലിയ് നിക്കീത്യെവിച്ചു് പറഞ്ഞു. ''എന്നിട്ടു്.... രാവിലെയായപ്പോരം മഴ നിന്നു. അച്ചൻ കുർബാനയ്ക്കു പോയി. ബൈറണെ പൂട്ടാൻ ഞാൻ പറഞ്ഞു. അവിടന്നു തിരിക്കുകയും ചെയ്തു. ദൈവമേ! ചുററും വെള്ളമല്ലാതെ ഒന്നുമില്ല. പക്ഷെ കുതിരയ്ക്കു പോകാൻ കൂടുതലെളുപ്പമായിരുന്നു. റോഡുകളില്ലാതെ മുട്ടററം വെള്ളത്തിലും തടാകങ്ങളിലൂടെയും ഞങ്ങരംക്കു സഞ്ചരിക്കേണ്ടി വന്നു... എത്ര മനോഹരം!... വെയിലടിച്ചു. കാററു വീശി... എൻെറ ഹിമവണ്ടി ഒഴുകിപ്പോവുകയായിരുന്നു. എൻെറ കാലുകരം നനഞ്ഞു. എന്തു രസമായിരുന്നെന്നോ! ഒടുവിൽ ഞാൻ ദൂരെ നമ്മുടെ അരളിമരങ്ങരം കണ്ടു.

ഞാൻ ഹൊമ്യക്കോവ്ക്ക കടന്നു. പുഴ കടക്കാനുള്ള ഏററവും എളുപ്പവഴി ഏതെന്നു നോക്കി... ആ തെമ്മാടി !'' വസീലിയ് നിക്കീത്യെവിച്ച് മുഷ്ടി ചുരുട്ടി കസേരക്കയ്യിലിടിച്ചു. ''പാലം പണിയേണ്ടതെവിടെയാണെന്ന് ഞാൻ ആ പൊസ്ദ്യനിനു കാണിച്ചു കൊടുക്കാം ! വെള്ളത്തിലൂടെ മറുകര കടക്കാൻവേണ്ടി എനിക്ക് ഹൊമ്യക്കോവ്ക്കയ്ക്കു ഏതാണ്ടു മൂന്നു കിലോമീററപ്പുറം വണ്ടിയോടിച്ചുപോകേണ്ടിവന്നു. ബൈറൺ ഒന്നാന്തരം കുതിരയാണ്. അതെന്നെയും ചുമന്നുകൊണ്ട് കുത്തനെയുള്ള കര കടന്നു. പുഴ പിന്നിട്ടപ്പോഠം ഇനിയങ്ങോട്ടുള്ള മൂന്നു ഇടുക്കുകളെപ്പററിയായി എൻെറ ചിന്ത. അവ അതിലും മോശമായിരിക്കും. തിരിച്ചുപോകുന്ന പ്രശ്നമേയില്ല. ഞാൻ ആദ്യത്തെ ഇടുക്കിലേക്ക് വണ്ടിയോടിച്ചുപോയി. ഒന്നാലോചിച്ചുനോക്കു്, സാഷ, വെള്ളവും മഞ്ഞും കൂടി കലർന്ന് വക്കുമുട്ടെ കിടക്കുന്നു. ആ ഇടുക്കിനു പതിനഞ്ചടി താഴ്ചയുണ്ട്.''

''ഭയങ്കരം,'' മുഖം വിളറിക്കൊണ്ട് അമ്മ പറഞ്ഞു.

''ഞാൻ കുതിരയുടെ പൂട്ടഴിച്ചു. കഴുത്തുപട്ടയും ജെന്നിയുമൂരി വണ്ടിയിലിട്ടു. പക്ഷെ എൻെറ ഫർകോട്ടൂരാൻ ഞാൻ മറന്നുപോയി. എനിക്കു നേരിട്ട എല്ലാ കുഴപ്പത്തിനും കാരണം അതായിരുന്നു. ഞാൻ ബൈറൻെറ പുറത്തു കയറി. ദൈവം തുണ !

കുതിര ആദ്യം പോകാൻ മടിച്ചു. ഞാനതിനെ തടവി. അതു് വെള്ളത്തിൻെറ മണം പിടിച്ചു കൊണ്ടു് അമറി. വേച്ചുവേച്ചു് ഒടുവിൽ ഇടുക്കി ലേക്കു് ഒരു ചാട്ടംവച്ചുകൊടുത്തു. കഴുത്തുവരെ മുങ്ങി. എത്ര ആയാസപ്പെട്ടിട്ടും ഒരിഞ്ചു നീങ്ങാൻ അതിനു കഴിഞ്ഞില്ല. ഞാൻ താഴെ ചാടിയിറങ്ങി ചതുപ്പുവെള്ളത്തിൽ മുങ്ങി. തല മാത്രം പുറത്തു ണ്ടായിരുന്നു. ഞാൻ ആ ചതുപ്പിൽ പകുതി നീന്തി യും പകുതി ഇഴഞ്ഞും നീങ്ങാൻ തുടങ്ങി. കുതി രയ്ക്കു മനസ്സിലായി ഞാൻ അതിനെ വിട്ടുപോവുക യാണെന്നു്. എന്നെ ഉപേക്ഷിക്കല്ലേ എന്ന മട്ടിൽ അതു ദയനീയമായി കരഞ്ഞു. കാൽ ഒരു പ്രകാര ത്തിൽ അനക്കി അതു് എൻെറ പിന്നാലെ ഇഴ ഞ്ഞുവന്നു. എൻെറ ഒപ്പമെത്തിയപ്പോരം അതിൻെറ മുൻകാലുകളിലെ കുളമ്പുകരം എൻെറ തുറന്ന കോട്ടിൻെറ അടിവശത്തു് ഉടക്കി എന്നെ വെള്ള ത്തിലേക്കു വലിച്ചു. ഞാൻ സർവ്വശക്തിയുമെടുത്തു ചെറുത്തെങ്കിലും അതെന്നെ കൂടുതൽ കൂടുതൽ വെ ള്ളത്തിലേക്കു വലിച്ചിഴച്ചു. ഒടുവിൽ എനിക്കു നിലയില്ലാതായി. ഭാഗ്യത്തിനു് എൻെറ കോട്ടു തുറന്നു കിടക്കുകയായിരുന്നു. വെള്ളത്തിൽ ഞാൻ മല്ലിട്ടുകൊണ്ടിരിക്കുന്നതിനിടയിൽ എൻെറ കോ ട്ടൂരി. അതിപ്പോഴും ആ ഇടുക്കിനടിയിൽ കിടപ്പു ണ്ടു്. ഞാൻ മുകളിലേക്കു പൊങ്ങി വീണ്ടും ശ്വാസം വിട്ടു. ഞാൻ കൈകാലുകരം നിവർത്തി ഒരു തവളയെപ്പോലെ ആ ചതുപ്പിൻെറ മുകളിൽ

കിടന്നു. കുമിളകളുടെ ഒച്ചകേട്ടു തിരിഞ്ഞുനോക്കി യപ്പോൾ കുതിരയുടെ തല പകുതി വെള്ളത്തിനു ടിയിലായിരിക്കുന്നതു ഞാൻ കണ്ടു. അതിൻെറ മൂക്കിൽനിന്നു കുമിളകൾ വരുന്നുണ്ടായിരുന്നു. അതു കടിഞ്ഞാണിൽച്ചവുട്ടിയതാണു കാരണം. എനിക്കു് അതിൻെറയടുത്തേക്കു വീണ്ടും പോകേണ്ടിവന്നു. ഞാൻ ബക്കിളൂരി കടിഞ്ഞാൺ പൊട്ടിച്ചുമാററി. കുതിര തല തിരിച്ചു് ഒരു മനുഷ്യനെപ്പോലെ എന്നെ നോക്കി. ഏതാണ്ടൊരു മണിക്കൂറോളം ഞങ്ങൾ ആ ചതുപ്പിൽ തിരിഞ്ഞും മറിഞ്ഞും കഴിച്ചുകൂട്ടി. എൻെറ ശക്തി മുഴുവൻ ക്ഷയിച്ചെന്നും ഞാൻ തണുത്തു മരവിച്ചുതുടങ്ങിയെന്നും എനിക്കു തോന്നി. എൻെറ ഹൃദയം തണുത്തുതുടങ്ങി. ആ സമയത്തു് കുതിര വെള്ളത്തിൽ ചവിട്ടുന്നില്ലെന്നും തിരിഞ്ഞു് നീന്തുകയാണെന്നും ഞാൻ കണ്ടു. നല്ല വെള്ളത്തിലെത്തി എന്നാണതിൻെറ അർത്ഥം. വെള്ളത്തിൽ നീന്താൻ കൂടുതൽ എളുപ്പമാണു്. ഞങ്ങൾ മറുകരയെത്തി. ആദ്യം പുലിലേക്കു കയറിയതു ബൈറണാണു്. ഞാനതിൻെറ പിന്നാലെയും. അതിൻെറ കുഞ്ചിരോമം പിടിച്ചുകൊണ്ടു് ഞാൻ ഒപ്പം നടന്നു. ഞങ്ങൾ രണ്ടുപേരും കുറേശ്ശെ ആടുന്നുണ്ടായിരുന്നു. ഞങ്ങളുടെ മുമ്പിൽ ഇനിയും രണ്ടിടുക്കുകളുണ്ടായിരുന്നു... അപ്പോഴാണു ഞങ്ങളുടെ നേരെ കുതിരയോടിച്ചുകൊണ്ടു് ആളുകൾ വരുന്നതു കണ്ടതു്....''

വസീലിയ് നിക്കീത്യെവിച്ച് അവ്യക്തമായ ഏതാനും വാക്കുകൾകൂടി പറഞ്ഞു. പെട്ടെന്ന് അദ്ദേഹത്തിൻെറ തല താഴോട്ടായി. മുഖം ചോരനിറമായി. പല്ലുകൾ കൂട്ടിയടിച്ചു.

''സാരമില്ല, സാരമില്ല, സമോവാറിൻെറ പുകയാണ്,'' എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം കസേരയിലേക്കു മലർന്നുകിടന്ന് കണ്ണടച്ചു.

അദ്ദേഹത്തിൻെറ ശരീരം വിറച്ചുതുടങ്ങി. അബോധാവസ്ഥയിലാണ് അദ്ദേഹത്തെ മെത്തയിൽ കിടത്തിയത്....

## ഈസ്റ്ററിനുമുമ്പുള്ള ആഴ്ച

അച്ഛൻ പനിപിടിച്ചു മൂന്നു ദിവസം കിടന്നു. പിന്നീടദ്ദേഹം സുഖം പ്രാപിച്ചു. ബൈറൺ ജീവിച്ചിരിപ്പുണ്ടോ എന്നായിരുന്നു അദ്ദേഹത്തിൻെറ ആദ്യത്തെ ചോദ്യം. ആ സുന്ദരനായ കുതിര അങ്ങേയററം ആരോഗ്യവാനായിട്ടാണിരുന്നിരുന്നതു്.

വസീലിയ് നിക്കീത്യെവിച്ചിൻെറ ചുറുചുറുക്കും ഉന്മേഷവും നിറഞ്ഞ സ്വഭാവം അദ്ദേഹത്തെ താമസിയാതെ തന്നെ വീണ്ടും കർമ്മോന്മുഖനാക്കി. അടങ്ങിക്കിടക്കാനുള്ള സമയമായിരുന്നില്ല അതു്. വസന്തത്തിലെ കൊയ്ത്തിനുമുമ്പുള്ള തിരക്കുപിടിച്ച സമയം തുടങ്ങിയിരുന്നു. ആലയിൽ അവർ കൊഴവിൻെറ അററം തറയ്ക്കുകയും കലപ്പകളുടെ

കേടുപാടുകൾ തീർക്കുകയും എല്ലാ കുതിരകൾക്കും ലാടം തറയ്ക്കുകയും ചെയ്തു. കളപ്പുരകളിൽ പണിക്കാർ പൂപ്പുപിടിച്ച ധാന്യം കോരിമാററുകയും എലികളെ വിരട്ടിയോടിക്കുകയും പൊടിപറത്തുകയും ചെയ്തു. ഒരു ഷെഡ്ഡിൽ പതിരു നീക്കുന്ന യന്ത്രം കറങ്ങിക്കൊണ്ടിരുന്നു. വീട്ടിൽ വസന്താരംഭത്തിലെ ശുചീകരണം മുറയ്ക്കു നടന്നു. ജനാലകൾ തുടയ്ക്കുകയും നിലം കഴുകുകയും മച്ചിൽനിന്നു ചിലന്തിവല മാററുകയും ചെയ്തു. കാർപ്പററുകളും കസേരകളും സോഫകളും പുറത്തു ബാൽക്കണിയിൽ കൊണ്ടുപോയി അവയിൽനിന്നും ശീതകാലാവശിഷ്ടങ്ങൾ അടിച്ചുകളഞ്ഞു. ശീതകാലത്ത് അവയവയുടെ സ്ഥാനങ്ങളിലിരുന്നുപോന്നിരുന്ന സാധനങ്ങളെല്ലാം മാററി പൊടിതട്ടി പുതിയ തരത്തിലിട്ടു. ബഹളം വെറുത്തിരുന്ന അഹീംക്ക ദേഷ്യപ്പെട്ട് ഒരു സ്റ്റോർമുറിയിൽ കിടന്നുറങ്ങി.

തീന്മുറിയിലെ വെള്ളിപ്പാത്രങ്ങളും ദൈവരൂപങ്ങളുടെ വെള്ളിപ്പിടികളും അമ്മ തന്നെയാണു തുടച്ചത്. അമ്മ വായുവിൽ പാററാഗുളികകളുടെ മണം പരത്തിക്കൊണ്ട് പഴയ പെട്ടികൾ തുറന്ന് വസന്തത്തിലിടാനുള്ള വസ്ത്രങ്ങൾ പരിശോധിച്ചു. പെട്ടികളിൽ അമർത്തിവച്ചതിൻെറ ഫലമായി ചുളിവുകൾ വീണെങ്കിലും ശീതകാലത്തു മുഴവൻ മാററിവച്ചിരുന്നതിനാൽ അവ പുതിയ വസ്ത്രങ്ങളെപ്പോലെ തോന്നിച്ചു. തീന്മുറിയിൽ ഒരു കുട്ട നിറയെ ഭംഗിയായി വേവിച്ച മുട്ടകളുണ്ടായിരുന്നു.

നികിതയും അർക്കാദിയ് ഇവാനൊവിച്ചും ഉള്ളിത്തൊലിയിൽനിന്നെടുത്ത സത്തു് അവയു ടെ പുറത്തു പുരട്ടി. അവയ്ക്കപ്പോഠം മഞ്ഞനിറമായി. പിന്നീടവർ അവ കടലാസ്സിൽ പൊതിഞ്ഞു് വിനാഗരിയൊഴിച്ച തിളയ്ക്കുന്ന വെള്ളത്തിലിട്ടു. അതോടെ പല നിറത്തിലുള്ള ചിത്രങ്ങഠം മുട്ടകളു ടെ മുകളിൽ പ്രത്യക്ഷപ്പെട്ടു. അവർ അവയുടെ മീ തെ വാർണിഷിടുകയും സ്വർണ്ണം പൂശുകയും വെ ള്ളി പൂശുകയും ചെയ്തു.

വെള്ളിയാഴ്ച വാനിലയുടേയും ഏലക്കായു ടേയും പരിമളം വീടു മുഴുവൻ വ്യാപിച്ചു. പാച കക്കാരി ഈസ്റ്റർകേക്കുകളുണ്ടാക്കാൻ തുടങ്ങിയിരു ന്നു. രാത്രിയായപ്പോഴേക്കും അമ്മയുടെ കട്ടിലിൽ ഒരു ടവ്വലിൻെറ പുറത്തു് ഉയർന്ന വലിപ്പത്തിലു ള്ള ഒരുഡസൻ സ്പോഞ്ചുകേക്കുകളും പരന്ന യീസ്റ്റ് കേക്കുകളും നിരത്തിവച്ചു.

ആ ആഴ്ച മുഴുവനും അസ്ഥിരമായ കാ ലാവസ്ഥയായിരുന്നു. ആദ്യം കാർമേഘം വന്നു മൂടുകയും പൊടിമഞ്ഞു വീഴുകയും ചെയ്തു. പിന്നീ ട് ആകാശം തെളിയുകയും വസന്തത്തിലെ തണുത്ത വെളിച്ചം അഗാധമായ നീലാകാശ ത്തുനിന്നു കാണാറാവുകയും ചെയ്തു. അതു കഴി ഞ്ഞു് നനഞ്ഞ മഞ്ഞു പറപ്പിച്ചുകൊണ്ടു് ഒരു കൊ ടുങ്കാററു വന്നു. കുഴികളിൽ കെട്ടിനിന്ന വെള്ളം രാത്രിയിൽ ഉറച്ചു.

ശനിയാഴ്ച പറമ്പു ശൂന്യമായി. വീട്ടിലുള്ള

വരിലും പണിക്കാരിലും പകുതിപ്പേർ പാട്ടുകുർ ബാനയിൽ പങ്കുകൊള്ളാൻവേണ്ടി ഏഴു കിലോമീ ററകലെയുള്ള കൊളൊക്കോൽത്സൊവ്ക്ക എന്ന ഗ്രാമത്തിലെ പള്ളിയിൽ പോയിരുന്നു.

അമ്മയ്ക്ക് അന്നു നല്ല സുഖമില്ലായിരുന്നു. ആ ആഴ്ച മുഴുവൻ അമ്മ അതിയായി അദ്ധ്വാനിക്കുകയു ണ്ടായി. അത്താഴം കഴിഞ്ഞയുടനെ താനുറങ്ങാ ൻ പോകുമെന്നു് അച്ഛൻ പറഞ്ഞു. സമാറയിൽ നിന്നു് ഒരു കത്തു കാത്തു് ഈ നേരമത്രയും കഴിച്ച അർക്കാദിയ് ഇവാനൊവിച്ച് കത്തു കിട്ടാഞ്ഞു് മുറിയിൽക്കയറി കതകുമടച്ച് വിഷണ്ണനായിരു ന്നു.

നികിതയോടു വീട്ടുകാർ പറഞ്ഞു അവനു പാ ട്ടുപെരുന്നാളിനു പോകണമെന്നുണ്ടെങ്കിൽ അർ ത്യോമിനെ കണ്ടുപിടിച്ച് അഫ്രോദൈത്തെ എന്ന കുതിരയെ ഒററക്കുതിരവണ്ടിയിൽ പൂട്ടാൻ പറയ ണമെന്നു്. അതിൻെറ നാലുകാലിലും ലാടമടി ച്ചിരിക്കുകയാണു്. ഇരുട്ടിനു മുമ്പു പുറപ്പെടുകയും വസീലിയ് നിക്കീത്യെവിച്ചിൻെറ ഒരു പഴയ സ്നേഹിതനായ പ്യോത്തർ പെത്രോവിച്ച് ദെ വ്യാത്തൊവിൻെറ വീട്ടിൽ താമസിക്കുകയും വേ ണം. കൊളൊക്കോൽത്സൊവ്ക്കയിൽ ഒരു പ ലചരക്കുകടയുള്ള ആളാണദ്ദേഹം. ''ഒരു കാര്യം. അയാളുടെ വീടു നിറയെ കുട്ടികളാണു്. നീയാ ണെങ്കിൽ എപ്പോഴും ഒററയ്ക്കാണു്. അതു നിനക്കു നല്ലതല്ല,'' അമ്മ പറഞ്ഞു.

സന്ധ്യമയങ്ങിയപ്പോഠ നികിത തടിമാട നായ അർത്യോമിൻെറ ഒപ്പം വണ്ടിയിൽ കയറി. അയാഠ തൻെറ കീറിപ്പറിഞ്ഞ, വീട്ടിൽ തുന്നിയ കോട്ടിൻെറ മുകളിൽ താഴെയായി ഒരു പുതിയ അരപ്പട്ട കെട്ടിയിരുന്നു. ''ബാ, പൊന്നേ, ഞങ്ങ ളെ ഒന്നു സഹായിക്കു്,'' അർത്യോം പറഞ്ഞു. പ്രായം ചെന്ന അഫ്രോദൈത്തെ തല ദു ക്കിയിട്ടു തടിച്ച നിതംബവുമിളക്കിക്കൊണ്ടു് പുറപ്പെട്ടു.

അവർ മുററത്തുനിന്നും പുറത്തിറങ്ങി കൊല്ല ൻെറ ആല കടന്നു് ഇടുക്കു് കുറുക്കെക്കടന്നു. വണ്ടിയുടെ പടിവരെ വെള്ളമുണ്ടായിരുന്നു. എന്തുകൊണ്ടോ അഫ്രോദൈത്തെ ഇടയ്ക്കിടെ തല ചരിച്ചു് അർത്യോമിനെ നോക്കുമായിരുന്നു.

ചേററുകുഴികഠ മൂടിയിരുന്ന നേരിയ മഞ്ഞു പാളിയിൽ സായംകാലത്തിൻെറ നീലിമ നിഴ ലിച്ചു. കുതിരയുടെ കുളമ്പുകഠ മഞ്ഞു പൊടിച്ചു കൊണ്ടു നീങ്ങി. വണ്ടി കടകടശബ്ദമുണ്ടാക്കി. അർത്യോം വിഷണ്ണനായി മൗനം ഭജിച്ചിരുന്നു. ദുന്യാഷയോടുള്ള തൻെറ നിർഭാഗ്യകരമായ പ്രേ മത്തെക്കുറിച്ചു് ആലോചിക്കുകയായിരുന്നു അ യാഠ. ഹരിതാഭമായ ആകാശത്തു് സൂര്യാസ്തമ നത്തിൻെറ അവ്യക്തമായ പ്രകാശത്തിൽ ഒരേ യൊരു നക്ഷത്രം ഒരു ഹിമകണംപോലെ തിളങ്ങി.

## പ്യോത്തർ പെത്രോവിച്ചിൻെറ കുട്ടികഠം

താഴോട്ടു കത്തുന്ന വൃത്തികെട്ട നീലജ്വാല യോടുകൂടിയ ഒരു വിളക്കു് മച്ചിനു നേരെ താഴെ ഒരു ഇരുമ്പുകൊളുത്തിൽ തൂങ്ങിക്കിടക്കുന്നുണ്ടാ യിരുന്നു. തുണി വിരിച്ച രണ്ടു തൂവൽ മെത്തകഠം നിലത്തു കിടപ്പുണ്ടു്. വീടിൻേറയും കുട്ടികളുടേയും സുഖകരമായ മണമുള്ള ആ മെത്തകളിലാണു് നി കിതയും പ്യോത്തർ പെത്രോവിച്ചിൻെറ ആറു് ആൺമക്കളും കിടന്നിരുന്നതു്—വൊളോദ്യ, കോല്യ, ല്യോഷ്ക, ഈനാമ്പീച്ചി ല്യോൻക, കൂടാതെ രണ്ടു ചെറിയ കുട്ടികഠം. അവരുടെ പേരറിയാൻ നികിതയ്ക്കു താല്പര്യമില്ലായിരുന്നു.

മൂത്ത കുട്ടികഠം താണ സ്വരത്തിൽ വീമ്പു പറഞ്ഞുകൊണ്ടിരുന്നു. ഈനാമ്പീച്ചി ല്യോൻകയെ അവർ സദാ ഉപദ്രവിച്ചുകൊണ്ടിരുന്നു. അവൻ പിറുപിറുക്കാതിരിക്കാൻവേണ്ടി അവർ അവൻെറ ചെവിക്കു പിടിക്കുകയോ തലയ്ക്കു കിഴുക്കുകയോ ചെയ്യും. ചെറിയ കുട്ടികഠം മൂക്കു കിടക്കയിലമർ ത്തി ഉറങ്ങുകയായിരുന്നു.

പ്യോത്തർ പെത്രോവിച്ചിനു് പിന്നൊന്നു ള്ളതു് ഒരു പെണ്ണായിരുന്നു—ആന്ന. നികിതയു ടെ പ്രായം. തേമൽ പടർന്ന മുഖം. പുഞ്ചിരിയു ടെ നിഴൽ പോലുമേശാത്ത, പക്ഷികളുടേതുപോ ലുള്ള വട്ടക്കണ്ണുകഠം. തേമൽ മൂടി കറുത്തിരുന്ന

മൂക്കു്. ഇടയ്ക്കിടെ അവരം ശബ്ദമുണ്ടാക്കാതെ ആൺ കുട്ടികളുടെ മുറിയുടെ വാതുക്കൽ വന്നു നിൽക്കും. അപ്പോരം അവരിലൊരാരം അവളോടു പറയും:

''ആന്ന. നീ സ്ഥലം വിടു്. അല്ലെങ്കിൽ ഞാനിപ്പോരം എഴുന്നേൽക്കും...''

ആന്ന, വന്നതുപോലെതന്നെ ഒച്ചയുണ്ടാക്കാതെ അപ്രത്യക്ഷയാകും. വീടു് നിശ്ശബ്ദമായിരുന്നു.

ഒരു പള്ളിപ്രമാണിയായിരുന്ന പേ്യാത്തർ പെത്രോവിച്ച് സന്ധ്യയ്ക്കു് പള്ളിയിലേക്കു പോയിരുന്നു.

അയാളുടെ ഭാര്യ മരീയ മിറോനൊവ്ന കുട്ടികളോടു പറഞ്ഞു:

''ഒച്ചയുണ്ടാക്കിയാൽ ഞാൻ നിങ്ങളുടെ തലയടിച്ചുപൊളിക്കും.''

പിറേറന്നു് അതിരാവിലെ തുടങ്ങുന്ന പാട്ടുകുർബാനയ്ക്കു മുമ്പു വിശ്രമിക്കാനായി അവർ കിടന്നു. കുട്ടികളോടു് ഓടിനടക്കരുതെന്നു് അവർ ആജ്ഞാപിച്ചു. മുൻവശത്തെ പല്ലില്ലാതെ വട്ടമുഖത്തോടും നെററിയിൽ വീണുകിടക്കുന്ന തലമുടിച്ചുരുളോടും കൂടിയ ലേ്യാഷ്ക വീമ്പു പറയുകയായിരുന്നു.

''കഴിഞ്ഞ ഈസ്റ്ററിനു് ഞങ്ങരം മുട്ടയുണ്ടാക്കി. എനിക്കു് ഇരുനൂറെണ്ണം കിട്ടി. ഞാൻ തിന്നുതിന്നു് എൻെറ വയർ ഇതുപോലായി.''

ലേ്യാഷ്ക പറയുന്നതു നികിത വിശ്വസിക്കു

മെന്നു ഭയന്നു് കതകിൻെറ പിന്നിൽനിന്നും ആന്ന പറഞ്ഞു:

''വെറും ബഡായിയാണു്. വിശ്വസിക്കരുതു്.''

''ഞാനിപ്പോഠം എണീക്കും..,'' ല്യോഷ്ക ഭീഷണിപ്പെടുത്തി.

കതകിൻെറ പിന്നിൽനിന്നു ശബ്ദം കേട്ടില്ല.

ഏററവും മുതിർന്ന വൊളോദ്യ കിടക്കയിൽ എഴുന്നേററിരുന്നു. ചുരുണ്ട മുടിയോടു കൂടി ഇരുണ്ട നിറത്തിലുള്ള ഒരു കുട്ടിയായിരുന്നു അവൻ.

''നാളെ നമ്മഠം മണിമേടയിൽപ്പോയി മണിയടിക്കും,'' അവൻ നികിതയോടു പറഞ്ഞു. ''ഞാൻ മണിയടിച്ചുതുടങ്ങുമ്പോഠം മണിമേടയാകെ കുലുങ്ങും. ചെറിയ മണികഠം ഞാൻ ഇടത്തു കൈകൊണ്ടാണടിക്കുന്നതു്—ഡിം ഡിം എന്നു്. എന്നിട്ടു് ഈ കയ്യുകൊണ്ടു് വലിയ മണി ഞാൻ വലിക്കും—ഭ്ഭം. വലുതിനു് ഒരുലക്ഷം ടൺ ഘനമുണ്ടു്.''

''ബഡായി,'' കതകിൻെറ പിന്നിൽനിന്നും ഒരു അടക്കിയ സ്വരം കേട്ടു.

വൊളോദ്യ പെട്ടെന്നു തലതിരിച്ചു. അവൻെറ ചുരുണ്ട മുടി തലയ്ക്കു ചുററും പറന്നു.

''ആന്ന!.... അച്ഛൻ എത്ര ശക്തനാണെന്നോ,'' അവൻ പറഞ്ഞു. ''അച്ഛനു് ഒരു കുതിരയെ അതിൻെറ മുൻകാലുകളിൽപ്പിടിച്ചു പൊക്കാൻ കഴിയും..... എനിക്കു് അതിനുള്ള കഴിവു് ഇനിയുമുണ്ടായിട്ടില്ല. പക്ഷേ വേനലിൽ നീ

ഞങ്ങളെ വന്നു കാണുകയാണെങ്കിൽ നമുക്കു കുളത്തിൽ പോകാം. ഞങ്ങളുടെ കുളത്തിന്ന് ആറു കിലോമീററർ നീളമുണ്ട്. എനിക്കു് ഒരു മരത്തിൻെറ മണ്ടവരെ കയറി തല കീഴോട്ടാക്കി വെള്ളത്തിലേക്കു ചാടാനറിയാം.''

''എനിക്കാണെങ്കിൽ വെള്ളത്തിനടിയിൽ ശ്വാസം പിടിച്ചിരിക്കാനറിയാം. വെള്ളത്തിൽ കാണാനും കഴിയും,'' ല്യോഷ്ക പറഞ്ഞു. ''കഴിഞ്ഞ വേനലിൽ ഞങ്ങൾ കുളിക്കാൻ പോയപ്പോൾ എൻെറ തലയിൽ ഇത്ര വണ്ണത്തിലുള്ള പുഴവും ഈച്ചയും വണ്ടും കയറി.''

''ബഡായി,'' കതകിൻെറ പിന്നിൽനിന്നും ഒരു അടക്കിയ സ്വരം കഷ്ടിച്ചു കേട്ടു.

''ആന്ന, ഞാൻ നിൻെറ തലമുടിവാലിൽ പിടികൂടും!...''

''ആ പെണ്ണു് ഒരു ശല്യമാണു്,'' വൊളോദിയ നീരസത്തോടെ പറഞ്ഞു. ''അവളെപ്പോഴും ഞങ്ങളുടെ കാര്യങ്ങളിൽ തലയിടും. ഞങ്ങളടിച്ചാൽ ഉടനെ അമ്മയുടെയടുക്കൽ പോയി പരാതിപറയും.''

കതകിൻെറ മറവിൽനിന്നു് ഒരു തേങ്ങൽ കേട്ടു. മൂന്നാമത്തെ കുട്ടി, കോല്യ, ഈ സമയമത്രയും തലയും കയ്യുംകൊടുത്തു ചരിഞ്ഞു കിടന്നുകൊണ്ടു് നികിതയെ സന്മനസ്സും എന്നാലതേ സമയം വിഷാദവും സ്ഫുരിക്കുന്ന കണ്ണുകളോടെ നോക്കുകയായിരുന്നു. അവൻെറ നീണ്ട മുഖത്തിന്ന്

ഒരു വിനയഭാവമുണ്ടായിരുന്നു. അവൻെറ മൂക്കും മേൽച്ചുണ്ടും തമ്മിൽ വളരെ അകൽച്ചയുണ്ടായിരുന്നു. നികിത അവൻെറ നേരെ തിരിഞ്ഞപ്പോൾ അവൻെറ കണ്ണുകൾ പുഞ്ചിരിച്ചു.

''നിനക്കു നീന്താനറിയാമോ?'' നികിത അവനോടു ചോദിച്ചു.

കോല്യയുടെ കണ്ണുകൾ പൊട്ടിച്ചിരിച്ചു. വൊളോദിയ അശ്രദ്ധമായി പറഞ്ഞു:

''അവൻ വലിയ വായനക്കാരനാണ്. വേനൽക്കാലത്ത് അവൻ പുരപ്പുറത്ത് കൂടാരമടിച്ചു താമസിക്കും—അതെ, പുരപ്പുറത്താണ് കൂടാരം. അവിടെക്കിടന്നാണ് അവൻെറ വായന. അവനെ പട്ടണത്തിലെ സ്കൂളിലയയ്ക്കാനാണ് അച്ഛൻ ഉദ്ദേശിക്കുന്നത്. ഞാൻ കടയുടെ മേൽനോട്ടം വഹിക്കും. ല്യോഷ്ക ഇപ്പോഴും ചെറുതായതുകൊണ്ട് അവനു കുറേനാൾ കൂടി ഓടിനടക്കാം. ഈ പിറുപിറുക്കൽകാരനെക്കൊണ്ടാണ് ഞങ്ങൾക്ക് ഉപദ്രവം,'' അവൻ ല്യോൻകയുടെ തലമുടി പിടിച്ചുവലിച്ചു. ''അത്രയേറെ വെറുപ്പുണ്ടാക്കുന്ന ഒരു കൊച്ചാണിത്. അവനു വെരയാണെന്നാണ് അച്ഛൻ പറയുന്നത്.''

''അവനു് അതൊന്നുമില്ല. എൻെറ വയററിലാണു ഭയങ്കരവിരയുള്ളത്,'' ല്യോഷ്ക പറഞ്ഞു. ''കാരണം ഞാൻ കളയും കരുവേലക്കായുടെ തോടും തിന്നാറുണ്ട്. എനിക്കു തവളക്കുഞ്ഞിനെ തിന്നാനും കഴിയും.''

‘‘ബഡായി,’’ കതകിൻെറ പിന്നിൽനിന്നും വീണ്ടും ഞരക്കം കേട്ടു.

‘‘നിനക്കിത്തവണ കിട്ടിയതുതന്നെ,’’ എന്നു പറഞ്ഞുകൊണ്ടു് ല്യോഷ്ക ചാടിയെഴുന്നേററു കതകിൻെറ നേരെ പാഞ്ഞു. ഓടുന്നവഴി കുഞ്ഞിനെ തട്ടിയെങ്കിലും അതുണർന്നില്ല, ഉറക്കത്തിൽ ഞരങ്ങിയതേയുള്ളു. ഇടനാഴിയിലൂടെ കരിയില പറക്കുന്നതുപോലുള്ള ശബ്ദം കേട്ടു. ആന്നയുടെ തരിപോലും അവിടെങ്ങുമില്ലായിരുന്നു. ദൂരെ ഒരു കതകടയുന്ന ശബ്ദം മാത്രമാണു കേട്ടതു്. ല്യോഷ്ക തിരികെവന്നു പറഞ്ഞു: ‘‘അവറം അമ്മയുടെയടുത്തേക്കു് ഓടിപ്പോയി. സാരമില്ല. അവളെ എൻെറ കയ്യിൽക്കിട്ടും.’’

‘‘അവളെ അവളുടെ പാട്ടിനു വിടു്, ല്യോഷ്ക,’’ കോല്യ പറഞ്ഞു. ‘‘നീ എന്തിനാണു അവളുടെ പിന്നാലെ കൂടിയിരിക്കുന്നതു്?’’

ല്യോഷ്കയും വൊളോദിയയും ല്യോൻക പോലും അവൻെറ നേരെ ചാടിവീണു.

‘‘ഞങ്ങറം അവളുടെ പിന്നാലെ പോകാറില്ല! അവളാണു ഞങ്ങളുടെ പിന്നിൽനിന്നു മാറാത്തതു്. ഒരായിരം കിലോമീററർ അകലെപ്പോയി തിരിഞ്ഞുനോക്കിയാലും അവറം പുറകിൽ ഓടിവരുന്നതു കാണാം.... അവറംക്കൊന്നും പിടിക്കില്ല—ഞങ്ങറം സത്യം പറയുന്നില്ല. ചെയ്യരുതാത്തതേ ചെയ്യൂ....’’

ല്യോഷ്ക പറഞ്ഞു:

''ഒരിക്കൽ അവളെ കാണാതിരിക്കാൻ വേണ്ടി ഒരു ദിവസം മുഴുവൻ ഞാൻ വെള്ളത്തിൽ ഈറപ്പുല്ലിനിടയിലിരുന്നു. എന്നിട്ടു നീരട്ടകൾ എന്നെ തിന്നു.''

വൊളോദിയ പറഞ്ഞു.

''ഞങ്ങൾ ഭക്ഷണത്തിനിരുന്നയുടൻ അവൾ അമ്മയോടു പറഞ്ഞു—'അമ്മേ, വൊളോദിയ ഒരെലിയെ പിടിച്ചു. പോക്കററിലുണ്ടു്.' ഒരു പക്ഷെ എനിക്കു ലോകത്തിൽവച്ചു് ഏററവും പ്രിയപ്പെട്ടതു് ആ എലിയായിരിക്കുമെന്നു് അവൾക്കറിയാം.''

ല്യോൻക പറഞ്ഞു:

''അവളെപ്പോഴും തുറിച്ചുനോക്കി നിൽക്കുന്നതു കണ്ടാൽ കരയാൻ തോന്നും.''

നികിതയോടു് ആന്നയെക്കുറിച്ചുള്ള പരാതികൾ പറഞ്ഞുകൊണ്ടിരുന്നപ്പോൾ, മിണ്ടാതെ കിടക്കണമെന്നും കുർബാനയ്ക്കു മുമ്പു് സംസാരിക്കരുതെന്നും അമ്മ തങ്ങളോടു കല്പിച്ചിരുന്ന കാര്യം കുട്ടികൾ മറന്നുപോയി. പെട്ടെന്നു്, ദൂരെനിന്നു് മരീയ മിറോനൊവ്നയുടെ കനത്ത ഭീഷണശബ്ദം അവർ കേട്ടു:

''ഞാൻ നിങ്ങളോടു് ഒരായിരം തവണയായി പറയുന്നു...''

കുട്ടികൾ ഉടൻ സംസാരം നിർത്തി. അന്യോന്യം സ്വകാര്യത്തിൽപ്പറയുകയും തോണ്ടുകയും ചെയ്തുകൊണ്ടു് അവർ ചെരിപ്പിടാനും ആട്ടിൻതോൽക്കോട്ടു ധരിക്കാനും തുടങ്ങി. കഴുത്തിനു

ച്ചുററും തുവാല കെട്ടിക്കൊണ്ടു് അവർ തെരുവി ലേക്കോടി.

ഒരു കമ്പിളിക്കോട്ടും റോസാപ്പൂക്കൾ തുന്നി പ്പിടിപ്പിച്ച ഒരു പുതപ്പും ധരിച്ചുകൊണ്ടു് മരീയ മിറോനൊവ്ന പുറത്തിറങ്ങി. ആന്ന ഒരു വലി യ പുതപ്പും പുതച്ചുകൊണ്ടു് അമ്മയുടെ കൈ പിടിച്ചു നടന്നു.

നക്ഷത്രഖചിതമായ ഒരു രാത്രിയായിരുന്നു അതു്. മണ്ണിൻേറയും മഞ്ഞിൻേറയും മണം വായുവിൽ തങ്ങിനിന്നു. നിരനിരയായി നിന്നി രുന്ന ഇരുളടഞ്ഞ വീടുകളുടെ മുമ്പിലൂടെ ആളു കൾ നടന്നുപൊയ്ക്കൊണ്ടിരുന്നു. നക്ഷത്രങ്ങൾ പ്രതി ബിംബിച്ചിരുന്ന ചേററുകുഴികളിലെ മഞ്ഞു് അവരുടെ കാലടിയിൽ പൊടിഞ്ഞു. കുട്ടികളുമായി പള്ളിയിലേക്കു പോകുന്ന സ്ത്രീപുരുഷന്മാരായിരു ന്നു അവർ. ചന്തമൈതാനത്തെ പള്ളിയുടെ മാനം മുട്ടെ ഉയർന്നുനിൽക്കുന്ന സ്വർണ്ണത്താഴികക്കുടം ദൂരെനിന്നു കാണാമായിരുന്നു. താഴികക്കുടത്തിനു താഴെ മൂന്നു നിരകളിലായി തട്ടങ്ങളിൽ എണ്ണത്തി രികൾ കത്തുന്നുണ്ടായിരുന്നു. തീനാളങ്ങൾ തഴുകി ക്കൊണ്ടു് മന്ദമാരുതൻ അതിലേ കടന്നുപോയി.

## ചങ്കുറപ്പു്

കുർബാന കഴിഞ്ഞു് അവർ വീട്ടിലേക്കു മട ങ്ങിവന്നു. വിരുന്നുമേശയ്ക്കു ചുററും ഇരുന്നു. കുമ്പാ

രമായി വച്ചിട്ടുള്ള മധുരപ്പാൽക്കട്ടികളിലും ഈ സ്റ്റർകേക്കുകളിലും ചുമരിന്മേൽപ്പോലും ചുവന്ന കടലാസുകൊണ്ടുള്ള റോസാപ്പൂവുകരം കുത്തിവച്ചിരുന്നു. ഒരു കിളി ജനലിന്നടുക്കൽ തൂക്കിയിട്ടിരുന്ന കൂട്ടിലിരുന്നു ചിലച്ചുകൊണ്ടിരുന്നു. വിളക്കിൻെറ വെളിച്ചം അതിനിഷ്ടപ്പെട്ടില്ല. നീണ്ടു കറുത്ത ഒരു ഫ്രോക്ക് കോട്ടു ധരിച്ചിരുന്ന പ്യോത്തർ പെത്രോവിച്ച് തൻെറ ടാട്ടാർ മീശയ്ക്കുള്ളിൽ ചിരിയൊതുക്കിക്കൊണ്ടു് — അതദ്ദേഹത്തിൻെറ പതിവായിരുന്നു—എല്ലാവർക്കും കുറേശ്ശെ ചെറിയിൽ നിന്നെടുത്ത മദ്യമൊഴിച്ചു കൊടുത്തു. കുട്ടികരം മുട്ടയുടെ തോടു കളയാനും സ്പൂൺ നക്കാനും തുടങ്ങി. മരീയ മിറോനൊവ്ന ക്ഷീണിച്ച് പുതപ്പു മാററാതെ ഇരുന്നു. ഭക്ഷണം കഴിക്കാൻ പോലും വയ്യാത്തത്ര അവർ തളർന്നിരുന്നു. സംഘം—അങ്ങിനെയാണവർ കുട്ടികളെ വിളിച്ചിരുന്നതു് —-ഒന്നടങ്ങിയിരിക്കുന്നതുവരെ കാത്തിരിക്കുക മാത്രമേ അവർക്കു നിർവ്വാഹമുണ്ടായിരുന്നുള്ളു.

നികിത വിളക്കിൻെറ നീലവെളിച്ചത്തിൽ കിടക്കയിൽക്കയറിക്കിടന്നു് ആട്ടിൻതോൽക്കോട്ടുകൊണ്ടു മേൽ മൂടിയതേയുള്ളു. അപ്പോഴേക്കു് ''ക്രിസ്തു ഉയിർത്തെഴുന്നേററിരിക്കുന്നു. മരണം കൊണ്ടു് അദ്ദേഹം മരണത്തെ കീഴടക്കി...'' എന്നിങ്ങനെ നേർത്തു മരവിച്ച സ്വരങ്ങളിൽ പാടുന്നതു് അവൻെറ ചെവിയിലെത്തി. വീണ്ടും അവൻ വെളുത്ത പലകച്ചുമരുകളും സ്വർണ്ണപ്പിടികളോടു

ക്കുടിയ ദൈവരൂപങ്ങൾക്കു മുന്നിലുള്ള എണ്ണമററ മെഴുകുതിരികളുടെ വെളിച്ചവും കണ്ടു; സുഗന്ധദ്ര വ്യങ്ങളുടെ നീലനിറമാർന്ന പുകയിലൂടെ, പള്ളിയുടെ താഴികക്കുടത്തിൻെറ നക്ഷത്രഖചിതമായ നീലിമയ്ക്കു നേരെ താഴെ ചിറകുവിരിച്ച ഒരു പ്രാവിനെ അവൻ കണ്ടു. ജാലപ്പണികളോടുകൂടിയ ജനാലയുടെ പുറത്തു് രാത്രിയിൽ പാട്ടിൻെറ ശബ്ദം മാറെറാലിക്കൊള്ളുകയും ആട്ടിൻതോലിൻേറയും ചുവന്ന കൊടിക്കൂറകളുടെ കോടിത്തുണിയുടേയും മണം തങ്ങിനിൽക്കുകയും ചെയ്തു. മെഴുകുതിരികളുടെ വെളിച്ചം ആയിരമായിരം കണ്ണുകളിൽപ്രതിബിംബിച്ചു. പടിഞ്ഞാറുവശത്തുള്ള കതകുകൾ തുറന്നു. കുനിഞ്ഞു കതകു കടന്നുകൊണ്ടു് പതാകവാഹകർ പ്രവേശിച്ചു. കഴിഞ്ഞ ഒരു വർഷം ചെയ്ത മുഴുവൻ തിന്മകളും ആ ഒരു രാത്രിയിൽ പൊറുക്കപ്പെട്ടു. തേമൽ പിടിച്ച മൂക്കും ചെവിക്കു മുകളിലായി ഇരുവശത്തും നീലനിറത്തിലുള്ള രണ്ടു ബോകളുമായി ആന്ന അവളുടെ സഹോദരന്മാരെ ചുംബിക്കാൻ എത്തിവലിഞ്ഞു..

പിറേറന്നു പ്രഭാതം ഊഷ്മളവും ചാരനിറം പൂണ്ടുമിരുന്നു. സന്തോഷസൂചകമായി എല്ലാ മണികളുമടിച്ചു. നികിതയും പ്യോത്തർ പെത്രോവിച്ചിൻെറ ഏററവും ചെറിയ കുട്ടിയുൾപ്പെടെ എല്ലാ മക്കളും പൊതുമൈതാനത്തു് നാട്ടുകാരുടെ വകയായുള്ള കളപ്പുരകളിലേക്കു പോയി. അവിടം വർണ്ണശബളവും ആൾത്തിരക്കുകൊണ്ടു ശബ്ദമുഖ

രിതവുമായിരുന്നു. ആൺകുട്ടികൾ പലതരം കളികൾ കളിച്ചു. പകിട്ടേറിയ പുതപ്പുകളും വിരിഞ്ഞു നിൽക്കുന്ന പുതിയ പാവാടകളും ധരിച്ച പെൺകുട്ടികൾ പത്തായച്ചുവരുകൾക്കടുത്തായി മരത്തടികളിൽ ഇരുന്നു. ഓരോരുത്തരുടേയും കയ്യിൽ സൂര്യകാന്തിപ്പൂവിന്റെ കായും മുന്തിരിങ്ങയും മുട്ടയും നിറച്ച തൂവാലകളുണ്ടായിരുന്നു. കായ് കൊറിച്ചുകൊണ്ട് അവർ വഴിപോക്കരെ നോക്കി ആഹ്ലാദഭരിതമായി പൊട്ടിച്ചിരിച്ചുകൊണ്ടിരുന്നു.

ഗ്രാമത്തിലെ മൂപ്പന്റെ മകനായ പെത്ക്ക എന്ന യുവാവ് മരത്തടികളുടെ അററത്തു ചാരിയിരുന്ന് ഉയർന്ന ബൂട്സിട്ട കാലുകൾ മുമ്പോട്ടു നീട്ടി ഒരു അക്കോർഡിയനിൽ വിരലോടിച്ചുകൊണ്ടിരുന്നു. അയാൾ ആരേയും നോക്കിയില്ല. പെട്ടെന്നയാൾ ചുറുചുറുക്കുള്ള ഒരു നാടൻപാട്ടിന്റെ രാഗം മീട്ടി.

ഒരു സംഘം കുട്ടികൾ മറേറ ചുവരിന്റെ അടുത്ത് നാണയം മേലോട്ടെറിഞ്ഞു കളിച്ചുകൊണ്ടിരുന്നു. ഓരോരുത്തരുടേയും കയ്യിൽ കുറെ ചെമ്പുതുട്ടുകളുണ്ടായിരുന്നു. മുറയനുസരിച്ചു കളിക്കേണ്ടയാൾ ഒരു അഞ്ചു കോപ്പെക്കിന്റെ തുട്ട് താഴെയിട്ട് ''അകമോ പുറമോ?'' എന്നു ചോദിച്ചുകൊണ്ട് ഷൂസിന്റെ അററംകൊണ്ടു മേലോട്ടു തോണ്ടിയെറിയും.

കുറച്ചപ്പുറത്ത് കഴിഞ്ഞ വർഷത്തെ പുല്ലിനിടയിലൂടെ മഞ്ഞപ്പൂക്കൾ തലകാണിച്ചു തുടങ്ങിയി

രുന്ന നിലത്തിരുന്നുകൊണ്ടു് പെൺകുട്ടികഠം ''മുട്ട കണ്ടു പിടിക്കൽ'' എന്ന കളി കളിക്കുകയായിരുന്നു. കുറെ ഉമിയെടുത്തു് രണ്ടായി പകുത്തു് അതിലൊന്നിൽ ഒന്നോ രണ്ടോ മുട്ട പൂഴ്ത്തിവയ്ക്കും. അതിലേതിലാണു മുട്ടയുള്ളതെന്നു് എതിരാളി പറയണം.

''മുട്ട കണ്ടുപിടിക്കുന്ന'' കളി കളിക്കുന്നവരുടെയടുത്തേക്കു നികിത ചെന്നു. അവൻ പോക്കററിൽനിന്നു് ഒരു മുട്ട പുറത്തെടുത്തു. പക്ഷെ ഉടൻ തന്നെ പിന്നിൽനിന്നു് ആന്നയുടെ ശബ്ദം കേട്ടു. അവളെവിടന്നു പ്രത്യക്ഷപ്പെട്ടെന്നു് അവനു മനസ്സിലായില്ല.

''കേഠംക്കു്. അവരുടെ കൂടെ കളിക്കരുതു്. അവർ നിന്നെ പററിക്കും. നിൻെറ മുട്ടയെല്ലാമെടുക്കും.''

അവഠം ചിരി തീണ്ടാത്ത വട്ടക്കണ്ണുകഠംകൊണ്ടു നികിതയെ നോക്കി തേമൽ പിടിച്ച മൂക്കു ചീററി. നികിത അപ്പോഠം വിരൽ മടക്കി കളിക്കുന്ന ആൺകുട്ടികളുടെയടുത്തേക്കു പോയി. പക്ഷെ എവിടുന്നെന്നറിഞ്ഞുകൂടാ ആന്ന വീണ്ടും പ്രത്യക്ഷപ്പെട്ടു് വായ കോട്ടി മന്ത്രിച്ചു:

''അവരുടെ കൂടെ കളിക്കരുതു്. അവർ നിന്നെ പററിക്കും. അവരു പറയുന്നതു ഞാൻ കേട്ടതാണു്.''

നികിത പോകുന്നിടത്തെല്ലാം കാററിലെ കരിയിലപോലെ പറന്നെത്തിക്കൊണ്ടു് ആന്ന

അവൻെറ ചെവിട്ടിൽ മന്ത്രിച്ചുകൊണ്ടിരുന്നു. അവ൪ എന്തിനിതു ചെയ്യുന്നു എന്നു നികിതയ്ക്കു മനസ്സിലായില്ല. അവനു് അസഹ്യതയും ലജ്ജയും തോന്നി. ആൺകുട്ടികൾ അവനെ തുറിച്ചു നോക്കി ചിരിക്കാൻ തുടങ്ങിയതായി അവൻ കണ്ടു.

''പെൺപിള്ളേരുടെ കൂടെയാണു കളി,'' ഒരുത്തൻ വിളിച്ചുപറഞ്ഞു.

നികിത തണുത്തു നീലനിറത്തിൽ കിടക്കുന്ന കുളത്തിലേക്കു പോയി. കുത്തനെയുള്ള കുളക്കരെയ്ക്കു കീഴെ ഉരുകിക്കൊണ്ടിരിക്കുന്ന മഞ്ഞു് ചളിപുരണ്ടു് അപ്പോഴും കിടന്നിരുന്നു. അകലെ പറമ്പിൽ ഇലയില്ലാതെ നിൽക്കുന്ന മരങ്ങളുടെ മീതെ കാക്കകൾ കരഞ്ഞുകൊണ്ടു വട്ടമിട്ടു പറന്നു....

''കേൾക്കു്,'' ആന്ന വീണ്ടും അവൻെറ പിന്നിൽച്ചെന്നു മന്ത്രിച്ചു. ''ഒരണ്ണാനിരിക്കുന്ന സ്ഥലം എനിക്കറിയാം. നിനക്കു വന്നു കാണണോ?''

നികിത തിരിഞ്ഞുനോക്കാതെ ദേഷ്യത്തിൽ തലകുലുക്കി.

''ഞാൻ, കണ്ണുരണ്ടാണെ, നേരു പറയുകയാണു്. നിന്നെ പററിക്കുകയല്ല. എന്തുകൊണ്ടാണു് നിനക്കു് അണ്ണാനെ വന്നു നോക്കാൻ ഇഷ്ടമില്ലാത്തതു്?'' അവ൪ മന്ത്രിച്ചു.

''ഞാൻ വരുന്നില്ല.''

''ശരി. എന്നാൽ മഞ്ഞപ്പൂക്കൾ പെറുക്കി ഒന്നും കാണാൻപററാത്തവണ്ണം കണ്ണിൽ തിരുമ്മാൻ നിനക്കിഷ്ടമാണോ?''

''അല്ല.''

''അപ്പോഠം നിനക്കു് എൻെറ കൂടെ കളിക്കാൻ ഇഷ്ടമല്ല, അല്ലേ?''

ആന്ന ചുണ്ടു കൂർമ്പിച്ചു് കുളത്തിലെ ഓളം തല്ലുന്ന വെള്ളത്തിൽ നോക്കിനിന്നു. അവളുടെ അമർത്തി പിന്നിയിട്ടിരുന്ന മുടി കാററടിച്ചു് ഒരു വശത്തേക്കായി. തേമ്പൽ പിടിച്ച മൂക്കിൻെറ അററം ചുവന്നു. കണ്ണു നിറഞ്ഞു. അവഠം കണ്ണു ചിമ്മി. അപ്പോഴാണു നികിതയ്ക്കു കാര്യം മനസ്സിലായതു്. തനിക്കു ലീലയോടു തോന്നിയ അതേ വികാരങ്ങഠം ആന്നയ്ക്കു് തന്നോടു തോന്നുന്നതുകൊണ്ടാണു് അവഠം രാവിലെ മുതൽ തൻെറ പിന്നാലെ വിടാതെ കൂടിയിരിക്കുന്നതു്.

കത്തനെയുള്ള കുളക്കരയുടെ വക്കത്തേക്കു് നികിത വേഗത്തിൽ നടന്നു. ആന്ന ഇനിയും പുറകിൽ വരികയാണെങ്കിൽ അവൻ വെള്ളത്തിലെട്ടുത്തു ചാടും. അത്രയേറെ അസഹ്യതയും ലജ്ജയും അവനു തോന്നി. ആ അസാധാരണമായ വാക്കുകളും അർത്ഥവത്തായ നോട്ടങ്ങളും പുഞ്ചിരികളും ലീലയൊഴിച്ച മററാരുമായും കൈമാറാൻ അവനു സാദ്ധ്യമല്ലായിരുന്നു. മറേറതെങ്കിലും പെണ്ണുമായി അങ്ങിനെ ചെയ്യുന്നതു് നിർലജ്ജമായ വഞ്ചനയാകുമായിരുന്നു.

''ആ പിള്ളേരു നിന്നോടു പറഞ്ഞിട്ടുണ്ടു് എൻെറ കൂടെ കളിക്കരുതെന്നു്,'' ആന്ന പറഞ്ഞു.

''ഞാൻ നിങ്ങളെപ്പററിയെല്ലാം അമ്മയോടു പറഞ്ഞേക്കാം... ഞാൻ തന്നെ കളിച്ചോളാം.... എനിക്കു നിങ്ങളെയൊന്നും വേണ്ട.... ഒരിടത്തു് ഒരു സാധനം ഇരിക്കുന്നതു് എനിക്കറിയാമല്ലോ. രസകരമായ ഒരു സാധനം...''

നികിത തിരിഞ്ഞുനോക്കിയില്ല. ആന്ന പിറുപിറുക്കുന്നതു കേശക്കാമായിരുന്നെങ്കിലും അവൻ കേട്ട ഭാവം നടിച്ചില്ല. അവൻെറ മനസ്സു് ഉറച്ചുകഴിഞ്ഞിരുന്നു.

## വസന്തം

മുമ്പിലത്തെപ്പോലെ സൂര്യനെ നോക്കാൻ സാദ്ധ്യമല്ല. അതിൻെറ കണ്ണഞ്ചിക്കുന്ന രശ്മികശ ആകാശത്തുനിന്നു പ്രവഹിച്ചുകൊണ്ടിരുന്നു. കടും നീലിമയാർന്ന ആകാശത്തിലെ മേഘങ്ങശ ഹിമകുമ്പാരങ്ങശ പോലെ തോന്നിച്ചു. പുതുതായി പൊട്ടിമുളച്ച പുല്ലിൻേറയും കിളിക്കൂടുകളുടേയും മണം പേറിക്കൊണ്ടു് വസന്തമാരുതനടിച്ചു.

വീടിനു മുമ്പിലുള്ള സൗരഭ്യമാർന്ന പോപ്ലാർ മരങ്ങളിലെ വലിയ മൊട്ടുകശ പൊട്ടിവിടർന്നു കൊണ്ടിരുന്നു. കോഴിക്കുഞ്ഞുങ്ങശ വെയിലത്തു കൊക്കിവിളിച്ചു. പൂന്തോട്ടത്തിൽ അഴകിയ ഇലകശക്കിടയിലൂടെ പച്ച പുൽക്കൊടികശ എത്തിനോക്കി. വെളുപ്പും മഞ്ഞയും നിറത്തിലുള്ള ചെറുനക്ഷത്രങ്ങശ വയലാകെ മൂടി. തോട്ടത്തിലെ കിളി

കളുടെ എണ്ണം അനുദിനം വർദ്ധിച്ചുവന്നു. കരിങ്കുയിലുകൾ മരത്തടികൾക്കിടയിലൂടെ വളരെ ചുറുചുറുക്കോടെ ചാടിച്ചാടി നടന്നു. ഒറിയോൾപ്പക്ഷികൾ നാരകവൃക്ഷങ്ങളിൽ കൂടുകെട്ടി. ചിറകിന്നടിയിൽ സ്വർണ്ണംപോലെ തിളങ്ങുന്ന മഞ്ഞ തൂവലുകളോടുകൂടിയ പച്ചനിറത്തിലുള്ള വലിയ പക്ഷികളാണവ. ശ്രുതിമധുരമായി കൂജനം ചെയ്തുകൊണ്ട് അവ അവിടെയെല്ലാം ഓടിനടന്നു.

സൂര്യനുദിക്കേണ്ട താമസം, പുരപ്പുറത്തും കിളിക്കൂടുകളിലുമുള്ള മൈനകൾ ഉണർന്ന് വിവിധസ്വരങ്ങളിൽ ഒന്നിച്ചു ചിലയ്ക്കാൻ തുടങ്ങി. അവ ചിലപ്പോൾ രാക്കുയിലിനേയും ചിലപ്പോൾ വാനംപാടിയേയും അനുകരിക്കും. മററവസരങ്ങളിൽ, ശീതകാലത്തു വിദേശത്തു കേട്ട ചില ആഫ്രിക്കൻ പക്ഷികളെ അനുകരിച്ചുകൊണ്ട് അവ അസഹ്യമായ അപസ്വരത്തിൽ കൂവിവിളിക്കും. ചാരവർണ്ണത്തിലുള്ള ഒരു മരംകൊത്തി വെളുത്ത ബർച്ചുമരങ്ങൾക്കിടയിലൂടെ പറന്ന് ഒരു മരത്തടിയിൽ ചെന്നിരുന്നുകൊണ്ട് അതിൻെറ ചുവന്ന തലപ്പൂവുയർത്തി ചുററും നോക്കി.

തെളിഞ്ഞ ഒരു ഞായറാഴ്ച രാവിലെ കുളക്കരയിലെ മഞ്ഞുതുള്ളികൾ പററിപ്പിടിച്ചിരുന്ന മരങ്ങൾക്കിടയിൽനിന്നും കുയിൽനാദം കേട്ടു. വിഷാദാത്മകവും ഏകാന്തവും ലോലമധുരവുമായ അതിൻെറ സ്വരം പുഴക്കര മുതൽ ആ തോട്ടത്തിലെ ജീവനുള്ള എല്ലാററിനും ഭാവുകം നേർന്നു.

''ജീവിക്കുക, സ്നേഹിക്കുക, ചിരിക്കുക. കൂ—കൂ! ഞാൻ ആരെയും ശല്യപ്പെടുത്താതെ ഒററയ്ക്കു കഴിയുന്നു, കൂ—കൂ!....''

ആ പൂന്തോട്ടമാകെ നിശ്ശബ്ദമായി കുയിൽനാദം കേട്ടു. വണ്ടുകളും പക്ഷികളും വഴിവക്കത്തും ബാൽക്കണിപ്പടികളിലും ഒടുങ്ങാത്ത അത്ഭുതത്തോടെ നിലംപററിയിരുന്നിരുന്ന തവളകളുമെല്ലാം തങ്ങളുടെ വിധിയെന്തെന്നു് ഊഹിക്കുകയായിരുന്നു. കുയിലിൻെറ ഗാനം നിലച്ചതോടെ തോട്ടത്തിൽ നിന്നുയർന്ന ശബ്ദങ്ങൾ കൂടുതൽ ആഹ്ലാദഭരിതമായി. ഇലകൾ മർമ്മരശബ്ദം പുറപ്പെടുവിച്ചു.

ഒരു ദിവസം നികിത മുകളിലത്തെ കുളക്കരയിലെ നിരപ്പായ പച്ച പുൽപ്പറമ്പിൽ ഒരു പററം കുതിരകൾ മേയുന്നതും നോക്കി റോഡരികിലുള്ള ഒരു കുഴിയിൽ താടിക്കു കയ്യും കൊടുത്തു് ഇരിക്കുകയായിരുന്നു. കാണാൻ അഴകുള്ള കുതിരകൾ വാലുമാട്ടിക്കൊണ്ടു് തല കുനിച്ചു പൊക്കം കുറഞ്ഞ പുല്ലു് കടിച്ചുപറിച്ചു തിന്നുകൊണ്ടിരുന്നു. തങ്ങളുടെ കുട്ടികൾ പുറകിൽ വരുന്നുണ്ടോ എന്നു പെൺകുതിരകൾ തലതിരിച്ചു നോക്കി. വീർത്ത മുട്ടുകളോടു കൂടിയ മെലിഞ്ഞ കാലുകളിൽ തത്തിക്കളിച്ചുകൊണ്ടു് കുതിരക്കുട്ടികൾ തങ്ങളുടെ തള്ളക്കുതിരകളുടെ ചുററും നടന്നു. അകലെപ്പോകാൻ അവയ്ക്കു ഭയമാണെന്നു തോന്നി. ഇടയ്ക്കിടെ അവ അമ്മമാരുടെ വയറിനടിയിൽ മുഖമുരുമ്മിക്കൊ

ണ്ടു് വാലുയർത്തിപ്പിടിച്ചു നിറയെ പാൽ കുടി ക്കും. ആ വസന്തദിനത്തിൽ പാൽ കുടിക്കാൻ കിട്ടുന്നതിൻെറ സുഖം ഒന്നു വേറെയായിരുന്നു.

മൂന്നു വയസ്സു പ്രായംചെന്ന പെൺകുതിരകൾ മുക്രയിടുകയും തലയിളക്കുകയും കാൽകൊണ്ടു തൊഴിക്കുകയും ചെയ്തുകൊണ്ടു് പററംവിട്ടു് വയലിനു ചുററും ഓടിനടന്നു. ഒരെണ്ണം പുല്ലിൽക്കിടന്നു കുത്തിമറിയാൻ തുടങ്ങി. മറെറാന്നു പല്ലുകാണിച്ചു കൊണ്ടു് ചിനയ്ക്കുകയും അതിനെ കടിക്കാൻ തുടങ്ങുകയും ചെയ്തു.

വസീലിയ് നിക്കീത്യെവിച്ച് ഒരു ലിനൻ കോട്ടിട്ടു് അണകടന്നു് കുതിരയോടിച്ചുവന്നു. അദ്ദേഹത്തിൻെറ താടി ഒരു വശത്തേക്കു പറന്നു. കണ്ണുകൾ ആഹ്ലാദഭരിതമായി ഇറുക്കിയിരുന്നു. കവിളത്തു് ലേശം ചളി പുരണ്ടിരുന്നു. നികിതയെ കണ്ടയുടൻ അദ്ദേഹം കുതിരയുടെ കടിഞ്ഞാൺ വലിച്ചു.

''ആ പററത്തിൽ ഏതു കുതിരയെയാണു നിനക്കു് ഏററവും ഇഷ്ടം?''

''എന്തിനാണു്?''

''എന്തിനാണെന്നു ചോദിക്കണ്ട.''

നികിത അച്ഛനെപ്പോലെ കണ്ണിറുക്കിപ്പിടിച്ചുകൊണ്ടു് ക്ലോപ്പിക് എന്നു പേരായ കടുംതവിട്ടുനിറത്തിലുള്ള ഒരു കുതിരയെ ചൂണ്ടിക്കാട്ടി. കുറെയേറെ നാളായി അവൻ ആ കുതിരയെ നോട്ടമിട്ടിരിക്കുകയാണു്. സൗമ്യവും അസാധാരണ

മാംവണ്ണം ഇണക്കമുള്ളതുമായ നല്ലൊരു തല അതിനുണ്ടായിരുന്നുവെന്നതാണു പ്രധാനകാരണം.

''അതു്.''

''കൊള്ളാം. നീ മേലിലും അതിനെ ഇഷ്ടപ്പെട്ടോ.''

വസീലിയ് നിക്കീതെ്യവിച്ച് ഒരു കണ്ണ് ഇറുക്കിയടച്ചു. ചുണ്ടുകൊണ്ടു ഒച്ചയുണ്ടാക്കിക്കൊണ്ടു് കടിഞ്ഞാൺ ഇളക്കി. കരുത്തനായ കുതിര മിനുസമായ റോഡിലൂടെ നിഷ്പ്രയാസം വണ്ടിവലിച്ചു. ഓടിച്ചുപോകുന്ന അച്ഛനെ നോക്കി നികിത വിചാരിച്ചു: ഇല്ല, അച്ഛൻ ചോദിച്ചതു വെറുതെയല്ല.

## കൊടിയുയർത്തൽ

കുരുവികളുടെ ശബ്ദം കേട്ടാണു നികിത ഉണർന്നതു്. വെള്ളത്തിനടിയിൽ ചൂളം വിളിക്കുന്നതു പോലെ തോന്നിക്കുന്ന ഓറിയോൽ പക്ഷിയുടെ മധുരശബ്ദം അവൻ ശ്രദ്ധിച്ചുകേട്ടു. ജനാല തുറന്നുകിടന്നിരുന്നു. പച്ചപ്പുല്ലിൻെറ പുതുമനിറഞ്ഞ മണം മുറിയിൽ തങ്ങിനിന്നു. നനവു പററിയ ഇലകൾ സൂര്യരശ്മികളെ ഭേദിച്ചു. കാററടിച്ചു മഞ്ഞുതുള്ളികൾ ജന്നൽപ്പടിയിൽനിന്നും ഇററിററു വീണു. തോട്ടത്തിൽനിന്നു് അർക്കാദിയ് ഇവാനൊവിച്ചിൻെറ വിളി അവൻെറ ചെവിയിലെത്തി:

''ഹേ, അഡ്മിറൽ, എഴുന്നേൽക്കു്!''

‘‘ഞാൻ എഴുന്നേൽക്കുകയാണ്!’’ നികിത വിളിച്ചുപറഞ്ഞു. എങ്കിലും ഒരു മിനിട്ടു കൂടി അവൻ മെത്തയിൽ കിടന്നു. ഉണരുമ്പോൾ ഓറിയോൽപ്പക്ഷിയുടെ ശബ്ദം കേൾക്കുകയും നനവുപററിയ ഇലപ്പടർപ്പുകളിലേക്കു് ജനലിലൂടെ നോക്കുകയും ചെയ്യുന്നതു് അങ്ങേയററം സുഖകരമായ ഒരു കാര്യമാണ്.

അന്നു നികിതയുടെ ജന്മദിനമായിരുന്നു — മേയ് 11. കുളത്തിൽ കൊടിനാട്ടി അതാഘോഷിക്കാൻ പോവുകയാണ്. നികിത തിരക്കിടാതെ—സമയം വേഗം പോകാൻ അവനിഷ്ടപ്പെട്ടില്ല—പൂക്കളോടുകൂടിയ ഒരു പുതിയ നീല ഷർട്ടും പുതിയ കാലുറയും ധരിച്ചു. ആ കാലുറ ഒരു മരത്തിൽക്കെട്ടി തൂങ്ങിക്കിടന്നാൽപ്പോലും കീറാത്ത വണ്ണം അത്ര ബലമുള്ളതായിരുന്നു. സ്വയംതൃപ്തനായി അവൻ പല്ലുതേച്ചു.

തീന്മുറിയിൽ ശുഭ്രനിറത്തിലുള്ള മേശവിരിപ്പിന്മേൽ ഒരു വലിയ കെട്ടു ലില്ലിപ്പൂക്കൾ വച്ചിരുന്നു. അവയുടെ സൗരഭ്യം അവിടം മുഴുവൻ തങ്ങിനിന്നു. അമ്മ നികിതയെ അടുപ്പിച്ചുപിടിച്ച് അവൻെറ അഡ്മിറൽ സ്ഥാനമെല്ലാം മറന്നു് ഒരു വർഷമായി അവനെ കണ്ടിട്ടില്ലെന്ന മട്ടിൽ അവൻെറ മുഖം തലോടുകയും ചുംബിക്കുകയും ചെയ്തുകൊണ്ടു് വളരെനേരം നിന്നു. അച്ഛൻ താടിതടവി കൊണ്ടു് കണ്ണുരുട്ടി ഇങ്ങനെ റിപ്പോർട്ടു ചെയ്തു.

''ജോർജ്ജിയൻ കലണ്ടറിലെ വിവരമനുസരി ച്ചും ലോകജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ കണക്കുകൂട്ട ലിനനുസൃതമായും അങ്ങേക്കു് ഇന്നു പത്തു വയസ്സു തികയുന്നതാണെന്നു് ഞാൻ തിരുമനസ്സിനെ അറിയിച്ചുകൊള്ളട്ടെ. ഈ നേട്ടം പ്രമാണിച്ചു് ഞാൻ അങ്ങേക്കു് പന്ത്രണ്ടു തലയുള്ള ഒരു പേനാക്കത്തി സമ്മാനിക്കുന്നു. നാവികവേലയ്ക്കായാലും നഷ്ടപ്പെടാനായാലും അതു നന്നാണു്.''

പ്രാതൽ കഴിഞ്ഞു് അവർ കുളക്കരയിലേക്കു പോയി. വസീലിയു് നിക്കീത്യെവിച്ചു് ഗൗരവഭാവത്തിൽ കവിറം വീർപ്പിച്ചുകൊണ്ടു് ഒരു നാവികമാർച്ചിൻെറ രാഗത്തിൽ ചൂളമടിച്ചു.

അമ്മ ഉച്ചത്തിൽ ചിരിച്ചു—പുല്ലിലെ മഞ്ഞു പററി നനയാതിരിക്കാൻവേണ്ടി അമ്മ പാവാട ഉയർത്തിപ്പിടിച്ചു. അവർക്കു പിന്നിൽ തുഴകളും തോണിക്കൊളുത്തും ചുമന്നുകൊണ്ടു് അർക്കാദിയു് ഇവാനൊവിച്ചു് നടന്നു. വളഞ്ഞുപുളഞ്ഞു വിസ്തൃതമായി കിടന്നിരുന്ന കുളത്തിൻെറ കരയിലെ കുളിപ്പുരയ്ക്കടുത്തു് മുകളിൽ ഒരു ഉണ്ടയോടുകൂടിയ കൊടിമരം നാട്ടിയിട്ടുണ്ടായിരുന്നു. കരയ്ക്കുചേർന്നു തോണി കിടന്നിരുന്നു. അതിൻെറ ചുവപ്പും പച്ചയും വരകറം വെള്ളത്തിൽ പ്രതിഫലിച്ചു. വണ്ടുകറം, പുഴുക്കറം, ചെറിയ തവളക്കുഞ്ഞുങ്ങറം തുടങ്ങിയ ആ കുളത്തിലെ നിവാസികറം തോണിക്കു കീഴിൽ നീന്തിനടന്നു. കാലിന്നടിയിൽ കുഷനുകളോടുകൂടിയ ചിലന്തികറം വെള്ളത്തിനു

മുകളിലൂടെ സഞ്ചരിച്ചു. അരളിമരങ്ങളിലെ കൂടുകളിലിരുന്നുകൊണ്ടു് കാക്കകഠം അവയെ നോക്കിയിരുന്നു.

വസീലിയ് നിക്കീത്യെവിച്ച് അഡ്മിറലിൻേറതായ കൊടി കയറിൽ കെട്ടി. പച്ചപ്പാടത്തു് പിൻകാലുകളിലിരിക്കുന്ന ഒരു ചുവന്ന തവളയായിരുന്നു കൊടിയടയാളം. കവിഠം വീർപ്പിച്ചു ശ്വാസം വിട്ടുകൊണ്ടു് വസീലിയ് നിക്കീത്യെവിച്ച് കയർ വലിക്കാൻ തുടങ്ങി. കൊടി മുകളിലേക്കു കയറി കൊടിമരത്തിൻെറ അററത്തു ചെന്നപ്പോഠം നിവർന്നു. കാക്കകഠം പേടിച്ചു കരഞ്ഞുകൊണ്ടു് അരളിമരങ്ങളിലെ കൂടുകളിൽ നിന്നു പറന്നുപോയി.

നികിത തോണിയിൽ കയറി ചുക്കാനടുത്തു് സ്ഥാനം പിടിച്ചു. അർക്കാദിയ് ഇവാനൊവിച്ച് തുഴ പിടിച്ചു. തോണി താഴോട്ടു വെള്ളത്തിലേക്കിറങ്ങി. ഇരുവശത്തേക്കുമിളകിക്കൊണ്ടു് അതു കരയിൽനിന്നു നീങ്ങി. അരളിമരങ്ങളും അവയ്ക്കു ചുവട്ടിലുള്ള പച്ചത്തണലും പക്ഷികളും മേഘങ്ങളുമെല്ലാം കുളത്തിൻെറ കണ്ണാടിപോലുള്ള ജലപ്പരപ്പിൽ പ്രതിബിംബിച്ചു. തോണി ആകാശത്തിനും ഭൂമിക്കുമിടയ്ക്കു് ഒഴുകുകയായിരുന്നു. കൊതുകിൻെറ ഒരു കൂട്ടം നികിതയുടെ തലയ്ക്കു മീതെ കൂടുകയും ഒന്നിച്ചു് തോണിയെ അനുഗമിക്കുകയും ചെയ്തു.

''വേഗം പോകട്ടെ, വേഗം!'' വസീലിയ് നിക്കീത്യെവിച്ച് കരയിൽനിന്നു വിളിച്ചുപറഞ്ഞു.

അമ്മ കയ്യാട്ടി ചിരിച്ചു. അർക്കാദിയ് ഇവാനൊവിച്ച് തുഴവലിച്ചു മലർന്നു കിടന്നു. പൊക്കം കുറഞ്ഞ പച്ച ഈററപ്പുല്ലിനിടയിൽനിന്നു രണ്ടു താറാവുകഠം ശബ്ദിച്ചുകൊണ്ടു് പാതി നീന്തിയും പാതി പറന്നും പുറത്തുവന്നു.

''അവയുടെ നേരെ ഓടിക്കു്, തവളകളുടെ അഡ്്മിറൽ! ഹുറാ—ാ—ാ!'' വസീലിയ് നിക്കീത്യെവിച്ച് വിളിച്ചുപറഞ്ഞു.

## ഷൊഠംത്തുഹിൻ*

വീടിന്റെ തിണ്ണയ്ക്കും മതിലിനുമിടയ്ക്കു് ഒരു കോണിൽ പുൽപ്പുറത്തു് ഷൊഠംത്തുഹിൽ വെയിലത്തിരിക്കുകയായിരുന്നു. നികിത അടുത്തുവരുന്നതു് അതു ഭയത്തോടെ കണ്ടു.

ഷൊഠംത്തുഹിൻ തല പുറത്തുവച്ചാണിരുന്നതു്. നെടുനീളത്തിൽ മഞ്ഞവരയോടുകൂടിയ അതിന്റെ കൊക്കു് തിങ്ങിനിന്നിരുന്ന തൂവലുകളുടെ മീതെ ശയിച്ചിരുന്നു. ഷൊഠംത്തുഹിന്റെ തൂവലുകഠം മുഴുവൻ അലങ്കോലപ്പെട്ടു കിടന്നിരുന്നു. കാലുകഠം വയറിനു താഴെ മടക്കിവച്ചിരുന്നു. നികിത അടുത്തുവന്നു കുനിഞ്ഞപ്പോഠം അവനെ പേടിപ്പെടുത്താൻ അതു് കൊക്കു തുറന്നു. നികിത അതിനെ രണ്ടു

---

*''ഷൊഠംത്തുഹിൻ'' എന്ന പേരു് ''ഷോഠംട്ടി'' (മഞ്ഞ) എന്ന റഷ്യൻ വാക്കിൽനിന്നു വന്നിട്ടുള്ളതാണു്. — പരിഭാഷകൻ.

കൈകാംക്കുള്ളിൽ പിടിച്ചു ചാരനിറം മാറിയിട്ടി ല്ലാത്ത ഒരു മൈനയായിരുന്നു അതു്. കൂടിനു പുറത്തു പറക്കാൻ ശ്രമിച്ചു് ചിറകിനു ബലംവയ്ക്കാ ത്തതുകൊണ്ടു താഴെവീണു്, തറപററിക്കിടക്കുന്ന പച്ചിലകളുടെ മീതെ ഒരു കോണിൽ അതു് അഭ യം തേടിയിരിക്കയാണു്.

ഷെറംത്തുഹിൻെറ ഹൃദയം നൈരാശ്യംകൊ ണ്ടു മിടിച്ചു. ''എനിക്കു ശ്വാസം വിടാൻ കഴിയു ന്നതിനു മുമ്പു് ഇവൻ എന്നെ തിന്നും,'' അതു വിചാരിച്ചു. കൃമികളേയും ഈച്ചകളേയും പുഴക്കളേ യും തിന്നാൻ അതിനു നല്ലവണ്ണമറിയാമായിരുന്നു.

നികിത അതിനെ അവൻെറ വായിനടുത്തേ ക്കു പൊക്കി. ഷെറംത്തുഹിൻെറ കണ്ണുകളിൽ പാട വന്നു. അതിൻെറ ഹൃദയം തൂവലുകറംക്കടിയിൽ ക്കിടന്നു ചാടി. പക്ഷെ നികിത അതിൻെറ തലയിൽ ഊതിയിട്ടു് അതിനെ വീട്ടിലേക്കു കൊണ്ടുപോയതേയുള്ളു. എന്നുവച്ചാൽ അവനു വിശക്കുന്നില്ലെന്നും പിന്നീടു മാത്രമേ ഷെറംത്തു ഹിനെ തിന്നുകയുള്ളുവെന്നുമർത്ഥം.

മൈനയെ കണ്ടപ്പോറം അലെക്സാൻഡ്ര ലെയോ ണ്യെവ്ന നികിത ചെയ്തതുപോലെ അതിനെ പൊക്കിയെടുക്കുകയും കയ്യിലിരിക്കുമ്പോറം അതി ൻെറ തലയിൽ ഊതുകയും ചെയ്തു.

''പാവം എത്ര ചെറുതാണു്,'' അവർ പറ ഞ്ഞു. ''അതിൻെറ കൊക്കിനു് എന്തൊരു മഞ്ഞ നിറം.''

തോട്ടത്തിലേക്കു തുറക്കുന്ന വലയടിച്ച ഒരു ജനലിൻെറ പടിയിൽ അവർ മൈനയെ വച്ചു. ജനലിൻെറ അകവശവും പാതിവരെ വലയടിച്ചിരുന്നു. താൻ അത്ര വേഗമൊന്നും ജീവൻ കളയാൻ നിശ്ചയിച്ചിട്ടില്ലെന്നു കാണിക്കാൻ ശ്രമിച്ചുകൊണ്ടു് ഷെറംത്തുഹിൻ തൽക്ഷണം തന്നെ ഒരു മൂലയിൽ പതുങ്ങിയിരുന്നു.

വെളിയിൽ, വെളുത്ത വലയ്ക്കുപ്പുറത്തു്, ഇലകളിളക്കുകയും വെറുക്കപ്പെട്ട കുരുവികൾ—കള്ളന്മാരും തെമ്മാടികളുമാണവർ—കുററിക്കാട്ടിലിരുന്നു പരസ്പരം കലഹിക്കുകയും ചെയ്തു. മറുവശത്താകട്ടെ, വലയ്ക്കുപ്പുറത്തുനിന്നു് നികിത അതിനെ നോക്കുകയായിരുന്നു. അവൻെറ കണ്ണുകൾ എത്ര വലുതാണു്. അവ അനങ്ങുന്നു. ദുർഗ്രഹവും വശ്യവുമായ കണ്ണുകളാണവ. ''എനിക്കു രക്ഷയില്ല, എനിക്കു രക്ഷയില്ല,'' ഷെറംത്തുഹിൻ വിചാരിച്ചു.

പക്ഷെ രാത്രിയായിട്ടും നികിത അതിനെ തിന്നില്ല. വലയുടെ മീതേ കൂടി പുഴുക്കളേയും പ്രാണികളേയും ഇട്ടുകൊടുക്കുക മാത്രമാണവൻ ചെയ്തതു്. ''എന്നെ കൊഴുപ്പിക്കുകയാണു്,'' ഷെറംത്തുഹിൻ വിചാരിച്ചു. മൂക്കിനു താഴെ പാമ്പിനെപ്പോലെ ഇഴഞ്ഞുവരുന്ന ചുവന്ന പുഴുവിനെ നോക്കി അതു കണ്ണിറുക്കി. ''ഞാൻ അതിനെ തിന്നുകയില്ല. അതു ശരിക്കുള്ള പുഴുവല്ല. ഇതു വെറും സൂത്രമാണു്.''

സൂര്യൻ വൃക്ഷങ്ങൾക്കു താഴെ മറഞ്ഞു. ഉറക്കം വരുത്തുന്ന സന്ധ്യാവെളിച്ചം അതിൻെറ കണ്ണുകളടച്ചു. എന്നിട്ടും ഷെറംത്തുഹിൻ ജനൽപ്പടിയിൽ നഖംകൊണ്ടു് അള്ളിപ്പിടിച്ചിരുന്നു. ഒന്നും കാണാൻ വയ്യെന്നായി. തോട്ടത്തിലെ പക്ഷികൾ നിശ്ശബ്ദമായി. ഊർപ്പത്തിൻേറയും പുല്ലിൻേറയും നിദ്രാടനപരമായ സുഗന്ധം വ്യാപിച്ചു. മൈനയുടെ തല തൂവലുകൾക്കിടയിലേക്കു താണു. തൂവലുകൾ ദേഷ്യത്തിൽ അലങ്കോലപ്പെടുത്തിക്കൊണ്ടു്—വേണ്ടിവന്നാൽ അതാവശ്യംവന്നേക്കുമെന്നു കരുതി—ഷെറംത്തുഹിൻ മുന്നോട്ടായുകയും പിന്നീടു പിന്നോട്ടു മറിയുകയും ചെയ്തു് ഉറങ്ങി.

കുരുവികളുടെ ശബ്ദം കേട്ടു് അതുണർന്നു. ഒരു ലൈലാക് വൃക്ഷത്തിൻെറ കൊമ്പുകളിലിരുന്നുകൊണ്ടു് അവ കലഹിക്കുകയായിരുന്നു. പരപര വെളിച്ചത്തിൽ നനഞ്ഞ ഇലകൾ തൂങ്ങിക്കിടന്നു. അകലെ ഒരു മൈന ആഹ്ലാദഭരിതവും കർണ്ണാനന്ദകരവുമായി പാടി. ''എനിക്കിതു സഹിക്കവയ്യ. വിശന്നു തല കറങ്ങുന്നു,'' ഷെറംത്തുഹിൻ വിചാരിച്ചു. ജന്നൽപ്പടിയിലെ ഒരു പഴുതിനിടയിലേക്കു പകുതി ഇഴഞ്ഞിറങ്ങിയ ഒരു പുഴുവിനെ കണ്ടു് അതിൻെറ മേൽ ചാടിവീണു. വാലിനു പിടിച്ചുവലിച്ചു പുറത്തിട്ടു വിഴുങ്ങി. ''മോശമില്ല, സ്വാദുള്ള പുഴുവാണു്,'' അതു വിചാരിച്ചു.

വെളിച്ചത്തിനു നീലനിറമായി. കിളികൾ പാടാൻ തുടങ്ങി. മരങ്ങളുടെ ഇലകൾക്കിടയിലൂടെ

തെളിഞ്ഞ, ചൂടുള്ള ഒരു സൂര്യകിരണം ഷെറംത്തുഹിൻെറ മേൽ പതിച്ചു. ''കൊള്ളാം, ഇതുവരെ ചത്തില്ല,'' ഷെറംത്തുഹിൻ വിചാരിച്ചു. തത്തിത്തത്തി നടന്നു് അതൊരു ഈച്ചയെ വായിലാക്കി വിഴുങ്ങി.

ആ നിമിഷത്തിൽ കാലടിശബ്ദം കേട്ടു. നികിത ജനലിന്നടുത്തുവന്നു് അവൻെറ വലിയ കൈ വലയ്ക്കു പിന്നിലിട്ടു. കൈ തുറന്നു് പുഴക്കളേയും പ്രാണികളേയും ജനൽപ്പടിയിൽ വിതറി. ഷെറംത്തുഹിൻ ഭയന്നുവിറച്ചു് ഒരു കോണിൽപ്പോയി പതുങ്ങി. ചിറകുകറം വിടർത്തിക്കൊണ്ടു് ആ കയ്യിലേക്കു നോക്കി. പക്ഷെ അല്പനേരം മൈനയുടെ തലയ്ക്കു മുകളിൽ നിന്നിട്ടു് അതു വലയ്ക്കു പിന്നിലേക്കു മറഞ്ഞു. വെളുത്തു തിളങ്ങുന്ന വശ്യമായ ആ വിചിത്രദൃഷ്ടികറം വീണ്ടും ഷെറംത്തുഹിനെ തുറിച്ചുനോക്കി.

നികിത പോയപ്പോറം ചിറകുകറം ഒതുക്കി വച്ചുകൊണ്ടു് ഷെറംത്തുഹിൽ ആലോചിച്ചുതുടങ്ങി: ''എന്നെ തിന്നാമായിരുന്നെങ്കിലും അവൻ തിന്നില്ല. അപ്പോറം അവൻ പക്ഷികളെ തിന്നുകയില്ലെന്നർത്ഥം. എന്നാൽപ്പിന്നെ പേടിക്കാനൊന്നുമില്ല.''

വയർ നിറയെ തിന്നതിനുശേഷം ഷെറംത്തുഹിൻ കൊക്കുകൊണ്ടു് തൂവൽ വൃത്തിയാക്കുകയും ജനൽപ്പടിയിലൂടെ തത്തിനടന്നുകൊണ്ടു് കുരുവികളെ നോക്കുകയും ചെയ്തു. തലയിലെ തൂവൽ

കൊഴിഞ്ഞുതുടങ്ങിയ ഒരു വയസ്സൻകുരുവിയെ കണ്ടു് ഷെറംത്തുഹിൻ അതിനെ ശല്യപ്പെടുത്താൻ തുടങ്ങി. തല മുമ്പോട്ടും പിമ്പോട്ടും ഇളക്കിക്കൊണ്ടു് അതു് കൂവി: ''ഫ്യൂയ്യൂട്ട്, ചില്ലിക് —ചില്ലിക്. ഫ്യൂയ്യൂട്ട്.'' കുരുവിക്കു ദേഷ്യം വന്നു. അതു ഞെളിഞ്ഞു് തുറന്ന കൊക്കുമായി ഷെൽത്തുഹിൻെറ നേരെ പറന്നുവന്നു വലയിൽ ത്തട്ടി. ''നിനക്കു കിട്ടേണ്ടതു കിട്ടി,'' എന്നു ചിന്തിച്ചുകൊണ്ടു് ഷെറംത്തുഹിൻ ജനൽപ്പടിയിലൂടെ അങ്ങോട്ടുമിങ്ങോട്ടും നടന്നു.

നികിത പിന്നെയും വന്നു് വലയ്ക്കു പിന്നിൽ കയ്യിട്ടു. ഇത്തവണ അതിലൊന്നുമില്ലായിരുന്നു. തന്നെയല്ല, അതു് മൈനയുടെ വളരെയടുത്തു വരികയും ചെയ്തു. ഷെറംത്തുഹിൻ അതിൻെറ നേരെ ചാടി. സർവ്വശക്തിയുമെടുത്തു് ഒരു വിരലിൽ കൊത്തിയിട്ടു് പുറകോട്ടു ചാടി ഒരു മല്ലിനു തയ്യാറെടുത്തു. പക്ഷെ നികിത വായ തുറന്നു് ''ഹ, ഹ, ഹ!'' എന്നു് ഉറക്കെ ചിരിച്ചതേയുള്ളു.

അങ്ങിനെ ആ ദിവസം കഴിഞ്ഞു. പേടിക്കാനൊന്നുമില്ല. വൈവിധ്യമില്ലെങ്കിലും നല്ല ഭക്ഷണം. ഷെറംത്തുഹിൻ സൂര്യാസ്തമനത്തിനുവേണ്ടി അക്ഷമയോടെ കാത്തിരുന്നു. അന്നു രാത്രി അതു് പൂർണ്ണസംതൃപ്തിയോടെ ഉറങ്ങി.

പിറേറന്നു് പ്രാതൽ കഴിഞ്ഞു് അതു് വലയ്ക്കു പുറത്തു കടക്കാനുള്ള മാർഗ്ഗം ആരാഞ്ഞുതുടങ്ങി.

ജനലിന്നു ചുററും തത്തിനടന്നെങ്കിലും ഒരൊററ വിടവുപോലും ഒരിടത്തും കണ്ടില്ല. പിന്നീടതു് തീററിപ്പാത്രത്തിനടുത്തുവന്നു് വെള്ളം കുടിക്കാൻ തുടങ്ങി. കൊക്കിൽ വെള്ളം നിറച്ച്് തല പുറകോട്ടാക്കി വിഴുങ്ങുകയാണതു ചെയ്തതു്. ഒരു ചെറിയ ഗോളം അതിൻെറ തൊണ്ടയിലൂടെ കീഴോട്ടിറങ്ങി.

ഒരു നീണ്ട ദിവസമായിരുന്നു അതു്. നികിത പുഴുക്കളെ കൊണ്ടുവരികയും താറാവിൻെറ തുവലുകൊണ്ടു് ജനൽപ്പടി തുത്തുവെടിപ്പാക്കുകയും ചെയ്തു. കഷണ്ടിത്തലയൻ കുരുവി ഒരു ബിലാത്തിക്കാക്കയുമായി വഴക്കിട്ടു. അതിൻെറ അടിയേററു് കുരുവി ഇലകരുക്കിടയിലൂടെ ഒരു കല്ലുപോലെ താഴെ വീണു. എഴുന്ന തുവലുകളോടെ അതു മേലോട്ടുനോക്കി.

എന്തുകൊണ്ടോ ഒരു മാഗ്പ്പൈ ജനലിന്നു തൊട്ടടുത്തു പറന്നു. കുറെ പ്രാവശ്യം ശബ്ദിച്ചുകൊണ്ടു് അതു് അങ്ങോട്ടുമിങ്ങോട്ടും പറക്കുകയും വാലാട്ടുകയും ചെയ്തു. അതിൻെറ പ്രവൃത്തികളിൽ യാതൊരു കഴമ്പുമില്ലായിരുന്നു.

ഒരു റോബിൻ ദീർഘനേരം പാടിക്കൊണ്ടിരുന്നു. ചൂടുള്ള വെയിലിനെക്കുറിച്ചും ത്രിപർണ്ണിപ്പുല്ലിലെ തേനിനെക്കുറിച്ചുമെല്ലാം അതു് മധുരമായി പാടി. അതുകേട്ടു് ഷെരംത്തുഹിൻ സങ്കടപ്പെട്ടു. അതിൻെറ തൊണ്ടയിടറി. പാടാൻ അതിന്നും ആഗ്രഹമുണ്ടു്. പക്ഷെ എവിടിരുന്നു പാടാനാ

ണ്. ഈ ജനലിലിരുന്നോ? കൂട്ടിലിരുന്നോ?...

അതു വീണ്ടും ജനൽപ്പടിയിൽ ചുററി നടന്നു. അപ്പോഠം പേടി തോന്നുന്ന ഒരു ജന്തുവിനെ കണ്ടു. ഉയരം കുറഞ്ഞു് മാർദ്ദവമുള്ള കാലുകളിൽ വയർ തറയിൽ നിരക്കിക്കൊണ്ടു് അതിഴഞ്ഞു നടന്നു. അതിൻെറ തല ഉരുണ്ടിരുന്നു. കുറച്ചു മാത്രമുണ്ടാ യിരുന്ന മീശരോമങ്ങഠം കുററിപോലെ നിന്നു. കണ്ണുകഠം പച്ചനിറത്തിലായിരുന്നു. അവയിലെ നേർത്ത കൃഷ്ണമണികഠം പൈശാചികമായ ദുഷ്ടത യോടെ തിളങ്ങുന്നുണ്ടായിരുന്നു. ഷെഠംത്തുഹിൻ നിലംപററിയിരുന്നു. അനങ്ങിയില്ല.

പൂച്ച, വസീലിയ് വസീല്യെവിച്ച്, ഒച്ച കേഠംപ്പിക്കാതെ ചാടി. ജനൽപ്പടിയിൽ നഖം കൊണ്ടു് അള്ളിപ്പിടിച്ചു. വലയിലൂടെ ഷെഠം ത്തുഹിനെ നോക്കി വാ പൊളിച്ചു.... ദൈവമേ, ആ വായിൽ ഷെഠംത്തുഹിൻെറ കൊക്കിനേക്കാഠം നീളമുള്ള ദംഷ്ട്രകളുണ്ടായിരുന്നു!.... പൂച്ച കൈ കൊണ്ടു മാന്തി വല കീറി.... ഷെഠംത്തുഹിൻെറ നെഞ്ചിടിഞ്ഞു. ചിറകു താണു.... ആ നിമിഷത്തി ൽ, കൃത്യസമയത്തു്, നികിത വന്നു് പൂച്ചയെ കഴുത്തിനു മുകളിലുള്ള അയഞ്ഞ തൊലിക്കു പിടിച്ചു് കതകിൻെറ നേർക്കെറിഞ്ഞു. ദേഷ്യത്തി ൽ മോങ്ങിക്കൊണ്ടു് വസീലിയ് വസീല്യെവി ച്ച് വാൽ താഴ്ത്തി ഓടിപ്പോയി.

''നികിതയേക്കാഠം ബലമുള്ള ജന്തുക്കളില്ല,'' ആ സംഭവത്തിനുശേഷം ഷെഠംത്തുഹിനു തോന്നി.

നികിത വീണ്ടും വന്നപ്പോൾ പേടിച്ച വാലി ന്മേലിരുന്നെങ്കിലും തലയിൽ തലോടാൻ അതു സമ്മതിച്ചു.

അങ്ങിനെ ആ ദിവസവും കഴിഞ്ഞു. പിറേറ ദിവസം ഷെറംത്തുഹിൻ തികഞ്ഞ സന്തുഷ്ടിയോടെ തൻെറ പരിസരങ്ങൾ പരിശോധിക്കാനിറങ്ങി. വലയിൽ പൂച്ച ഉണ്ടാക്കിയ ദ്വാരം അതു് തൽക്ഷണം കണ്ടു. ഷെറംത്തുഹിൻ ദ്വാരത്തിലൂടെ തല പുറത്തിട്ടു ചുററും നോക്കി. പുറത്തു ചാടിയിറങ്ങി. സാന്ദ്രത കുറഞ്ഞ വായുവിൻെറ പ്രവാഹത്തിലേക്കു കുതിച്ചുകൊണ്ടു് സർവ്വശക്തിയുമെടുത്തു ചിറകടിച്ചു തറയ്ക്കു തൊട്ടു മുകളിലായി പറന്നു.

വാതുക്കലെത്തിയപ്പോൾ അതു് അടുത്ത മുറിയിലേക്കു പറന്നു. അവിടെ നാലുപേർ ഒരു വട്ടമേശയ്ക്കു ചുററും ഇരിക്കുന്നതു കണ്ടു. അവർ ഭക്ഷണം കഴിക്കുകയായിരുന്നു. അവർ വലിയവലിയ തുണ്ടങ്ങളെടുത്തു് വായിലിട്ടു. നാലുപേരും തല തിരിച്ചു് ഷെറംത്തുഹിനെ അനങ്ങാനെ നോക്കിയിരുന്നു. മുമ്പോട്ടു കൂടുതൽ പോകാതെ പുറംതിരിയുകയാണു വേണ്ടതെന്നു് അതിനറിയാമായിരുന്നു. പക്ഷെ പറക്കുന്നതിനിടയിൽ വിഷമകരമായ ആ തിരിയലെടുക്കാൻ അതിനു കഴിഞ്ഞില്ല. ഒരു വശത്തേക്കു ചരിഞ്ഞുകൊണ്ടു് അതു് മേശപ്പുറത്തു് ജാംഭരണിക്കും പഞ്ചസാരപ്പാത്രത്തിനുമിടയ്ക്കു വന്നു വീണു. അപ്പോഴാണു് നികിത മുമ്പിലിരിക്കുന്നതു കണ്ടതു്. കൂടുതലാലോചിക്കാതെ

ഷെറംത്തുഹിൻ ജാംഭരണിയിലേക്കും അവിടന്നു് നികിതയുടെ തോളിലേക്കും ചാടിയിരുന്നു. അവിടെ ഉലഞ്ഞ തൂവലുകളോടും കണ്ണുകളിൽ പാതി പാട നിറഞ്ഞും അതിരുന്നു.

അതു് അല്പനേരം നികിതയുടെ തോളിലിരുന്നശേഷം മച്ചിനടിയിലേക്കു പറന്നു് ഒരു ഈച്ചയെ പിടിച്ചു. മെഴുകുതിരികറംക്കു ചുററും പറന്നു. വിശന്നു തുടങ്ങിയപ്പോറം പുതുതായി കൊണ്ടിട്ട പുഴക്കളുള്ള സ്വന്തം ജനലിലേക്കു തിരികെ പറന്നു.

വൈകിട്ടായപ്പോറം നികിത ഒരു തിണ്ണയും ഒരു കതകും രണ്ടു ജനാലകളുമുള്ള, മരം കൊണ്ടു പണിത ഒരു ചെറിയ വീടു കൊണ്ടുവന്നു് ജനൽപ്പടിയിൽ വച്ചു. ഷെറംത്തുഹിനു് അതിഷ്ടപ്പെട്ടു. അകത്തിരുട്ടായിരുന്നു. അതു് അകത്തേക്കു ചാടിക്കയറി. ഒന്നുരണ്ടു തവണ ചുററും കറങ്ങിനോക്കിയതിനുശേഷം ഉറങ്ങി.

അതേ രാത്രി, കുററം നടത്താൻ ശ്രമിച്ചതിനു ശിക്ഷയായി സ്റ്റോർമുറിയിലടച്ചു പൂട്ടപ്പെട്ട വസീലിയു് വസീലിയ്യെവിച്ചാകട്ടെ, ഉറക്കെ മോങ്ങുകയും എലിയെ പിടിക്കാൻപോലും ആഗ്രഹിക്കാതെ സ്വയം വിമ്മിഷ്ടം തോന്നത്തക്കവണ്ണം വാതുക്കലിരുന്നു് ''ങാവ്യൂ'' എന്നു ദയനീയമായി നിലവിളിക്കുകയും ചെയ്തു.

മുള്ളൻപന്നിക്കും പൂച്ചയ്ക്കും പുറമെ ജന്തുലോകത്തിലെ മൂന്നാമതൊരംഗം കൂടി വീട്ടിൽ ഇപ്പോറം

ഉണ്ടായിരുന്നു—ഷെറംത്തുഹിൻ. അതിനു വളരെ യേറെ സ്വാതന്ത്ര്യബുദ്ധിയും ബുദ്ധിശക്തിയും ഉപായങ്ങളുമുണ്ടായിരുന്നു. ആളുകറം സംസാരിക്കു ന്നതു കേട്ടുകൊണ്ടിരിക്കാൻ അതിഷ്ടപ്പെട്ടു. അവർ മേശയ്ക്കു ചുററുമിരിക്കുമ്പോഠം അതു ശ്രദ്ധിക്കുകയും തല ഒരു വശത്തേക്കു ചരിച്ചു പിടിച്ചുകൊണ്ടു് ഗാനാത്മകമായ സ്വരത്തിൽ ''സാഷ!'' എന്നു നീട്ടിവിളിച്ചുകൊണ്ടു് തല കുനിക്കുകയും ചെയ്യും. അതു തല കുനിക്കുന്നതു തൻെറ നേരെയാണെന്നു് അലെക്സാൻഡ്ര ലെയോന്ത്യേവ്ന വിശ്വസിച്ചു. ഷെറംത്തുഹിനെ കാണുമ്പോഴെല്ലാം അവർ പറ യും: ''ചൈതന്യവും ഉന്മേഷവും നിറഞ്ഞ കൊച്ചു പക്ഷീ, നിനക്കു് ആശിസ്സുകഠം നേരുന്നു.'' ഷെറംത്തുഹിൻ ഉടൻ അവരുടെ വസ്ത്രത്തിൻെറ പിൻഭാഗത്തു ചാടിക്കയറി ഇരിക്കുകയും വളരെ സംതൃപ്തമായ ഭാവത്തിൽ അവരോടൊപ്പം സഞ്ച രിക്കുകയും ചെയ്യും.

അങ്ങിനെ അതു് ശരൽക്കാലംവരെ ജീവിച്ചു. അതു വളർന്നു വലുതായി, തിളങ്ങുന്ന വലിയ കറു ത്ത ചിറകുകളും തൂവലുകളും വച്ചു, റഷ്യൻ സംസാ രിക്കാൻ നല്ലവണ്ണം പഠിച്ചു, പകൽ ഒട്ടുമുക്കാലും തോട്ടത്തിൽ ചിലവഴിക്കുകയും സന്ധ്യയ്ക്കു് എപ്പോഴും ജന്നൽപ്പടിയിലുള്ള തൻെറ ചെറിയ വീട്ടിലേക്കു മടങ്ങുകയും ചെയ്തുപോന്നു.

ആഗസ്റ്റ്മാസത്തിൽ കാട്ടുമൈനകറം അതി നെ തങ്ങളുടെ കൂട്ടത്തിലേക്കു വശീകരിച്ചെടുക്കുക

യും ശരിയായി പറക്കാൻ പഠിപ്പിക്കുകയും ചെയ്തു. തോട്ടത്തിൽ ഇലപൊഴിഞ്ഞുതുടങ്ങിയപ്പോൾ അതു് ഒരു ദിവസം രാവിലെ മറുനാടുകളിലേക്കു പോകുന്ന മററു പക്ഷികളോടൊപ്പം കടൽ കടന്നു് ആഫ്രിക്കയിലേക്കു പറന്നു.

## ക്ലോപ്പിക്*

പാടങ്ങളിലെ വസന്തവേല കഴിഞ്ഞു. പഴത്തോട്ടങ്ങൾ കിളച്ചു നനച്ചു കഴിഞ്ഞിരിക്കുന്നു. സെൻറ് പീറേറഴ്സ് ദിനം വരെ ഇനി ഒന്നും ചെയ്യേണ്ട. അന്നാണു കൊയ്ത്തു തുടങ്ങുക. വണ്ടിക്കുതിരകളെ കന്നുകാലികളോടൊപ്പം കുളത്തിനപ്പുറത്തു് പുല്ലു് സമൃദ്ധമായി വളർന്നു നിൽക്കുന്ന മൈതാനത്തേക്കു് തെളിച്ചുകൊണ്ടുപോയി. രാവിലെ നീലിമ കലർന്ന മഞ്ഞു് പാടങ്ങളിൽ വ്യാപിച്ചിട്ടുണ്ടാവും. അകന്നകന്നു നിൽക്കുന്ന കറുത്ത കൂററൻ പോപ്ലാർമരങ്ങൾ മങ്ങിയ വായുവിൽ നിന്നു താഴോട്ടു തൂങ്ങിക്കിടക്കുകയാണെന്നു തോന്നും.

കുതിരകളെ നോക്കാൻ മീഷ്ക കൊരഷോനൊക്ക് കന്നുകാലികളോടൊപ്പമുണ്ടായിരുന്നു. വെറും കാലുകൾ അങ്കപടിയിൽ വച്ചു്, കൈമുട്ടുകളാട്ടി

---

* മൂട്ട എന്നർത്ഥം വരുന്ന ''ക്ലോപ്പ്'' എന്ന റഷ്യൻ വാക്കിൽനിന്നു്.—പരിഭാഷകൻ.

ക്കൊണ്ടു് ഒരു ഉയർന്ന കൊസാക്ക് ജീനിയിലിരുന്നുകൊണ്ടാണു് അവൻ കുതിരയോടിച്ചതു്.

പററം വിട്ടോടിപ്പോയ ഇളപ്പം ചെന്ന ഒരു പെൺകുതിരയുടെ പുറകെ പച്ചപ്പാടങ്ങളിലൂടെ കുതിരപ്പുറത്തു കുതിച്ചുപാഞ്ഞുകൊണ്ടു് അവൻ വെടിപൊട്ടുന്നതുപോലെ ചാട്ടയടിക്കുകയും പററത്തിലേക്കു തിരിച്ചുപോകാൻ അതിനോടു വിളിച്ചുപറയുകയും ചെയ്തു. പിന്നീടവൻ കുതിരയുടെ കടിഞ്ഞാണഴിച്ചു താഴെയിറങ്ങി. കുതിര ഉടൻതന്നെ കടിഞ്ഞാൺ നിലത്തു മുട്ടിച്ചുകൊണ്ടു് പുല്ലു കടിച്ചു തിന്നാൻ തുടങ്ങി. മീഷ്ക ഒന്നുകിൽ ഓടയ്ക്കു മുകളിലുള്ള കുന്നിൻപുറത്തിരുന്നുകൊണ്ടു് വടി ചെത്തുകയോ അല്ലെങ്കിൽ ട്രൗസർ തിരുകിക്കയററി കുളത്തിലേക്കിറങ്ങി ചൂടുള്ള വെള്ളത്തിൽനിന്നു് ഈററപ്പുല്ലിൻെറ വേരും കായും പറിച്ചെടുക്കുകയോ ചെയ്യും. കായിനു് ചവർപ്പും പുളിയുമാണു്. പക്ഷെ വേരു് മാവുപോലെ പൊടിഞ്ഞു വരും. മധുരവുമുണ്ടു്. അതു് ഒരുപാടു തിന്നാൽ വയറു വേദനിക്കുമെന്നുമാത്രം.

നികിത ആ ദിവസം മുഴുവൻ മീഷ്കയൊന്നിച്ചു് കുളത്തിനപ്പുറത്തുള്ള പാടത്തു ചിലവഴിക്കുകയും കുതിരയോടിക്കാൻ പഠിക്കുകയും ചെയ്തു.

ജീനിയിൽ കയറിയിരിക്കാൻ പ്രയാസമുണ്ടായിരുന്നില്ല: പുള്ളിക്കുത്തുകളോടുകൂടി ചാരനിറത്തിലുള്ള വയസ്സൻ കുതിര അനങ്ങാതെ നിന്നുകൊടുത്തു. ഇടയ്ക്കു ചെള്ളു കടിക്കുമ്പോഠം അതു്

പിൻകാലുകൊണ്ടു വയറു ചൊറിയുമെന്നുമാത്രം. പക്ഷെ മുകളിൽ കയറിയിരുന്ന കടിഞ്ഞാൺ പിടിച്ച് കുതിരയെ നടത്തിത്തുടങ്ങിയപ്പോഠം നികിത ആദ്യം ഒരുവശത്തേക്കും പിന്നീടു മറു വശത്തേക്കും ചരിയാൻ തുടങ്ങി. ഒരു മുപ്പതടി ചെന്നിട്ട് കുതിര പെട്ടെന്നുനിന്ന് പുല്ലുതിന്നാൻ തല കുനിക്കും. നികിത സർവ്വശക്തിയുമെടുത്തു ജീൻമൊട്ടിൽ അള്ളിപ്പിടിക്കും. ചിലപ്പോഠം കുതിരയുടെ കഴുത്തിന്റെ മീതേക്കൂടി വഴുതിയിറങ്ങി കാൽക്കൽ ചെന്നു വീഴുകയും ചെയ്യും. ആ വയസ്സൻ കുതിര തികഞ്ഞ അശ്രദ്ധയോടാണ് ഇതെല്ലാം വീക്ഷിച്ചതു്.

മീഷ്ക പറഞ്ഞു:

''പേടിക്കണ്ട. വീഴുന്നതുകൊണ്ടു് ഒന്നും വരാനില്ല. കഴുത്തു പുറകോട്ടു വലിക്കണമെന്നു മാത്രം. ദൈവത്തെ ഓർത്ത് നിലത്ത് കൈ കുത്തി കിടക്കരുതു്. ഒരു ഉരുളപോലെ ചുരുണ്ടു കിടക്കണം. ജീനും കടിഞ്ഞാണുമൊന്നുമില്ലാതെ വെറുതെ കുതിരപ്പുറത്തു ചാടിക്കയറി ഓടിച്ചു കൊണ്ടു് അതെങ്ങിനെ ചെയ്യാമെന്നു ഞാൻ കാണിച്ചുതരാം.''

ആരും ഇതേവരെ പുറത്തു കയറിയിട്ടില്ലാത്ത മൂന്നു വയസ്സു പ്രായം ചെന്ന കുതിരകളുടെ കൂട്ടത്തിലേക്ക് ഓടിച്ചെന്നുകൊണ്ടു് മീഷ്ക കൈനീട്ടി അവയെ വിളിച്ചുതുടങ്ങി:

''ന്നാ—ന്നാ—ന്നാ....''

കാലു മെലിഞ്ഞു് ചാരനിറത്തിലുള്ള കുസൃതിക്കാരിയായ സെ്വസ്ദാ എന്ന ഒരു പെൺകുതിര ചെവി പരത്തിപ്പിടിച്ച് ധാന്യത്തിനായി വെൽവെററ് ചുണ്ടുകളനക്കിക്കൊണ്ടു് അവൻെറ നേരെ വന്നു. മീഷ്ക അതിൻെറ കഴുത്തു ചൊറിഞ്ഞുതുടങ്ങി. സെ്വസ്ദാ അതിൻെറ അഴകുള്ള തലയാട്ടി. ചൊറിയുന്നതു് അതിനു സുഖകരമായിത്തോന്നി. മീഷ്കയെ സന്തോഷിപ്പിക്കാൻ വേണ്ടി അതു് അവൻെറ ചുമലിൽ പതുക്കെ കടിച്ചു.

മീഷ്ക അതിനെ തലോടുകയും പട്ടുപോലെ മൃദുവായ പുറത്തു് വിരലോടിക്കുകയും ചെയ്തു. സെ്വസ്ദാ ഉടൻ ഭയന്നു പുറകോട്ടുമാറി. അവൻ അതിൻെറ ചുമലിൽ അമർത്തിപ്പിടിച്ചുകൊണ്ടു് മുതുകിലേക്കു ചാടിക്കയറി. അത്ഭുതവും കോപവും ബാധിച്ച സെ്വസ്ദാ ഒരു വശത്തേക്കു കുതിക്കുകയും തലയാട്ടുകയും മുകളിലോട്ടു ചാടുകയും പിൻകാലുകളിലിരുന്നുകൊണ്ടു മുന്നോട്ടാഞ്ഞു് ഒരൊററക്കുതിയിൽ പററത്തെ മറികടക്കുകയും ചെയ്തു.

മീഷ്ക അതിൻെറ മുതുകിനോടു ചേർന്നിരുന്നു. പെട്ടെന്നു് കുതിര ഓട്ടം നിർത്തി പുറകോട്ടാഞ്ഞു. മീഷ്ക ഒരു പന്തുപോലെ പുല്ലിൽക്കിടന്നുരുണ്ടു. പോറിയ കവിളിൽനിന്നു ചോര തുടച്ചുകൊണ്ടു് അവൻ നികിതയുടെയടുത്തേക്കു് ഞൊണ്ടി നടന്നു വന്നു.

''ആ നശിച്ച കുതിര എന്നെ നേരെ മരച്ചില്ലികളുടെ ഇടയിലേക്കെടുത്തെറിഞ്ഞു,'' അവൻ

പറഞ്ഞു. ''പക്ഷെ നിന്നെക്കൊണ്ടാവില്ല. നിനക്കു് ഒരുപാടു വണ്ണമുണ്ടു്.''

''എൻെറ കഴുത്തൊടിഞ്ഞാലും മീഷ്ക്കയേക്കാരം നന്നായി കുതിരയോടിക്കാൻ ഞാൻ പഠിക്കും,'' നികിത വിചാരിച്ചു.

ഭക്ഷണസമയത്തു് അവൻ സൈ്വസ്ദായെ പ്പററി പറഞ്ഞു. അമ്മ അതു കേട്ടു് വല്ലാതെ വിഷമിച്ചു.

''ഞാൻ പറഞ്ഞേക്കാം, ആരും ഓടിച്ചിട്ടില്ലാത്ത കുതിരകളുടെ അടുത്തു പോലും നീ പോകരുതു്,'' അമ്മ പറഞ്ഞു. അമ്മ അപേക്ഷാഭാവത്തിൽ വസീലിയ് നിക്കീത്യെവിച്ചിനെ നോക്കി. ''വാസ്യ, നിങ്ങളെങ്കിലും എന്നെ പിന്താങ്ങണം.... അവൻെറ കയ്യും കാലും ഒടിയുന്നതിലാവും ഇതു ചെന്നു നിൽക്കുക....''

''ഭേഷ്,'' വസീലിയ് നിക്കീത്യെവിച്ച് പറഞ്ഞു. ''അവനെ കുതിരയോടിക്കുന്നതിൽനിന്നും വിലക്കു്. നടക്കുന്നതിൽനിന്നും വിലക്കു്. അവൻ ഉരുണ്ടുവീണു് മൂക്കു മുറിഞ്ഞെന്നു വരാം. അവനെ ഒരു ഭരണിയിലിട്ടു് പഞ്ഞിയിൽ പൊതിഞ്ഞുകെട്ടി കാഴ്ചബംഗ്ലാവിലേക്കു് അയയ്ക്കാം.''

''ഇതുതന്നെ ഞാൻ പ്രതീക്ഷിച്ചു,'' അമ്മ പറഞ്ഞു. ''ഈ വേനലിൽ ഒരു നിമിഷത്തേക്കു പോലും സൈ്വരം കിട്ടില്ലെന്നു് എനിക്കറിയാമായിരുന്നു...''

''സാഷ, അവനു വയസ്സു പത്തായി. അതു നീ മനസ്സിലാക്കണം.''

''ശരി. എന്നാൽപ്പോലും...''

''ക്ഷമിക്കണം. പക്ഷെ അവനൊരു ചുണ കെട്ടവനായി വളരണമെന്ന് എനിക്കാഗ്രഹമില്ല.''

''ശരി. എന്നുവച്ച് ഉടൻതന്നെ അവനു ക്ലോപ്പിക്കിനെ സമ്മാനിക്കാമെന്നർത്ഥമില്ല.''

''ഒന്നാമതു്, ഒരു കൊച്ചു കൈക്കുഞ്ഞിനു പോലും ക്ലോപ്പിക്കിനെ ഓടിക്കാം.''

''അതിനു ലാടമടിച്ചല്ലൊ.''

''അതെടുത്തുകളയാൻ ഞാൻ പറഞ്ഞിട്ടുണ്ടു്.''

''എന്നാലിഷ്ടം പോലെ ചെയ്തോളിൻ. കാട്ടുകുതിരകളെ ഓടിക്കുകയോ കുഴഞ്ഞോടിക്കുകയോ എന്തുവേണമെങ്കിലും.'' അമ്മയുടെ കണ്ണു നിറഞ്ഞു. അമ്മ ഉടനെഴുന്നേററു് കിടപ്പുമുറിയിലേക്കു പോയി.

വസീലിയ് നിക്കീത്യെവിച്ച് താടി രണ്ടായി പകുത്തു് അതിലൂടെ അതിവേഗം വിരലോടിച്ചുകൊണ്ടിരുന്നു. നാപ്കിൻ താഴെയിട്ടു് അദ്ദേഹം അമ്മയുടെയടുത്തേക്കു പോയി. ഇക്കേട്ടതൊന്നും തന്നെ ഒരുതരത്തിലും ബാധിക്കുന്നില്ലെന്ന മട്ടിൽ ഈ സമയമത്രയും അവിടെ ഇരുന്നിരുന്ന അർക്കാദിയ് ഇവാനൊവിച്ച് നികിതയെ നോക്കി കണ്ണട നേരെ വച്ചുകൊണ്ടു് അടക്കിയ സ്വരത്തിൽ പറഞ്ഞു:

''അനിയാ, നിൻെറ കാര്യങ്ങളൊന്നും അത്ര പന്തിയല്ല.''

''അർക്കാദിയ് ഇവാനൊവിച്ച്, ഞാൻ വീഴില്ലെന്നു്, സത്യമായും വീഴില്ലെന്നു്, അമ്മയോടു പറയൂ...''

''ക്ഷമ, സഹനശക്തി, സ്വഭാവദൈർഢ്യം —ഈ മൂന്നു ഗുണങ്ങളും നല്ലവണ്ണം കുതിരയോടിക്കാനും ആവശ്യമാണു്,'' തൻെറ മൂക്കിൽ വന്നിരിക്കാൻ നിരന്തരമായി ശ്രമിച്ചുകൊണ്ടിരുന്ന ഒരു ഈച്ചയെ സമർത്ഥമായി പിടിച്ചുകൊണ്ടു് അർക്കാദിയ് ഇവാനൊവിച്ച് പറഞ്ഞു.

ഈ സമയമത്രയും കിടപ്പുമുറിയിൽ ഉച്ചത്തിലുള്ള സംസാരം തുടർന്നു. അച്ഛൻെറ ശബ്ദം: ''അവൻെറ പ്രായത്തിൽ കുട്ടികൾ സ്വതന്ത്രരാണു്.'' ''എവിടെയാണവർ സ്വതന്ത്രർ?'' അമ്മയുടെ നിരാശ നിറഞ്ഞ ശബ്ദം. ''അമേരിക്കയിൽ അവർ സ്വതന്ത്രരാണു്.'' ''അതു ശരിയല്ല.'' ''ഞാൻ പറയുന്നു. അമേരിക്കയിൽ പത്തു വയസ്സുള്ള ആൺകുട്ടികൾക്കു് എനിക്കുള്ളത്ര സ്വാതന്ത്ര്യമുണ്ടു്.'' ''ദൈവമേ, അതിനു നമ്മൾ അമേരിക്കയിലല്ലല്ലൊ...''

സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സംസാരം ഒരാഴ്ച മുഴുവൻ നീണ്ടുനിന്നു. അമ്മ കീഴടങ്ങിത്തുടങ്ങി. എല്ലൊടിയുമെന്നു തീർച്ചയാണെങ്കിലും തല രക്ഷിക്കാൻ കഴിഞ്ഞേക്കുമെന്ന മട്ടിൽ വിഷാദത്തോടെ അമ്മ നികിതയെ നോക്കി.

നികിതയാകട്ടെ ആ ആഴ്ചയിൽ കുളക്കരയിലുള്ള പാടത്തു മുടങ്ങാതെ പോയി കുതിരസവാരി

ചെയ്യാൻ വാശിയോടെ പഠിച്ചുകൊണ്ടിരുന്നു. മീറ്റ്ഷ അവനെ പുകഴ്ത്തി. അവൻ നികിതയെ ഒരു വിദ്യ പഠിപ്പിച്ചുകൊടുത്തു — ഓടിച്ചെന്നു് കുതിരയുടെ പൃഷ്ഠത്തിനു മുകളിലൂടെ ചാടി പുറത്തുകയറിയിരിക്കുക—തവള ചാടുന്നതുപോലെ.

''അതിനു നിന്നെ താഴെയിടാൻ പററില്ല. സമയത്തിനു ചെയ്യാൻ പററില്ല. അതു മുകളിലോട്ടു ചാടുമ്പോഴേക്കും നീ അതിൻെറ ചുമലിലായിരിക്കും.''

ഒടുവിൽ ഒരുദിവസം, കയർ വഴി പടർന്നു കയറുന്ന ചീരയുടെ ഇളകുന്ന നിഴലുകൾ മേശവിരിപ്പിലും പിഞ്ഞാണികളിലും മുഖത്തും വീശിക്കൊണ്ടിരുന്ന ബാൽക്കണിയിൽ വച്ചു പ്രാതൽ കഴിച്ച ശേഷം അമ്മ നികിതയെ അടുത്തുവിളിച്ചു് മുമ്പിൽ നിർത്തിക്കൊണ്ടു് ശോകസ്വരത്തിൽ ഇങ്ങനെ പറഞ്ഞു:

''നിനക്കു വയസ്സു പത്തായി. നിനക്കതറിയാമല്ലൊ. നീ സ്വതന്ത്രനായിരിക്കണം. നിൻെറ പ്രായത്തിൽ മററു കുട്ടികൾ വളരെ വളരെ—'' അമ്മയുടെ തൊണ്ടയിടറി. അവർ നെററി അല്പം ചുളിച്ചുകൊണ്ടു് അച്ഛനെ നോക്കി. ''ചുരുക്കത്തിൽ നിൻെറ അച്ഛൻ പറഞ്ഞതു ശരിയാണു്. നീ ഇനി ഒരു കൊച്ചുകുട്ടിയല്ല.'' വസീലിയ് നിക്കീത്യെവിച്ച് താഴോട്ടു നോക്കി മേശയുടെ വക്കത്തു് കൊട്ടിക്കൊണ്ടിരുന്നു. ''നാളെനമ്മൾ ചെമ്പുളാത്തൊവയുടെയടുക്കൽ പോകുന്നുണ്ടു്.

നീ ക്ലോപ്പിക്കിനെ ഓടിച്ചോ... എനിക്കൊന്നേ പറയാനുള്ളു. ദയവു ചെയ്യ്—''

''അമ്മേ, ഞാൻ സത്യംചെയ്യു പറയാം, എനിക്കൊന്നും വരില്ല,'' നികിത അമ്മയുടെ കണ്ണിലും കവിളിലും താടിയിലും പഴങ്ങളുടെ മണമുള്ള കൈകളിലും ചുംബിച്ചു.

പിറേറന്നു നേരത്തെ ഭക്ഷണം കഴിഞ്ഞു് വസീലിയ് നിക്കീത്യെവിച്ച് നികിതയോടു് അവന്റെ ജീനിയെടുക്കാൻ പറഞ്ഞു. ക്രിസ്തുമസ്സിന് അവനു സമ്മാനിച്ച മലയാടിൻതോലുകൊണ്ടുള്ള ചാരനിറത്തിലുള്ള ഒരു ജീനിയായിരുന്നു അതു്. പുല്ലിലൂടെ കുതിരലായത്തിലേക്കു നടക്കുന്നവഴി അദ്ദേഹം അവനോടു പറഞ്ഞു:

''കുതിരയെ വെടിപ്പായി വയ്ക്കാനും അതിനു ജീനിയിടാനും സവാരികഴിഞ്ഞു തേച്ചുകഴുകാനും പഠിക്കണം. കുതിരയെ വേണ്ടപോലെ തേച്ച് വൃത്തിയായി നിർത്തണം. അങ്ങിനെയാണെങ്കിലേ നീയൊരു നല്ല കുതിരപ്പടയാളിയാവൂ.''

വാതിൽ മലർക്കെ തുറന്നിട്ടിരുന്ന വണ്ടിപ്പുരയിൽ മൂന്നു കുതിരകളെ കെട്ടിയ വണ്ടി തയാറാക്കുകയായിരുന്നു. വണ്ടിക്കാരനായ സേർഗേയ് ഇവാനൊവിച്ച് കയ്യില്ലാത്ത ജാക്കററും ചുവന്ന ഷർട്ടും ഒരു സാധാരണ തൊപ്പിയുമിട്ടു്— വണ്ടിയോടിക്കാൻ കയറുമ്പോഴും മാത്രമേ അയാൾ തുവൽത്തൊപ്പി ധരിക്കാറുള്ളു—സഹായിയായ

അർത്യോമിനെ പ്രാകിക്കൊണ്ടു് വണ്ടിവലിക്കുന്ന വാറുകളിലൊരെണ്ണം ശരിപ്പെടുത്തുകയായിരുന്നു.

''നീ ആ വാറു് അതിൻെറ നെഞ്ചിനു താഴെ ഇടുന്നതെന്തിനാണു, വിസ്കി! ഇതൊരു വണ്ടിപ്പൂട്ടാണു്. കഴുത്തിലെ പട്ട നീ തൊടണ്ട. ഒരു പൂച്ചയെ കുട്ടയോടു പൂട്ടാൻപോലും നിന്നെക്കൊണ്ടാവില്ല.''

''എനിക്കൊരിക്കലും സ്വന്തമായി ഒരു കുതിരയുണ്ടായിട്ടില്ല.''

''പെണ്ണുങ്ങൾക്കു നിന്നെ വേണ്ടാത്തതു് നീയൊരു മൂഢനായതുകൊണ്ടാണു്. പുതിയ കടിഞ്ഞാൺ എൻെറ കയ്യിലേക്കു താ.''

വണ്ടിക്കു തളച്ച ബൈറൺ എന്ന കുതിര മലർക്കെ തുറന്നിട്ടിരുന്ന വാതുക്കൽ കടിവാളം ചവച്ചുകൊണ്ടു് നിൽപ്പുണ്ടായിരുന്നു. അതു് തറപ്പലക മാന്തുകയും അതിൻെറ നെററിയിൽ തൂങ്ങിക്കിടക്കുന്ന രോമം പട്ടയ്ക്കുടിയിൽ ഒതുക്കിവച്ചുകൊണ്ടിരുന്ന സെർഗേയ് ഇവാനൊവിച്ചിൻെറ തോളിൽ കളിയായി കടിക്കുകയും ചെയ്തു. വണ്ടിപ്പുരയിൽ തോലിൻേറയും ആരോഗ്യമുള്ള കുതിരകളുടെ വിയർപ്പിൻേറയും പ്രാവുകളുടേയും മണമുണ്ടായിരുന്നു. കുതിരകളെ തളച്ചുകഴിഞ്ഞു് സെർഗേയ് ഇവാനൊവിച്ച് ഒരു നേരിയ പുഞ്ചിരിയോടെ നികിതയുടെ നേരെ തിരിഞ്ഞു.

''തന്നെ ജീനി ഇടണോ?''

ലായത്തിൽനിന്നു ക്ലോപ്പിക്കിനെ കൊണ്ടുവന്നു. നികിത ഉദ്വേഗത്തോടെ അതിനെ നോക്കി.

പുള്ളികളോടുകൂടി തവിട്ടു നിറത്തിലുള്ള ഒരു വരിയുടച്ച കുതിരയായിരുന്നു ക്ലോപ്പിക്. അതിനെ വൃത്തിയായിട്ടാണു നിർത്തിയിരുന്നതു്. ഉയരം കുറഞ്ഞു് കരുത്തുററ ആ കുതിരയ്ക്കു് വെളുത്ത കാലുകളും ഇരുണ്ടനിറത്തിൽ കട്ടിയുള്ള വാലും കുഞ്ചിരോമവുമുണ്ടായിരുന്നു. വലിയ ഒരു കെട്ടു രോമം കണ്ണു മറച്ചുകൊണ്ടു് നെററിയിൽ തൂങ്ങിക്കിടപ്പുണ്ടു്. രോമത്തിനിടയിലൂടെ ഉല്ലാസത്തോടെ നോക്കിക്കൊണ്ടു് അതു തലയാട്ടി. അതിൻെറ മുതുകിൽ ഒരു കറുത്ത വര നെടുനീളെ ഉണ്ടായിരുന്നു.

"ഒരു നല്ല കുതിര," ഒരു പാത്രം വെള്ളമെടുത്തുവന്നുകൊണ്ടു് സെർഗേയ് ഇവാനൊവിച്ച് പറഞ്ഞു. ക്ലോപ്പിക് വെള്ളം കുടിച്ചതിനുശേഷം തല പൊക്കി. അതിൻെറ ചാരനിറത്തിലുള്ള ചുണ്ടുകളിൽനിന്നും വെള്ളം ഇററിററുവീണു.

കുതിരയുടെ കഴുത്തിലിടുന്ന കടിഞ്ഞാൺഭാഗം നികിത കയ്യിലെടുത്തു. അവനെ പഠിപ്പിച്ച മാതിരി അവൻ ഒരു വശത്തുകൂടി കടിവാളം കുതിരയുടെ വായിൽ തിരുകിവയ്ക്കുകയും കഴുത്തുപട്ട മുറുക്കുകയും ചെയ്തു. ക്ലോപ്പിക് കടിവാളം പല്ലിനിടയിലാക്കി. നികിത ജീനിയിടാനുള്ള തുണി യഥാസ്ഥാനത്തു വിരിക്കുകയും ഒരു കോണിൽ അക്ഷരങ്ങൾ തുന്നിപ്പിടിപ്പിച്ച ചാരനിറ

ത്തിലുള്ള ഒരു കമ്പിളി അതിൻെറ മുകളിലിടുക യും കുതിരയുടെ മുതുകിലൂടെ ജീനിയിട്ടു് വാറു് മുറുക്കിക്കെട്ടാൻ തുടങ്ങുകയും ചെയ്തു. അതു് അവ നത്ര എളുപ്പമായിരുന്നില്ല.

''അതു വയറു വീർപ്പിക്കുന്നതു കണ്ടില്ലേ,'' സെർഗേയ് ഇവാനൊവിച്ച് പറഞ്ഞു. ''ഈ സൂത്രക്കാരൻ വയറു വീർപ്പിക്കുകയാണു്.'' അയാ ൾ കൈകൊണ്ടു് ക്ലോപ്പിക്കിൻെറ വയർ തട്ടി. കുതിര വാപൊളിച്ചു ശ്വാസം വിടുകയും നികിത വാറു് മുറുക്കിക്കെട്ടുകയും ചെയ്തു.

വസീലിയ് നിക്കീത്യെവിച്ച് വന്നു നിർ ദ്ദേശങ്ങൾ നൽകാൻ തുടങ്ങി.

''കടിഞ്ഞാൺ ഇടതുകൈയിൽ പിടിച്ചു കൊണ്ടു് മുൻവശത്തുനിന്നു്, തോളിനടുത്തുകൂടി, കുതിരയെ സമീപിക്കണം. എന്നിട്ടു് അതിൻെറ മുകളിൽ കയറുക. കുതിര കടിവാളുമായി ഇടപഴകുന്നതുവരെ കടിഞ്ഞാണിൻെറ അയഞ്ഞു കിടക്കുന്ന ഭാഗം പിടിക്കുക. കാലു് അങ്കപടിയി ലിട്ടു് ആട്ടരുതു്. പെരുവിരൽ താഴോട്ടാക്കരുതു്.''

നികിത കുതിരപ്പുറത്തു കയറി. തെന്നിമാ റിക്കൊണ്ടിരുന്ന മറുവശത്തെ അങ്കപടിയിൽ ഒരു വിറയ്ക്കുന്ന കാലിട്ടു. ഉപ്പൂററികൊണ്ടു കുതിരയെ തട്ടി. ക്ലോപ്പിക് നേരെ കുതിരലായത്തിൻെറ നേർക്കു നടന്നു.

വസീലിയ് നിക്കീത്യെവിച്ച് വിളിച്ചുപറ ഞ്ഞു: ''നിൽക്കു്, നിൽക്കു്! എടാ ലക്ഷണം

കെട്ടവനേ, നീ മറേറ കടിഞ്ഞാൺ പിടിക്കു്.''

ക്ലോപ്പിക് കുതിരലായത്തിൻെറ തണലിൽ ചെന്നു നിന്നു. ലജ്ജകൊണ്ടു തുടുത്ത മുഖത്തോടെ നികിത കുതിരപ്പുറത്തുനിന്നിറങ്ങികടിഞ്ഞാൺ പിടിച്ചുകൊണ്ടു് അതിനെ പുറത്തേക്കു കൊണ്ടു വന്നു. ആ സൂത്രശാലിയായ കുതിരയോടു് അപ്പോഴെല്ലാം അവൻ മന്ത്രിച്ചുകൊണ്ടിരുന്നു:

''നീയൊരു തെമ്മാടിയാണു്, ശരിക്കുമൊരു തെമ്മാടി. വിസ്കി!...''

ക്ലോപ്പിക് കുസൃതിയോടെ മുൻകുടമ ആട്ടി. സെർഗേയ് ഇവാനൊവിച്ച് അടുത്തു വന്നു.

''പുറത്തു കയറിക്കോ. ഞാൻ അതിനെ പുറത്തേക്കാക്കിത്തരാം. സൂത്രശാലിയായ ഒരു ജന്തുവാണവൻ. പണിയെടുക്കാനിഷ്ടമല്ല. തണലത്തു നിൽക്കാനാണു് ഇഷ്ടം.''

ഒടുവിൽ ക്ലോപ്പിക് നിയന്ത്രണാധീനനാവുകയും നികിത അതിനെ കന്നുകാലിത്തൊഴുത്തുകളുടെ മുമ്പിലൂടെ മിതമായ വേഗത്തിൽ ഓടിക്കുകയും ചെയ്തു.

സെർഗേയ് ഇവാനൊവിച്ച് ഌവൽത്തൊപ്പിയും വെളുത്ത കയ്യുറകളുമിട്ടു വണ്ടിയിൽക്കയറി കർശനസ്വരത്തിൽ വിളിച്ചുപറഞ്ഞു:

''വിട്ടേക്കു്!''

ബൈറൻെറ കടിഞ്ഞാൺ പിടിച്ചിരുന്ന അർത്യോം ചാടി അകന്നുമാറുകയും വണ്ടി തറപ്പലകകളുടെ മീതേക്കൂടി ഒച്ചകേംപ്പിച്ചുകൊണ്ടു് വണ്ടിപ്പു

രസ്സു വെളിയിലേക്കു പായുകയും ചെയ്തു. വണ്ടിയു ടെ ചെമ്പും ചായവും തിളങ്ങി. പച്ചപിടിച്ചു നിന്ന പുൽക്കൊടികഠം കുതിരക്കളമ്പുകഠംക്കടി യിൽ നാലുപാടും പാറി. കുതിരകളിൽ കെട്ടിയി രുന്ന കണിക്കൂട്ടം കിലുങ്ങി. മുററത്തിനു് ഒരു പാതിവട്ടംവച്ചു് വണ്ടി വീട്ടിനു മുമ്പിൽ വന്നു നിന്നു.

അലെക്സാൻഡ്ര ലെയോന്ത്യേവ്ന വെള്ളവസ്ത്രം ധരിച്ചുകൊണ്ടു് ഇറയത്തുനിന്നു് ഇറങ്ങിവരികയും കൈക്കുട നിവർത്തുകയും ചെയ്തു. അകലെ കുതിര യോടിച്ചുപോകുന്ന നികിതയെ അവർ സംഭ്രമമാർ ന്ന കണ്ണുകളോടെ നോക്കി. അമ്മയെ വണ്ടിയിലി രുത്തിയതിനുശേഷം അച്ഛനും ഒപ്പം കയറി.

''പുറപ്പെടു് !''

സെർഗേയ് ഇവാനൊവിച്ച് കടിഞ്ഞാൺ ഉയർത്തി. കടിവാളുകളിൽ അമർത്തിക്കടിച്ചു കൊണ്ടു് കട്ടംതവിട്ടുനിറത്തിലുള്ള രസികൻ കുതി രകഠം വണ്ടി നിഷ്പ്രയാസം വലിച്ചു. നടപ്പാതയി ലിട്ടിരുന്ന മരപ്പലകകഠം അവയുടെ കുളമ്പുകഠം തട്ടി മുഴങ്ങി. വണ്ടിക്കുതിരകഠം കുതിച്ചോടാൻ തുടങ്ങി. ഇതെല്ലാം ഒരു നേരമ്പോക്കാണെന്നു ബൈറണു മനസ്സിലായി. അതു ചെവി പരത്തിപ്പി ടിച്ചു. അമ്മ ഇടയ്ക്കിടെ പുറകോട്ടു നോക്കുന്നുണ്ടായി രുന്നു. നികിത കടിഞ്ഞാണിൻെറ പിടി അയച്ചു് കുതിരയുടെ പുറത്തു കുനിഞ്ഞിരുന്നുകൊണ്ടു് സർ വ്വശക്തിയുമെടുത്തു് വണ്ടിയുടെ പിറകെ പാഞ്ഞു.



അതിവേഗത്തിൽ വണ്ടിക്കപ്പുറം കടന്നുപോകണമെന്നായിരുന്നു അവൻെറ ആഗ്രഹം. പക്ഷേ ക്ലോപ്പിക്കിന്നു് ഉള്ളിൽ മററൊന്നായിരുന്നു. അതു വെറുതെ സമയം കളയലാണെന്നായിരുന്നു അതിൻെറ അഭിപ്രായം. വണ്ടിക്കൊപ്പമെത്തിയപ്പോഠം അതു് റോഡിലേക്കു തിരിയുകയും വണ്ടിച്ചക്രങ്ങഠംക്കു തൊട്ടു പിന്നിലായി പൊടിപടലത്തിനിടയിലൂടെ ഓടുകയും ചെയ്തു. എന്തൊക്കെ ചെയ്തിട്ടും അതു വേഗത കുറയ്ക്കുകയോ റോഡിൽനിന്നു തിരിഞ്ഞുപോവുകയോ ചെയ്തില്ല. അതൊക്കെ അനാവശ്യമാണെന്നും കുതിരയോടിക്കണമെന്നുണ്ടെങ്കിൽ റോഡിലൂടെ ഓടിക്കണമെന്നുമായിരുന്നു അതിൻെറ പക്ഷം. തർക്കിച്ചിട്ടു പ്രയോജനമില്ല.

അമ്മ തിരിഞ്ഞുനോക്കി. ചുണ്ടമർത്തിപ്പിടിച്ചു കുതിരയുടെ ചെവികഠംക്കിടയിലൂടെ ഉററുനോക്കിക്കൊണ്ടു് നികിത പൊങ്ങുകയും താഴുകയും ചെയ്തുകൊണ്ടിരുന്നു. പൊടിയേററു് അവനു മനം പിരണ്ടു. കുതിരയുടെ ഓട്ടം അവൻെറ വയർ തകരാറിലാക്കി.

''വണ്ടിയിൽ കയറണോ?''

നികിത വാശിയോടെ തലകുലുക്കി. അച്ഛൻ ചിരിച്ചുകൊണ്ടു് സെർഗേയ് ഇവാനൊവിച്ചിൻെറ നേരെ തിരിഞ്ഞു.

''അവ ശരിക്കും കുതിച്ചു പാഞ്ഞുപോകട്ടെ!''

ബൈറൺ ചെവി കൂർമ്പിച്ചു. അതിൻെറ ഇരുമ്പുകാലുകഠം ശരിക്കു പ്രവർത്തിച്ചുതുടങ്ങി.

വണ്ടിക്കുതിരകഠം പുല്ലിൻെറ വക്കത്തേക്കു നീങ്ങി യോടി. ക്ലോപ്പിക് കുതിച്ചോടാൻ തുടങ്ങി. പക്ഷെ വണ്ടി കുറേശ്ശെക്കുറേശ്ശെ അകന്നകന്നു പോയി. അരിശപ്പെട്ടു് അതു് സർവ്വശക്തിയുമെടുത്തു് കുതിച്ചോടി.

മനം പുരട്ടൽ പോയി നികിത ജീനിയിൽ നിഷ്പ്രയാസം ഉറച്ചിരുന്നു. കാററു് അവൻെറ ചെവിയിൽ ചൂളംവിളിച്ചു. റോഡരികിൽ ചോളപ്പാടങ്ങഠം പച്ചനിറത്തിൽ തിരമാലപോലെ ആടിയുലഞ്ഞുകൊണ്ടിരുന്നു. സൂര്യപ്രകാശത്തിൽ അദൃശ്യമായ വാനംപാടികളുടെ മധുരശബ്ദം മാറെറാലിക്കൊണ്ടു.... മിക്കവാറും ഫെനിമോർ ക്കൂപ്പറിൻെറ കൃതികളിലെപ്പോലെ തന്നെ ആസ്വാദ്യമായിരുന്നു ആ യാത്ര.

വണ്ടിക്കുതിരകഠം വേഗത കുറച്ചു നടന്നു തുടങ്ങി. നികിത വണ്ടിക്കപ്പുറം കടക്കുകയും കിതച്ചുകൊണ്ടു് സന്തുഷ്ടനായി അച്ഛനെ നോക്കുകയും ചെയ്തു.

''എല്ലാം ശരിയാണല്ലൊ, നികിത?''

''ഒന്നാന്തരം.... ക്ലോപ്പിക്ക് ഒരൊന്നാന്തരം കുതിരയാണു്.''

## നീന്തൽക്കുളത്തിൽ

ഒരു ദിവസം വെളുപ്പിനു് വസീലിയ് നിക്കീത്യെവിച്ചും അർക്കാദിയ് ഇവാനൊവിച്ചും

നികിതയും കൂടി മഞ്ഞുതുള്ളികഠം പററി ചാരനിറം പൂണ്ട പുല്ലിൽ ചവുട്ടിക്കൊണ്ടു് ഒരു ഒററയടിപ്പാതയിലൂടെ നടന്നുപോയി. അവർ കുളിക്കാനായി കുളത്തിലേക്കു പോവുകയായിരുന്നു.

പുലരിയിലെ മൂടൽമഞ്ഞു് അപ്പോഴും തോട്ടത്തിലെ പടർപ്പുകളിൽ തങ്ങിനിന്നിരുന്നു. തേൻ പേറി നിൽക്കുന്ന മഞ്ഞപ്പൂക്കളുടെ മീതെ ചിത്രശലഭങ്ങഠം ചെറിയ ഇലകഠംപോലെ പറന്നുനടന്നു. വെളിപ്രദേശത്തുനിന്നിരുന്ന ഒരു ത്രിപർണ്ണിയുടെ ചുററും ഒരു തേനീച്ച അസ്വസ്ഥതയോടെ മൂരണ്ടുകൊണ്ടു പറന്നു. ഒരു കാട്ടുപ്രാവു് പടർപ്പുകഠംക്കിടയിലിരുന്നു് കണ്ണടച്ചു നെഞ്ചുവിടർത്തി വിഷാദമധുരമായി കൂജനം ചെയ്തു. എന്നും ഇങ്ങിനെതന്നെയായിരിക്കുമെന്നും ഇക്കാണുന്നതെല്ലാം പോയ്മറഞ്ഞു് വീണ്ടും ആവർത്തിക്കുമെന്നുമായിരുന്നു ആ കൂജനത്തിൻെറ സാരം.

വെള്ളത്തിൽ തട്ടുന്ന നീണ്ട പലകകളിട്ട നടപ്പാലം കടന്നു് വസീലിയ് നിക്കീത്യെവിച്ച് വസ്ത്രധാരണമുറിയിൽ പ്രവേശിക്കുകയും തണലത്തു കിടന്നിരുന്ന ഒരു ബഞ്ചിലിരുന്നു വസ്ത്രമഴിക്കുകയും ചെയ്തു. വെളുത്ത രോമനിബിഡമായ മാറിലും മിനുസമായ പള്ളയിലുമടിച്ചുകൊണ്ടു് വെട്ടിത്തിളങ്ങുന്ന വെള്ളത്തെ നോക്കി കണ്ണിറുക്കി അദ്ദേഹം പറഞ്ഞു:

''കൊള്ളാം, ഒന്നാന്തരം!''

വെയിലേററു ചുവന്ന മുഖവും തിളങ്ങുന്ന താടിയും അദ്ദേഹത്തിൻെറ വെളുത്ത ദേഹത്തിന്ന് ഒരു അനന്തരചിന്തയായിട്ടുണ്ടായതാണോ എന്നു തോന്നും. ആരോഗ്യത്തിൻേറതായ ഒരു പ്രത്യേക വാസന അച്ഛനുണ്ടായിരുന്നു. കാലിലോ തോളിലോ എപ്പോഴെങ്കിലും ഒരു ഈച്ച വന്നിരുന്നാൽ അച്ഛൻ കൈ പരത്തി അതിനെ ഉറക്കെ അടിക്കും. തൊലിപ്പുറത്തു് ഒരു ചുവന്ന പാടു് ശേഷിക്കും. വിയർപ്പാറിയ ശേഷം അച്ഛൻ സോപ്പെടുത്തു്—വെള്ളത്തിൽ താണുപോകാത്ത, വളരെ ഘനം കുറഞ്ഞ ഒരുതരം സോപ്പായിരുന്നു അതു്—കാൽ വഴുക്കുന്നതും പായൽ മൂടിക്കിടക്കുന്നതുമായ പടവുകളിലൂടെ സൂക്ഷിച്ചു കുളിക്കടവിലിറങ്ങി. വെള്ളം അച്ഛൻെറ നെഞ്ചുവരെ വന്നു. ''കൊള്ളാം, ഒന്നാന്തരം!'' എന്നു പറഞ്ഞുകൊണ്ടു് അച്ഛൻ തലയിലും താടിയിലും ചുറുചുറുക്കോടെ സോപ്പു തേച്ചു തുടങ്ങി.

കുളക്കടവിനു മുകളിൽ നീലിമപൂണ്ട സൂര്യവെളിച്ചത്തിൽ ഒരു പററം ഈച്ചകൾ പറന്നുനടന്നു. ഒരു കണിയാരപ്പാററ പറന്നുവന്നു് അതിൻെറ ഉന്തിനിൽക്കുന്ന പച്ചക്കണ്ണുകൾ തുറിച്ചു് വസീലിയ് നിക്കീത്യെവിച്ചിൻെറ പതപൊതിഞ്ഞ തലയെ ഭയചകിതമായി നോക്കുകയും ഒരു വശത്തേക്കു പറന്നുപോവുകയും ചെയ്തു. ഈ സമയത്തു് അർക്കാദിയ് ഇവാനൊവിച്ച് സങ്കോചത്തോടെ തിടുക്കത്തിൽ വസ്ത്രമഴിക്കുകയായിരുന്നു.

നീണ്ട പെരുവിരലുകറം മുകളിലോട്ടു വളച്ച് അദ്ദേഹം വസ്ത്രധാരണമുറിയുടെ പുറംവാതിൽ തുറന്നു വെളിയിലേക്കു നോക്കി. കുളക്കരയിൽനിന്നുതന്നെ ആർക്കും കാണാൻ പററില്ലെന്നു് അദ്ദേഹം ഉറപ്പുവരുത്തുകയായിരുന്നു. കനത്ത ശബ്ദത്തിൽ ''ഹ്ഹം, കൊള്ളാം'' എന്നു പറഞ്ഞുകൊണ്ടു് അദ്ദേഹം കമന്നടിച്ചു കുളത്തിലേക്കു ചാടി. വെള്ളം നാലുപാടും തെറിച്ചു. ഭയചകിതരായ കാക്കകറം അരളിമരങ്ങളിൽനിന്നു പറന്നു. അദ്ദേഹം കൈ നീട്ടി വീശിക്കൊണ്ടു നീന്തി. ചെമ്പിച്ച രോമത്തോടുകൂടിയ അദ്ദേഹത്തിൻെറ ശരീരം നീലജലത്തിൽ വളഞ്ഞുപുളഞ്ഞു നീങ്ങി.

കുളത്തിൻെറ നടുവിലെത്തിയപ്പോഠം അർക്കാദിയ് ഇവാനൊവിച്ച് തലകുത്തി മറിയാൻ തുടങ്ങി. അദ്ദേഹം മുങ്ങാംകുളിയിടുകയും വീണ്ടും പൊങ്ങുകയും ചെയ്തു. ഒരു ജലരാക്ഷസനെപ്പോലെ അദ്ദേഹം മുക്രയിട്ടു.

അച്ഛൻെറ മേൽത്തേപ്പു കഴിയുന്നതും കാത്തു് നികിത ഒട്ടുന്ന ബഞ്ചിൽ കുനിക്കൂടിയിരുന്നു. വസീലിയ് നിക്കീത്യെവിച്ച് സോപ്പ് പടവിൽ വയ്ക്കുകയും ഇരുചെവികളിലും വിരൽ തിരുകി മൂന്നുതവണ മുങ്ങുകയും ചെയ്തു. അദ്ദേഹത്തിൻെറ നനഞ്ഞ മുടി തലയിൽ പററിയിരിക്കുകയും താടി ആടിൻേറതുപോലെ തൂങ്ങിക്കിടക്കുകയും ചെയ്തു. പൊതുവിൽ ഒരു ഭാഗ്യഹീനൻെറ ഭാവമുണ്ടായിരുന്നു അദ്ദേഹത്തിനു്: വാസ്തവത്തിൽ

ഇതിനൊരു പേരുമുണ്ടായിരുന്നു—''ഭാഗ്യഹീനനായ വാസ്യ ചമയുക'' എന്നു്.

''ഇനി ഒന്നു നീന്തണം'' എന്നു പറഞ്ഞു് അദ്ദേഹം കതകിനു പുറത്തിറങ്ങി വെള്ളത്തിലേക്കു ചാടി. തെളിഞ്ഞ വെള്ളത്തിൽ കൈകാലുകൾ സാവധാനമിളക്കിക്കൊണ്ടു് ഒരു തവളയെപ്പോലെയാണു് അദ്ദേഹം നീന്തിയതു്.

നികിത തല കീഴോട്ടാക്കി വെള്ളത്തിൽ ചാടി. അവൻ അച്ഛന്റെ ഒപ്പമെത്തി അദ്ദേഹത്തിന്റെ പ്രശംസയും കാത്തു് അടുത്തു നീന്തി. ചഗ്ര നദിയിൽ കുളിച്ചിരുന്ന കുട്ടികളുടെ കൂടെപ്പോയി നികിത നല്ലവണ്ണം നീന്താൻ പഠിച്ചതു് ആ വേനലിലാണു്. അവനിപ്പോൾ ചരിഞ്ഞും മലർന്നും നീന്താനറിയാം. വെള്ളത്തിനടിയിൽ കുട്ടിക്കരണം മറിയാനറിയാം.

''നമുക്കു് അർക്കാദിയെ പിടിച്ചു വെള്ളത്തിൽ മുക്കാം,'' അച്ഛൻ സ്വകാര്യത്തിൽ പറഞ്ഞു.

അവർ പിരിഞ്ഞു് രണ്ടു വഴിക്കു് അർക്കാദിയു് ഇവാനൊവിച്ചിന്റെ നേരെ നീന്തിയടുത്തു. കാഴ്ച കുറവായതു കാരണം അടുത്തുള്ളതു പോലും കാണാൻ കഴിയാത്ത ഒരാളാണദ്ദേഹം. അവർ കൈ നീട്ടി നീന്തി അടുത്തെത്തി അദ്ദേഹത്തിന്റെ മേൽ ചാടി വീണു. അർക്കാദിയു് ഇവാനൊവിച്ച് ദേഷ്യപ്പെട്ടു് അങ്ങോട്ടുമിങ്ങോട്ടും തിരിയാനും

പിരിയാനും തുടങ്ങി. വെള്ളത്തിനു മുകളിൽ അരവരെ പൊങ്ങിയിട്ടു് അദ്ദേഹം മുങ്ങാംകുളിയിട്ടു. അദ്ദേഹത്തിൻെറ കാലിൽ പിടികൂടാനായിരുന്നു അവരുടെ ശ്രമം. കാരണം അദ്ദേഹം ഏററവും അധികം വെറുത്തിരുന്നതു് ഇക്കിളികൂട്ടലാണു്. പക്ഷെ അദ്ദേഹത്തെ പിടികൂടുക അത്ര എളുപ്പമായിരുന്നില്ല. ഏതാണ്ടെല്ലാത്തവണയും അദ്ദേഹം പിടികൊടുക്കാതെ രക്ഷപ്പെട്ടു. വസീലിയ് നിക്കീത്യെവിച്ചും നികിതയും വസ്ത്രധാരണമുറിയിലെത്തിയപ്പോഗ അദ്ദേഹം അണ്ടർവെയറും കണ്ണടയും ധരിച്ചു ബഞ്ചിലിരിക്കുകയായിരുന്നു.

''നീന്താൻ പഠിക്കണം, മാന്യരെ,'' നീരസം ദ്യോതിപ്പിക്കുന്ന ചെറുചിരിയോടെ അദ്ദേഹം പറഞ്ഞു.

ഈ ഉല്ലാസയാത്രകളിൽനിന്നും മടങ്ങിയെത്തുമ്പോഗ ഒരു വെളുത്ത തൊപ്പിയും മാർദ്ദവമേറിയ ഡ്രസിംഗ്ഗൗണും ധരിച്ചു നിൽക്കുന്ന അലെക്സാൻദ്ര ലെയോന്ത്യെവ്നയെയാണു് സാധാരണ അവർ കാണാറു്.

''തോട്ടത്തിൽ നാരകച്ചുവട്ടിൽ പ്രാതൽ നിരത്തിയിട്ടുണ്ടു്,'' സൂര്യരശ്മികളുടെ നേരെ നോക്കി കണ്ണിറുക്കി പുഞ്ചിരിച്ചുകൊണ്ടു് അമ്മ പറയും. ''നിങ്ങഗ തുടങ്ങിക്കോളിൻ. എനിക്കുവേണ്ടി കാക്കണ്ട. റൊട്ടി തണുത്തുപോകും.''

## ഖമാനസൂചി

. പല ദിവസമായി വസീലിയ് നിക്കീത്യെവിച്ച് തള്ളവിരലിന്റെ നഖംകൊണ്ട് ഖമാനത്തിൽ മുട്ടിക്കൊണ്ട് അടക്കിയ സ്വരത്തിൽ ശപിക്കുന്നു: ''വരാംച്ച. അങ്ങേയററം വരാംച്ച'' എന്നാണു സൂചി കാട്ടിയതു്. രണ്ടാഴ്ചയായി ഒരു തുള്ളി മഴപോലും പെയ്തിട്ടില്ല. ധാന്യം വിളയാനുള്ള സമയമായി. നിലം വിണ്ടുകീറിത്തുടങ്ങി. ആകാശം ചൂടുപിടിച്ചു വിളറിവെളുത്തിരുന്നു. കന്നുകാലിക്കൂട്ടം ഇളക്കിയ പൊടിപടലംപോലെ ഇരുണ്ട ഒരു മൂടൽ അകലെ ചക്രവാളത്തിൽ കണ്ടു. പുൽപ്പാടങ്ങൾ വരണ്ടു. മരങ്ങളിലെ ഇലകൾ കൊഴിഞ്ഞുവീണു ചുരുണ്ടുകൂടാൻ തുടങ്ങി. വസീലിയ് നിക്കീത്യെവിച്ച് എത്ര തവണ കൊട്ടിക്കൊള്ളട്ടെ ഖമാനസൂചി പിന്നെയും സൂചിപ്പിച്ചതു് ''വരാംച്ച, അങ്ങേയററം വരാംച്ച'' എന്നതു തന്നെയായിരുന്നു.

വീട്ടുകാർ ഭക്ഷണത്തിനിരുന്നപ്പോൾ പതിവുപോലെ തമാശ പറഞ്ഞില്ല. അച്ഛന്റേയും അമ്മയുടേയും മുഖത്തു് ഉൽക്കണ്ഠ നിഴലിച്ചിരുന്നു. അർക്കാദിയ് ഇവാനൊവിച്ചും മൗനം പൂണ്ടു. അദ്ദേഹം പിഞ്ഞാണിയിൽ കണ്ണെടുക്കാതെ നോക്കുകയും ഇടയ്ക്കിടെ കണ്ണട നേരെ വയ്ക്കുകയും ഈ ഉപായങ്ങൾ വഴി ഓർക്കാതെവന്ന ഒരു നെടുവീർപ്പു മറച്ചുവയ്ക്കാൻ ശ്രമിക്കുകയും ചെയ്തു. പക്ഷെ

അദ്ദേഹത്തിൻെറ കാരണങ്ങരം വേറെയായിരുന്നു: നഗരത്തിലെ സ്കൂളദ്ധ്യാപിക വാസ്സ നീലൊവ്ന സൊസ്നോവ്ക്കയിൽ വരുമെന്നു പറഞ്ഞിരുന്നതാണ്. എന്നിട്ടിപ്പോരം ''അമ്മയുടെ രോഗശയ്യയുമായി ബന്ധിക്കപ്പെട്ടിരിക്കയാണെ''ന്നും സമാറയിൽ വച്ച് ശരൽക്കാലത്തിനു മുമ്പ് അർക്കാദിയ് ഇവാനൊവിച്ചിനെ കാണാൻ പററുമെന്നു തോന്നുന്നില്ലെന്നും എഴുതിയിരിക്കുന്നു.

നികിത വാസ്സ നീലൊവ്നയെ ഭാവനയിൽ കണ്ടതിങ്ങനെയാണ്: ചാരബ്ലൗസിട്ട് ഉയരം കൂടി മ്ലാനവദനയായ ഒരു സ്ത്രീ. പട്ടചരടിൽ ഒരു ഘടികാരം തൂക്കിയിട്ടിട്ടുണ്ട്. ഒരു കാൽ മെത്തയോടു ബന്ധിച്ചിരിക്കുന്നു. ചൂടിൻെറ കാഠിന്യം കൊണ്ടു വീർപ്പുമുട്ടുന്ന ആ വിഷാദംപൂണ്ട ദിനങ്ങളിൽ വെറും ചുമരിന്നരികെയുള്ള ഒരു ഇരുമ്പുകട്ടിലിനു സമീപമിരിക്കുന്ന സ്കൂളദ്ധ്യാപിക വിശേഷിച്ചും നിരുത്സാഹകരമായ ഒരു ചിത്രമാണു ഭാവനയിലുയർത്തിയതു്.

ഭക്ഷണസമയത്തു് വസീലിയ് നിക്കീതെ്യവിച്ച് പിഞ്ഞാണിയുടെ വക്കത്തു താളത്തിൽ കൊട്ടിക്കൊണ്ടിരുന്നു.

''നാളെ മഴ പെയ്തില്ലെങ്കിൽ പിന്നെ കൊയ്ത്തില്ല,'' അദ്ദേഹം പറഞ്ഞു.

അമ്മ ഉടൻ തല താഴ്ത്തി. വലിയ ജനലിൻെറ മുകളിൽ, അർദ്ധവൃത്താകൃതിയിലുള്ള ഇരട്ടച്ചില്ലുകരക്കിടയിൽ ഒരിക്കലും വെടിപ്പാക്കാതെ മാറാമ്പി

ലപിടിച്ചു കിടന്നിരുന്ന ഭാഗത്തു് ഒരു ഈച്ച ഉച്ച ത്തിൽ മുരളുന്നതു് കേരംക്കാമായിരുന്നു. തോട്ടത്തിൽനിന്നുള്ള ചൂടു് അകത്തു കയറാതിരിക്കാൻവേണ്ടി ബാൽക്കണിയിലേക്കുള്ള കതകു് അടച്ചിട്ടിരുന്നു.

''ക്ഷാമം വീണ്ടും വരുമെന്നോ!'' അമ്മ പറഞ്ഞു. ''ഭഗവാനേ, എത്ര ഭയങ്കരം!''

''കാര്യങ്ങളുടെ കിടപ്പു് അങ്ങിനെയാണു്. ശിക്ഷയും കാത്തു് കയ്യുംകെട്ടി ഇരുന്നുകൊള്ളുക.'' സിൽക്ക്ട്രൗസറിൻെറ പോക്കററുകളിൽ കൈ തിരുകിക്കൊണ്ടു് അച്ഛൻ ജനലിനടുത്തേക്കു നടന്നു് ആകാശത്തിലേക്കു നോക്കി. ''ഈ നശിച്ച ചൂടു് ഒരു ദിവസംകൂടി നീണ്ടുനിന്നാൽ ശീതകാലത്തു പട്ടിണിയാകും, പകർച്ചവ്യാധി വരും, കന്നുകാലികരം ചത്തൊടുങ്ങും. കുട്ടികരം മരിച്ചുവീഴും.... ഞാനിതിനു യാതൊരു കാരണവും കാണുന്നില്ല.''

അവർ നിശ്ശബ്ദമായി ഭക്ഷണം കഴിച്ചു. അച്ഛൻ ഉറങ്ങാൻ പോയി. അമ്മ തുണി നോക്കാനായി അടുക്കളയിലേക്കു പോയി. അർക്കാദിയ് ഇവാനൊവിച്ച് കുറേക്കൂടി മനോവ്യഥ വരുത്താൻവേണ്ടി ആ പൊള്ളുന്ന വെളിപ്രദേശത്തു നടക്കാനിറങ്ങി.

ഉച്ചതിരിഞ്ഞ ആ സമയത്തു് മുറികളിൽ തങ്ങിനിന്നിരുന്ന അശുഭകരമായ നിശ്ശബ്ദതയിൽ ഈച്ചകളുടെ മുരളൽ മാത്രമേ കേട്ടിരുന്നുള്ളു. സർവ്വത്തും പൊടികൊണ്ടു മൂടിയതു പോലെ തോ

ന്നി. നികിത എന്തു ചെയ്യേണ്ടു എന്നറിയാതെ കുഴങ്ങി. അവൻ ഇറയത്തേക്കിറങ്ങി. മങ്ങിയ തെങ്കിലും കണ്ണഞ്ചിക്കുന്ന സൂര്യപ്രകാശത്തിൽ മുററം ശൂന്യവും നിശ്ശബ്ദവുമായി കാണപ്പെട്ടു. സർവ്വതും നിദ്രയിലാണ്ടു്, നിർജ്ജീവമായി കിടക്കുകയാണു്. ആ നിശ്ശബ്ദതയും ചൂടും മൂലം അവൻെറ തലയ്ക്കകം മുഴങ്ങി.

നികിത തോട്ടത്തിൽ പോയി. പക്ഷെ അവിടെയും ഒന്നിനും ജീവനില്ലായിരുന്നു. ഒരു തേനീച്ച ഉറക്കം തൂങ്ങിക്കൊണ്ടു്മൂരണ്ടു കൊണ്ടിരുന്നു. പൊടിപിടിച്ച ഇലകൾ തകരംകൊണ്ടുണ്ടാക്കിയതു പോലെ നിശ്ചലമായി തൂങ്ങിക്കിടന്നു. തോണി ചളിപിടിച്ച കുളത്തിലാണു് ഇപ്പോഴും കിടന്നിരുന്നതു്. കാക്കകൾ അതിൻെറ ഇരുവശങ്ങളും വെളുത്ത പാടുകൾകൊണ്ടു നിറച്ചു.

നികിത തിരികെ വീട്ടിലേക്കു മടങ്ങി എലി മണക്കുന്ന ഒരു ചെറിയ സോഫയിൽ പോയി കിടന്നു. മെലിഞ്ഞു വൃത്തികെട്ട ഒട്ടേറെ കാലുകളുമായി വിരിപ്പിടാത്ത ഒരു തീന്മേശ മുറിയുടെ നടുവിൽ കിടന്നിരുന്നു. ആ മേശപോലെ ഇത്രയേറെ വിരസമായ മറെറാന്നു ലോകത്തു കാണാൻ സാദ്ധ്യമല്ല. അങ്ങു ദൂരെ അടുക്കളയിൽ പാചകക്കാരി അടക്കിയ സ്വരത്തിൽ പാടിക്കൊണ്ടിരുന്നു—

മിക്കവാറും അവർ ഇഷ്ടികപ്പൊടി തേച്ചു് കത്തികൾ വൃത്തിയാക്കുന്നതിനിടയിൽ മുഷിച്ചിൽ

സഹിക്കവെയ്യാതെ താഴ്ന്ന ശബ്ദത്തിൽ മോങ്ങുക യാവണം.

പെട്ടെന്നു്, പാതി തുറന്നിരുന്ന ജനലിൻെറ പടിയിൽ, ചൂടുകൊണ്ടു് പകുതി തുറന്ന കൊക്കു മായി ഷെറംത്തുഹിൻ പ്രത്യക്ഷപ്പെട്ടു. ശ്വാസം വീണ്ടുകിട്ടിയപ്പോഠം അതു് മുറിക്കുള്ളിലേക്കു പറ ന്നു് നികിതയുടെ തോളിൽ ഇരിപ്പുറപ്പിച്ചു. അതു തലതിരിച്ച് നികിതയുടെ കണ്ണുകളിലേക്കു നോ ക്കുകയും ഒരു കുടുകിൻെറ രൂപത്തിൽ അവൻെറ ചെ ന്നിയിലുണ്ടായിരുന്ന മറുകിൽ കൊത്തുകയും വീ ണ്ടും അവൻെറ കണ്ണുകളിലേക്കു നോക്കുകയും ചെയ്തു.

''എന്നെ ശല്യപ്പെടുത്താതെ പോ,'' നികി ത പറഞ്ഞു. അവൻ അലസമായി എഴുന്നേററു് മൈനയുടെ പിഞ്ഞാണിയിൽ വെള്ളമൊഴിച്ചു.

ഷെറംത്തുഹിൻ വയർ നിറയെ വെള്ളം കുടി ച്ചു. പിഞ്ഞാണിയിൽ ചാടി അതിനുള്ളിലേക്കു മുങ്ങി വെള്ളം പിഞ്ഞാണിക്കു വെളിയിൽ തെ റിപ്പിച്ചു. ദേഹമൊന്നു കുടഞ്ഞു് തൂവലെല്ലാം വെ ടിപ്പാക്കാനുള്ള ഒരു ഇടമന്വേഷിച്ച് അതു ചുററും നോക്കി. മരംകൊണ്ടുള്ള ഖമാനത്തിൻെറ തട്ടി ലാണു് അതു ചെന്നിരുന്നതു്.

''ഫൂവീററ്,'' ഷെറംത്തുഹിൻ മൃദുവായി പറഞ്ഞു. ''ഫൂവീററ്, കൊട്ട—ങ്കാററു്.''

''എന്താണു പറഞ്ഞതു്?'' ഖമാനത്തി ൻെറ അടുത്തേക്കു നടന്നുകൊണ്ടു് നികിത ചോ ദിച്ചു.

തട്ടിലിരുന്നുകൊണ്ടു് ഷെറംത്തുഹിൻ തലകു നിക്കുകയും ചിറകു താഴ്ത്തുകയും ചെയ്തു. അതു് പക്ഷികളുടെ ഭാഷയിൽ ചിലതും റഷ്യൻ ഭാഷയിൽ മററുചിലതും പറഞ്ഞു. അപ്പോഴാണു്, ഖമാനത്തിൻെറ നീലസൂചി സുവർണ്ണസൂചിയിൽ നിന്നും ബഹുദൂരം നീങ്ങി ''അസ്ഥിരം'' എന്ന തിനും ''കൊടുങ്കാററു്'' എന്നതിനുമിടയ്ക്കു സംശ യിച്ചു നിൽക്കുന്നതു് അവൻ കണ്ടതു്.

നികിത വിരൽകൊണ്ടു ചില്ലിൽ തട്ടിയ പ്പോഠം സൂചി ''കൊടുങ്കാററു'' രേഖപ്പെടുത്തിയി ട്ടുള്ളതിൻെറ അടുത്തേക്കു പിന്നെയും നീങ്ങി. അച്ഛൻ ഉറങ്ങുന്ന ലൈബ്രറിയിലേക്കു നികിത ഓടി. അവൻ കതകിൽ മുട്ടി. ഉറക്കം തൂങ്ങുന്ന ഒരു ശബ്ദം വിളിച്ചുചോദിച്ചു:

''ആരാണതു്? എന്തുവേണം?''

''അച്ഛാ, വന്നു ഖമാനം നോക്കൂ...''

''എന്നെ ശല്യപ്പെടുത്തരുതു്, നികിത, ഞാ ൻ ഉറങ്ങുകയാണു്.''

''പക്ഷെ ഖമാനത്തിനു് എന്തു പററിയെന്നു വന്നു നോക്കൂ, അച്ഛാ...''

ലൈബ്രറി വളരെ നിശ്ശബ്ദമായിരുന്നു. അച്ഛൻ ഉണരാൻ വിഷമിച്ചുകാണും. ഒടുവിൽ ചെരിപ്പിടാത്ത കാലുകഠം തറയിലൂടെ നടന്നുവന്നു. പൂട്ടിൽ താക്കോൽ തിരിഞ്ഞു. കതകിൻെറ വിട വിനിടയിലൂടെ അലങ്കോലപ്പെട്ടുകിടക്കുന്ന താടി പുറത്തേക്കെത്തിനോക്കി.

''എന്തിനാണു നീ എന്നെ ഉണർത്തിയതു്? എന്താണു കാര്യം?''

''ഖമാനത്തിൽ 'കൊടുങ്കാററു്' എന്നു കാണുന്നു.''

''ഞാൻ വിശ്വസിക്കുന്നില്ല,'' എന്നു് സംഭ്രമം കലർന്ന സ്വരത്തിൽ അടക്കിപ്പറഞ്ഞുകൊണ്ടു് അച്ഛൻ വിരുന്നുമുറിയിലേക്കോടി. ഉടൻതന്നെ വീടുമുഴുവൻ കേറക്കത്തക്കവണ്ണം അദ്ദേഹം ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: ''സാഷ, സാഷ, കൊടുങ്കാററു വരുന്നു! ഹുറാ! നമ്മറ രക്ഷപ്പെട്ടു!''

വീർപ്പുമുട്ടലും ചൂടും കൂടിക്കൂടിവന്നു. പക്ഷികഠം ചിലയ്ക്കാതായി. ഈച്ചകറ സ്തംഭിച്ച മട്ടിൽ ജനാലകളിൽ പററിക്കൂടിയിരുന്നു. വൈകുന്നേരം സൂര്യൻ ചുട്ടുപൊള്ളുന്ന മൂടലിലേക്കു മറഞ്ഞു. വളരെവേഗം സന്ധ്യ കടന്നുപോയി. കൂരിരുട്ടിൽ ഒരൊററ നക്ഷത്രംപോലും മിന്നിയില്ല. ഖമാനസൂചി ''കൊടുങ്കാററു്'' എന്നതിൽത്തന്നെ ഉറച്ചുനിന്നു. വീട്ടിലെ അംഗങ്ങളെല്ലാവരും പഴതാരക്കാലൻ മേശയ്ക്കു ചുററും കൂടി. അദൃശ്യമായ തോട്ടത്തിലേക്കു തുറന്നുകിടന്നിരുന്ന ബാൽക്കണിക്കതകുകളുടെ നേരെ ഇടയ്ക്കിടെ നോക്കിക്കൊണ്ടു് അവർ അടക്കിയ സ്വരത്തിൽ സംസാരിച്ചുകൊണ്ടിരുന്നു.

ആ പരിപൂർണ്ണനിശ്ശബ്ദതയിൽ കുളക്കരയിലെ അരളിമരങ്ങളിൽനിന്നാണു് ആദ്യത്തെ ചലനമുണ്ടായതു്. അവയുടെ മർമ്മരശബ്ദത്തെ

ത്തുടർന്നു് കാക്കകളുടെ പേടിച്ച വിരണ്ട കരച്ചിൽ കേട്ടു. അച്ഛൻ ഇരുൾമൂടിയ ബാൽക്കണിയിലേക്കു പോയി. ശബ്ദങ്ങൾ കൂടുതൽ വീര്യവും വിജയഭാവവും കൈക്കൊണ്ടു. ഒടുവിൽ ശക്തിയായ ഒരു കാററുവന്നു് ബാൽക്കണിക്കടുത്തു നിന്നിരുന്ന കരുവേലമരത്തെ താഴെയിട്ടു. പാടങ്ങളുടെ മണവും കുറെ കരിയിലകളും വീട്ടിനുള്ളിലേക്കു് അടിച്ചു കയറി. വിളക്കിന്റെ മങ്ങിയ ഷേഡിൽ തീജ്വാല തത്തിക്കളിച്ചു. കാററിന്റെ വീര്യം കൂടി. അതു് പുകക്കുഴലുകളിലും വീടിന്റെ തിരിവുകളിലും ചൂളം വിളിക്കുകയും ഓരിയിടുകയും ചെയ്തു. എവിടെയോ ഒരു ജനലടഞ്ഞു. ചില്ലുടയുന്ന ശബ്ദം കേട്ടു. വൃക്ഷങ്ങളുടെ അദൃശ്യമായ മകുടങ്ങൾ കാററിലാടുകയും തായ്ത്തടികൾ ഞരങ്ങുകയും ചെയ്തു. പാറിപ്പറന്ന തലമുടിയുമായി വസീലിയ് നിക്കീത്യെവിച്ച് ബാൽക്കണിയിൽ നിന്നു മടങ്ങിവന്നു. അദ്ദേഹത്തിന്റെ വായ തുറന്നിരുന്നു. കണ്ണുകൾക്കു് കൂടുതൽ വലിപ്പം തോന്നി. കണ്ണഞ്ചിക്കുന്ന ഒരു മിന്നൽപ്പിണർ രാത്രിയുടെ ഇരുട്ടിനെ ഭേദിച്ചു. കാററടിച്ചു വളഞ്ഞ ഉയരമില്ലാത്ത മരങ്ങൾ നിമിഷനേരത്തേക്കു് കറുത്ത നിഴൽചിത്രങ്ങളായി പ്രത്യക്ഷപ്പെട്ടു. വീണ്ടും ഇരുട്ടു്. ആകാശമാകെ അടർന്നുവീഴുന്ന മട്ടിൽ ഘോരമായ ഒരു ഇടിനാദം മുഴങ്ങി. ആ ശബ്ദത്തിനിടയിൽ മഴത്തുള്ളികൾ ജനാലച്ചില്ലുകളിലടിച്ച് ഒലിക്കുന്ന ശബ്ദം അവർ കേട്ടില്ല. മഴ ശക്തിയാ

യി, സമൃദ്ധമായി, ധാർധാരയായി, പെയ്തു. നിറഞ്ഞ കണ്ണുകളോടെ അമ്മ ബാൽക്കണിവാതുക്കൽ നിന്നു. ഈറ്റപ്പുത്തിൻേറയും അഴകിയ ഇലകളുടേയും മഴയുടേയും പുല്ലിൻേറയും മണം മുറിയാകെ വ്യാപിച്ചു.

## കുറിപ്പ്

നികിത ജീനിയിൽനിന്നു വഴതിയിറങ്ങി. ഉത്യോവ്ക്ക ഗ്രാമത്തിലെ ചന്തസ്ഥലത്തു സ്ഥിതി ചെയ്യുന്ന തപാലാപ്പീസിനു മുമ്പിലുള്ള കറുപ്പും വെള്ളയുമടിച്ച കുററിയിലെ ഒരാണിയിൽ ക്ലോപ്പിക്കിനെ കെട്ടി.

തുറന്നുകിടന്നിരുന്ന മറയ്ക്കു പിന്നിൽ പോസ്റ്റ് മാസ്റ്റർ പാറിപ്പറന്ന തലമുടിയും വീർത്ത മുഖവുമായി ഒരു മെഴുകുതിരിയുടെ മുകളിൽപ്പിടിച്ച് അരക്ക് ഉരുക്കുകയായിരുന്നു. അയാളുടെ മേശയുടെ പുറത്ത് അരക്കും മഷിവീണ പാടുകളും പുകയിലച്ചാരവും കിടപ്പുണ്ടായിരുന്നു. കവറിൻെറ പുറത്ത് വേണ്ടത്ര അരക്കു വച്ചു കഴിഞ്ഞപ്പോൾ അയാൾ രോമാവൃതമായ കൈകൊണ്ട് മുദ്രയെടുത്ത് ആ കവറയയ്ക്കുന്നയാളിൻെറ തല തല്ലിപ്പൊളിക്കാനാഗ്രഹിക്കുന്ന മട്ടിൽ അതു് ഊക്കോട താഴോട്ടു കുത്തി. പിന്നീടയാൾ മേശവലിപ്പു തപ്പി ഒരു സ്റ്റാമ്പെടുത്തു. അയാളുടെ വലിയ നാക്കു നീട്ടി സ്റ്റാമ്പു നക്കി അതു കവറിലൊട്ടിച്ച് വെറുപ്പോടെ തുപ്പി. അതിനുശേഷം മാത്രമാണ്

അയാരം തന്റെ ചുവന്ന കണ്ണുകരം നികിതയുടെ നേർക്കു തിരിച്ചതു്.

ഇവാൻ ഇവാനൊവിച്ച് ലാൻദിഷെവ് എന്നായിരുന്നു പോസ്റ്റ്മാസ്റ്ററുടെ പേരു്. എല്ലാ പത്രങ്ങളും മാസികകളും വായിക്കുകയെന്നതു് അയാളുടെ ഒരു പതിവായിരുന്നു. കവറോടുകവർ വായിച്ചശേഷമേ അവ മേൽവിലാസക്കാരനു് എത്തിക്കുന്നതിനെപ്പററി അയാരം ചിന്തിക്കുക പോലും ചെയ്യൂ. സമാറയിൽ അയാളെപ്പററി ആളുകരം പരാതിപ്പെട്ടു. പക്ഷെ അയാരം വായന നിർത്തിയില്ല. അയാളുടെ മുൻകോപം കൂടിയതേയുള്ളു. ആണ്ടിൽ ആറു തവണ അയാരം കുടിക്കും. ആ ദിവസങ്ങളിൽ പോസ്റ്റാഫീസിൽ കയറാൻ പോലും ആളുകരംക്കു ഭയമായിരുന്നു. അന്നെല്ലാം അയാരം ജനലിനിടയിൽക്കൂടി തല വെളിയിലിട്ടുകൊണ്ടു് ആ ചന്തസ്ഥലം മുഴുവൻ കേരംക്കുമാറു് വിളിച്ചുപറയും: ''നിങ്ങരം എന്റെ ആത്മാവു് കരണ്ടുതിന്നിരിക്കുന്നു. നിങ്ങരംക്കു ഗുണം പിടിക്കില്ല!''

''അച്ഛൻ എന്നെ കത്തു വാങ്ങാൻ അയച്ചിരിക്കുകയാണു്,'' നികിത പറഞ്ഞു.

പോസ്റ്റ്മാസ്റ്റർ മറുപടി പറഞ്ഞില്ല. അയാരം വീണ്ടും അരക്കുരുക്കാൻ തുടങ്ങി. ഒരു തുള്ളി അയാളുടെ കയ്യിൽ വീണു. അയാരം നിലവിളിച്ചുകൊണ്ടു ചാടിയെഴുന്നേററിട്ടു വീണ്ടും ഇരുന്നു.

''നിൻെറ അച്ഛനാരാണെന്ന് എനിക്കെങ്ങിനെയറിയാം?'' അയാരം വെറുപ്പോടെ പിറുപിറുത്തു. ''ഇവിടെ സകലരും അച്ഛന്മാരാണ്....''

''എന്താണ പറഞ്ഞതു്?''

''നിനക്കു് ഒരായിരം അച്ഛന്മാരുണ്ടെന്നു്,'' പോസ്റ്റ്മാസ്റ്റർ മേശയുടെ അടിയിലേക്കു തുപ്പി. ''നിൻെറ പേരു് പറ, പേരു്. നിൻെറ ആ അച്ഛൻെറ പേരെന്താണു്?'' അയാരം അരക്കു താഴോട്ടിട്ടു. നികിത പേരു പറഞ്ഞപ്പോരം അയാരം വലിപ്പിൽനിന്നു് ഒരു കെട്ടു കത്തുകരം വലിച്ചെടുത്തു.

കത്തുകരം സഞ്ചിയിലാക്കിക്കൊണ്ടു് നികിത സങ്കോചത്തോടെ ചോദിച്ചു:

''മാസികയും പത്രവുമൊന്നുമില്ലേ?''

പോസ്റ്റ്മാസ്റ്റർ കവിരം വീർപ്പിക്കാൻ തുടങ്ങി. മറുപടിക്കു കാക്കാതെ നികിത കതകിനു പുറത്തേക്കോടി.

നിലത്തു ചവുട്ടിയും വാലാട്ടിയും ചുററും കൂടിയ ഈച്ചകളെ ഓടിച്ചുകൊണ്ടു് ക്ലോപ്പിക് അതിനെ കെട്ടിയിരുന്ന കുററിക്കടുത്തു നില്പുണ്ടായിരുന്നു. മഞ്ഞത്തലമുടിയോടുകൂടിയരണ്ടു ചെറിയ ബാലന്മാർ കുതിരയെ നോക്കിനിന്നിരുന്നു. അവരുടെ മുഖത്തു് ചുവന്ന എന്തോ സാധനം പുരണ്ടിരുന്നു.

''വഴിയിൽനിന്നു മാറിനിൽക്കിൻ,'' കുതിരപ്പുറത്തു കയറിക്കൊണ്ടു് നികിത വിളിച്ചു പറഞ്ഞു.

അവരിലൊരുവൻ മണ്ണിലിരുന്നു. മററവൻ തിരിഞ്ഞു് ഓടിപ്പോയി. പോസ്റ്റ്മാസ്റ്റർ വീണ്ടും അരക്ക കയ്യിലെടുക്കുന്നതു് ജനലിൽക്കൂടി അവൻ കണ്ടു.

ഗ്രാമം പിന്നിട്ടു് ചൂടുപിടിച്ചും വിളഞ്ഞ ധാന്യം കൊണ്ടു സുവർണ്ണനിറമാർന്നുമിരുന്നിരുന്ന തുറന്ന പുൽപ്രദേശത്തെത്തിയപ്പോൾ നികിത ക്ലോപ്പിക്കിനെ തോന്നിയ വേഗത്തിൽ പോകാനനുവദിച്ചു. അവൻ സഞ്ചി തുറന്നു് കത്തുകൾ നോക്കി.

''നികിതയ്ക്കു്'' എന്നു വലിയ അക്ഷരത്തിലെഴുതിയ ഇളംനീലനിറത്തിലുള്ള ഒരു കവറിൽ ഒരു ചെറിയ കത്തുണ്ടായിരുന്നു. നേർത്ത കടലാസിലാണു് ആ കുറിപ്പെഴുതിയിരുന്നതു്. ഉദ്വേഗത്താൽ കണ്ണുചിമ്മിക്കൊണ്ടു് നികിത വായിച്ചു:

''പ്രിയപ്പെട്ട നികിത,

''ഞാൻ നിന്നെ മറന്നിട്ടില്ല. എനിക്കു നിന്നോടു് ഒരുപാടു് ഇഷ്ടമുണ്ടു്. ഞങ്ങൾ താമസിക്കുന്നതു് വേനൽക്കാലവസതിയിലാണു്. നല്ല ഒരു കൊച്ചു വീടാണിതു്. പക്ഷെ വീക്ടൊർ എന്നെ ഒരുപാടു് ശല്യപ്പെടുത്താറുണ്ടു്. എന്നെ വെറുതെയിരുത്തുകയില്ല. ചേട്ടൻ പിടിവിട്ടുപോയിരിക്കുന്നു. മൂന്നു തവണയായി ചേട്ടന്റെ തല യന്ത്രംകൊണ്ടു് പററവെട്ടുന്നു. തല മുഴുവൻ പോറലുകളുമായി കറങ്ങി നടക്കുകയാണു്. ഞാൻ തോട്ടത്തിൽ തനിയെയാണു കളിക്കാറു്. ഇവിടെ

ഊഞ്ഞാലുണ്ടു്. ആപ്പിൾ പോലുമുണ്ടു്. പക്ഷെ ഇനിയും പഴത്തിട്ടില്ല. ആ അത്ഭുതവനം നിനക്കോർമ്മയുണ്ടോ? ശരൽക്കാലത്തു് സമാറയിൽ വന്നു ഞങ്ങളെ കാണണം. നിൻെറ മോതിരം ഞാൻ കളഞ്ഞിട്ടില്ല. നിർത്തട്ടെ.

ലീല''

ആ അത്ഭുതകരമായ കത്തു് നികിത പലവുരു വായിച്ചു. പെട്ടെന്നു് ക്രിസ്തുമസ്സു് ഒഴിവുകാലത്തെ ഉല്ലാസകരമായ ദിനങ്ങളുടെ സ്മരണ അവനിൽ വീണ്ടും അങ്കുരിച്ചു. മെഴുകുതിരികൾ കത്തിക്കൊണ്ടിരിക്കുന്നു. ഭിത്തികളിൽ നിഴലുകൾ നൃത്തംവയ്ക്കുന്നു. ഒരു ബാലികയുടെ തുളച്ചുകയറുന്ന നീലക്കണ്ണുകളുടെ മുകളിലായി ഒരു വലിയ 'ബോ' പ്രത്യക്ഷപ്പെടുന്നു. കടലാസുമാലകൾ മർമ്മരശബ്ദം പുറപ്പെടുവിക്കുന്നു. ഹിമാവൃതമായ ജനാലകൾ നിലാവെളിച്ചത്തിൽ വെട്ടിത്തിളങ്ങുന്നു. മഞ്ഞുമൂടിയ മേൽക്കൂരകളും വെളുത്ത വൃക്ഷങ്ങളും ഹിമപ്പരപ്പുകളുമെല്ലാം സ്വച്ഛമായ പ്രകാശത്തിൽ ശോഭിക്കുന്നു... വിളക്കിനു താഴെയുള്ള വട്ടമേശയ്ക്കടുത്തു് ലീല അതാ തലയ്ക്കു കയ്യുംകൊടുത്തു് ഇരിക്കുന്നു... അത്ഭുതം!...

നികിത അങ്കപടിയിൽ കയറിനിന്നു് ചാട്ടയടിച്ചു. അവൻെറ പ്രവൃത്തി വളരെ പെട്ടെന്നായതുകൊണ്ടു് ക്ലോപ്പിക് ഒരു വശത്തേക്കു ചാടി കുതിച്ചോടി. കാററു് അവൻെറ കാതുകളിൽ ചൂളംവിളിച്ചു. പുൽപ്രദേശത്തിൻേറയും ചിലിട

ങ്ങളിൽ കൊയ്തെടുത്തു കഴിഞ്ഞ വിളഞ്ഞ ധാന്യത്തിൻേറയും കളിമണ്ണു പോലെ കുഴഞ്ഞു കിടന്നിരുന്ന ആററിൻകരയുടേയും മീതേക്കൂടി ഒരു പരുന്തു് ഉയരത്തിൽ പറന്നു. ഒരു ഇടുക്കിൽ സ്ഥിതിചെയ്തിരുന്ന ഒരു ഓരുതടാകത്തിനു ചുററും കുളക്കോഴികൾ ദയനീയവും ഏകാന്തവുമായ സ്വരത്തിൽ നീട്ടിവിളിച്ചു. ''പാഞ്ഞോട്ടു്, പാഞ്ഞോട്ടു്,'' നികിത വിചാരിച്ചു. അവൻെറ സന്തുഷ്ടമായ ഹൃദയം വേഗത്തിൽ മിടിച്ചു. ''കാറേറ, നീ അടിക്കു്! പരുന്തേ, നീ പറക്കു്!... കുളക്കോഴികളേ, നിങ്ങൾ കരഞ്ഞുകൊള്ളിൻ, ഞാൻ നിങ്ങളേക്കാൾ സന്തോഷവാനാണു്. കാററും ഞാനും, കാററും ഞാനും...''

## പെസ്ട്രാവ്ക്കയിലെ മേള

വസീലിയു് നിക്കീത്യെവിച്ചും അമ്മയും മൂന്നു ദിവസമായി വഴക്കടിക്കുകയാണു്. പെസ്ട്രാവ്ക്കയിലെ മേളയ്ക്കു പോകാൻ അച്ഛൻ ആഗ്രഹിച്ചു. പക്ഷെ അമ്മ അതിനെ അങ്ങേയററം എതിർത്തു.

''ചങ്ങാതീ, പെസ്ട്രാവ്ക്കയിൽ അവർ നിങ്ങളെക്കൂടാതെ കാര്യങ്ങൾ വളരെ ഭംഗിയായി നടത്തിക്കൊള്ളും.''

''വിചിത്രമായിരിക്കുന്നു,'' ഒരുപിടി താടിരോമമെടുത്തു കടിച്ചു് തോൾ ചലിപ്പിച്ചുകൊ

ണ്ടു് അച്ഛൻ പറഞ്ഞു. ''വളരെ വിചിത്രമായിരി ക്കുന്നു.''

''ചങ്ങാതീ, വേണമെങ്കിൽ വിചിത്രമാണെ ന്നു ധരിച്ചു കൊള്ളൂ.''

''പക്ഷെ, ഇതു് അസാധാരണമാണു്. വാസ്ത വം പറഞ്ഞാൽ അതിലുമപ്പുറം എന്തോ ആണു്.''

''ഞാൻ വീണ്ടും പറയുകയാണു്,'' അമ്മ ആവർത്തിച്ചു, ''നമുക്കു് പുതിയ കുതിരകളൊ ന്നും വേണ്ട. ലായം നിറയെ സവാരിക്കുതിരകളാ ണു്''

''ആ നശിച്ച പെൺകുതിര സര്യേംകയെ വിൽക്കാനാണു ഞാൻ പോകുന്നതെന്നു് നീ ഇനി യെങ്കിലും ഒന്നു മനസ്സിലാക്കുമോ?''

''വിൽക്കരുതു്. സര്യേംക നല്ലൊരു കുതിര യാണു.''

''എന്നു നീ വിചാരിക്കുന്നു!'' അച്ഛൻ കാലു കരം നീട്ടിവച്ചു. അദ്ദേഹത്തിൻെറ കണ്ണുകരം വിക സിച്ചു. ''സര്യേംക കടിക്കുകയും മുകളിലോട്ടു ചാട്ടുകയും ചെയ്യുന്നു.''

''ഇല്ല,'' അമ്മ ഉറപ്പിച്ചു പറഞ്ഞു. ''സര്യേം ക കടിക്കുന്നുമില്ല, ചാട്ടുന്നുമില്ല.''

''അങ്ങിനെയാണെങ്കിൽ,'' അച്ഛൻ വിന യപൂർവ്വം തല കുനിച്ചുകൊണ്ടു പറഞ്ഞു, ''ഞാൻ അവസാനമായി പറയുകയാണു്: ഒന്നുകിൽ ഞാ നോ അല്ലെങ്കിൽ ആ നശിച്ച കുതിരയോ വീട്ടിൽ നിന്നു പോകണം.''

KOTTAYAM PUBLIC LIBRARY
KOTTAYAM.

ഒടുവിൽ നികിത പ്രതീക്ഷിച്ചതുപോലെത ന്നെ അമ്മ അച്ഛനു കീഴടങ്ങി. പരസ്പരം വിട്ടു വീഴ്ചകളോടുകൂടിയ ഒരു സന്ധിയിലാണ് വഴക്ക വസാനിച്ചതു്: കുതിരയെ വിൽക്കാൻ തീർച്ച പ്പെടുത്തി. അതേസമയം, ''മേളയിൽ പണം വലിച്ചുവാരി ചിലവാക്കുകയില്ലെന്നു്'' അച്ഛൻ സത്യം ചെയ്തു.

ചിലവിനുള്ള പണത്തിനായി രണ്ടു വണ്ടി നിറയെ ആപ്പിളയച്ച് ചില്ലറയായി വിൽക്കാൻ വസീലിയ് നിക്കീത്യെവിച്ച് തീരുമാനിച്ചു.

മീഷ്ക കൊരഷോനൊക്കിനോടൊപ്പം വണ്ടി യിൽ കയറിപ്പോകാൻ നികിത അനുവാദം ചോ ദിക്കുകയും അതവനു ലഭിക്കുകയും ചെയ്തു.

രാവിലെ മുതൽ തന്നെ തടസ്സങ്ങളുണ്ടായിരു ന്നു: കുതിരകഠം തയ്യാറായിരുന്നില്ല. മീഷ്ക കൊര ഷോനൊക്ക് ഒരു വണ്ടിക്കുതിരയുടെ പുറത്തു കയറി കന്നുകാലിപ്പറമ്പത്തിനടുത്തേക്കു പാഞ്ഞു. കുളങ്ങഠംക്കപ്പുറത്തുള്ള താണ സ്ഥലങ്ങളിൽ വ്യാ പിച്ചിരുന്ന രാവിലത്തെ മൂടലിൽ പറമ്പത്തെ കാ ണാൻ തന്നെ പ്രയാസമായിരുന്നു.് അടുത്തതായി സര്യേംകയെ—വെളുത്ത കാലുകളോടുകൂടിയ തവി ട്ടുനിറത്തിലുള്ള ഒരു പെൺകുതിരയായിരുന്നു അതു്—ലായത്തിൽനിന്നു കൊണ്ടുവന്നു് തേച്ചു വെടിപ്പാക്കിത്തുടങ്ങിയപ്പോഠം അതു് സെർഗേയ് ഇവാനൊവിച്ചിനെ പല്ലുകൊണ്ടു പിടികൂടി കടി ക്കാൻ തുടങ്ങി. ഇതെല്ലാം ജനലുക്കൽനിന്നു കണ്ട

അച്ഛൻ ശയനവസ്ത്രവുമണിഞ്ഞുകൊണ്ടു് ലായത്തിലേക്കു് ഓടിച്ചെന്നു.

''അപ്പോഠം അതു കടിക്കും! ഞാൻ പറഞ്ഞില്ലേ, ചെകുത്താന്മാരേ!''

സര്യേംക പുറകോട്ടിരുന്നുകൊണ്ടു് സെർഗേയ് ഇവാനൊവിച്ചിനെ വലിച്ചിഴയ്ക്കാൻ തുടങ്ങി. അയാഠം ആ സമയത്തെല്ലാം അതിൻെറ കഴുത്തിലെ കടിഞ്ഞാൺചരടിൽ മുറുകെപ്പിടിച്ചുകൊണ്ടിരുന്നു. കുതിര ചിനച്ചുകൊണ്ടു് കുതറിയോടി. തല താഴ്ത്തിപ്പിടിച്ചുകൊണ്ടു് അതു് മുകളിലോട്ടു ചാടി. അതിൻെറ പിൻകാലുകളിൽനിന്നും മൺകട്ടകഠം വണ്ടിപ്പുരയുടെ മീതേ തെറിച്ചുവീണു. അതു് പറമ്പത്തിനടുത്തേക്കു് കുതിച്ചുപാഞ്ഞു. അപ്പോഴാണു് വണ്ടികളോടൊപ്പം പോകേണ്ട അർത്യോമിനെ കാണാനില്ലെന്നു മനസ്സിലായതു്. തിരക്കിയപ്പോഠം അയാഠം കരക്കുടിശ്ശികയ്ക്കായി ലോക്കപ്പിലാണെന്നറിഞ്ഞു. അർത്യോമിനു് ഏതാണ്ടു് അഞ്ചു കൊല്ലത്തെ കുടിശ്ശികയുണ്ടായിരുന്നു. അയാളെ എവിടെ കണ്ടാലും അറസ്റ്റുചെയ്യാനും ആരെങ്കിലും ജാമ്യത്തിലിറക്കുന്നതുവരെ ലോക്കപ്പിലാക്കാനുമായിരുന്നു ഉത്തരവു്.

വസീലിയ് നിക്കീത്യെവിച്ച് ഗ്രാമമുഖ്യൻെറയടുത്തേക്കു് കുതിരപ്പുറത്തു് ആളയച്ച് അർത്യോമിനെ ജാമ്യത്തിലിറക്കി. അയാഠം വണ്ടി പൂട്ടാൻ വന്നതു് സന്തോഷവാനായിട്ടായിരുന്നു. ഒടുവിൽ വണ്ടികഠം തയ്യാറായി. സര്യേംക

യെ പുറകിലത്തെ വണ്ടിയോടു ചേർത്തു കെട്ടി. നികിതയും മീഷ്ക കൊരഷോനൊപ്പം മുമ്പിലുള്ള വണ്ടിയിൽ ചാടിക്കയറി. അർത്യോം കടിഞ്ഞാൺകൊണ്ടു് കുതിരയെ തട്ടി. വണ്ടികൾ നീങ്ങി... സെർഗേയ് ഇവാനൊവിച്ച് അയാളെ ഒന്നു് ഇളിഭ്യനാക്കി. ചക്രം ചൂണ്ടിക്കാട്ടിക്കൊണ്ടു് അയാൾ വിളിച്ചുപറഞ്ഞു:

''നോക്കു്, അച്ചാണി.'' അർത്യോം വീണ്ടും താഴെയിറങ്ങി ചക്രത്തിൽ നോക്കി. പക്ഷെ അച്ചാണിക്കു കുഴപ്പമൊന്നുമില്ലായിരുന്നു. അയാൾ തല ചൊറിഞ്ഞു, തലയാട്ടി... അവസാനം അവർ പുറപ്പെട്ടു.

യാത്ര സുഖകരമായിരുന്നു. കാഞ്ഞിരത്തിൻേറയും വശ്ലോലിൻെറയും മണംപേറിക്കൊണ്ടും പാടങ്ങൾക്കിടയിൽ നിന്നിരുന്ന കളകളുടെ ഇലകൾ ആട്ടിക്കൊണ്ടും ഒരു ഇളംകാററു വീശി. നിരപ്പായ പുൽപ്രദേശത്തു് എവിടെ നോക്കിയാലും നിന്നിരുന്ന വശ്ലോൽക്കുനകൾക്കിടയിൽനിന്നും ഒരു കഴുകൻ പറന്നു് ആകാശത്തിലേക്കു സാവധാനത്തിലുയർന്നു. അകലെ ഉഴവുകാരുടെ താവളത്തിൽ ഭക്ഷണം പാകംചെയ്യുന്നിടത്തുനിന്നു നീലനിറത്തിൽ പുക പൊങ്ങി.

അവർ താവളത്തിലെത്തിയപ്പോൾ ഒരു സഞ്ചാരിസംഘത്തെ കണ്ടു. അർത്യോം കുതിരകളെ വലിച്ചുനിർത്തി. കുട്ടികൾ കുളത്തിലെ വെള്ളം പിടിച്ചുവച്ചിരിക്കുന്ന വീപ്പയുടെയടുത്തേക്കു പോ

യി. വീപ്പയുടെ മണമുണ്ടായിരുന്ന ആ വെള്ളത്തിൽ നിറയെ ചെറിയ അണുക്കളുണ്ടായിരുന്നു. ഉഴവുകാർക്കുവേണ്ടി ഭക്ഷണം പാകം ചെയ്ത വൃദ്ധൻ വണ്ടിയുടെ വശത്തു പിടിച്ച് തലയാട്ടിക്കൊണ്ടു ചോദിച്ചു:

''ആപ്പിറം വിൽക്കാൻ കൊണ്ടുപോവുകയാണോ?'' നികിത അയാറംക്ക് ഒരു ആപ്പിറം നീട്ടി. ''വേണ്ട, കുട്ടി. നന്ദി. എനിക്കു കടിക്കാൻ പല്ലില്ല.''

താവളത്തിൽ നിന്നിറങ്ങിയപ്പോറം അവർ നാലു പററംസൂക്ഷിപ്പുകാരെ കണ്ടു: കൊഴു മുകളിലോട്ടാക്കി കലപ്പകറം വലിച്ചു നടക്കുന്ന കാളകളുടെ പിന്നിലായി ചീകിയൊതുക്കാത്ത തലമുടിയും വിയർപ്പുണങ്ങിപ്പിടിച്ച ഷർട്ടുകളുമായി ആ ഉഴവുജോലിക്കാർ നടക്കുകയായിരുന്നു. ഇടയ്ക്കിടെ അവർ കുഴികളിൽ തട്ടി കാലിടറിവീഴാൻ ഭാവിച്ചു. ഭക്ഷണത്തിനായി താവളത്തിലേക്കു മടങ്ങുകയായിരുന്നു അവർ. അർത്യോം പിന്നെയും വണ്ടി നിർത്തി പെസ്രൂാവ്ക്കയിലേക്കു തിരിയാനുള്ള വഴിയേതെന്നു ചോദിച്ച് ഒട്ടേറെ സമയം ചിലവഴിച്ചു.

നട്ടുച്ചയായപ്പോഴേക്ക് കാററു നിലച്ചു. അകലെ പുൽപ്രദേശത്തിൻെറ വക്കത്തുതന്നെ താപതരംഗങ്ങളുയർന്നു. ആ സ്പന്ദിക്കുന്ന നീലിമപൂണ്ട മൂടലിലേക്ക് നോക്കിയപ്പോറം ഒരിക്കൽ ഒഴുകിവരുന്ന വീടും മറെറാരിക്കൽ തൂങ്ങിക്കിടക്കുന്ന

മരവും പിന്നൊരിക്കൽ പാഷ്ഠരങ്ങളില്ലാത്ത കപ്പ ലും നികിത കണ്ടു. വണ്ടികഠം മുന്നോട്ടു പൊ യ്ക്കൊണ്ടിരുന്നു. പച്ചക്കുതിരകഠം ചിലച്ചു. പി ന്നീട്ട് ശരിയായ മണിയടിയുടെ സംഗീതധ്വനി പുൽപ്രദേശത്തിലൂടെ കേഠംക്കാറായി. സര്യേംക നൃത്തം ചവിട്ടുകയും വശത്തോട്ടു നീങ്ങുകയും ഉച്ചത്തിൽ ചിനക്കുകയും ചെയ്തു. അർത്യോം തിരി ഞ്ഞുനോക്കി കണ്ണിറുക്കിക്കൊണ്ടു പറഞ്ഞു:

''യജമാനൻ വരുന്നുണ്ടു്.''

താമസിയാതെ മൂന്നു കുതിരകളെ കെട്ടിയ ഒരു വണ്ടി അവരെ കടന്നുപോയി. ബൈറൺ തല ഉയർത്തിപ്പിടിച്ചുകൊണ്ടു് കുതിച്ചോടിയ പ്പോഠം പിൻഭാഗമുയർന്ന മററു രണ്ടു വണ്ടിക്കുതിര കഠം ദേഷ്യത്തിൽ മണ്ണു കപ്പിക്കൊണ്ടിരുന്നു. അച്ഛ ൻ എളിയിൽ കൈ വച്ചുകൊണ്ടാണു് വണ്ടിയിൽ ഇരുന്നതു്. അദ്ദേഹം ഒരു പട്ടുജാക്കററ് ധരിച്ചി രുന്നു. അദ്ദേഹത്തിൻെറ താടി കാററിൽ ഇരുവശ ത്തേക്കും പറന്നു. ആഹ്ലാദത്തോടെ തിരിഞ്ഞു നോക്കിക്കൊണ്ടു് അച്ഛൻ നികിതയുടെ നേരെ വിളിച്ചുചോദിച്ചു:

''എൻെറകൂടെ വരുന്നോ?'' വണ്ടി കടന്നു പോയി.

ഒടുവിൽ വെളുത്ത പള്ളിയുടെ രണ്ടു താഴിക ക്കുടങ്ങളും കിണറുകളിന്മേലുള്ള മൂളകളും അവിടവി ടെ അരളിമരങ്ങളുടെ തലപ്പുകളും പുകച്ചുരുളുക ളും മേൽക്കൂരകളും ക്രമേണ കണ്ടുതുടങ്ങി. കളി

മൺനിറംപൂണ്ട സൂര്യപ്രകാശത്തിൽ തിളങ്ങിയിരുന്ന നദിക്കപ്പുറത്ത് പെസ്ട്രാവ്ക്ക ഗ്രാമം മുഴുവൻ ദൃശ്യമായി. ഗ്രാമത്തിനു മറുവശത്തുള്ള പാടങ്ങളിൽ മേളക്കൂടാരങ്ങളും കന്നുകാലിപ്പുറ്റങ്ങളും കറുത്ത പാടുകൾ പോലെ കാണപ്പെട്ടു.

വെള്ളത്തിൻെറ തൊട്ടു മുകളിലുള്ള ഒരു പൊട്ടിപ്പൊളിഞ്ഞ പാലം കടന്ന് വണ്ടികൾ പള്ളിമൈതാനത്തെത്തി. അവിടെ ഇളംചുവപ്പുചായ മടിച്ച ഒരു വീടിൻെറ മൂലയ്ക്കുള്ള ജനലുക്കൽ ഒരു തടിച്ച പാതിരി ഫിഡിൽ വായിച്ചുകൊണ്ടിരുന്നു. വണ്ടികൾ പള്ളിമൈതാനം കടന്ന് മേളപ്പുരകൾ നിന്നിരുന്ന പാടത്തേക്കു തിരിയുകയും കളിമൺപാത്രങ്ങൾ വിൽക്കുന്ന സ്ഥലത്തു വന്നു നിൽക്കുകയും ചെയ്തു.

നികിത വണ്ടിയിലെഴുന്നേററുനിന്നു നോക്കി. നഗ്നമായ നെഞ്ചു കാട്ടിക്കൊണ്ട് തുറന്നിട്ട വെള്ളി ബട്ടനുകളോടുകൂടിയ ഒരു നീല തുർക്കിക്കുപ്പായവും കണ്ണുവരെ മുട്ടുന്ന കറുത്ത താടിയുമുള്ള ഒരു ജിപ്സി ഒരു സുഖക്കേടു പിടിച്ച കുതിരയുടെ പല്ലു നോക്കുകയായിരുന്നു. കുതിരയുടെ ഉടമസ്ഥനായ കൃശഗാത്രനും ദുർബ്ബലനുമായ ഒരു കൃഷിക്കാരൻ ജിപ്സിയെ അത്ഭുതത്തോടെ നോക്കിനിന്നു. ഒരു കൗശലക്കാരനായ വൃദ്ധൻ പുൽക്കൊടികൾ ചിത്രണം ചെയ്തിട്ടുള്ള ഒരു കുടത്തിൽ നഖംകൊണ്ടു തട്ടിക്കൊണ്ട് അതു വാങ്ങാൻ സംഭ്രമത്തോടെ നിന്നിരുന്ന ഒരു സ്ത്രീയെ പ്രേരിപ്പിക്കുകയായിരുന്നു. ''പക്ഷെ

എനിക്കു് ഇത്തരം കുടം ആവശ്യമേയില്ല,'' ആ സ്ത്രീ പറഞ്ഞു. ''ലോകം മുഴുവൻ തിരക്കിയാലും ഇതുപോലൊരു കുടം കിട്ടുകയില്ല, മോളേ.''

മുട്ട നിറച്ച ഒരു കുട്ടയ്ക്കടുത്തു വന്നു് തലയ്ക്കു ലഹരി പിടിച്ച ഒരു കൃഷിക്കാരൻ കോപത്തോടെ വിളിച്ചു പറഞ്ഞു: ''ഇതു മുട്ടയാണെന്നാണോ നിങ്ങൾ പറയുന്നതു്? ഇതു മുട്ടയാണെന്നാണോ നിങ്ങളുടെ വിചാരം? ഇതിനു് ഒരു ബലവുമില്ല! ഞങ്ങളുടെ കൊൽദിബാൻ ഗ്രാമത്തിലെ മുട്ടയാണു മുട്ട. കൊൽദിബാനിലുണ്ടല്ലൊ, കോഴികൾ കഴുത്തററം ധാന്യത്തിലാണു നിൽക്കുന്നതു്.''

ഇളംചുവപ്പും മഞ്ഞയും നിറത്തിലുള്ള ബ്ലൗസുകളും വർണ്ണപ്പകിട്ടുള്ള തുവാലകളും ധരിച്ച യുവതികൾ മേളപ്പുരകളുടെ നേർക്കു തിരിഞ്ഞു. അവിടെ ഉച്ചത്തിൽ വിളിച്ചുപറയുന്ന വില്പനക്കാർ കൗണ്ടറുകളുടെ മീതേക്കൂടി കുനിഞ്ഞുകൊണ്ടു് മുമ്പിലൂടെ കടന്നുപോകുന്നവരെ പിടിച്ചുനിർത്തി. ''ഞങ്ങളുടെ അടുത്തു വരൂ, ഞങ്ങളുടെയടുത്തു വരൂ. എല്ലാവരും ഞങ്ങളുടെ അടുക്കൽ നിന്നാണു വാങ്ങുന്നതു്...'' സർവ്വത്ര പൊടിയും ആർപ്പുവിളിയും കുതിരകളുടെ ചിനയ്ക്കലും. മണ്ണുകൊണ്ടുണ്ടാക്കിയ ഊത്തുകൾ ചൂളം വിളിച്ചു. വണ്ടിത്തണ്ടുകൾ എവിടെയും ഉയർന്നുനിൽക്കുന്നുണ്ടായിരുന്നു. തോൾ കീറിയ നീല ഷർട്ടിട്ട ഒരു ചെറുപ്പക്കാരൻ സർവ്വശക്തിയുമെടുത്തു് ഒരു അക്കോർഡി

യൺ വായിച്ചുകൊണ്ടു് ആടിയാടിനടന്നു: ''ഹേ ദ്ദന്യാ, ദ്ദന്യാ, ദ്ദന്യാ....''

അർത്യോം കുതിരകളുടെ പൂട്ടു മാററുകയും തണ്ടുകരം നീക്കുകയും ചെയ്തു. അപ്പോഴാണു് സൈനികവേഷവും തോരംപ്പട്ടയിൽ വാളടയാളവും ധരിച്ച ഒരാരം അർത്യോമിൻെറ അടുത്തു വന്നതു്. അയാരം അർത്യോമിനെ നോക്കി തലയാട്ടി. അർത്യോമും അയാളെ നോക്കി. തൊപ്പിയൂരി.

''എനിക്കു നിന്നെ മുമ്പും പിടികിട്ടിയിട്ടുണ്ടു്, തെണ്ടി,'' ആ മീശക്കാരൻ പറഞ്ഞു. ''ഇത്തവണ നിന്നെ ഞാൻ ശരിപ്പെടുത്തും. തീർച്ച.''

''അങ്ങയുടെ ഇഷ്ടം പോലെ,'' അർത്യോം പറഞ്ഞു.

മീശക്കാരൻ അയാളേയും പിടിച്ചുകൊണ്ടു് നടന്നുപോയി. പാത്രവില്പനക്കാരനായ കൗശലക്കാരൻ വൃദ്ധൻ അവർ പോകുന്നതും നോക്കി പുഞ്ചിരിച്ചു. മീസ്റ്റ്ര കൊരഷോനൊക്ക് സംഭ്രമം കലർന്ന സ്വരത്തിൽ നികിതയോടു് പതുക്കെ പറഞ്ഞു:

''ഓടിപ്പോയി അച്ഛനെ കണ്ടുപിടിച്ചു പറ ഒരു പോലീസുകാരൻ വന്നു് അർത്യോമിനെ ലോക്കപ്പിലേക്കു കൊണ്ടുപോയി എന്നു്. വണ്ടികരം ഞാൻ നോക്കിക്കൊള്ളാം.''

നികിത ആരംക്കൂട്ടത്തിനു പുറത്തു കടന്നു് ചവുട്ടിമെതിച്ച പുല്ലിനിടയിലൂടെ കുതിരവളപ്പിൻെറ നേർക്കോടി. അവിടെ അവൻ അകലെയായി അച്ഛൻെറ വണ്ടികണ്ടു. ജാക്കററിൻെറ പോ

ക്കററിൽ കയ്യും തിരുകിക്കൊണ്ടു് അച്ഛൻ കുതിരവളപ്പുകളിലൊന്നിൽ ഉല്ലാസവാനായി നിൽക്കുകയായിരുന്നു. നികിത അർത്യോമിൻെറ വിവരം പറയാൻ തുടങ്ങി. പക്ഷെ വസീലിയ് നിക്കീത്യെവിച്ച് ഉടൻ ഇടയ്ക്കു കയറിപ്പറഞ്ഞു:

''ഇളപ്പം ചെന്ന ചാരനിറത്തിലുള്ള ആ കുതിരയെ നോക്കു്. എന്തൊരു കുതിര! എന്തു ചുറുചുറുക്കു്...''

നിറം മങ്ങിയ കോസടിവസ്ത്രങ്ങളും ചെവിമൂടികളോടുകൂടിയ തൊപ്പിയും ധരിച്ച മൂന്നു ബഷ്കീറുകാർ ചുറുചുറുക്കുള്ള തവിട്ടുനിറമാർന്ന ഒരു കുതിരയെ പിടിക്കാൻവേണ്ടി വളപ്പിലെ കുതിരകൾക്കിടയിലൂടെ കുരുക്കിട്ട കയറുമായി ഓടിനടന്നു. കുതിര ചെവി പുറകോട്ടു പിടിച്ചു പല്ലുകാട്ടി ഒഴിഞ്ഞുമാറി. കുരുക്കുകയറിൽനിന്നു തെന്നിമാറിക്കൊണ്ടു് അതു് ആദ്യം കുതിരക്കൂട്ടത്തിൻെറ നടുവിലേക്കും വീണ്ടും പുറത്തേക്കും ഓടി. പെട്ടെന്നു് മുട്ടുകുത്തി വളപ്പിൻെറ വേലിക്കടിയിലൂടെ ഇഴഞ്ഞു് കഴത്തുകൊണ്ടു വേലി പൊക്കി അതു വളപ്പിനു പുറത്തു ചാടി. അവിടന്നു് അതു് തുറന്ന പുൽപ്രദേശത്തേക്കു് ആഹ്ലാദത്തോടെ കുതിച്ചോടി. അതിൻെറ കുഞ്ചിരോമവും വാലും കാററിൽ പറന്നു. അച്ഛൻ സന്തോഷംകൊണ്ടു നിലത്തു ചവിട്ടി.

ബഷ്കീറുകാർ കവലക്കാലുകളിൽ കവച്ചുകവച്ചുനടന്നുകൊണ്ടു് ജീനിയിട്ട അവരുടെ കുതിരക

ളൂടെ നേർക്കോടി. ഉയരം കുറഞ്ഞു് രോമം മൂടിയ ചെറിയ കുതിരകളായിരുന്നു അവ. ബഷ്കീറുകാർ അവരുടെ ഉയർന്ന ജീനികളിലേക്കു് നിഷ്പ്രയാസം ചാടിക്കയറി. രണ്ടുപേർ വളപ്പിൽനിന്നു രക്ഷപ്പെട്ട കുതിരയുടെ പുറകെയും മൂന്നാമൻ കയറുമായി അതിന്റെ വഴി മുടക്കാനും പാഞ്ഞു. തുറന്ന പാടത്തു് കുതിര അങ്ങോട്ടുമിങ്ങോട്ടും ഓടി. എങ്ങോട്ടു തിരിഞ്ഞാലും അവിടെ മൃഗത്തെപ്പോലെ അലറിക്കൊണ്ടു് ഒരു ബഷ്കീറുകാരനെ അതു് അഭിമുഖീകരിച്ചു. കുതിര അറച്ചുനിന്നു. ഉടൻ ഒരു കുരുക്കുകയറു് അതിന്റെ കഴുത്തിൽ വീണു. കുതറിയോടാൻ അതു ശ്രമിച്ചു. പക്ഷെ ബഷ്കീറുകാർ അതിന്റെ പള്ളയ്ക്കു് ചാട്ടകൊണ്ടടിക്കുകയും കയറിട്ടു കുരുക്കി ശ്വാസം മുട്ടിച്ചു കൊല്ലാറാക്കുകയും ചെയ്തു. അതു് കാലിടറി വീണു. നുര തുപ്പുകയും ദേഹമാകെ വിറയ്ക്കുകയും ചെയ്യുന്ന സ്ഥിതിയിലാണു് ആ കുതിരയെ വളപ്പിൽ തിരികെ കൊണ്ടുവന്നതു്. ചുക്കിച്ചുളിഞ്ഞ ഒരു വൃദ്ധബഷ്കീറുകാരൻ ഉപ്പുചാക്കുപോലെ ജീനിയിൽനിന്നു് ഉരുണ്ടുതാഴെയിറങ്ങി വസീലിയ് നിക്കീത്യെവിച്ചിന്റെ അടുത്തേക്കു നടന്നു.

‘‘ഈ കുതിരയെ വാങ്ങിക്കു, സർ.’’

അച്ഛൻ ചിരിച്ചുകൊണ്ടു് മററൊരു വളപ്പിലേക്കു നടന്നു. നികിത വീണ്ടും അർത്യോമിന്റെ കാര്യം പറഞ്ഞുതുടങ്ങി.

‘‘കഷ്ടം,’’ അച്ഛൻ പറഞ്ഞു. ‘‘ആ വി

സ്ത്രീയെക്കൊണ്ടു് എന്താണു ചെയ്യുക? നീ ഇരുപതു കോപ്പെക്കെടുത്തു് റൊട്ടിയും കുറെ മീനും വാങ്ങി വണ്ടിയിൽപ്പോയി കാത്തിരിക്കു്.... ഞാൻ സര്യേംകയെ മെദ്‌വേദെവിനു വിററു. വില കുറച്ചാണു വിററതു്. പക്ഷെ യാതൊരു ബുദ്ധിമുട്ടുമുണ്ടായില്ല. ഓടിപ്പോ. ഞാൻ ഉടൻ വന്നേക്കാം.''

പക്ഷെ ''ഉടൻ'' എന്നതു് വളരെ നീണ്ട സമയമായി മാറി. സൂര്യഗോളം വളരെ വലിപ്പത്തിൽ, വിളറിയ ഓറഞ്ചുനിറം പൂണ്ടു്, പുൽപ്രദേശത്തിൻെറ വക്കത്തു് തൂങ്ങിക്കിടന്നു. സുവർണ്ണനിറമാർന്ന പൊടി മേളസ്ഥലത്താകെ തങ്ങിനിന്നു. പള്ളിയിൽപ്രാർത്ഥനയ്ക്കുവേണ്ടി മണിയടിച്ചു. അപ്പോഠം മാത്രമാണു് അച്ഛൻ വന്നതു്. അദ്ദേഹത്തിൻെറ മുഖത്തു് ഒരു കുഴങ്ങിയ നോട്ടമുണ്ടായിരുന്നു.

''വളരെ യാദൃച്ഛികമായി ഞാൻ ഒരു സംഘം ഒട്ടകത്തെ വാങ്ങി,'' നികിതയുടെ മുഖത്തു നോക്കാതെ അച്ഛൻ പറഞ്ഞു. ''വളരെ വിലകുറച്ചു കിട്ടി... കുതിരയ്ക്കുവേണ്ടി അവർ ഇനിയും ആളയച്ചില്ലേ? വിചിത്രം തന്നെ. ആപ്പിഠം ധാരാളം വിറേറാ? അറുപത്തഞ്ചു കോപ്പെക്കിനേ വിററുള്ളു? വിചിത്രം തന്നെ. അപ്പോഠം അതങ്ങിനെയായി. ശരി. ആപ്പിഠം പോയി തുലയട്ടെ. കുതിരയ്ക്കു പുറമെ ആപ്പിളും കൊടുക്കാമെന്നു ഞാൻ മെദ്‌വേദെവിനോടു പറഞ്ഞു... നമുക്കു പോയി അർത്യോമിനെ വിടുവിക്കാം.''

വസീലിയ് നിക്കീത്യെവിച്ച് നികിതയുടെ തോളിൽ പിടിച്ചുകൊണ്ടു് വയ്ക്കോലും ടാറും ധാന്യവും മണക്കുന്ന വണ്ടികൾക്കിടയിലൂടെ തിരക്കു ശമിച്ചുതുടങ്ങിയ മേളസ്ഥലത്തു നടന്നു. ഉച്ചത്തിൽ പാടിയ പാട്ടുകൾ അവർ ഇടയ്ക്കിടെ കേട്ടു. അവ പുൽപ്രദേശത്തു് ഒഴുകിലയിച്ചു. ഒരു കുതിര ചിനച്ചു.

''നിനക്കറിയാമോ,'' അച്ഛൻ നിന്നു. അദ്ദേഹത്തിൻെറ കണ്ണുകൾ കൗശലപൂർവ്വം തിളങ്ങി. ''വീട്ടിൽ ചെല്ലുമ്പോൾ എൻെറ കാര്യം കുഴപ്പമാണു്. സാരമില്ല. നാളെ നമുക്കു പോയി മൂന്നു കുതിരകളെ നോക്കണം. പുള്ളികളോടുകൂടി ചാരനിറത്തിലുള്ളവയാണു് മൂന്നും... ഏതായാലും കുഴപ്പമാണു്. ഇതുംകൂടിയിരിക്കട്ടെ.''

## വണ്ടിയിൽ

അന്നു വൈകിട്ടു് നികിത മെതി കഴിഞ്ഞു് സൗരഭ്യമാർന്ന ഗോതമ്പുവയ്ക്കോൽ നിറച്ച ഒരു വണ്ടിയിൽ കയറി മടങ്ങുകയായിരുന്നു. ശരൽക്കാലത്തു് എല്ലായ്പോഴുമെന്നപോലെ അരുണവർണ്ണത്തിൽ വിഷാദവിവശമായിരുന്ന അസ്തമനസൂര്യൻെറ നേരിയ ശകലം ആ പുൽപ്രദേശത്തു് പുരാതനശ്മശാനമേടുകളുടെ മീതെ അണഞ്ഞുകൊണ്ടിരുന്നു. പണ്ടുകാലങ്ങളിൽ ആ വഴി കടന്നുപോ

യ നാടോടിവർഗ്ഗങ്ങളുടെ പിന്നിൽ അവശേഷിച്ച സ്മാരകങ്ങളായിരുന്നു അവ.

കൊയ്ത്തു കഴിഞ്ഞു ശൂന്യമായിക്കിടന്നിരുന്ന പാടങ്ങളിലെ ഉഴവുചാലുകൾ സന്ധ്യാവെളിച്ചത്തിൽ ദൃശ്യമായിരുന്നു. ഉഴവുകാരുടെ താവളത്തിൽനിന്നുമുള്ള തീ ഇരുട്ടിൽ അവിടവിടെ ജ്വലിച്ചുകൊണ്ടിരുന്നു. മൂക്കു തുളച്ചുകയറുന്ന പുക അതിൽനിന്നും ഉയർന്നു നാലുപാടും വ്യാപിച്ചു. വണ്ടി കറകറശബ്ദം പുറപ്പെടുവിച്ച് ഇളകിക്കൊണ്ടു നീങ്ങി. നികിത കണ്ണടച്ചു മലർന്നു കിടന്നു. അവനു ദേഹമാകെ സുഖകരമായ ഒരു തളർച്ച അനുഭവപ്പെട്ടു. മയങ്ങുന്നതിനിടയിൽ അവൻ അന്നു നടന്ന കാര്യങ്ങളോർത്തു.

....മെതിയന്ത്രത്തണ്ടിന്റെ അററത്തു നാലു ജോടി പെൺകുതിരകൾ വട്ടത്തിൽ ചുററിനടന്നുകൊണ്ടിരുന്നു. നടുക്കു് തണ്ടിന്റെ പുറത്തുള്ള ചെറിയൊരു ഇരിപ്പിടത്തിൽ മീഷ്ക കൊരഷോനൊക്ക് ഉച്ചത്തിൽ അട്ടഹസിക്കുകയും ചാട്ടയടിക്കുകയും ചെയ്തുകൊണ്ടു് ഇരുന്നു.

തണ്ടിനു ലംബമായി ഒരു കുററിയുടെ മുകളിൽ ഘടിപ്പിച്ചിരുന്ന ചക്രം തണ്ടിനോടൊപ്പം തിരിഞ്ഞുകൊണ്ടിരുന്നു. ആ ചക്രത്തെ വീടോളം വലിപ്പമുള്ള ചുവന്ന മെതിയന്ത്രവുമായി കൂട്ടിയിണക്കിയതു് അററമില്ലാത്ത ഒരു ബെൽററാണു്. യന്ത്രത്തിന്റെ അരിപ്പകളും വയ്ക്കോൽപ്പെട്ടികളും അതിവേഗം ഇളകിക്കൊണ്ടിരുന്നു. പുൽപ്രദേശമാകെ

കോംക്കാവുന്നത്ര ശബ്ദത്തിൽ രൂക്ഷമായി ചീറി ക്കൊണ്ടു് മെതിയന്ത്രത്തിൻെറ സിലിണ്ടർ പൊങ്ങുകയും താഴുകയും ചെയ്തുകൊണ്ടിരുന്നു. ഉള്ളിലേക്കെറിയപ്പെടുന്ന കററകളെ വയ്ക്കോലും ധാന്യവുമാക്കി അതു് യന്ത്രത്തിൻെറ പൊടിപിടിച്ച ഉദരത്തിലേക്കു തള്ളി. യന്ത്രത്തിലേക്കു കററകളെറിഞ്ഞുകൊടുത്തതു് വസീലിയ് നിക്കീത്യെവിച്ച് തന്നെയായിരുന്നു. കണ്ണിനോടു പററിച്ചേർന്നിരിക്കുന്ന കറുത്ത കണ്ണടയും മുട്ടുവരെയുള്ള തോലിൻെറ കയ്യുറകളും അദ്ദേഹം ധരിച്ചിരുന്നു. വിയർപ്പുകൊണ്ടു് അദ്ദേഹത്തിൻെറ ഷർട്ടു് പുറത്തു് ഒട്ടിപ്പിടിച്ചു. ദേഹമാസകലം പൊടിപിടിച്ചിരുന്നു. താടി ഉമിപൊതിഞ്ഞും വായ് കറുത്തുമിരുന്നിരുന്നു. ചക്കടാവണ്ടികോം കൂടുതൽ കററകളുമായി വന്നെത്തി. ഒരു പയ്യൻ യന്ത്രത്തിൽനിന്നു വയ്ക്കോൽ പുറത്തു കൊണ്ടുവന്ന കൺവേയറിൻെറ പുറകെ കാൽ കവച്ചോടി കൈ നിറയെ വയ്ക്കോലെടുത്തു് ഒരു പലകയുടെ പുറത്തുകൂടി ഓടി വയ്ക്കോൽക്കൂനയുടെ നേർക്കു് എറിഞ്ഞുകൊണ്ടിരുന്നു. പ്രായംചെന്ന കൃഷിക്കാർ നീണ്ട കവരത്തടികോം കൊണ്ടു് വയ്ക്കോൽ കൂനകളിൽ ശരിക്കു വച്ചു. ഒരു മുഴവനാണ്ടിലെ ക്ലേശങ്ങളും ബുദ്ധിമുട്ടുകളും ഭയപ്പാടുകളും തീർന്നു. ആ ദിവസം മുഴവൻ ആളുകോം പാടുകയും തമാശപറയുകയും ചെയ്തു. യന്ത്രത്തിലിടാൻവേണ്ടി വണ്ടികളിൽനിന്നു കററകളിറക്കിക്കൊണ്ടിരുന്ന അർത്ത്യോമിനെ സ്ത്രീകോം വണ്ടി

കരംക്കിടയിൽവച്ച കടന്നു പിടിച്ചു കിക്കിളി പ്പെടുത്തുകയും—അയാരം ഏററവുമധികം വെറു ത്തിരുന്ന ഒന്നാണതു് — ഉരുട്ടിയിട്ടു് അയാളുടെ വസ്ത്രങ്ങരംക്കിടയിൽ ഉമി നിറയ്ക്കുകയും ചെയ്തു. നല്ല തമാശയായിരുന്നു!...

....നികിത കണ്ണു തുറന്നു. വണ്ടി ആടുകയും ഒച്ചവയ്ക്കുകയും ചെയ്തു. പുൽപ്രദേശത്തു് ഇതിനകം ഇരുട്ടു് ശരിക്കും വ്യാപിച്ചിരുന്നു. ആഗസ്റ്റ്മാസ ത്തിലെ നക്ഷത്രസമൂഹങ്ങരം ആകാശമാകെ നിറ ഞ്ഞുനിന്നു. നക്ഷത്രകണങ്ങളുടെ മീതെ ഒരു ഇളം കാററടിച്ചതുപോലെ ആകാശത്തിൻെറ അടിയററ അഗാധത സ്പന്ദിച്ചുകൊണ്ടിരുന്നു. ആകാശഗംഗ യിലെ തിളങ്ങുന്ന പ്രഭാപടലം ഇരുളടഞ്ഞ വാന ത്തിൽ വ്യാപിച്ചു. നക്ഷത്രങ്ങരംക്കടിയിലൂടെ നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു തൊട്ടിലാണു് ആ വണ്ടിയെന്നു നികിതയ്ക്കു തോന്നി. വിദൂരസ്ഥിത ങ്ങളായ പ്രപഞ്ചങ്ങളെ ശാന്തമായി നോക്കിക്കൊ ണ്ടു് അവൻ അതിൽ കിടന്നു.

''ഇതു മുഴുവൻ എൻേറതാണു്,'' അവൻ വി ചാരിച്ചു. ''ഒരു ദിവസം ഞാനൊരു പറക്കുംകപ്പ ലിൽ കയറി പറന്നുപോകും.'' വാവലിൻേറതു പോലെ ചിറകുകളുള്ള ഒരു പറക്കുംകപ്പൽ, ആകാശ ത്തിൻെറ ഇരുണ്ട ശൂന്യത, അടുത്തടുത്തുവരുന്ന ഒരു ഗ്രഹത്തിൻെറ നീലിമയാർന്ന തീരങ്ങരം, വെള്ളിമലകരം, അത്ഭുതതടാകങ്ങരം, സൂര്യാസ്ത മനസമയത്തെന്നപോലെ ദുർഗ്ഗങ്ങളുടേയും വെള്ള

ത്തിനു മുകളിൽ പാഞ്ഞുപോകുന്ന മേഘങ്ങളുടേയും നിഴൽചിത്രങ്ങൾ — ഇതെല്ലാം അവൻ ഭാവനയിൽ കണ്ടു.

വണ്ടി കുന്നിറങ്ങാൻ തുടങ്ങി. ദൂരെ പട്ടികൾ കുരച്ചു. കുളങ്ങളിൽനിന്നു് ഈർപ്പമുള്ള കാററടിച്ചു. അവർ മുററത്തു പ്രവേശിച്ചു. വീടിൻെറ ജനാലകളിൽനിന്നും തീമുറിയിൽനിന്നും ചൂടുള്ള സുഖകരമായ വെളിച്ചം പ്രവഹിച്ചു.

## വീടുകൊള്ളൽ

ശരൽക്കാലം വന്നു. ഭൂമി വിശ്രമത്തിനു തയാറെടുത്തു. സൂര്യൻ താമസിച്ചാണു് ഉദിച്ചതു്. അതിനു ചൂടില്ലായിരുന്നു. ഭൂമിക്കു വേണ്ടി ചിലവഴിക്കാൻ സമയമില്ലാത്ത, വാർദ്ധക്യം ബാധിച്ച സൂര്യനായിരുന്നു അതു്. പക്ഷികൾ പറന്നുപോയി. തോട്ടം ശൂന്യമായി. ഇലകൾ പൊഴിഞ്ഞു വീണു. തോണി കുളത്തിൽ നിന്നെടുത്തു് ഷെഡ്ഡിൽ കൊണ്ടുപോയി കമഴ്ത്തിവച്ചു.

രാവിലെ മേൽക്കൂരയുടെ തണലടിക്കുന്ന ഭാഗത്തെ പുല്ലു് പൊടിമഞ്ഞുപിടിച്ചു് ചാരനിറത്തിലിരിക്കും. മഞ്ഞുമൂടിക്കിടന്ന പച്ചപ്പുല്ലിനിടയിലൂടെ താറാവുകൾ കുളത്തിൽ പ്രവേശിച്ചു. താറാവുകൾക്കു നല്ല വണ്ണമുണ്ടായിരുന്നു. അവ ആടിയാടിപ്പോകുന്നതു കണ്ടാൽ മഞ്ഞുണ്ടകളാണെന്നു തോന്നും. പണിക്കാരുടെ പാർപ്പിടത്തിനു വെ

ളിയിൽ പന്ത്രണ്ടു ഗ്രാമീണയുവതികൾ ഒരു വലിയ തൊട്ടിയിലേക്കു് മുട്ടക്കൂസ് അരിഞ്ഞിട്ടുകൊണ്ടിരുന്നു. അവരുടെ പാട്ടിൻേറയും അവർ അരിയുന്നതിൻേറയും ശബ്ദം മുററം മുഴുവനും കേൾക്കാമായിരുന്നു. ഒരു മുട്ടക്കൂസിൻെറ തണ്ടു കടിച്ചുകൊണ്ടു് ദുന്യാഷ വെണ്ണ എടുത്തുകൊണ്ടിരുന്ന അറയിൽനിന്നു പുറത്തേക്കോടി. ശരൽക്കാലമായപ്പോഴേക്കു് അവൾ കൂടുതൽ സുന്ദരിയായിത്തീർന്നിരുന്നു. കവിളുകൾ തുടുത്തു ചുവന്നിരുന്നു. അവൾ ഇടയ്ക്കിടെ പണിക്കാരുടെ പാർപ്പിടത്തിലേക്കു പോകുന്നതു് മുട്ടക്കൂസ് തണ്ടു ചവയ്ക്കാനോ പെണ്ണുങ്ങളുമായി തമാശ പറയാനോ അല്ലെന്നും വസീലിയ് എന്ന ചെറുപ്പക്കാരനായ പണിക്കാരനു് ജനലിലൂടെ അവളെ കാണാൻ കഴിയണമെന്നുദ്ദേശിച്ചാണെന്നും എല്ലാവർക്കും അറിയാമായിരുന്നു. അയാളും അവളെപ്പോലെ ആരോഗ്യവും ചുറുചുറുക്കും വമിച്ചിരുന്നു. അർത്യോം കൊടുംനൈരാശ്യത്തിൽ കഴിഞ്ഞു. കുതിരയുടെ കഴുത്തുപട്ട നന്നാക്കിക്കൊണ്ടു് അയാൾ അകത്തിരുന്നു.

അമ്മ വീടിൻെറ ശീതകാലത്തുപയോഗിക്കുന്ന ഭാഗത്തേക്കു മാറിക്കഴിഞ്ഞിരുന്നു. അടുപ്പുകൾ കത്തിച്ചിരുന്നു. മുള്ളൻപന്നി അഹീംക്ക പഴന്തുണിയും കടലാസും അലമാരിക്കടിയിൽ വലിച്ചുകൊണ്ടുവന്നിട്ടു് ശീതകാലത്തുറങ്ങാനുള്ള കൂടുണ്ടാക്കുന്നതിൽ തിരക്കിട്ടു ശ്രമിച്ചുകൊണ്ടിരുന്നു. അർക്കാദിയ് ഇവാനൊവിച്ച് തൻെറ മുറി

യിൽ ചൂളമടിക്കുന്നുണ്ടായിരുന്നു. നികിത താക്കോൽ ദ്വാരത്തിനിടയിലൂടെ അദ്ദേഹത്തെ കണ്ടു — കണ്ണാടിയുടെ മുമ്പിൽ താടിയുടെ അററം കയ്യിൽ പിടിച്ചുകൊണ്ടു് അർക്കാദിയ് ഇവാനൊവിച്ച് ചിന്താധീനനായി ചൂളമടിച്ചുകൊണ്ടു നിൽക്കുകയായിരുന്നു: ആരം വിവാഹത്തിനു തയ്യാറെടുക്കുകയാണെന്നു സ്പഷ്ടമായിരുന്നു.

വസീലിയ് നിക്കീത്യെവിച്ച് സമാറയിലേക്കു ധാന്യവുമായി വണ്ടികളയയ്ക്കുകയും പിറേറന്നു് അദ്ദേഹംതന്നെ പോവുകയും ചെയ്തു. അമ്മയുമായി നീണ്ട ഒരു സംസാരത്തിനു ശേഷമാണു പോയതു്. അമ്മ അച്ഛൻെറ എഴുത്തു കാത്തിരുന്നു.

ഒരാഴ്ചകഴിഞ്ഞു് വസീലിയ് നിക്കീത്യെവിച്ച് എഴുതി:

''ഞാൻ ധാന്യം വിററു. അതും, ഒന്നാലോചിച്ചുനോക്കു്, നല്ല വിലയ്ക്കു്. മെദ്‌വേദെവിനേക്കാരം കൂടുതൽ നല്ല വിലയ്ക്കു്. ആ തറവാട്ടുസ്വത്തിൻെറ കാര്യം പ്രതീക്ഷിച്ചതുപോലെതന്നെ ഒരിഞ്ചു നീങ്ങിയിട്ടില്ല. പ്രിയപ്പെട്ട സാഷ, നീ ശക്തിയുക്തം എതിർത്ത രണ്ടാമത്തെ പോംവഴി തീരെ ഒഴിച്ചുകൂടാൻ വയ്യാതായിരിക്കുന്നു. ഇനിയൊരു ശീതകാലം കൂടി നമ്മരം വെവ്വേറെ താമസിക്കാൻ പാടില്ല. നീ കഴിയുന്നത്ര നേരത്തെ ഇങ്ങോട്ടു പുറപ്പെടണമെന്നാണു് എനിക്കു പറയാനുള്ളതു്. കാരണം, ഹൈസ്കൂരം തുറന്നുകഴിഞ്ഞു. രണ്ടാമത്തെ ക്ലാസ്സിൽ ചേരാനുള്ള പരീക്ഷയ്ക്കിരി

ക്കാൻ നികിതയെ അനുവദിച്ചിരിക്കുന്നതു് ഒരു പ്രത്യേകാനുകൂല്യമെന്ന നിലയ്ക്കാണു്. ഇടയ്ക്കൊന്നു പറയട്ടെ, ഭംഗിയുള്ള രണ്ടു ചൈനീസ് ഭരണികഠം എനിക്കു തരാമെന്നു പറഞ്ഞിട്ടുണ്ടു്. നമ്മുടെ പട്ടണവസതിക്കു പററിയതാണവ. നിനക്കു ദേഷ്യം വരുമോ എന്നു ഭയന്നു മാത്രമാണു് ഞാനതു തൽക്കാലം വാങ്ങാതിരുന്നതു്.''

അമ്മ വളരെയധികം ശങ്കിച്ചുനിന്നില്ല. ഒരു വലിയ സംഖ്യയുമായി വസീലിയ് നിക്കീത്യെവിച്ചിനെ ഒററയ്ക്കു വിട്ടാലുണ്ടാകാവുന്ന ഭവിഷ്യത്തുകഠം ഭയന്നു്, പ്രത്യേകിച്ച് ആർക്കും യാതൊരു പ്രയോജനവുമില്ലാത്ത ചൈനീസ് ഭരണികഠം അദ്ദേഹം വാങ്ങുമെന്നു ഭയന്നു്, അലെക്സാൻദ്ര ലെയോന്ത്യെവ്ന മൂന്നു ദിവസത്തിനകം പുറപ്പെടാൻ തയ്യാറായി. പട്ടണത്തിൽ വേണ്ടിവരുന്ന ഗൃഹോപകരണങ്ങളും വലിയ പെട്ടികളും ഉപ്പിലിട്ടവയുടെ വീപ്പകളും കോഴിയും അവർ വണ്ടികളിൽ ക്കയററി അയച്ചു. മൂന്നു കുതിരകളെ കെട്ടിയ രണ്ടു വണ്ടികളിലായി അവർ നികിതയും അർക്കാദിയ് ഇവാനൊവിച്ചും പാചകക്കാരി വസിലീസയുമൊന്നിച്ചു മുമ്പിൽ പോയി. ഒരു മുഷിഞ്ഞ ദിവസമായിരുന്നു അന്നു്. കാററടിച്ചുകൊണ്ടിരുന്നു. കൊയ്ത്തു കഴിഞ്ഞു് ഉഴുതുമറിച്ചിട്ട വയലുകഠം റോഡിൻെറ ഇരുവശത്തും ശൂന്യമായി കിടന്നിരുന്നു. അമ്മയ്ക്കു കുതിരകളെപ്പററി ദയതോന്നിയതുകൊണ്ടു് വണ്ടി പതുക്കെയൊണു നീങ്ങിയതു്.

അവർ കൊൽദിബാനിലെ സത്രത്തിൽ രാത്രി കഴിച്ചു. പിറേറന്നു് ഉച്ചഭക്ഷണത്തിൻെറ സമയമായപ്പോഴേക്കു് പരന്നുകിടന്നിരുന്ന പുൽപ്രദേശത്തിൻെറ വക്കത്തു് പള്ളികളുടെ താഴികക്കുടങ്ങളും ധാന്യംപൊടിക്കുന്ന മില്ലുകളുടെ പുകക്കുഴലുകളും കാണാറായി. അമ്മ മൗനം പൂണ്ടിരുന്നു: പട്ടണങ്ങളോ പട്ടണജീവിതമോ അമ്മ ഇഷ്ടപ്പെട്ടില്ല. അർക്കാദിയു് ഇവാനൊവിച്ചു് അക്ഷമയോടെ താടി കടിച്ചുകൊണ്ടിരുന്നു. ദുർഗ്ഗന്ധം വമിക്കുന്ന സോപ്പുഫാക്ടറികൾ, തടിഡിപ്പോകൾ, മദ്യശാലകളോടും പലചരക്കുകടകളോടും കൂടിയ ഒരു വൃത്തിഹീനമായ ഉൾനാടൻ പ്രദേശം, ചുററുപാടിൽനിന്നുമുള്ള ചെറുപ്പക്കാരായ കവർച്ചക്കാർ രാത്രികാലങ്ങളിൽ ആളുകളെ തടഞ്ഞുനിർത്തി കൊള്ളയടിച്ചിരുന്ന ഒരു വീതി കൂടിയ പാലം—ഇവയെല്ലാം ദീർഘയാത്രയ്ക്കിടയിൽ അവർ പിന്നിട്ടു. സമാർക്ക നദിയുടെ കുത്തനെയുള്ള തീരത്തു് മരംകൊണ്ടു പണിത പത്തായപ്പുരകൾ മ്ലാനഭാവത്തിൽ നിൽക്കുന്നതാണു് അവർ അടുത്തതായി കണ്ടതു്. തളർന്ന കുതിരകൾ വണ്ടി വലിച്ചുകൊണ്ടു കുന്നു കയറി. കല്ലുപാകിയ റോഡിൽ ചക്രങ്ങൾ ഒച്ചയുണ്ടാക്കി. ശുചിയായി വസ്ത്രമണിഞ്ഞിരുന്ന വഴിപോക്കർ ചളിപുരണ്ട വണ്ടികളെ അത്ഭുതത്തോടെ നോക്കി. രണ്ടു വണ്ടികളും ചന്തമില്ലാത്തവയും പരിഹാസ്യവുമായിരുന്നുവെന്നും അപരിഷ്കൃതരായ കർഷകരുടെ മൃഗങ്ങളാണു കുതിരകളെ

ന്നും നികിതയ്ക്കു തോന്നി. പ്രധാനവീഥിയിൽനിന്നും ഒന്നു മാറിപ്പോയിരുന്നെങ്കിൽ എത്ര നന്നായിരുന്നു! വാർണ്ണീഷിട്ട ഒരു ഒററക്കുതിരവണ്ടി വലിച്ചുകൊണ്ടു് ഒരു കറുത്ത കുതിര അവരെ കടന്നു പാഞ്ഞുപോയി.

''സെർഗേയ് ഇവാനൊവിച്ച്, എന്താണിത്ര പതുക്കെ ഓടിക്കുന്നതു്? വേഗമോടിക്കൂ,'' നികിത പറഞ്ഞു.

''ഇങ്ങനെ പോയാലും അവിടെ എത്തും.''

മൂന്നു കുതിരകളേയും പതുക്കെ ഓടിച്ചുകൊണ്ടു് സെർഗേയ് ഇവാനൊവിച്ച് അക്ഷോഭ്യനായി ഗൗരവഭാവത്തിൽ വണ്ടിപ്പടിയിലിരുന്നു. അവസാനം അവർ ഒരു പാർശ്വവീഥി തിരിഞ്ഞു് ഫയർ സ്റ്റേഷൻ കടന്നു മുന്നോട്ടുപോയി. സ്റ്റേഷൻെറ പടിക്കൽ കൊഴുത്ത ശരീരത്തോടുകൂടിയ ഒരാറം ചട്ടിത്തൊപ്പി ധരിച്ചു നിൽക്കുന്നുണ്ടായിരുന്നു. വണ്ടി ഒരു ഒററനിലക്കെട്ടിടത്തിൻെറ മുമ്പിൽവന്നു നിന്നു. അതിൻെറ കാരിരുമ്പു ഗേററ് നടപ്പാതവരെ നീണ്ടുകിടന്നിരുന്നു. വസീലിയ് നിക്കീത്യെവിച്ചിൻെറ ആഹ്ലാദഭരിതമായ മുഖം ജനലുക്കൽ പ്രത്യക്ഷപ്പെട്ടു. അദ്ദേഹം കൈകാട്ടി അപ്രത്യക്ഷനായി. ഒരു മിനിട്ടു കഴിഞ്ഞു് അദ്ദേഹം തന്നെ മുൻവശത്തെ കതകു തുറന്നു.

ആദ്യം വീട്ടിലേക്കോടിക്കയറിയതു് നികിതയാണു്. വെളുത്ത ചുമർക്കടലാസു പതിച്ചിരുന്ന ചെറിയ ശൂന്യമായ വിരുന്നുമുറിയിൽ ധാരാളം


МѢЛОЧНАЯ
ТОРГОВЛЯ

വെളിച്ചം കയറിയിരുന്നു. ഭിത്തിക്കരികിൽ വാർണീഷിട്ടു തിളങ്ങുന്ന തറയിൽ വെള്ളമൊന്തകളെപ്പോലെ ഇരുന്നിരുന്ന രണ്ടു ചൈനീസ് ഭരണികരം ഇരിപ്പുണ്ടായിരുന്നു. വിരുന്നുമുറിയുടെ അററത്തു്, നിലത്തു നിഴലിച്ചിരുന്ന വെളുത്ത തൂണുകളോടുകൂടിയ ഒരു കമാനത്തിൻകീഴിൽ തവിട്ടുനിറത്തിലുള്ള ഉടുപ്പിട്ടുകൊണ്ടു് ഒരു ബാലിക പ്രത്യക്ഷപ്പെട്ടു. അവരം കയ്യിൽ ഒരു വെളുത്ത കൈക്കുട പിടിച്ചിരുന്നു. വാർണീഷിട്ട തറയിൽ അവളുടെ തവിട്ടുനിറത്തിലുള്ള ബൂട്സും പ്രതിബിംബിച്ചു. അവളുടെ മുടി പിന്നിക്കെട്ടിയിരുന്നു. ചെവികരംക്കു പുറകിലായി തലയുടെ പിന്നിൽ ഒരു വെളുത്ത ബോ ഉണ്ടായിരുന്നു. അവളുടെ നീലക്കണ്ണുകരം രൂക്ഷമായിരുന്നു. അവരം നെററി ചുളിച്ചില്ലെന്നേയുള്ളു. ലീല ആയിരുന്നു അതു്. നികിത മുറിയുടെ നടുക്കു് തറയിൽ വേരൂന്നിയതുപോലെ നിന്നു. പ്രധാനവീഥിയിൽവച്ചു് ആളുകരം സൊസ്നോവ്ക്കയിൽനിന്നു വന്ന വണ്ടികളെ നോക്കിയ അതേ മട്ടിലാണു് ലീല അവനെ നോക്കിയതു്, സംശയമില്ല.

''നിനക്കെൻെറ കത്തു കിട്ടിയോ?'' അവരം ചോദിച്ചു. നികിത തലയാട്ടി. ''അതെവിടെ? എനിക്കിപ്പോരംത്തന്നെ തരണം.''

കത്തു കൈവശമില്ലെങ്കിലും നികിത പോക്കററു തപ്പാൻ തുടങ്ങി. ലീല ശ്രദ്ധയോടും കോപത്തോടും കൂടി അവൻെറ കണ്ണുകളിൽ നോക്കി.

''എനിക്കു മറുപടി അയയ്ക്കണമെന്നുണ്ടായിരുന്നു, പക്ഷെ—'' നികിത പിറുപിറുത്തു.

''എവിടെ അതു്?''

''എന്റെ തോൽപ്പെട്ടിയിലുണ്ടു്.''

''അതു് ഇന്നെനിക്കു തന്നില്ലെങ്കിൽ നമ്മൾ തമ്മിൽ യാതൊരു ബന്ധവുമില്ല. നിനക്കെഴുതിയതിൽ ഞാൻ ഖേദിക്കുന്നു. ഞാൻ ജിംനേഷിയത്തിൽ ഒന്നാംക്ലാസിൽ ചേർന്നു.''

ചുണ്ടമർത്തിപ്പിടിച്ചുകൊണ്ടു് അവൾ പെരുവിരലിൽനിന്നു. ലീലയുടെ കത്തിനു മറുപടി അയയ്ക്കേണ്ടതായിരുന്നുവെന്നു് നികിതയ്ക്കു ഇപ്പോൾ മാത്രമാണു ബോദ്ധ്യമായതു്. വിഷമിച്ചു് ഉമിനീരിറക്കിക്കൊണ്ടു് അവൻ മിനുങ്ങുന്ന തറയിൽനിന്നു് കാലുവലിച്ചു മുന്നോട്ടു നീങ്ങി.... ലീല ഉടൻ കൈകൾ കുടയ്ക്കു പിന്നിൽ വീണ്ടും മറച്ചു പിടിച്ചു. മൂക്കിന്റെ അററം ഉയർത്തിപ്പിടിച്ചു. നീണ്ട ഇമകൾകൊണ്ടു് കണ്ണുകൾ പൂർണ്ണമായും മറച്ചുകൊണ്ടു് അവൾ അവജ്ഞ പ്രകടിപ്പിച്ചു.

''ക്ഷമിക്കണം,'' നികിത പറഞ്ഞു. ''ഞാൻ കൊള്ളരുതാത്തവനാണു്... കുതിരകളും കൊയ്ത്തും മെതിയും മീഷ്ക കൊരഷോനൊക്കും മാത്രമായി ഞാൻ സമയം കഴിച്ചു....''

അവന്റെ മുഖം ചുവന്നു. അവൻ തല താഴ്ത്തി. ലീല മറുപടി പറഞ്ഞില്ല. ചാണകത്തോടു് അവനുള്ള അതേ വെറുപ്പു് അവനു തന്നോടുതന്നെ തോന്നി. പക്ഷെ ആ സമയത്തു് ആന്ന അപ്പൊ

ള്ളോസൊവ്നയുടെ ശബ്ദം പ്രവേശനഹാളിൽ മുഴങ്ങി. അന്യോന്യം ഉപചാരങ്ങൾ നടന്നു. സാമാനങ്ങൾ വഹിച്ചുകൊണ്ടുവരുന്ന വണ്ടിക്കാരുടെ കനത്ത കാലടിശബ്ദവും കേൾക്കാമായിരുന്നു. കോപത്തോടും വേഗത്തിലും ലീല മന്ത്രിച്ചു:

''അവർക്കു നമ്മെ കാണാം... നിന്നെക്കൊണ്ടു് ഒരു നിവൃത്തിയുമില്ല. സന്തോഷം നടിക്കു്. ഒരു പക്ഷെ ഇത്തവണ ഞാൻ നിനക്കു മാപ്പു തരാം....''

അവൾ ഹാളിലേക്കോടി. അവിടന്നു് അവളുടെ നേരിയ ശബ്ദം വിജനമായ മുറികളിലൂടെ മാററൊലിക്കൊണ്ടു:

''സാഷ അമ്മായി, സമാറയിലേക്കു സ്വാഗതം!''

ഇങ്ങിനെയാണു് പുതിയ ജീവിതത്തിൻെറ ആദ്യത്തെ ദിവസം തുടങ്ങിയതു്. നാട്ടിൻപുറത്തെ സ്വച്ഛവും സുഖകരവുമായ സ്വസ്ഥതയ്ക്കും സ്വാതന്ത്ര്യത്തിനും പകരം ഇവിടെക്കണ്ടതു് ഉന്മേഷരഹിതമായ ഏഴു ചെറിയ മുറികളും ജനാലകൾക്കു പുറത്തു് ഭാരിച്ച വണ്ടികൾ ഉരുളൻ കല്ലുകളുടെ മീതെ ഒച്ചകേൾപ്പിച്ചു നീങ്ങുന്നതും പെസ്റ്റാവ്ക്കയിലെ സെംസ്തൊവാ ഡോക്ടറായ വെരിനോസൊവിനെപ്പോലെ വേഷമണിഞ്ഞവർ കടലാസും പൊടിയും പറത്തിക്കൊണ്ടുവരുന്ന കാററിനെതിരെ കോട്ടിൻെറ കോളർ പൊക്കി വായ് മൂടിക്കൊണ്ടു് അസ്വസ്ഥതയോടെ തിരക്കിട്ടോടുന്നതുമാണു്. തിക്കും തിരക്കും ഒച്ചയും ദുസ്സഹ

മായ സംഭാഷണങ്ങളും. സമയംപോലും വ്യത്യസ്തമായിട്ടാണു നീങ്ങിയതു്. അതു പറക്കുകയായിരുന്നു. നികിതയും അർക്കാദിയ് ഇവാനൊവിച്ചും കൂടി നികിതയുടെ മുറി ഒരുക്കി—കസേരയും മേശയും പുസ്തകങ്ങളുമെല്ലാം ശരിയാക്കിവയ്ക്കുകയും കർട്ടൻ തൂക്കുകയും ചെയ്തു. സന്ധ്യയ്ക്കു് വീക്തൊർ നേരെ ജിംനേഷ്യത്തിൽനിന്നു വന്നു. അഞ്ചാം ക്ലാസ്സിലെ ആൺകുട്ടികൾ മൂത്രപ്പുരയിലിരുന്നു് പുകവലിക്കുമെന്നും കണക്കുവാദ്ധ്യാരുടെ കസേരയിൽ പശതേച്ച് അതിലദ്ദേഹം ഒട്ടിപ്പോയെന്നും അവൻ പറഞ്ഞു. വീക്തൊർ തന്നിഷ്ടത്തോടെ മനസ്സു പല വഴിക്കും തിരിച്ചുകൊണ്ടാണു് നടന്നിരുന്നതു്. അവൻ നികിതയിൽനിന്നും പന്ത്രണ്ടു മുനയുള്ള പേനാക്കത്തി വാങ്ങി അവന്റെ ഒരു സഹപാഠിയുടെ കൂടെ — ''നിനക്കവനെ അറിഞ്ഞുകൂടാ''—കളിക്കാൻ പോയി.

സന്ധ്യാവെളിച്ചത്തിൽ നികിത ജനാലക്കൽ പോയി ഇരുന്നു. സൂര്യൻ അസ്തമിക്കുന്നതു് പട്ടണത്തിലും ഉൾനാട്ടിലും ഒരുപോലാണു്. പക്ഷെ വലയ്ക്കു പിന്നിലെ ഷെർത്തുഹിനെപ്പോലെ നികിതയ്ക്കു തോന്നി താനൊരു തടവുകാരനാണെന്നു്, അവിടവുമായി സാത്മ്യം പ്രാപിക്കാത്ത ഒരാളാണെന്നു്. ഷെർത്തുഹിനെപ്പോലെതന്നെ. ഹാററും കോട്ടുമിട്ടു് അർക്കാദിയ് ഇവാനൊവിച്ച് മുറിയിലേക്കു കടന്നു വന്നു. അദ്ദേഹത്തിന്റെ കയ്യിലെ

വെടിപ്പായ ളുവാല പനിനീരിൻെറ പരിമളം പരത്തി.

‘‘ഞാൻ പുറത്തു പോകുന്നു. ഒമ്പതുമണിയോടടുത്തു തിരിച്ചുവരാം.’’

‘‘എവിടെപ്പോകുന്നു?’’

‘‘ഞാനിപ്പോഠം നിൽക്കാത്ത സ്ഥലത്തു്.’’ അദ്ദേഹം പൊട്ടിച്ചിരിച്ചു. ‘‘അനിയാ, ലീല നിന്നെ എങ്ങിനെയാണു സ്വീകരിച്ചതു്? കുറച്ചധികം തട്ടിക്കയറി, ഇല്ലേ? സാരമില്ല. കുറെക്കഴിയുമ്പോഠം നീയതു മറക്കും. ചിലപ്പോഠം അതുകൊണ്ടു് പ്രയോജനംപോലുമുണ്ടു്. നിൻെറ ആ നാടൻ തടി കുറയാൻ അതു നല്ലതാണു്.’’ അദ്ദേഹം പുറം തിരിഞ്ഞു വെളിയിലിറങ്ങി. ഒരൊററ ദിവസം കൊണ്ടു് ആളാകെ മാറിയിരിക്കുന്നു.

അന്നു രാത്രി നികിത ഒരു സ്വപ്നം കണ്ടു: വെള്ളിബട്ടനുകളോടു കൂടിയ ഒരു നീലയൂണിഫോറമിട്ടു് ലീലയുടെ മുമ്പിൽ നിന്നുകൊണ്ടു് താൻ കർശനമായ സ്വരത്തിൽ പറയുന്നു:

‘‘ഇതാ നിൻെറ കത്തു്. എടുത്തോ.’’

ഇത്രയും പറയുമ്പോഴേക്കും അവൻ ഒട്ടുമുക്കാലും ഉണരും. പക്ഷെ കണ്ണാടിപോലുള്ള തറയിലൂടെ നടന്നു ലീലയുടെ മുമ്പിൽ ചെന്നുനിന്നുകൊണ്ടു് താൻ ഇങ്ങനെ പറയുന്നതായി അവൻ വീണ്ടും കണ്ടു:

‘‘ഇതാ നിൻെറ കത്തു്. എടുത്തോ.’’

ലീലയുടെ നീണ്ട ഇമകഠം ഉയർന്നതാണു. അവളുടെ പ്രൗഢമായ മൂക്കു് ഗർവ്വും അകൽച്ചയും

ദ്യോതിപ്പിച്ചു. പെട്ടെന്നു് ആ മൂക്കും മുഖമാകെത്തന്നെയും അകൽച്ചാഭാവം വെടിഞ്ഞു. അതിൽ ചിരി പൊട്ടാൻ തുടങ്ങി...

അവൻ ഉണർന്നു് മുറിയുടെ ചുററും നോക്കി. ഒരു തെരുവുവിളക്കിൻെറ വിചിത്രമായ പ്രകാശം ഭിത്തിയിൽ പതിഞ്ഞുകിടന്നു... വീണ്ടും നികിത അതേ സ്വപ്നം കണ്ടു. അളക്കാനാവാത്ത ആ പെൺകിടാവിനെ ഉണർന്നിരിക്കുമ്പോഠം ഒരിക്കലും അവൻ ഇത്രയേറെ സ്നേഹിച്ചിരുന്നില്ല....

പിറേറന്നു രാവിലെ അമ്മയും നികിതയും അർക്കാദിയ് ഇവാനൊവിച്ചും കൂടി ജിംനേഷ്യത്തിൽപ്പോയി ഹെഡ്മാസ്റ്ററുമായി സംസാരിച്ചു. നരച്ച മുടിയും രൂക്ഷമായ നോട്ടവുമുള്ള ഒരു മെലിഞ്ഞ മനുഷ്യനായിരുന്നു അദ്ദേഹം. ഒരാഴ്ച കഴിഞ്ഞു് നികിത പരീക്ഷ ജയിക്കുകയും രണ്ടാംക്ലാസിൽ ച്ചേരുകയും ചെയ്തു.

## വായനക്കാരോട്

ഈ പുസ്തകത്തേക്കുറിച്ചും അതിൻെറ വിവർത്തനം, ഗെററപ്പ്, അച്ചടി എന്നിവയെ സംബന്ധിച്ചുമുള്ള നിങ്ങളുടെ അഭിപ്രായങ്ങളും മറെറന്തെങ്കിലും നിർദ്ദേശങ്ങളുണ്ടെങ്കിൽ അവയും ഞങ്ങളെ അറിയിക്കാനപേക്ഷ.

ഞങ്ങളുടെ മേൽവിലാസം:

Progress Publishers,
21, Zubovsky Boulevard,
Moscow, USSR

It is very Good

നോവൽ

വിതരണക്കാർ:

പ്രഭാത് ബുക്ക് ഹൗസ്
തിരുവനന്തപുരം

കോഴിക്കോട്   എറണാകുളം
ഏലൂർ   കണ്ണൂർ
ആലപ്പുഴ

OTTAYAM PUBLIC LIBRARY
KOTTAYAM

107 70L-N Acc. No. 77056

book should be returned on or before the date last
ow.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

MO7
TOL-N

77056

ടോൾസ്റ്റോയ്

നികിതയുടെ ബാല്യം

KOTTAYAM PUBLIC LIBRARY

Call No. MO7 TOL-N Acc.No. 7 7056

Author ടോൾസ്റ്റോയ്

Title [illegible]

Indic Digital Archive Foundation

gpura.org